
www.malankaralibrary.com



# ഇടയവചസ്സുകൾ

(മാവേലിക്കര ഭദ്രാസന അദ്ധ്യക്ഷൻ
അഭിവന്ദ്യ ഡോ. ജോഷ്വാ മാർ ഇഗ്നാത്തിയോസ്
മെത്രാപ്പോലീത്തായുടെ ഇടയലേഖനങ്ങളുടെ
സമാഹാരം)

എഡിറ്റർ:
ബ്രദർ അനുഗ്രഹ് ബനഡിക്ട്

www.malankaralibrary.com

# ഇടയവചസ്സുകൾ

(മാവേലിക്കര ഭദ്രാസന അദ്ധ്യക്ഷൻ
അഭിവന്ദ്യ ഡോ. ജോഷ്വാ മാർ ഇഗ്നാത്തിയോസ്
മെത്രാപ്പോലീത്തായുടെ ഇടയലേഖനങ്ങളുടെ സമാഹാരം)

എഡിറ്റർ:
ബ്രദർ അനുഗ്രഹ ബനഡിക്ട്

മിംമ്സ് പബ്ലിക്കേഷൻസ്, കല്ലുമല

2022

www.malankaralibrary.com

**ഇടയവചസ്സുകൾ**

(മാവേലിക്കര ഭദ്രാസന അദ്ധ്യക്ഷൻ
അഭിവന്ദ്യ ഡോ. ജോഷ്വാ മാർ ഇഗ്നാത്തിയോസ്
മെത്രാപ്പോലീത്തായുടെ ഇടയലേഖനങ്ങളുടെ സമാഹാരം)

പ്രസിദ്ധീകരണം:
മിംമ്സ് പബ്ലിക്കേഷൻസ്, കല്ലുമല

കടപ്പാട്:
ദി പബ്ലിഷർ, അമല വോയ്സ്, മാവേലിക്കര ഭദ്രാസന ബുള്ളറ്റിൻ

മുദ്രണം:
മാർ ഈവാനിയോസ് പ്രസ്, ഈരേഴ
29 ജനുവരി 2022

www.malankaralibrary.com

# ഉള്ളടക്കം

ആമുഖം 5

നന്ദിയോടെ 7

ആശംസ 9

ക്രിസ്തുമസിനോട് അനുബന്ധിച്ച് പുറപ്പെടുവിച്ച ഇടയലേഖനങ്ങൾ 11

വലിയനോമ്പിനോട്അനുബന്ധിച്ച് പുറപ്പെടുവിച്ച ഇടയലേഖനങ്ങൾ 59

ഉയിർപ്പിനോട് അനുബന്ധിച്ച് പുറപ്പെടുവിച്ച ഇടയ ലേഖനങ്ങൾ 103

അല്മായ ദിനം, മിഷൻ ഞായർ, വിശ്വാസവർഷം, സഭൈക്യവാരം ഇവയോട് അനുബന്ധിച്ച് പുറപ്പെടുവിച്ച ഇടയലേഖനങ്ങൾ 147

www.malankaralibrary.com

www.malankaralibrary.com

# ആമുഖം

അന്ത്യോക്യയിലെ വിശുദ്ധ ഇഗ്നാത്തിയോസിന്റെ തിരുന്നാൾ തിരുസഭ കൊണ്ടാടുന്ന സുദിനമാണ് ജനുവരി 29. മാവേലിക്കര ഭദ്രാസനത്തിനും, അതിന്റെ ഹൃദയഭാഗമായിരിക്കുന്ന മാർ ഈവാനിയോസ് മൈനർ സെമിനാരിക്കും, വലിയ സന്തോഷത്തിന്റെ ദിനമാണിത്. അതിനു കാരണം ഞങ്ങളുടെ പിതാവും മുഖ്യ പരിശീലകനുമായിരിക്കുന്ന അഭിവന്ദ്യ ഡോ. ജോഷ്വാ മാർ ഇഗ്നാത്തിയോസ് പിതാവ് തന്റെ സ്വർഗ്ഗീയ മദ്ധ്യസ്ഥന്റെ തിരുന്നാൾ ആഘോഷിക്കുന്നു എന്നതാണ്.

പിതാവ് തന്റെ നാമഹേതുക തിരുന്നാൾ ആഘോഷിക്കുമ്പോൾ മക്കൾ സമ്മാനങ്ങൾ കൈമാറുന്ന ശീലമുണ്ട്. കഴിഞ്ഞ വർഷം സമ്മാനിച്ച സപ്തവചസ്സുകൾ എന്ന പ്രസംഗ സമാഹാരത്തിൽ നിന്നും വ്യത്യസ്തമായി എന്ത് സമ്മാനം നൽകുമെന്ന് ചിന്തിച്ചപ്പോഴാണ് കഴിഞ്ഞ പതിനഞ്ച് വർഷങ്ങളായി മാവേലിക്കര ഭദ്രാസനത്തിലെ അജഗണങ്ങളെ വിശ്വാസത്തിലും ധാർമ്മികതയിലും നയിക്കുന്ന പിതാവിന്റെ ഇടയലേഖനങ്ങൾ സമാഹരിച്ച് പ്രസിദ്ധീകരിക്കുക എന്ന ചിന്ത മനസ്സിൽ അങ്കുരിച്ചത്. ആ സ്വപ്നത്തിന് ഞങ്ങളിട്ട പേരാണ് ഇടയവചസ്സുകൾ.

അഭിവന്ദ്യ ഡോ. ജോഷ്വാ മാർ ഇഗ്നാത്തിയോസ് മെത്രാപ്പോലീത്ത തന്റെ ശുശ്രൂഷയുടെ കാലയളവിൽ (2007 മുതൽ 2022 വരെ) ക്രിസ്തുമസ്, വലിയ നോമ്പ്, ഉയിർപ്പ് തുടങ്ങിയ ആരാധനക്രമത്തിലെ വിശേഷാവസരങ്ങളിലും അല്മായ ദിനം, മിഷൻ ഞായർ, വിശ്വാസ വർഷം, സഭൈക്യവാര പ്രാർത്ഥന തുടങ്ങിയ അവസരങ്ങളിൽ പുറപ്പെടുവിച്ച ഇടയലേഖനങ്ങളിൽ ഇടയൻ ആടുകളെ പഠിപ്പിക്കുന്ന വലിയ ശുശ്രൂഷ ഉൾച്ചേർന്നിരിക്കുന്നു. ദൈവജനത്തെ വിശ്വാസത്തിലും ആത്മീയതയിലും ധാർമ്മികതയിലും അടിയുറപ്പിച്ചു നിർത്തുന്ന ഈ ഇടയലേഖനങ്ങൾ കത്തോലിക്കാ സഭയുടെ പഠിപ്പിരിന്റെയും പാരമ്പര്യത്തിന്റെയും ആഴമായ ധ്യാനത്തിന്റെയും വചനാധിഷ്ഠിതമായ വ്യാഖ്യാനത്തിന്റെയും സംക്ഷിപ്തരൂപമാണ്. ദൈവശാസ്ത്ര വിചിന്തനങ്ങളുടെ അരുവിയുമാണ് ഇടയവചസ്സുകൾ എന്ന ഇടയലേഖന സമാഹാരം.

www.malankaralibrary.com

www.malankaralibrary.com

# *നന്ദിയോടെ...*

അനേകരുടെ അക്ഷീണമായ പരിശ്രമങ്ങളുടെ പരിണിത ഫലമാണ് ഈ പുസ്തകം.

വൈദിക വിദ്യാർത്ഥികൾ പ്രസിദ്ധീകരിക്കുന്ന അമൂല്യമായ ഈ സ്വപ്നത്തെ വെളിച്ചത്തിലേക്ക് കൊണ്ടുവരുവാൻ ഞങ്ങൾക്ക് അനുവാദവും പ്രോത്സാഹനവും നൽകി ഞങ്ങളെ സ്നേഹിക്കുന്ന, ഞങ്ങൾക്ക് വേണ്ട തിരുത്തലുകൾ നൽകുന്ന, ഞങ്ങളെ ആടുകളുടെ മണമുള്ള ഇടയന്മാരാകാൻ പരിശീലിപ്പിക്കുന്ന ഞങ്ങളുടെ ബഹുമാനപ്പെട്ട ഡോ. ഗീവർഗീസ് കൈതവന അച്ചന് സ്നേഹത്തിന്റെ ഭാഷയിൽ നന്ദി.

ഈ പുസ്തകത്തിന്റെ പണിപ്പുരയിൽ തിരുത്തലുകൾ നൽകിയ ഞങ്ങളുടെ ബഹുമാനപ്പെട്ട തോമസ് പാലവിളയിൽ അച്ചനും, ജോൺ പുത്തൻപുരയിൽ അച്ചനും ഹൃദയത്തിന്റെ ഭാഷയിലുള്ള നന്ദി പ്രദർശിപ്പിക്കുന്നു.

ഈ പുസ്തകത്തെ ഓർമ്മയുടെ താളുകളിൽ നിന്നും യാഥാർത്ഥ്യത്തിലേക്ക് കൊണ്ടുവരുവാൻ എല്ലാവിധ പ്രോത്സാഹനങ്ങളും നൽകിയ ഞങ്ങളുടെ ജ്യേഷ്ഠ സഹോദരനായ സാമുവേൽ വെട്ടിക്കുഴിയിൽ ബ്രദറിനും ഈ പുസ്തകം പ്രസിദ്ധീകരിക്കുവാൻ ഞങ്ങളെ സഹായിച്ച ഈരേഴ മാർ ഈവാനിയോസ് പ്രസ്സിലെ ബഹു.സി.ജൂലിയറ്റ് എസ്.ഐ.സിയ്ക്കും സഹപ്രവർത്തകർക്കും ഈ പുസ്തകത്തിന്റെ പണിപ്പുരയിൽ കൈതാങ്ങായി നിലകൊണ്ട ബഹുമാനപ്പെട്ട ജോൺ വൈപ്പിൽഅച്ചനും, ബഹു. റോബർട്ട് പാലവിള അച്ചനും, ബഹു. സി. തീർത്ഥ എസ്.ഐ.സി, അമലാവോയ്സിനും മറ്റ് സഹോദരങ്ങൾക്കും നന്ദിയുടെ നറുമലരുകൾ നേർന്നു കൊള്ളുന്നു.

സകലത്തെയും വചനത്താൽ സൃഷ്ടിച്ച സർവ്വശക്തനു നന്ദി അർപ്പിച്ചുകൊണ്ട് വൈദിക പരിശീലനയാത്രയിലേക്ക് ഞങ്ങളെ സ്വീകരിച്ച ഞങ്ങളുടെ ജോഷ്വാ മാർ ഇഗ്നാത്തിയോസ് പിതാവിന് ഈ പുസ്തകം സാദരം സമർപ്പിക്കുന്നു.

ബ്രദർ ബനഡിക്ട് അനുഗ്രഹ
എഡിറ്റർ

www.malankaralibrary.com

www.malankaralibrary.com

## ആശംസ

മാവേലിക്കര ഭദ്രാസന അദ്ധ്യക്ഷൻ അഭിവന്ദ്യ ഡോ. ജോഷ്വാ മാർ ഇഗ്നാത്തിയോസ് മെത്രാപ്പോലീത്തയുടെ സ്വർഗ്ഗീയ മദ്ധ്യസ്ഥനായ അന്ത്യോക്യയിലെ വി. ഇഗ്നാത്തിയോസിന്റെ തിരുനാൾ ആഘോഷിക്കുന്ന വേളയിൽ, മാർ ഈവാനിയോസ് മൈനർ സെമിനാരിയിലെ വൈദിക വിദ്യാർത്ഥികളുടെ ആഭിമുഖ്യത്തിൽ ഇടയവചസ്സുകൾ എന്ന പേരിൽ, അഭിവന്ദ്യ പിതാവിന്റെ ഇടയലേഖനങ്ങൾ സമാഹരിച്ചു പ്രസിദ്ധീകരിക്കുന്നതിൽ ഏറെ സന്തോഷിക്കുന്നു.

സഭാതലവന്മാർ തങ്ങൾക്ക് ഭരമേൽപ്പിക്കപ്പെട്ടിരിക്കുന്ന ദൈവജനത്തിന്റെ വിശ്വാസത്തെയും ധാർമ്മികതയെയും ആത്മീയതയെയും സാമൂഹ്യ പ്രതിബദ്ധതയെയും പരിപോഷിപ്പിക്കുന്നതിനായി കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന പഠിപ്പീരുകളും ഉദ്ബോധനങ്ങളുമാണ് ഇടയലേഖനങ്ങൾ എന്ന് അറിയപ്പെടുന്നത്. 2007 ൽ രൂപീകൃതമായ മാവേലിക്കര ഭദ്രാസനത്തിന്റെ പ്രഥമ അദ്ധ്യക്ഷനായ അഭി. ഡോ. ജോഷ്വാ മാർ ഇഗ്നത്തിയോസ് മെത്രാപ്പോലീത്ത, കഴിഞ്ഞ പതിനഞ്ചു വർഷങ്ങളായി വിവിധ വിഷയങ്ങളെ അധീകരിച്ച് നിരവധി ഇടയലേഖനങ്ങൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഇവ അമല വോയ്സ് എന്ന ഭദ്രാസന ബുള്ളറ്റിനിൽ പ്രസിദ്ധീകരിച്ചിട്ടുള്ളവയുമാണ്. അവയെ സമാഹരിച്ച് ഒരു പുസ്തക രൂപമാക്കി എന്ന എളിയ ഉദ്യമമാണ് മാർ ഇവാനിയോസ് മൈനർ സെമിനാരിയിലെ വൈദിക വിദ്യാർത്ഥികൾ നിർവ്വഹിച്ചത്. അഭിവന്ദ്യ പിതാവിനോടുള്ള സ്നേഹത്തിന്റെ നിദർശനവും കഴിഞ്ഞ പതിനഞ്ചു വർഷങ്ങളിലെ മെത്രാൻ ശുശ്രൂഷയിലൂടെ ഭദ്രാസനത്തിനു നൽകിയ സ്തുത്യർഹമായ ശുശ്രൂഷയ്ക്കുള്ള ആദരവുമാണ് ഇടയവചസ്സുകൾ എന്ന ഈ സമാഹാരം.

പുസ്തക വായന, രചന, പ്രസിദ്ധീകരണം എന്ന മേഖലകളിൽ സെമിനാരിക്കാരെ പരിശീലിപ്പിക്കുന്നതിന്റെ ഭാഗമായാണ് ഇത്തരത്തിലുള്ള സംരഭങ്ങളിൽ സെമിനാരിക്കാരെ ഉൾച്ചേർക്കുന്നത്. ഏകാഗ്രതയോടും ചിട്ടയോടും ജാഗ്രതയോടുംകൂടെ ഉത്തരവാദിത്വങ്ങൾ സമയബന്ധിതമായി

www.malankaralibrary.com

പൂർത്തിയാക്കാനുള്ള പരിശ്രമമാണ് ഇതിലൂടെ ലഭ്യമാകുക. ഭാവിയിലും ഇത്തരം സംരഭങ്ങൾ ഏറ്റെടുക്കുവാൻ ദൈവം സെമിനാരിക്കാരെ അനുഗ്രഹിക്കട്ടെ.

2007 മുതൽ 2022 വരെയുള്ള അഭിവന്ദ്യ പിതാവിന്റെ ഇടയലേഖനങ്ങൾ സമാഹരിക്കുന്നതിനും പുസ്തകരൂപ മാക്കുന്നതിനും പരിശ്രമിച്ച ബ്ര. ബനഡിക്ട് അനുഗ്രഹയെയും അദ്ദേഹത്തിനു സഹായമായി നിലകൊണ്ട എല്ലാ വൈദിക വിദ്യാർത്ഥികളെയും വിശേഷിച്ച് റീജൻസി ബ്രദർ സാമുവൽ വെട്ടുകുഴിയിലിനെയും വൈദിക വിദ്യാർത്ഥികളെ പ്രോത്സാ ഹിപ്പിക്കുന്ന വൈസ് റെക്ടർ ബഹു. ജോൺ പുത്തൻപുരയി ലച്ചനെയും ആത്മീയ പിതാവ് ബഹു. തോമസ് പാലവിളയില ച്ചനെയും നന്ദിയോടെ അഭിനന്ദിക്കുന്നു.

വൈദിക വിദ്യാർത്ഥികളുടെ ഈ എളിയ സമ്മാനം അഭി. പിതാവിന്റെ നാമഹേതുക തിരുനാൾ നിവേദ്യമായി ആദരവോടെ സമർപ്പിക്കുന്നു.

ഫാ. ഗീവർഗീസ് കൈതവന
റെക്ടർ

www.malankaralibrary.com



# ക്രിസ്തുമസിനോട് അനുബന്ധിച്ച് പുറപ്പെടുവിച്ച ഇടയലേഖനങ്ങൾ

www.malankaralibrary.com

ദൈവകൃപയാലും തിരുസിംഹാസനത്തിന്റെ അംഗീകാര
ത്താലും മാവേലിക്കര ഭദ്രാസനാദ്ധ്യക്ഷൻ ജോഷ്വാ മാർ
ഇഗ്നാത്തിയോസ് മെത്രാപ്പോലീത്തായിൽ നിന്നും
ബഹുമാനപ്പെട്ട വൈദികർക്കും സന്യസ്തർക്കും
വിശ്വാസികളേവർക്കും വാഴ്‌വ്!

PL. No. 02/2007

## ക്രിസ്തുമസ് 2007

വന്ദ്യ വൈദികരേ, സന്യസ്തരേ, വിശ്വാസികളേ,

സമാഗതമാകുന്ന യൽദാപ്പെരുന്നാളിന്റെ എല്ലാ അനുഗ്രഹങ്ങളും ഏവർക്കും ഞാൻ ആശംസിക്കുന്നു. നോമ്പിന്റെ പ്രാർത്ഥനകളും തപസ്സും നൽകുന്ന വിശുദ്ധിയോടെ നമ്മുടെ കർത്താവിനെ ഹൃദയത്തിലേക്കും ഭവനങ്ങളിലേക്കും സഭാകൂട്ടായ്മയിലേക്കും നമുക്കു സ്വീകരിക്കാം.

ഈ വർഷത്തെ ജനനത്തിരുന്നാൾ ആഘോഷം വളരെയേറെ പ്രാധാന്യമുള്ളതാണ്. സാർവ്വത്രിത സഭ ദൈവവചന വിചിന്തനത്തിനായി 2008 ഒക്ടോബറിൽ റോമിൽ വച്ച് മെത്രാന്മാരുടെ സൂനഹദോസ് വിളിച്ചുകൂട്ടുകയാണ്. ഈ അവസരത്തിൽ 2008 ദൈവവചന വർഷമായി കേരള കത്തോലിക്കാ സഭ ആചരിക്കുകയാണ്. വചനം മാംസം ധരിച്ച് ഈ ലോകത്തിൽ അവതരിച്ച നമ്മുടെ കർത്താവിന്റെ ജനനത്തിരുന്നാൾ ദിവസം തന്നെ വചനവർഷാചരണത്തിന് ആരംഭവും സമാപനവും കുറിക്കുവാനാണ് കേരള കത്തോലിക്കാ സഭയിലെ വൈദിക മേലദ്ധ്യക്ഷന്മാർ തീരുമാനിച്ചിരിക്കുന്നത്. അതനുസരിച്ച് 2007 ഡിസംബർ മാസം 25-ാം തീയതി വചനവർഷാചരണത്തിന് എല്ലാ ദൈവാല യങ്ങളിലും ആരംഭം കുറിയ്ക്കുന്നതാണ്. വി.ഗ്രന്ഥം ആഘോഷമായി ദൈവാലയ മദ്ധ്യേ പ്രതിഷ്ഠിച്ചുകൊണ്ടാണ്

www.malankaralibrary.com

വചനവർഷാചരണം ആരംഭിക്കുന്നത്. 2008 ഡിസംബർ 25ന് ദൈവവചനവർഷാചരണത്തിന്റെ സമാപനം നടത്തുന്നതാണ്.

മലങ്കര കത്തോലിക്കാ സഭ വചനവർഷാചരണത്തിന് നൽകിയിരിക്കുന്ന ചിന്താവിഷയം വചനത്തിൽ വസിക്കുക; ലോകത്തെ വിശുദ്ധീകരിക്കുക. എന്നതാണ് വചനവർഷാ ചരണത്തിന്റെ പശ്ചാത്തലത്തിൽ ദൈവവചനത്തിന് വിശ്വാസ ജീവിതത്തിലുള്ള സുപ്രധാനമായ സ്ഥാനം ഗ്രഹിക്കേണ്ടതാണ്.

ചരിത്രം മുഴുവൻ രക്ഷകനു വേണ്ടിയുള്ള കാത്തിരിപ്പായിരുന്നു എന്നു വിശുദ്ധഗ്രന്ഥം സാക്ഷ്യപ്പെ ടുത്തുന്നു. പൂർവ്വപിതാക്കന്മാരും പ്രവാചകന്മാരും നീതിമാന്മാരും ഉൾപ്പെടുന്ന ദൈവജനതയുടെ ഈ കാത്തിരിപ്പ് ചരിത്രത്തിന് ദിശാബോധവും ഉൽപ്പെടുന്ന ദൈവജനതയുടെ ഈ കാത്തിരിപ്പ് ചരിത്രത്തിന് ദിശാബോധവും പ്രതീക്ഷയും നിറഞ്ഞ ഈ കാത്തിരിപ്പിനോട് വചനിപ്പു (സൂബോറോ)കാലത്തിൽ ഇരുപത്തിയഞ്ചു നോമ്പാചരണത്തിലൂടെ നാം പങ്കുചേർന്നു. ത്രിയേകദൈവത്തിന്റെ രക്ഷാകരപദ്ധതിയുടെയും മനുഷ്യവംശ ത്തോടുള്ള സ്നേഹത്തിന്റെയും വെളിപ്പെടുത്തൽ നാം അറിയുക ദൈപുത്രന്റെ മനുഷ്യാവതാരത്തിലാണ്. ദൈവത്തിന്റെ വീണ്ടെടുക്കുന്ന സ്നേഹത്തെപ്പറ്റി ദൈപുത്രൻ നമ്മോട് അരുൾ ചെയ്യുന്നു. എന്തെന്നാൽ, അവനിൽ വിശ്വസിക്കുന്ന ഏവനും നശിച്ചുപോകാതെ നിത്യജീവൻ പ്രാപിക്കുന്നതിന് വേണ്ടി, തന്റെ ഏകജാതനെ നൽകാൻ തക്കവിധം ദൈവം ലോകത്തെ അത്രമാത്രം സ്നേഹിച്ചു. (യോഹ. 3:16) സ്നേഹോദരമായ ദൈവിക പദ്ധതിക്ക് കൃതജ്ഞത അർപ്പിക്കുന്നതോടൊപ്പം അനുദിന ജീവിതത്തിന് ഉതകുന്ന പ്രത്യാശയുടെ അനുഭവത്തിനും ജനനത്തിരുന്നാളിന്റെ ആഘോഷം നിദാനമാകണം.

രക്ഷകനു വേണ്ടിയുള്ള കാത്തിരിപ്പിന്റെ ചരിത്രത്തിൽ എഴുതപ്പെട്ട വചനത്തിന്, വിശുദ്ധ ഗ്രന്ഥത്തിന്, സവിശേഷമായ സ്ഥാനമുണ്ട്. രക്ഷാകര സംഭവത്തിന്റെ പൂർത്തീകരണത്തോള മുള്ള കാത്തിരിപ്പ് ദൈവജനത്തിന് വിശുദ്ധീകരണത്തിനുള്ള കാലഘട്ടവുമായിരുന്നു. രക്ഷകനു വേണ്ടിയുള്ള ഒരുക്കംകൊണ്ട് അർത്ഥമാക്കിയത്. ദൈവജനവും കാലവും രക്ഷകനു വേണ്ടിയുള്ള ഒരുക്കംകൊണ്ട് അർത്ഥമാക്കിയത്, ദൈവജനവും

www.malankaralibrary.com

കാലവും രക്ഷകനെ സ്വീകരിക്കാൻ സജ്ജമാകുക എന്നതായിരുന്നു. കാലത്തിന്റെയും മാനവരാശിയുടെയും രക്ഷകനെ സ്വീകരിക്കാനുള്ള ഒരുക്കത്തിന് വേണ്ടി ദൈവം ലോകത്തോട് സംസാരിച്ചിരുന്നു (ഹെബ്രാ 1:1) വാക്കുകളിലൂടെ, വ്യക്തികളിലൂടെ, ജീവിതത്തിലൂടെ, ദൈവജനത്തിന്റെ ചരിത്രത്തിലെ സംഭവങ്ങളിലൂടെ, ദൈവം ലോകത്തോട് സംസാരിച്ചിരുന്നു. വ്യക്തികളുടെയും ദൈവജനത്തിന്റെയും ജീവിതത്തിലൂടെ ദൈവം തന്റെ പദ്ധതിയുടെ രൂപരേഖ ആവിഷ്കരിച്ചു. ദൈവത്തിന്റെ രക്ഷാകരപദ്ധതിയുടെ ആവിഷ്കാരം ദൈവജനം എഴുതപ്പെട്ട വചനത്തിൽ കണ്ടെത്തിയിരുന്നു.

ദൈവത്തിന്റെ രക്ഷാകരപദ്ധതിയുടെ മകുടവും പൂർത്തീകരണവുമായിരുന്നു മനുഷ്യനായിതീർന്ന വചനമായ ദൈവപുത്രൻ. വിശുദ്ധ യോഹന്നാന്റെ സുവിശേഷത്തിൽ നാം വായിക്കുന്നു. ആദിയിൽ വചനം ഉണ്ടായിരുന്നു; വചനം ദൈവമായിരുന്നു. അവൻ ആദിയിൽ ദൈവത്തോടുകൂടെയാ യിരുന്നു. വചനം മാംസമായി നമ്മുടെയിടയിൽ വസിച്ചു. അവന്റെ മഹത്വം നമ്മൾ ദർശിച്ചു. കൃപയും സത്യവും നിറഞ്ഞതും പിതാവിന്റെ ഏകജാതന്റെയുമായ മഹത്വം (യോഹ 1:1-2,14). മനുഷ്യവംശത്തിന്റെ രക്ഷയ്ക്കുവേണ്ടി മാംസമെടുത്ത വചനം നമ്മുടെ രക്ഷയെപ്രതിയുള്ള ദൈവത്തിന്റെ പദ്ധതിയാണ് നമ്മെ അറിയിച്ചത്. ഉപമകളിലൂടെ, അടയാളങ്ങ ളിലൂടെ അവിടുന്ന് നമ്മെ പഠിപ്പിച്ചത് ദൈവപിതാവിന്റെ വീണ്ടെടുക്കുന്ന സ്നേഹത്തെക്കുറിച്ചായിരുന്നു. ദൈവഹിതമായ വചനം അനുസരിച്ച് ജീവിക്കുവാനും വചനം ലഭ്യമാക്കുന്ന വിശുദ്ധീകരണത്തിലൂടെ അവിടുത്തോട് സംയോജിപ്പിച്ചിരി ക്കുവാനും വചനത്തിന്റെ പാലനത്തിലൂടെ ദൈവസ്നേഹത്തിൽ നിലനിൽക്കുവാനും (യോഹ 15:1-10) ദൈവപുത്രനായ യേശു നമ്മെ പഠിപ്പിച്ചു.

വചനത്തിന്റെ ജീവിതപരിവർത്തനം ഉളവാക്കുന്ന ശക്തിയെക്കുറിച്ചുള്ള വിശ്വാസം ഹെബ്രായർക്കുള്ള ലേഖന ത്തിൽ നാം വായിക്കുന്നുണ്ട്. ദൈവത്തിന്റെ വചനം സജീവവും ഊർജ്ജസ്വലവുമാണ്. ഇരുതലവാളിനെക്കാൾ മൂർച്ചയേറിയതും, ചേതനയിലും ആത്മാവിലും സന്ധിബന്ധങ്ങളിലും മജ്ജയിലും

www.malankaralibrary.com

തുളച്ചുകയറി ഹൃദയത്തിന്റെ വിചാരങ്ങളെയും നിയോഗ ങ്ങളെയും വിവേചിക്കുന്നതുമാണ് (ഹെബ്രാ 4:12). വിശ്വാസത്തിലൂടെ രക്ഷനേടുന്നതിനും ദൈവത്തെ പ്രാപിക്കു ന്നതിനും ദൈവവചനമാണ് നമ്മെ ഒരുക്കുക. തിമോത്തിയോ സിന് അപ്പസ്തോലൻ പൗലോസ് നൽകുന്ന ഉപദേശത്തിന്റെ സാരമിതാണ്. യേശുക്രിസ്തുവിലുള്ള വിശ്വാസത്തിലൂടെ രക്ഷപ്രാപിക്കുന്നതിനു നിന്നെ ജ്ഞാനിയാക്കുന്ന വിശുദ്ധ ലിഖിതങ്ങൾ നീ ബാല്യം മുതൽ പഠിച്ചറിഞ്ഞിട്ടുള്ളതാണല്ലോ. വിശുദ്ധ ലിഖിതമെല്ലാം ദൈവനിവേശിതമാണ്. അവ പ്രബോധനത്തിനും ശാസനത്തിനും തെറ്റുതിരുത്തുന്നതിനും നീതിയിലുള്ള പരിശീലനത്തിനും ഉപകരിക്കുന്നു. ഇതുവഴി ദൈവഭക്തനായ മനുഷ്യന്റെ പൂർണ്ണത കൈവരിക്കുകയും എല്ലാ നല്ല പ്രവൃത്തികളും ചെയ്യുന്നതിന് പര്യാപ്തനാക്കുകയും ചെയ്യുന്നു (2 തിമോ. 3:15–17). നിരന്തരം വചനം പ്രസംഗിക്കുവാനും അവികലമായ വ്യാഖ്യാനം നൽകുവാനും അപ്പസ്തോലൻ പൗലോസ് തിമോത്തിയോസിനെ ഉദ്ബോധിപ്പി ക്കുന്നു. ദൈവവചനത്തിന് അവധാനതയില്ലാത്ത വ്യാഖ്യാനം രക്ഷയുടെ രഹസ്യത്തെ അവ്യക്തമാക്കുമെന്ന മുന്നറിയിപ്പും തിമോത്തിയോസിന് ലഭിക്കുന്നുണ്ട് (2 തിമോ. 4:1–5)

വിശുദ്ധഗ്രന്ഥത്തിന് ക്രിസ്തീയ ജീവിതത്തിലുള്ള സ്ഥാനം സഭയുടെ പ്രബോധനത്തിന്റെ കാതലാണ്. ദൈവാലയത്തിൽ ജീവന്റെ അപ്പത്തിന്റെ മേശയോടൊപ്പം ജീവന്റെ വചനത്തിന്റെ മേശയും സഭ പൂജ്യമായി പ്രതിഷ്ഠിച്ചി രിക്കുന്നു. രണ്ടാം വത്തിക്കാൻ സുന്നഹദോസിന്റെ ഉദ്ബോധനം ഈ പശ്ചാത്തലത്തിൽ ശ്രദ്ധേയമാണ്. വിശുദ്ധ ഗ്രന്ഥത്തിലൂ ടെയാണ് സ്വർഗ്ഗസ്ഥനായ പിതാവു തന്റെ മക്കളെ അതീവ സ്നേഹത്തോടെ ഉറ്റുനോക്കുന്നതും അവരുമായി സംഭാഷണം ചെയ്യുന്നതും. ദൈവവചനത്തിന്റെ ശക്തിയും കഴിവും വളരെ വലുതാണ്. അത് സഭയ്ക്ക് ആലംബവും ഊർജ്ജസ്വലതയും നൽകുന്നു. അവളുടെ മക്കൾക്കാവശ്യമായ വിശ്വാസത്തിനു വേണ്ട ശക്തിയും ആത്മാവിന്റെ ഭക്ഷണവും അതു തന്നെ. ആദ്ധ്യാത്മിക ജീവിതത്തിന്റെ വിശുദ്ധവും അക്ഷയവുമായ ഉറവിടമായും അതു വർത്തിക്കുന്നു. (ദൈവാവിഷ്ക്കരണം നമ്പർ 21). ജീവിതത്തെ രൂപീകരിക്കുന്നതും ദൈവോന്മുഖ

www.malankaralibrary.com

മാക്കുന്നതും വിശുദ്ധീകരിക്കുന്നതുമായ വചനത്തിന്റെ മാധുര്യം അനുഭവിക്കാൻ വിശുദ്ധഗ്രന്ഥവും സഭയുടെ പാരമ്പര്യവും അനുശാസിക്കുന്നു.

മലങ്കര സഭയുടെ പാരമ്പര്യം വിശുദ്ധ ഗ്രന്ഥത്തിന് വളരെയേറെ പ്രാധാന്യം നൽകുന്നുണ്ട്. വ്യക്തിപരമായ വായനയ്ക്കും പഠനത്തിനും ധ്യാനത്തിനും വിശുദ്ധഗ്രന്ഥം നമ്മുടെ വിശ്വാസികൾ വിധേയമാക്കുന്നുണ്ട്. കുടുംബപ്രാർത്ഥനയിലും ആരാധനാക്രമത്തിലും വിശുദ്ധ ഗ്രന്ഥം നൂറ്റാണ്ടുകളായി സവിശേഷമായ ഇടം നേടിയിട്ടുണ്ട്. വചനവ്യാഖ്യാനത്തിനും പ്രമുഖമായ സ്ഥാനം നമ്മുടെ പാരമ്പര്യം നൽകുന്നുണ്ട്. എന്നിരിക്കലും വായനയും പഠനവും വ്യാഖ്യാനവും കൂടുതൽ ആധികാരികത കൈവരിക്കേണ്ടിയിരിക്കുന്നു. വചനവ്യാഖ്യാനത്തിനും പഠനത്തിനും ഇന്ന് വിവിധ അവസരങ്ങളുണ്ട്. അവ പൂർണ്ണമായി ഉപയോഗിച്ച് വചനത്തിന്റെ സാരം ഉത്തമമായി ഗ്രഹിക്കണം. ആത്മീയജീവിതത്തിന്റെ പോഷണത്തിനും സഭാകൂട്ടായ്മയുടെ കെട്ടിപ്പടുക്കലിനും ദൈവവചനത്തിന്റെ ശരിയായ പഠനമേ സഹായിക്കൂ.

കുടുംബപ്രാർത്ഥനയിലും ആരാധനാക്രമത്തിലും എന്നപോലെ വിശുദ്ധ ഗ്രന്ഥത്തിന്റെ വായനയ്ക്കും വിചിന്തനത്തിനും സഭയുടെ ഇതര പ്രവർത്തനങ്ങളിലും സ്ഥാനം ഉണ്ടായിരിക്കണം. മതബോധനരംഗം, യുവജനപ്രസ്ഥാനം, മാതൃവേദി, പിതൃവേദി, എം.സി.എ, ഇതര ഭക്തസംഘടനകൾ ഇവയുടെ പ്രവർത്തനങ്ങളിലെല്ലാം ദൈവവചനം വായിക്കുകയും ചർച്ച ചെയ്യുകയും വേണം. ദൈവവചനത്തെ അധിഷ്ഠിതമാക്കി ഉപദേശം നൽകാനും പ്രാർത്ഥിക്കാനും ദൈവജനം അഭ്യസിക്കണം. വചനവർഷത്തിൽ ഇടവക, ഡിസ്ട്രിക്ട്, ഭദ്രാസനതലത്തിൽ ദൈവവചന പഠനത്തിന് പ്രസ്ഥാനങ്ങൾ ഒരുമിച്ച് ചേർന്ന് അവസരം ഒരുക്കണം. നമ്മുടെ കാലഘട്ടത്തിന്റെ നന്മകളും സവിശേഷതകളും പ്രശ്നങ്ങളും പ്രതിസന്ധികളും മനസ്സിലാക്കി, ക്രിയാത്മക പ്രത്യുത്തരം നൽകുന്നതിന് ദൈവവചനത്തിന്റെ പഠനം നമ്മെ സഹായിക്കും. ദൈവവചനം കേൾക്കുക മാത്രമല്ല, സ്വീകരിക്കുകയും അതനുസരിച്ച് ജീവിതം നയിക്കുകയും ചെയ്യുന്ന യഥാർത്ഥ ദൈവജനമായി നാം അപ്പോൾ പരിവർത്തനപ്പെടും.

www.malankaralibrary.com

ദൈവവചനത്തിന്റെ ചൈതന്യം സ്വീകരിക്കുന്നവന് സങ്കീർത്തകനോടൊപ്പം ആലപിക്കാനാകും, അങ്ങയുടെ വചനം എന്റെ പാദത്തിന് വിളക്കും പാതയിൽ പ്രകാശവുമാണ് (സങ്കീ 119:105). ദൈവവചനത്തിൽ പൂർണ്ണമായി വിശ്വസിക്കുകയും ആശ്രയിക്കുകയും ചെയ്യുന്ന വിശ്വാസിക്ക് ക്ലേശങ്ങളിലും പ്രതിസന്ധികളിലും വിശുദ്ധ പത്രോസിനെപ്പോലെ ഏറ്റു പറയാനാവും, കർത്താവേ, ഞങ്ങൾ ആരുടെ അടുത്തേക്ക് പോകും? നിത്യജീവന്റെ വചനങ്ങൾ നിന്റെ പക്കലുണ്ട്. നീയാണ് ദൈവത്തിന്റെ പരിശുദ്ധനെന്നു ഞങ്ങൾ വിശ്വസിക്കുകയും അറിയുകയും ചെയ്തിരിക്കുന്നു (യോഹ 6:68–69)

ദൈവവചന വർഷാചരണം വിശ്വാസ നവീകരണത്തിന്റെയും ആത്മീയ സമൃദ്ധിയുടെയും അവസരമായിത്തീരട്ടെയെന്നു ഞാൻ ആശംസിക്കുന്നു. ദൈവവചനത്തിന്റെ രക്ഷാകരമാനവും ആഴവും ഗ്രഹിക്കുന്നതിന് ദൈവവചന വർഷാചരണം ഉപയുക്തമാകട്ടെ.

പുൽക്കൂട്ടിൽ ജാതനായ ദൈവപുത്രനും രക്ഷകനുമായ യേശു ഏവരുടേയും ഹൃദയത്തിൽ സമാധാനവും പ്രത്യാശയും ചൊരിയട്ടെ.

സർവ്വശക്തനായ ദൈവത്തിന്റെ കൃപ നിങ്ങളോടുകൂടി എന്നേക്കും ഉണ്ടായിരിക്കട്ടെ!

ആയത് ദൈവമാതാവായ പരിശുദ്ധ കന്യകമറിയത്തിന്റെയും, ഭാരതത്തിന്റെ അപ്പസ്തോലനായ മാർത്തോമശ്ലീഹായുടെയും, സകല പരിശുദ്ധന്മാരുടെയും പ്രാർത്ഥനയാൽ തന്നെ. ആമ്മീൻ

എന്ന്,

+ Mar Ignatius

അമലഗിരി **ഡോ. ജോഷ്വാ മാർ ഇഗ്നാത്തിയോസ്**
ക്രിസ്തുമസ് 2007 മാവേലിക്കര ഭദ്രാസന മെത്രാപ്പോലീത്താ

www.malankaralibrary.com

ദൈവകൃപയാലും തിരുസിംഹാസനത്തിന്റെ അംഗീകാര ത്താലും മാവേലിക്കര ഭദ്രാസനാദ്ധ്യക്ഷൻ ജോഷ്വാ മാർ ഇഗ്നാത്തിയോസ് മെത്രാപ്പോലീത്തായിൽ നിന്നും ബഹുമാനപ്പെട്ട വൈദികർക്കും സന്യസ്തർക്കും വിശ്വാസികളേവർക്കും വാഴ്വ്!

PL. No. 03/2011

## ക്രിസ്തുമസ് 2011

ബഹുമാനപ്പെട്ട വൈദികരേ, സന്യസ്തരേ, വിശ്വാസികളേ,

അത്യുന്നതങ്ങളിൽ ദൈവത്തിനു മഹത്വവും, ഭൂമിയിൽ ദൈവകൃപ ലഭിച്ചവർക്ക് സമാധാനവും ആശംസിച്ചുകൊണ്ട് ക്രിസ്മസ് ആഗതമായി. ദൈവീക പ്രവചനങ്ങളുടെ ചരിത്രം സാക്ഷിക്കുന്ന നിറവേറലാണ് ക്രിസ്മസ്. മനുഷ്യരോടും പ്രപഞ്ചത്തോടും സർവ്വശക്തൻ കാണിച്ച കാരുണ്യത്തിന്റെ സമൃദ്ധിയാണ് ക്രിസ്മസ്.

അഗസ്റ്റസ് സീസർ റോമൻ ഭരണാധികാരിയും ക്വിരിനിയോസ് സിറിയായിലെ ദേശാധിപതിയുമായിരിക്കുന്ന ചരിത്ര പശ്ചാത്തലത്തിൽ യൂദയായിൽ ദാവീദിന്റെ പട്ടണമായ ബേത്ലെഹേമിൽ (മീഖാ 5,1-2) മറിയത്തിന്റെ ആദ്യജാതനായാണ് ഈശോ ജനിച്ചത്. ആദ്യജാതൻ എന്നത് ഇസ്രായേലിന് ദൈവം നൽകിയ ഔദ്യോഗിക പദവിയാണ് (പുറ 4, 22-23, ജറെ 2,3). വീണ്ടെടുപ്പിന്റെ പ്രതീകവുമാണത് (പുറ 13, 12-15). ദാവീദിന്റെ പിൻഗാമികളായി ഭരിക്കുന്നവരെല്ലാം ആദ്യജാതരാണ് (സങ്കീ 89, 28). രാജസിംഹാസനം ആദ്യജാതന്റെ അവകാശമാണ് (2 രാജാ 3, 27, 2 ദിന 21, 1-3). തിരുവചന വെളിപ്പെടു

www.malankaralibrary.com

ത്തലനുസരിച്ച് യേശു ദാവീദിന്റെ സിംഹാസനത്തിന്റെ അവകാശിയും ദൈവത്തിന്റെ ആദ്യജാതനുമത്രെ (ഹെബ്ര 1,6). ദാവീദിന്റെ സിംഹാസനാവകാശിയായി ജനിച്ച ദാവിദിന്റെ പുത്രനായ ഈശോ ഇസ്രായേലിന്റെ നിത്യരാജാവാണ്.

ആദ്യജാതനായി ജനിച്ച കുഞ്ഞിനെ മറിയം "പിള്ളക്കച്ചയിൽ പൊതിഞ്ഞു". മറിയം ആദ്യജാതനെ പിള്ളക്കച്ചയിൽ പൊതിഞ്ഞത് ജ്ഞാനിയായ സോളമന്റെ പിൻഗാമിയായി ജനിച്ച ജ്ഞാനിയായ രാജശിശുവാണ് (ജ്ഞാനം 7, 4-5) ഈശോ എന്ന ദൈവവചനത്തിന്റെ നിറവേറ്റലാണ് (ലൂക്കാ 11, 31). കാലിത്തൊഴുത്തിൽ പിറന്ന ദാവീദിന്റെ പുത്രനായ ഈശോ സമാധാന രാജാവും ലോകരക്ഷകനുമായാണ് ജനിച്ചത്. കാലിത്തൊഴുത്ത് കർത്താവിന്റെ ഔന്നത്യത്തിന്റെ അടയാളമാണ്. സർവ്വജനത്തേയും പ്രപഞ്ചത്തെ മുഴുവൻ ഉൾക്കൊള്ളുകയും ചെയ്യുന്ന ഈശോയുടെ സാർവ്വലൗകികതയാണ് അതിലൂടെ ആവിഷ്കരിക്കപ്പെടുന്നത്.

സത്രത്തിൽ സ്ഥലം ലഭിക്കാത്തതിനാൽ ദൈവപുത്രനായ ഈശോയെ അവിടുത്തെ മാതാപിതാക്കൾ കാലിത്തൊഴുത്തിൽ കിടത്തി. ബെത്ലഹേമിലെ കാലിത്തൊഴുത്ത് ഏശയ്യ പ്രവാചകൻ പരാമർശിക്കുന്ന തൊഴുത്തിനെ (ഏശയ്യ 1,3) അനുസ്മരിപ്പിക്കുന്നു. കാലിത്തൊഴുത്തിൽ പിള്ളക്കച്ചയിൽ പൊതിഞ്ഞുകിടക്കുന്ന ശിശുവിനേയാണ് ആട്ടിടയൻമാർക്ക് മാലാഖ കൊടുക്കുന്ന അടയാളം. "ദാവീദിന്റെ പട്ടണത്തിൽ നിങ്ങൾക്കായി ഒരു രക്ഷകൻ, കർത്താവായ ക്രിസ്തു ഇന്ന് ജനിച്ചിട്ടുണ്ട്" എന്ന സദ്വാർത്തയുടെ അടയാളമാണ് പുൽക്കൂട്ടിലെ ശിശു (ലൂക്ക 2, 11-12). ആട്ടിടയൻമാർ കാലിത്തൊഴുത്തിലെ ശിശുവിൽ അത്യുന്നതന്റെ പുത്രനെ തിരിച്ചറിഞ്ഞു.

സത്രത്തിൽ സ്ഥലം ലഭിക്കാത്തതാണ് ശിശുവായ ഈശോയെ കാലിത്തൊഴുത്തിൽ കിടത്തുന്നതിനുള്ള പ്രത്യക്ഷ കാരണം. ഈശോയുടെ ജീവിതത്തിലുടനീളം അനുഭവിച്ച നിരാകരണത്തിന്റെ തുടക്കമായിരുന്നു അത്. സത്രത്തിൽ സ്ഥലം ലഭിക്കാത്തതും, കാലിത്തൊഴുത്തിൽ കിടത്തിയതും, പിള്ളക്കച്ച പൊതിഞ്ഞതുമെല്ലാം പ്രത്യക്ഷത്തിൽ യേശുവിന്റെ ദാരിദ്ര്യത്തിന്റയും, എളിയ തുടക്കത്തിന്റെയും

www.malankaralibrary.com

തിരസ്കരണത്തിന്റെയും അടയാളമാണ്. അപ്പം നൽകുന്ന വനും അപ്പമായവനും കിടക്കാൻ സ്ഥലമില്ലാത്തവനുമായി പുൽക്കൂട്ടിലെ ഈശോ പാർശ്വവൽക്കരിക്കപ്പെട്ടവരുടെ പക്ഷം ചേർന്നു. കിടപ്പാടമില്ലാത്തവരുടെ പ്രതിനിധിയും പക്ഷം പിടി ക്കുന്നവനുമായി ഈശോ ദരിദ്രരോടു താദാത്മ്യം പ്രാപിച്ചു. എന്നാൽ കാലിത്തൊഴുത്ത് പരോക്ഷമായി യേശുവിന്റെ മിശി ഹാത്വത്തിന്റെയും, രാജത്വത്തിന്റയും, പൗരോഹിത്യത്തി ന്റെയും, രക്ഷക സ്ഥാനത്തിന്റെയുമെല്ലാം ദൈവീക അടയാള മാണ്.

യേശു ജനിച്ചപ്പോൾ ദാവീദിന്റെ പട്ടണത്തിന് പുറത്ത് വയലുകളിൽ രാപാർത്തിരുന്ന ഇടയർക്ക് മാലാഖമാർ ജനന വാർത്ത നൽകി. ഇടയനായിരുന്ന ദാവീദ് രാജാവിന്റെ സിംഹാ സനാവകാശിയുടെ ജനനവാർത്ത ആദ്യം ഇടയരോട് അറിയി ക്കുന്നു എന്ന ധ്വനിയിവിടെ ശ്രദ്ധേയമാണ്. ദരിദ്രരും, നിന്ദിത രും, അവഗണിക്കപ്പെട്ടവരുമായിരുന്ന "ആട്ടിടയർക്കാണ് കർത്താവിന്റെ മഹത്വം പ്രത്യക്ഷപ്പെട്ടത്". ശിശുവായ യേശു ഇസ്രയേലിന്റെ മഹത്വമാണ് (ലൂക്ക 2, 32). യേശു പിറന്ന വാർത്ത അറിയിക്കുവാൻ മാലാഖമാർ സമീപിച്ചപ്പോൾ ആട്ടിട യൻമാർ കർത്താവിന്റെ മഹത്വം കണ്ടു. യേശുവിന് ദൈവപു ത്രന്റെ മഹത്വമുണ്ട് (ലൂക്ക 9, 29-31). സഹിച്ച് മഹത്വത്തിലേക്ക് പ്രവേശിച്ച (ലൂക്ക 24, 26) അവന്റെ സന്നിധിയിലായിരിക്കുന്ന വർക്കും മഹത്വം ലഭിക്കുന്നു (ലൂക്ക 9, 30). യേശു ജനിച്ച വാർത്ത അറിയിക്കാൻ ആഗതനായ മാലാഖയുടെ സാനിദ്ധ്യ ത്തിലൂടെ ദരിദ്രരും തഴയപ്പെട്ടവരുമായ ആട്ടിടയർ ദൈവമ ഹത്വം അനുഭവിച്ചറിഞ്ഞു. യേശുവിന്റെ ജനനം പുറമ്പോക്കിൽ തള്ളപ്പെട്ടവർക്ക് രക്ഷകനായ ദൈവത്തിന്റെ സാനിദ്ധ്യമായി അനുഭവപ്പെട്ടു. അവമതിക്കപ്പെട്ട മനുഷ്യരുടെമേൽ ദൈവമ ഹത്വം പ്രകാശിപ്പിക്കാൻ ദൈവപുത്രൻ ശിശുവായിപ്പിറന്നു.

ദൈവമഹത്വത്തിൽ മാലാഖയെക്കണ്ട് ഇടയൻമാർ "ഭയപ്പെട്ടു". ദൈവമഹത്വത്തിന്റെ മുമ്പിൽ ഭയപ്പെടുക മനുഷ്യ രുടെ സ്വാഭാവിക പ്രതികരണമാണ്. മാലാഖ ധൈര്യപ്പെടുത്തി, "ഭയപ്പെടേണ്ട" കാരണം, "സകല ജനത്തിനും ഉണ്ടാകാനിരി ക്കുന്ന വലിയ സന്തോഷത്തിന്റെ വാർത്ത ഞാൻ നിങ്ങളെ

www.malankaralibrary.com

അറിയിക്കുന്നു. ഇന്ന് ദാവീദിന്റെ പട്ടണത്തിൽ നിങ്ങൾക്കായി ഒരു രക്ഷകൻ, കർത്താവായ ക്രിസ്തു, പിറന്നിട്ടുണ്ട്". Zാവീദിന്റെ പട്ടണത്തിൽ യേശു ഇന്ന് ജനിച്ചത് "സകല ജന ത്തിനും വലിയ സന്തോഷത്തിന്റെ സദ്വാർത്തയാണ്." ദൈവ ത്തിന്റെ വാഗ്ദാന പൂർത്തീകരണമായി യേശു രക്ഷകനായി ജനിച്ചതാണ് "വലിയ സന്തോഷത്തിന" നിദാനം. ദൈവ ത്തിന്റെ രക്ഷയുടെ കാണപ്പെട്ട അടയാളവും സാനിദ്ധ്യവും ഈശോയാണ്. ഈശോയുടെ തിരുജനനത്തിലൂടെ ദൈവ ത്തിന്റെ മഹത്വവും കാരുണ്യവും വെളിപ്പെട്ടിരിക്കുകയാണ്. ഭൂമിയിലെ സമാധാനമായി ജനിച്ച ഈശോ സന്മനസ്സുള്ള സക ലരുടേയും സമാധാനമാണ്. ദൈവപ്രസാദമുള്ള തലമുറയെ യാണ് രക്ഷകന്റെ വരവ് കാത്തിരിക്കുന്നത്.


വചനം മാംസമായ ഈശോയിൽ ആവിഷ്കൃതമായ ദൈവത്തിന്റെ കാരുണ്യത്തിനും, കരുതലിനും നമുക്ക് ദൈവ പിതാവിന് നന്ദി സമർപ്പിക്കാം. നന്ദി നിറഞ്ഞ ഹൃദയത്തോടെ സർവ്വശക്തനെ സ്തുതിക്കുവാനും നന്ദി കരേറ്റുവാനും നമുക്കു ശ്രമിക്കാം. ദൈവത്തോടും സഹജരോടും നന്ദിയർപ്പി ക്കുവാനും, കൃതജ്ഞതയുടെ മനസ്സോടെ ജീവിക്കുവാനും നമുക്ക് കൃപയുടെ ഇക്കാലത്ത് പരിശ്രമിക്കാം. ഭദ്രാസന ത്തിന്റെ വളർച്ചയിൽ പ്രാർത്ഥനയോടും സഹകരണത്തോടും പങ്കാളികളാകുന്ന നിങ്ങളോരോരുത്തരേയും നന്ദി നിറഞ്ഞ ഹൃദയത്തോടെ ഞാൻ ഓർക്കുന്നു. ഭദ്രാസനം നേതൃത്വം നൽകുന്ന എല്ലാ കാരുണ്യപ്രവർത്തികളിലും, അജപാലനശു ശ്രൂഷകളിലും പുൽക്കൂട്ടിലെ ഉണ്ണീശോ അനുഗ്രഹമായി നിറയ ട്ടെ. പ്രത്യാശയോടെ, ശുഭാപ്തിവിശ്വാസത്തോടെ,പുതിയ വർഷത്തിലേക്ക് നമുക്ക് പ്രവേശിക്കാം. ദരിദ്രരോടും, തകർന്ന വരോടും, രോഗികളോടും, കുടുംബസ്ഥരോടും, സമർപ്പിതരോ ടും, വൃദ്ധരോടും, യുവാക്കളോടും കുഞ്ഞുങ്ങളോടും ഉണ്ണീ ശോയുടെ തിരുസാന്നിദ്ധ്യം കാരുണ്യത്തിന്റെ സംരക്ഷണമാക ട്ടെ. ക്രിസ്മസ്സിന്റെ പുണ്യകാലം ഉത്തമരായ സഭാമക്കളായി ജീവിക്കുവാനുള്ള നമ്മുടെ കടമയും ഉത്തരവാദിത്തവും നമുക്ക് പുതുക്കാനുള്ള കാലമാകട്ടെ. സുവിശേഷമേകുവാനും സുവിശേഷമാകുവാനുമുള്ള പ്രേഷിത ദൈവവിളി ഉജ്വലിപ്പി

www.malankaralibrary.com

ക്കുവാൻ ക്രിസ്തുമസ്സിന്റെ നന്മ നിറഞ്ഞ ദിനങ്ങളിൽ നമുക്ക് പരിശ്രമിക്കാം.

അനുഗ്രഹം നിറഞ്ഞ പിറവിതിരുനാളും, നന്മകൾ നിറഞ്ഞ പുതുവർഷവും പ്രാർത്ഥനാപൂർവ്വം ഏവർക്കും ആശംസിക്കുന്നു. ആയത് ദൈവമാതാവായ പരിശുദ്ധ കന്യകമറിയാമിന്റെയും ഭാരതത്തിന്റെ അപ്പസ്തോലനായ മാർത്തോമശ്ലീഹായുടെയും, പരിശുദ്ധൻമാരുടേയും പ്രാർത്ഥനയാൽ തന്നെ. ആമ്മേൻ

എന്ന്



അമലഗിരി
ക്രിസ്തുമസ് 2011

**+ ജോഷ്വാ മാർ ഇഗ്നാത്തിയോസ്**
മാവേലിക്കര ഭദ്രാസനാദ്ധ്യക്ഷൻ

www.malankaralibrary.com

ദൈവകൃപയാലും തിരുസിംഹാസനത്തിന്റെ അംഗീകാര
ത്താലും മാവേലിക്കര ഭദ്രാസനാദ്ധ്യക്ഷൻ ജോഷ്വാ മാർ
ഇഗ്നാത്തിയോസ് മെത്രാപ്പോലീത്തായിൽ നിന്നും
ബഹുമാനപ്പെട്ട വൈദികർക്കും സന്യസ്തർക്കും
വിശ്വാസികളേവർക്കും വാഴ്‌വ്!

PL. No. 02/2013

## ക്രിസ്തുമസ് 2013

ബഹുമാനപ്പെട്ട വൈദികരേ, സന്യസ്തരേ, വിശ്വാസികളേ,

ഒരു ജനതയുടെ പ്രതീക്ഷകൾക്ക് ദൈവം നല്കിയ ഉത്തരമായിരുന്നു യേശുവിന്റെ തിരുപ്പിറവി. കർത്താവേ, അങ്ങ് ആകാശം ചായിച്ച് ഇറങ്ങി വരേണമേ (സങ്കീർത്തനങ്ങൾ 144, 5) എന്ന് ഇസ്രായേൽ ജനത ഹൃദയപൂർവ്വം വിളിച്ചപേക്ഷിച്ചു. വരാനിരിക്കുന്ന രക്ഷകനെക്കുറിച്ചുള്ള മീക്കാ പ്രവാചകന്റെ പ്രവചനം മിശിഹായിൽ യാഥാർത്ഥ്യമായി. ബത്‌ലഹേം, എഫ്രാത്ത, യൂദാ ഭവനങ്ങളിൽ നീ ചെറുതാണെങ്കിലും ഇസ്രായേലിനെ നയിക്കേണ്ടവൻ എനിക്കായി നിന്നിൽ നിന്നും പുറപ്പെടും. അവൻ യുഗങ്ങൾക്കു മുമ്പേ ഉള്ളവനാണ് (മിക്കാ 5,2). പ്രപഞ്ചകർത്താവായ ദൈവം മനുഷ്യരെ സ്നേഹിച്ചു. തന്റെ ഏകജാതനെ നല്കുവാൻ തക്കവണ്ണം (യോഹ: 3.10) സ്നേഹിച്ചു. ആ സ്നേഹം നാം ആസ്വാദിക്കുന്ന സുദിനമാണ് ക്രിസ്തുമസ്. മനുഷ്യരോടൊത്ത് വസിക്കാനുള്ള ദൈവത്തിന്റെ തിരുമനസ്സും തീരുമാനവുമാണ് തിരുപ്പിറവിയിലൂടെ വെളിപ്പെട്ടത്. അത് യുഗാന്ത്യത്തോളം ഒരു യാഥാർത്ഥ്യമായി നിലനില്ക്കുകയും ചെയ്യുന്നു (മത്തായി 28, 10). അന്ധകാരത്തിലാണ്ടുപോയ ലോകത്തിനു മേലുള്ള പ്രകാശത്തിന്റെ മഹോത്സവമാണ് ക്രിസ്തുമസ്. ഈശോയുടെ ജനനത്തോടെ അന്ധകാരമകലുകയും

www.malankaralibrary.com

സത്യത്തിന്റെ പ്രകാശം ഉദിച്ചുയരുകയും ചെയ്തു (ഏശയ്യാ 9, 2, ലൂക്കോസ് 2, 9).

യേശുവിന്റെ ജനനം ദൈവത്തിന്റെ മനുഷ്യാവതാരമാണ്. ദൈവം മനുഷ്യനായി എന്നത് നമ്മുടെ വിശ്വാസത്തിന്റെ അടിസ്ഥാനമാണ് (CCC 463). ദൈവം മനുഷ്യനായത് നാം ദൈവത്തിന്റെ സ്നേഹം മനസ്സിലാക്കാൻ വേണ്ടിയാണ് (CCC 458). വചനമായിരുന്ന ദൈവം മനുഷ്യശരീരം സ്വീകരിച്ച് കന്യകാമറിയത്തിൽ നിന്നു ജനിച്ചു എന്നതാണ് ക്രിസ്തുവിന്റെ മനുഷ്യാവതാരം എന്നതുകൊണ്ട് നമ്മൾ അർത്ഥമാക്കുന്നത്. പൂർണ്ണ ദൈവസ്വഭാവത്തിൽ ആയിരുന്നവൻ മനുഷ്യാവതാരം വഴി പൂർണ്ണ മനുഷ്യ സ്വഭാവം നേടി. അങ്ങനെ ദൈവസ്വഭാവവും മനുഷ്യസ്വഭാവവും സമഞ്ജസമായി സമ്മേളിക്കുന്ന യേശുവെന്ന ഏക വ്യക്തി അവതരിക്കുന്നു. ജനനം മുതൽ മരണം വരെ യഥാർത്ഥ മനുഷ്യനായി ചരിത്രത്തിൽ ജീവിച്ച യേശുവിനെയാണ് "യേശു" എന്ന പേര് സാധാരണയായി സൂചിപ്പിക്കുന്നത്. മറ്റുവാക്കിൽ പറഞ്ഞാൽ "യേശു" എന്ന നാമം ക്രിസ്തുവിന്റെ മാനുഷികമായ അനന്യത യെയും അവിടുത്തെ മനുഷ്യാവതാര സത്യത്തെയും സൂചിപ്പിക്കുന്നു. മനുഷ്യരോടൊത്തുള്ള ദൈവസാന്നിധ്യത്തിന്റെ പൂർണതയാണ് യേശു. ദൈവത്തിന്റെ ജ്ഞാനമോ ശക്തിയോ അല്ല, ദൈവം തന്നെയാണ് യേശുവിൽ മനുഷ്യനായി അവതരിച്ചത്. അങ്ങനെ യേശുവിൽ മനുഷ്യാവതാരം വഴി ദൈവം തന്നത്തന്നെ വെളിപ്പെടുത്തുന്നു. അതുവഴി യേശു ദൈവ-മനുഷ്യബന്ധത്തിന്റെ മധ്യസ്ഥനായിത്തീർന്നു.

രക്ഷകന്റെ ദൗത്യം തന്റെ ജനത്തെ അവരുടെ പാപങ്ങളിൽ നിന്ന് മോചിപ്പിക്കുകയാണ്. അതിനുള്ള മാർഗ്ഗങ്ങളാണ് രക്ഷകൻ കാണിച്ചുതരുക. നമ്മുടെ സ്വാതന്ത്ര്യമുപയോഗിച്ച് ധൂർത്ത പുത്രനെപ്പോലെ സുബോധം വീണ്ടെടുത്ത് തിരികെ പിതാവിന്റെ പക്കലേക്ക് നടക്കുമ്പോൾ നാം രക്ഷയുടെ മാർഗ്ഗത്തിൽ എത്തിച്ചേരും. കേവലം ദാസനായിരുന്നാൽ മതി എന്ന ചിന്തയോടെ തിരികെ വരുന്ന ധൂർത്ത പുത്രന് പുത്രസ്ഥാനം തിരികെകിട്ടിയപ്പോൾ ഉണ്ടായ വലിയ സന്തോഷമാണ് നാം ക്രിസ്തുമസ് കാലത്ത് അനുഭവിക്കേണ്ടതും പരസ്പരം പങ്കുവയ്ക്കേണ്ടതും.

www.malankaralibrary.com

ജീവിതത്തിന്റെ വേദനകളിലും തിക്താനുഭവങ്ങളിലും നാം ഒറ്റയ്ക്കല്ല എന്ന് ഈശോയുടെ തിരുഅവതാരം നമുക്ക് ഉറപ്പ് നല്കുന്നു. പാർശ്വവൽക്കരിക്കപ്പെട്ടവന്റെയും പരിത്യക്തന്റെയും നൊമ്പരങ്ങളിലേയ്ക്കാണ് മിശിഹാ ഇറങ്ങി വരുന്നത്. നമ്മിൽ ക്രിസ്തു പിറന്നു എന്ന് അപരൻ തിരിച്ചറിയേണ്ടത് നമ്മുടെ വാക്കുകൾ എന്നതിലുപരി നമ്മിൽ നിന്നും പുറപ്പെടുന്ന സ്നേഹ ത്താൽ പ്രചോദിതമായ നന്മ പ്രവൃത്തികൾ വഴിയായിരിക്കണം. അപരനിലേക്ക് തുറക്കുവാൻ എപ്പോഴും നമ്മുടെ ഹൃദയവും കരങ്ങളും സജ്ജമാക്കേണ്ടതുണ്ട്. നമ്മോടുകൂടി ആയിരിക്കുവാൻ ആഗ്രഹിക്കുന്ന ദൈവപുത്രനെ നമ്മുടെ ജീവിതത്തിലേക്കും വ്യക്തിബന്ധങ്ങളിലേക്കും സ്വീകരിക്കുവാൻ ഈ ക്രിസ്തുമ സ്കാലം നമുക്ക് തയ്യാറാവാം.

കാത്തിരിക്കുന്നവനാണ് മനുഷ്യൻ. അനുദിന ജീവിത ത്തിൽ പ്രതീക്ഷയോടെയുള്ള കാത്തിരിപ്പ് ഒഴിച്ചുകൂടാനാ വാത്തതാണ്. രക്ഷാകരചരിത്രം കാത്തിരിപ്പിന്റെ ചരിത്രമാണ്. ആ കാത്തിരിപ്പിന്റെ ചരിത്രത്തിലെ നിർണ്ണായകമായ ചരിത്ര സംഭവമാണ് ക്രിസ്തുമസ്. ഇതാ സർവ്വലോകത്തിനും ഉണ്ടാ കാനിരിക്കുന്ന ഒരു സന്തോഷ വാർത്ത നിങ്ങളെ ഞാനറിയിക്കു ന്നു (ലൂക്കാ-2.10). മിശിഹാ കർത്താവ് ദാവീദിന്റെ പട്ടണത്തിൽ നിങ്ങൾക്കായി പിറന്നിരിക്കുന്നു. സ്വർഗ്ഗവും ഭൂമിയും, ദൈവവും മനുഷ്യനും, സ്രഷ്ടാവും സൃഷ്ടിയും, അനന്തതയും പരിമിതിയും സന്ധിക്കുന്ന പരിശുദ്ധമായ മുഹൂർത്തം- അതാണ് മനുഷ്യാവ താരം. കന്യക ഗർഭം ധരിച്ച് ഒരു പുത്രനെ പ്രസവിക്കും. ദൈവം നമ്മോടുകൂടെ എന്നർത്ഥമുള്ള എമ്മാനുവേൽ എന്ന് അവൻ വിളിക്കപ്പെടും (ഏശയ്യ 7,14) എന്ന പ്രവചനം പൂർത്തിയാകാൻ വേണ്ടിയാണ് ഇതെല്ലാം സംഭവിച്ചത്.

പുൽക്കൂട്ടിൽ മാത്രമല്ല നമ്മുടെ ഹൃദയത്തിലും ക്രിസ്തു ജനിക്കണം. അപ്പോൾ നാം ക്രിസ്തുവിന്റെ കൂദാശയായി, അട യാളമായി മാറും. നമ്മുടെ ജീവിതത്തിലുടനീളം ക്രിസ്തുവിന്റെ സ്നേഹസന്ദേശം പകർന്നു കൊടുക്കുന്നവരായിതീരാൻ ഈ ക്രിസ്തുമസ് നമുക്ക് അവസരമാകട്ടെ. നമ്മുടെ വ്യക്തിജീവിത ത്തിലും പൊതുജീവിതത്തിലും കർത്താവിന്റെ രക്ഷാകര സന്ദേ ശത്തിന്റെ സന്തോഷം പകർന്നു നല്കുവാൻ ഈ ക്രിസ്തുമ

www.malankaralibrary.com

സ്കാലം നമുക്ക് ശ്രമിക്കാം. പുൽക്കൂട്ടിൽ ജനിച്ച ദിവ്യശിശു അതിനു നമ്മെ അനുഗ്രഹിക്കട്ടെ.

കടന്നുപോകുന്ന വർഷത്തിൽ നമുക്കു ലഭിച്ച ദൈവാനുഗ്രഹങ്ങൾക്ക് നന്ദി പറയുവാനും വന്നുപോയിട്ടുള്ള കുറവുകൾക്ക് കാരുണ്യവാനായ ദൈവത്തോടു മാപ്പിരക്കുവാനും നമുക്ക് തയ്യാറാകാം. ജീവിത വീഴ്ചകളിൽ നിന്ന് പാഠം ഉൾക്കൊണ്ട് ഊർജ്ജസ്വലതയോടെ പുതിയ വർഷത്തിലേക്ക് പ്രവേശിക്കുവാനും നമുക്ക് കഴിയട്ടെ. അത്യുന്നതന്റെ ചിറകിൻകീഴിൽ സുരക്ഷിതരായി നമുക്ക് നമ്മുടെ ജീവിതയാത്ര തുടരാം. ദൈവാനുഗ്രഹങ്ങളുടെ ഏറെ അവസരങ്ങൾ ദൈവകരങ്ങളിൽ നിന്ന് 2013-ൽ നാം സ്വീകരിച്ചു. മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ 83-ാം പുനരൈക്യം വാർഷികം ഭംഗിയായി ക്രമീകരിക്കുവാൻ ദൈവം നമ്മെ ഉപകരണങ്ങളാക്കി. നമ്മുടെ ഭദ്രാസന ദൈവാലയത്തിന്റെ നിർമ്മാണം സമയബന്ധിതമായി തീർക്കാനും കൂദാശാ കർമ്മം സമുചിതമായി നിർവ്വഹിക്കാനും നമുക്ക് സാധിച്ചു. സർവ്വശക്തനായ ദൈവത്തിന്റെ കാരുണ്യവും ഔദാര്യവും ശുശ്രൂഷകളിലുടനീളം നാം അനുഭവിച്ചു. അഗാധമായ വിനയത്തോടെ സർവ്വശക്തന്റെ തിരുമുമ്പിൽ നമുക്ക് നമ്മെതന്നെ കൃതജ്ഞതയോടെ സമർപ്പിക്കാം.

ഭദ്രാസനത്തിന്റെ വിവിധ അജപാലന മേഖലകളിൽ വലിയ ഇടയനായ ക്രിസ്തുനാഥന്റെ തിരുഹിതം അറിയുവാനും പ്രാവർത്തികമാക്കുവാനും നമുക്ക് കൂട്ടായി പരിശ്രമിക്കാം. സുവിശേഷത്തിന്റെ സന്തോഷം നമ്മുടെ ശുശ്രൂഷാ മേഖലകളെ ദീപ്തമാക്കട്ടെ. അനുകമ്പാർദ്രമായ ഹൃദയത്തോടെ രോഗികളോടും സങ്കടപ്പെടുന്നവരോടും വൃദ്ധരോടും തിരുപ്പിറവിയുടെ സമാശ്വാസം നമുക്ക് പങ്കിടാം.

ഈ ക്രിസുതുമസ് കാലം പ്രാർത്ഥനയിലൂടെയും ത്യാഗപ്രവർത്തികളിലുടെയും കൂടുതൽ അർത്ഥപൂർണ്ണമാക്കാൻ നമുക്ക് കഴിയണം. കൂദാശകളുടെ സ്വീകരണത്തിലൂടെ പ്രത്യേകിച്ച്, വി. കുർബാനയുടെ യോഗ്യമായ സ്വീകരണത്തിലൂടെ ആത്മീയ ജീവിതത്തെ ശക്തിപ്പെടുത്താനും അനുരജ്ഞന കൂദാശയിലൂടെ ദൈവവും സഹോദരരുമായി ഐക്യപ്പെടുവാനും, തിരുവചന ധ്യാനത്തിലൂടെ വചനം മാംസമായി അവതരിച്ച

www.malankaralibrary.com

യേശുവിനെ കൂടുതൽ അടുത്തറിയാനും ദൈവം നമുക്ക് ഇടവരുത്തട്ടെ. അങ്ങനെ ജീവിത വിശുദ്ധിയും പ്രാർത്ഥനാ ചൈതന്യവും, കൗദാശിക ജീവിതവും, വചനധ്യാനവും കൈമുതലാക്കി ക്രിസ്തുമസ്സിനെയും നവവത്സരത്തെയും എതിരേല്ക്കാം.

ഏവർക്കും സന്തോഷപ്രദമായ ക്രിസ്തുമസും സമൃദ്ധിയും ദൈവാനുഗ്രഹവും നിറഞ്ഞ പുതുവത്സരവും ആശംസിക്കുന്നു.

ആയത് ദൈവമാതാവായ പരി. കന്യകമറിയാമിന്റെയും ഭാരതത്തിന്റെ അപ്പസ്തോലനായ മാർത്തോമ ശ്ലീഹായുടെയും, പരിശുദ്ധന്മാരുടെയും പ്രാർത്ഥനയാൽ തന്നെ. ആമ്മേൻ

എന്ന്,



അമലഗിരി
ക്രിസ്തുമസ് 2013

**+ ജോഷ്വാ മാർ ഇഗ്നാത്തിയോസ്**
മാവേലിക്കര ഭദ്രാസനാദ്ധ്യക്ഷൻ

www.malankaralibrary.com

ദൈവകൃപയാലും തിരുസിംഹാസനത്തിന്റെ അംഗീകാര
ത്താലും മാവേലിക്കര ഭദ്രാസനാദ്ധ്യക്ഷൻ ജോഷ്വാ മാർ
ഇഗ്നാത്തിയോസ് മെത്രാപ്പോലീത്തായിൽ നിന്നും
ബഹുമാനപ്പെട്ട വൈദികർക്കും സന്യസ്തർക്കും
വിശ്വാസികളേവർക്കും വാഴ്വ്!

PL. No. 03/2014

## ക്രിസ്തുമസ് 2014

വന്ദ്യ വൈദികരേ, സന്യസ്തരേ, വിശ്വാസികളേ,

രക്ഷകന്റെ ജനനദിനം ആഘോഷിക്കുകയാണ് നാം. മനുഷ്യരോടുള്ള അഗാധമായ സ്നേഹം മൂലം ദൈവം മാംസം ധരിച്ച് ഭൂമിയിൽ അവതരിച്ച പുണ്യദിനം. ദൈവത്തിന്റെ നന്മയും സ്നേഹവും നമ്മുടെ ഇടയിൽ അവതരിച്ച ദിനം, ദൈവം നമ്മുക്ക് നൽകിയ ഏറ്റം വലിയ ദാനമാണ്. മാംസവും രക്തവും സ്വീകരിച്ച് നമ്മെപ്പോലെയായി, നമ്മിൽ ഒരുവനായി, സ്നേഹത്തിന്റെയും സമത്വത്തിന്റെയും രക്ഷയുടെയും പുതിയ പ്രതീക്ഷയായി നമ്മുടെ ഇടയിലേക്ക് ഉണ്ണിയേശു കടന്നു വരുന്നു. ഈ പുത്തൻ പ്രതീക്ഷയിലേക്കാണ് നാം ഇന്ന് പ്രവേശിക്കുന്നത്.

പ്രത്യാശയുടെ തിരുനാളാണ് ക്രിസ്തുമസ്, ദൈവം നമ്മോടുകൂടെ എന്ന ഉറപ്പാണ് അതു മനുഷ്യരാശിക്ക് നൽകുന്നത്. ദൈവത്തെ തേടുന്ന മനുഷ്യനും മനുഷ്യനെ തേടുന്ന ദൈവവും സംഗമിക്കുന്നത് പുൽക്കൂട്ടിലെ ഉണ്ണിയേശുവിലാണ്. എന്തിനാണ് ദൈവം നമ്മോടൊപ്പം കൂടാരമടിച്ചത്. പാഴ്മലകളിൽ നദികളും താഴ്വരകളുടെ മധ്യേ ഉറവകളും സൃഷ്ടിക്കാൻ, (ഏശയ്യാ 41/18) കുരുടർക്ക് കാഴ്ചയും ബധിരർക്ക് കേൾവിയും കാരാഗൃഹവാസികൾക്ക് മോചനവും നൽകാൻ (ഏശയ്യാ 42/7). അദ്ധ്വാനിക്കുന്നവരുടെയും ഭാരം ചുമക്കുന്നവരുടെയും ചുമട്

www.malankaralibrary.com

ലഘുപ്പെടുത്താൻ. ജീവിത ദുഃഖങ്ങളാൽ തളർന്ന് അവശരായ നമുക്ക് രക്ഷയും വിമോചനവും പകർന്ന് നമ്മെ ശാന്തിയുടെ തീരത്തെത്തിക്കാൻ നമ്മുടെ പരിമിതികളിലേക്കുള്ള ദൈവത്തിന്റെ മനുഷ്യാവതാരം ഒരു സ്വയം ശൂന്യമാക്കലായിരുന്നു. അത് മനുഷ്യന്റെ കുറവുകളെയും ഇല്ലായ്മകളെയും പരിഹരിച്ച് നിറവുകളാക്കാനായിരുന്നു. ഈ ദൗത്യം തന്നെയാണ് നമുക്കുമുള്ളത്. സമൂഹത്തിൽ പാർശ്വവൽക്കരിക്കപ്പെട്ട പാവപ്പെട്ടവരോട് പക്ഷം ചേരാൻ നമുക്ക് കഴിയണം. അവരുടെ ആവശ്യങ്ങളും ആവലാതികളും നാം ശ്രദ്ധിക്കണം. മഹാമനസ്ക്കതയോടെ അവരെ സഹായിക്കണം. വിവിധ നന്മകൾകൊണ്ട് ദൈവം നമ്മേ സമ്പന്നരാക്കിയിട്ടുണ്ടെങ്കിൽ അവ മുഴുവൻ നമുക്ക് മാത്രമായി തന്നതല്ലെന്ന സത്യം നാം വിസ്മരിക്കരുത്. പുൽക്കൂട്ടിലെ ഉണ്ണിയേശുവിന്റെ ഔദാര്യത്തിൽ സന്തോഷത്തോടെ പങ്കുചേർന്ന്, ഔദാര്യത്തോടെ മറ്റുള്ളവർക്ക് നൽകുമ്പോഴാണ് നാം യഥാർത്ഥത്തിൽ സമ്പന്നരാകുന്നത്.

ഈശോയുടെ ജനനം ആദ്യമായി അടുത്തറിഞ്ഞ ആട്ടിടയൻമാരുടെ നിഷ്ക്കളങ്കമായ പ്രതികരണം ക്രിസ്തുമസ്സ് ആചരിക്കുന്ന നമുക്കും അനുകരണീയമാണ്. ലഭ്യമായ വാർത്തയുടെ കാര്യകാരണങ്ങൾ പരിശോധിക്കാൻ നിൽക്കാതെ അതിവേഗം ഉണ്ണിയേശുവിനെകാണാൻ അവർ യാത്രയാകുന്നു.

ക്രിസ്തുമസ്സ് ഒരു പുനർജ്ജനിയിലേക്കുള്ള ക്ഷണമാണ്. പഴയ ജീവിതവുമായി ഇനിയൊരു പൊരുത്തപ്പെടൽ ആകാത്തവിധം പുതിയ മനുഷ്യരായി മാറുമ്പോഴാണ്, പിള്ളക്കച്ചയിലെ ക്രിസ്തുദർശനം ആഹ്ലാദമായി മാറുന്നത്. ക്രിസ്തുവിനെ സന്ദർശിക്കുന്ന മൂന്ന് വിജ്ഞാനികളും സ്വദേശത്തേക്ക് തിരിച്ച് പോകുന്നത് മറ്റൊരു വഴിക്കാണ്. ക്രിസ്തു ദർശനത്തിനു ശേഷം അവർ വഴിമാറി സഞ്ചരിച്ചു. പഴയ വഴികൾ ഉപേക്ഷിക്കുവാൻ അവർക്ക് ലഭിച്ച ദൈവീക സന്ദേശം അവർ ഉൾക്കൊള്ളുന്നു. ക്രിസ്തുവിനെ കാണുന്നവരെല്ലാം ആഹ്ലാദപൂർണ്ണമായ ജീവിതത്തിലേക്ക് പ്രവേശിക്കണമെന്നില്ല. വഴിമാറി നടക്കുവാൻ, ദൈവം പറയുന്നപോലെ ജീവിതത്തെ രൂപപ്പെടുത്തുവാൻ കഴിയുന്നവർക്കാണ് യേശുവിന്റെ യഥാർത്ഥ സമാധാനവും അവൻ നൽകുന്ന ആഹ്ലാദവും ലഭ്യമാകുന്നത്.

www.malankaralibrary.com

ക്രിസ്തു ദർശനം രക്ഷയായി മാറുന്നത് അവൻ പറയുന്നതുപോലെ ചെയ്യാൻ സന്മനസ്സുള്ളവർക്കാണ്. അവർക്കാണ് സമാധാനവും സ്വസ്ഥതയും അനുഭവിക്കാനാവുക. അപകർഷതയും അസംതൃപ്തിയും ഭാരപ്പെടുത്തിയിരുന്ന സക്കേവൂസും മനുഷ്യനെ അഭിമുഖീകരിക്കാൻ ഭയപ്പെട്ട സമരിയാക്കാരിയും അപമാനഭാരത്താൽ ശിരസ് പാതാളത്തോളം താഴ്ന്നുപോയ മഗ്ദലനാ മറിയവും ക്രിസ്തു ദർശനത്തിൽ സമാധാനവും സ്വസ്ഥതയും അനുഭവിക്കുന്നു. ഇന്ന് 'വഴിമാറി നടക്കണമെന്ന്' പുൽക്കൂട്ടിലെ ഉണ്ണിയീശോ ആഗ്രഹിക്കുന്ന വക്രത നിറഞ്ഞ വഴികൾ നമ്മുടെ ജീവിതത്തിൽ ഉണ്ടാവാം. സുഖലോലുപതയുടെയും ദ്രവ്യമോഹത്തിന്റെയും ഭോഗാസക്തിയുടെയും മയക്കുമരുന്നിന്റെയും മദ്യപാനത്തിന്റെയും പകയുടെയും സ്വാർത്ഥതയുടെയും വിഷപുഷ്പങ്ങൾ നിറഞ്ഞതാവാം ആ വക്രതയുടെ വഴികൾ. അന്ധകാരാവൃതമായ ആ ഇരുൾ വഴികൾ ഉപേക്ഷിക്കാൻ കഴിയുക എന്നതാവണം ഈ ക്രിസ്തുമസ്സിൽ നമ്മുടെ ഏറ്റവും വലിയ നേട്ടം. പഴയ വഴികൾ ഉപേക്ഷിച്ച് അവിടുത്തെ വെളിച്ചത്തിൽ നടക്കാൻ നാം എടുക്കുന്ന തീരുമാനം ക്രിസ്തുമസ് സമ്മാനമായി പുൽക്കൂട്ടിലെ ഉണ്ണിയേശുവിന് നൽകാം.

ഏവർക്കും സന്തോഷപ്രദമായ ക്രിസ്തുമസ്സും സമൃദ്ധിയും ദൈവാനുഗ്രഹവും നിറഞ്ഞ പുതുവത്സരവും ആശംസിക്കുന്നു.

ആയത് ദൈവമാതാവായ പരിശുദ്ധ കന്യകമറിയാമിന്റെയും ഭാരതത്തിന്റെ അപ്പസ്തോലനായ മാർത്തോമ ശ്ലീഹായുടെയും പരിശുദ്ധന്മാരുടെയും പ്രാർത്ഥനയാൽ തന്നെ. ആമ്മേൻ

എന്ന്,



അമലഗിരി
ക്രിസ്തുമസ് 2014

**ഡോ. ജോഷ്വാ മാർ ഇഗ്നാത്തിയോസ്**
മാവേലിക്കര ഭദ്രാസന മെത്രാപ്പോലീത്താ

www.malankaralibrary.com

ദൈവകൃപയാലും തിരുസിംഹാസനത്തിന്റെ അംഗീകാര ത്താലും മാവേലിക്കര ഭദ്രാസനാദ്ധ്യക്ഷൻ ജോഷ്വാ മാർ ഇഗ്നാത്തിയോസ് മെത്രാപ്പോലീത്തായിൽ നിന്നും ബഹുമാനപ്പെട്ട വൈദികർക്കും സന്യസ്തർക്കും വിശ്വാസികളേവർക്കും വാഴ്വ്!

PL.No. 04/2015

## ക്രിസ്തുമസ് - 2015

ബഹുമാനപ്പെട്ട വൈദികരേ, സന്യസ്തരേ, വിശ്വാസികളേ,

ശാന്തിയുടെയും സമാധാനത്തിന്റെയും സന്ദേശവുമായി യേശുക്രിസ്തുവിന്റെ തിരുപിറവി ലോകമെങ്ങും അത്യാഹ്ലാദത്തോടെ ആഘോഷിക്കുകയാണ്. പ്രപഞ്ചകർത്താവായ ദൈവം മനുഷ്യനെ അത്യധികം സ്നേഹിച്ചു; തന്റെ ഏകജാതനെ നല്കുവാൻ തക്കവിധം ദൈവം ലോകത്തെ അത്രമാത്രം സ്നേഹിച്ചു (യോഹ 3:16). ആ ദിവ്യ സ്നേഹം നാം അനുഭവിക്കുന്ന സുദിനമാണ് ക്രിസ്തുമസ്. സർവ്വലോകത്തിനും ഉണ്ടാകുവാനിരിക്കുന്ന ഒരു സന്തോഷ വാർത്ത നിങ്ങളെ ഞാൻ അറിയിക്കുന്നു: മിശിഹാ കർത്താവ് ദാവീദിന്റെ പട്ടണത്തിൽ നിങ്ങൾക്കായി ജനിച്ചിരിക്കുന്നു (ലൂക്ക 2:10). ആ വലിയ ചരിത്ര സംഭവത്തിന്റെ അനുസ്മരണത്തിന് സ്വർഗ്ഗവും ഭൂമിയും, ദൈവവും മനുഷ്യനും സന്ധിക്കുന്ന പരിശുദ്ധ മുഹൂർത്തമാണ് യേശുക്രിസ്തുവിന്റെ മനുഷ്യാവാതാരം. അനന്തമായ ദൈവകാരുണ്യത്തിന്റെ മുഖമാണ് യേശുക്രിസ്തു. ദൈവത്തിന്റെ കരുണ മനുഷ്യനായിത്തീർന്നതാണ് യേശുക്രിസ്തു. മനുഷ്യത്വത്തിന്റെ മഹനീയതയും മൂല്യവും കർത്താവിന്റെ തിരുപ്പിറവി അരക്കിട്ടുറപ്പിക്കുന്നു. ഓരോ വ്യക്തിക്കും ദൈവം നൽകുന്ന അമൂല്യമായ സ്ഥാനം ക്രിസ്മസ് ഓർമ്മപ്പെടുത്തുന്നു. ദൈവത്തിന്റെ അഗാധമായ

www.malankaralibrary.com

ഔന്നത്യവും മനുഷ്യന്റെ നിസ്സാരതയും ക്രിസ്മസ് വിളി ച്ചോതുന്നു.

പാപം ലോകത്തിൽ കടന്നുവരുന്നതിനുമുമ്പ് സ്രഷ്ടാവു മായി നല്ല ബന്ധത്തിൽ കഴിഞ്ഞിരുന്ന മനുഷ്യന് ശാന്തിയും സന്തോഷവും അനുഭവവേദ്യമായിരുന്നു. എന്നാൽ ആദിമാതാ പിതാക്കളിൽ പാപത്തിന്റെ അന്ധകാരം നിറഞ്ഞപ്പോൾ. ശാന്തിയും സമാധാനവും നഷ്ടപ്പെട്ടു. ഇസ്രായേലിലെ പ്രവാചകന്മാരിലൂടെയും ജനനായകന്മാരിലുടെയും മനുഷ വർഗ്ഗത്തെ തന്റെ പക്കലേക്ക് തിരിച്ചുകൊണ്ടുവരുവാൻ സ്നേഹമയനും കാരുണ്യവാനുമായ ദൈവം ചരിത്രത്തിലൂടെ പരിശ്രമിച്ചു കൊണ്ടേയിരുന്നു. ആ പരിശ്രമത്തിന്റെയും രക്ഷകനുവേണ്ടിയുള്ള തലമുറകളുടെ കാത്തിരിപ്പിന്റെയും പൂർത്തീകരണമാണ് ക്രിസ്തുമസ്.

ദൈവം തന്റെ സ്നേഹം വെളിപ്പെടുത്താൻ മനുഷ്യനു നൽകിയ അടയാളമാണ് പുൽക്കൂട്ടിലെ ഉണ്ണിയേശു. എന്തിനും ഏതിനും അടയാളങ്ങൾ അന്വേഷിക്കുന്ന ജനത്തിനു നൽകാൻ അവിടുത്തെ മുന്നിൽ വിശ്വസനീയമായ ഒരടയാളം മാത്രമേ ഉണ്ടായിരുന്നുള്ളു- തന്റെ സ്വന്തം പുത്രൻ : ദൈവം നമ്മോടുകൂടെ എന്ന് അർത്ഥമുള്ള ഇമ്മാനുവേൽ. ദരിദ്ര ദമ്പതികളുടെ മകനായി കാലിത്തൊഴുത്തിൽ ദൈവ പുത്രൻ ഭൂജാതനായപ്പോൾ എളിയവരെ ഉയർത്തുകയും ദരിദ്രരെ തിരഞ്ഞു പിറകെ ചെല്ലുന്നവനാണ് ദൈവം എന്ന് അവർ അറിഞ്ഞു. ചുങ്കക്കാരോടും പാപികളോടും കൂടെ പന്തിക്കിരി ക്കുകയും അന്തിയുറങ്ങുകയും ചെയ്തപ്പോഴും വഴിതെറ്റിയ വരോട് കാരുണ്യം കാണിക്കുന്നവനാണ് ദൈവം എന്ന് അവർ മനസ്സിലാക്കി. അനേകരെ സ്പർശിച്ച് സുഖപ്പെടുത്തിയപ്പോൾ മനുഷ്യന്റെ ആകുലതകൾ ഏറ്റെടുക്കുന്നവനാണ് ദൈവം എന്നവർ തിരിച്ചറിഞ്ഞു. മനുഷ്യരുടെ വേദന കണ്ട് വേവലാതി പ്പെടുന്നവനാണ് ദൈവമെന്നും, കുരിശിൽ മനുഷ്യകുലത്തിനു വേണ്ടി സ്വജീവൻ ദാനമായി നൽകുന്ന സ്നേഹമാണ് ദൈവമെന്നും അവർ മനസ്സിലാക്കി.

ക്രിസ്തുമസ് ദൈവം മനുഷ്യനു നൽകിയ ഉദാത്ത സ്നേഹത്തിന്റെ അടയാളത്തിന്റെ ഓർമ്മയാണെങ്കിൽ നമ്മുടെ സ്നേഹവും അടയാളങ്ങളാൽ മുദ്രിതമാക്കേണ്ടതുണ്ട്. സ്നേഹം

www.malankaralibrary.com

തിരിച്ചറിയപ്പെടാതെ പോകുന്നു എന്നതാണ് മനുഷ്യ ബന്ധങ്ങളിൽ സംഭവിക്കുന്ന വലിയ ദുരന്തം. അസഹിഷ് ണതയും അക്രമങ്ങളും യുദ്ധങ്ങളും മനുഷ്യന്റെ നല്ലബന്ധങ്ങളും സമാധാനപരമായ ജീവിതവും ഇല്ലാതാക്കികൊണ്ടിരിക്കുന്നു. അസഹിഷ്ണുത ജീവിതത്തിന്റെ സർവ്വമണ്ഡലങ്ങളെയും ഗ്രസിച്ചിരിക്കുന്നു. സമാധാനപൂർണ്ണമായ സഹവർത്തിത്വം പൊതുസമൂഹത്തിൽ കുറഞ്ഞുവരുന്നു. താൻപോരിമയും സ്വാർത്ഥതയും മനുഷ്യത്വത്തെ വിലകുറച്ച് കാണിക്കുന്നു. പുൽക്കുട്ടിലെ ലാളിത്യവും സംലഭ്യതയും കരുണാർദ്രമായ മനുഷ്യബന്ധത്തിന് നമ്മെ പ്രചോദിപ്പിക്കുന്നു.

കാരുണ്യത്തിന്റെ അസാധാരണ ജൂബിലി വർഷത്തിൽ ഈ വർഷത്തെ ക്രിസ്തുമസ് നാം ആഘോഷിക്കുമ്പോൾ കാരുണ്യത്തിന്റെ സംസ്ക്കാരം നമ്മിൽ രൂപപ്പെടുത്തുവാൻ നമുക്ക് കഴിയണം. ദൈവത്തിന്റെ നന്മയും ദയാവായ്പും മനസ്സി ലാക്കുവാനും അത് സകലമനുഷ്യരിലേക്കും പകർന്നു കൊടുക്കുവാനും നമുക്ക് കഴിയണം. ആഘോഷങ്ങൾക്കും ആരവങ്ങൾക്കുമപ്പുറം സകലജനത്തിനും വേണ്ടിയുള്ള സന്തോഷത്തിന്റെ സദ്വാർത്തയാണ് ക്രിസ്തുമസ്. അടിച്ചമർത്ത പ്പെട്ടവർക്കും നിരാശയിൽ ആണ്ടവർക്കും രോഗികൾക്കും പീഢിതർക്കും ദാരിദ്ര്യം അനുഭവിക്കുന്നവർക്കും വേണ്ടിയു ള്ളതാണ് ഈ സദ്വാർത്ത.

ദൈവം പുൽക്കൂട്ടിൽ പിറന്നപ്പോൾ പ്രപഞ്ചം പുൽക്കൂട്ടിലേക്ക് ചുരുങ്ങി. അവിടെ പ്രകാശം പരത്തുന്നത് ദൈവത്തിന്റെ നക്ഷത്രമാണ്. ഗീതങ്ങൾ ആലപിക്കുന്നത് മാലാഖമാരും. ഏറ്റവും പാവപ്പെട്ട ഇടയൻമാരും വിജ്ഞാ നികളായ രാജാക്കൻമാരും അവിടെയുണ്ട്. ആടും പശുവും പുല്ലും മരവും നിലാവും മാലാഖമാരും മനുഷ്യരും ഒരുപോലെ ഇടംകണ്ടെത്തുന്ന ഇടമാണ് പുൽക്കൂട്. എല്ലാവരെയും ഉൾക്കൊള്ളുന്ന പുൽക്കൂടുകൾ നമ്മുടെ ഓരോരുത്തരുടെയും ഹൃദയങ്ങളിൽ രൂപം കൊള്ളാൻ നമുക്ക് ശ്രമിക്കാം. കരുണയോടെ ജീവിക്കുവാനും കരുണ പങ്കിട്ടു നല്കുവാനും ക്രിസ്മസ് നമ്മെ ക്ഷണിക്കുന്നു. അപ്പത്തിന്റെ ഭവനമായ ബത്‌ലഹേമിൽ പിറന്ന നമ്മുടെ രക്ഷകൻ മനുഷ്യമക്കളുടെ വിശപ്പും ദാഹവും ശമിപ്പിക്കുന്ന ജീവന്റെ സുവിശേഷത്തിന്റെ വാഹകരും

www.malankaralibrary.com

പ്രഘോഷകരുമായിത്തീരുവാൻ ഈ ക്രിസ്മസ് നമ്മെ പ്രചോദിപ്പിക്കട്ടെ. അർത്ഥപൂർണ്ണമായ ക്രിസ്മസ് ആഘോഷത്തിലൂടെ ദൈവപുത്രന് നമുക്ക് ആരാധനയും നന്ദിയും അർപ്പിക്കാം.

പുൽക്കൂട്ടിലെ ദിവ്യശിശു നമ്മുടെ എല്ലാ സംരഭങ്ങളെയും വാഴ്ത്തി അനുഗ്രഹിക്കട്ടെ. നമ്മുടെ ഭദ്രാസനത്തിലെ വാർദ്ധക്യത്തിന്റെ അവശതകൾ അനുഭവിക്കുന്നവരെയും രോഗാവസ്ഥയിൽ ആയിരിക്കുന്നവരെയും ജീവിത സങ്കടങ്ങളിൽ ആകുലപ്പെടുന്ന വരെയും ഉണ്ണീശോ സമാശ്വാസം കൊണ്ട് നിറയ്കട്ടെ. കുഞ്ഞുങ്ങളും യുവതിയുവാക്കളും കുടുംബസ്തരെയും കർത്താവിന്റെ കരം ബലപ്പെടുത്തട്ടെ. പ്രത്യാശയോടെയും ആത്മാവിശ്വാസത്തോടെയും പുതുവർഷത്തിലേക്ക് നമുക്ക് പ്രവേശിക്കാം.

ആയത് ദൈവമാതാവായ പരിശുദ്ധ കന്യകമറിയാമിന്റെയും ഭാരതത്തിന്റെ അപ്പസ്തോലനായ മാർത്തോമാ ശ്ലീഹായുടെയും പരിശുദ്ധന്മാരുടെയും പ്രാർത്ഥനയാൽ തന്നെ. ആമ്മേൻ.

എന്ന്,



അമലഗിരി **+ ഡോ. ജോഷ്വാ മാർ ഇഗ്നാത്തിയോസ്**

ക്രിസ്തുമസ് 2015 മാവേലിക്കര ഭദ്രാസനാദ്ധ്യക്ഷൻ

www.malankaralibrary.com

ദൈവകൃപയാലും തിരുസിംഹാസനത്തിന്റെ അംഗീകാരത്താലും മാവേലിക്കര ഭദ്രാസനാദ്ധ്യക്ഷൻ ജോഷ്വാ മാർ ഇഗ്നാത്തിയോസ് മെത്രാപ്പോലീത്തായിൽ നിന്നും ബഹുമാനപ്പെട്ട വൈദികർക്കും സന്യസ്തർക്കും വിശ്വാസികളേവർക്കും വാഴ്‌വ്!

PL. No. 03/2016

## ക്രിസ്തുമസ് – 2016

ബഹുമാനപ്പെട്ട വൈദികരേ, സന്യസ്തരേ, വിശ്വാസികളേ,

ദൈവത്തിന്റെ കരുണ മനുഷ്യനെ തേടിയെത്തിയ സുദിനമാണ് ക്രിസ്തുമസ്. വചനം മാംസമായ പരമദിവ്യകാരുണ്യത്തിന്റെ പിറവി തിരുനാളിന് നോമ്പുകാല ചൈതന്യത്തോടെ ആത്മശരീരങ്ങളെ നമുക്ക് ഒരുക്കാം. യേശുവിലൂടെയാണ് ദൈവത്തിന്റെ കരുണ മനുഷ്യൻ ദർശിച്ചത്. ആ അർത്ഥത്തിൽ കരുണയുടെ തിരുനാളാണ് ക്രിസ്തുമസ്. കാരുണ്യം ലഭിക്കുവാനും കരുണ അഭ്യസിക്കുവാനുമായി നമുക്കുലഭിച്ച കരുണയുടെ അസാധാരണ ജൂബിലിവർഷം സമാപിച്ചിരിക്കുന്ന പശ്ചാത്തലത്തിലാണ് ഈ വർഷത്തെ ക്രിസ്തുമസ് നാം ആഘോഷിക്കുന്നത്. കരുണയുടെ വർഷാരംഭ സൂചകമായി തുറക്കപ്പെട്ട കാരുണ്യ വാതിലുകൾ അതിന്റെ സമാപനത്തോടെ ഔദ്യോഗികമായി അടയ്ക്കപ്പെട്ടു കഴിഞ്ഞു. എന്നാൽ കരുണയുടെ ഹൃദയ കവാടങ്ങൾ അടയ്ക്കപ്പെടരുത്. പ്രകൃതിയോടും പ്രപഞ്ചത്തോടും മനുഷ്യനോടും നാം കരുണ കാണിക്കണം. ദൈവത്തിന്റെ കരുണയുടെ നിത്യ സാക്ഷ്യങ്ങളായ പ്രകൃതിയെയും അവയുടെ ആവാസവ്യവസ്ഥകളെയും നമ്മുടെ ആസക്തികളുടെ പേരിൽ തകിടം മറിക്കരുതെന്ന വലിയ പാഠമാണ് ഫ്രാൻസിസ് മാർപാപ്പ ലോകത്തിന് നൽകുന്നത്. നമുക്കു ശേഷവും വരാനിരിക്കുന്ന അനേക തലമുറയ്ക്ക് നിലനിൽപ്പിന്റെ ആധാരമാണ് പ്രപഞ്ചവും പ്രകൃതിയും. അതിനെ സംരക്ഷിച്ച് ഭദ്രമായി കൈമാറാനുള്ള കടമ നമുക്കുണ്ട്.

www.malankaralibrary.com

ദൈവ കരുണയുടെ അടയാളമായ ക്രിസ്തു, പരസ്യജീവിതത്തിലുടനീളം കരുണയുടെ പാഠങ്ങളാണ് നൽകിയത്. "കരുണയുള്ളവർ ഭാഗ്യവാന്മാർ അവർക്ക് കരുണ ലഭിക്കും" (മത്തായി 5:7) എന്ന് കർത്താവ് നമുക്ക് ഉറപ്പു നല്കുന്നു. ഹൃദയത്തിൽ കരുണയുള്ളവർക്കാണ് കരുണ സ്വീകരിക്കുവാൻ അർഹതയുള്ളത്. തന്നിൽ നിന്ന് കരുണ സ്വീകരിക്കുവാനും സഹജീവികളോട് കരുണ കാണിക്കുവാനും കഴിയുന്നവിധമാണ് മനുഷ്യഹൃദയങ്ങളെ ദൈവം രൂപപ്പെടുത്തിയിരിക്കുന്നത്. ദൈവത്തിൽ നിന്ന് കരുണ സ്വീകരിക്കുന്നതിന് മനുഷ്യർ പരസ്പരം തെറ്റുകൾ ക്ഷമിച്ചുകൊണ്ട് കരുണ കാണിക്കണം. നമ്മുടെ വാക്കുകളും പ്രവൃത്തികളും മനോഭാവവും വഴി മറ്റുള്ളവർക്ക് കാരുണ്യം പകരാൻ കഴിയണം. ജീവിതത്തിലെ പരാജയങ്ങളുടെയും നിരാശകളുടെയും നീർച്ചുഴിയിൽപ്പെട്ട് തകർന്നുപോയ വ്യക്തികളെ പ്രത്യാശാഭരിതരായി ജീവിതത്തിലേക്ക് മടക്കിക്കൊണ്ടുവരണം. സഹാനുഭൂതിയോടെയുള്ള വാക്കുകളും അനുകമ്പാർദ്രമായ പ്രവൃത്തികളും കരുണയുടെ നാഥൻ നമ്മിൽ നിന്ന് പ്രതീക്ഷിക്കുന്നു. കരുണയില്ലാത്തവർക്ക് പുൽക്കൂട്ടിൽ ജാതനായ ഉണ്ണിയേശുവിനെ തിരിച്ചറിയുവാനും ഉൾക്കൊള്ളുവാനും ആവില്ല. ഹേറോദേസിനും അനുയായികൾക്കും തിരിച്ചറിയാൻ സാധിക്കാതെപോയ രക്ഷകനെ ഹൃദയത്തിൽ അലിവുണ്ടായിരുന്ന ആട്ടിടയന്മാർ തിരിച്ചറിഞ്ഞു. അതുപോലെ കരുണയാകുവാനും കരുണ കാണിക്കുവാനും ഈ ക്രിസ്തുമസിന്റെ അവസരത്തിൽ നമുക്കു കഴിയട്ടെ. കരുണയുടെ സുവിശേഷം ജീവിക്കുവാനും പ്രഘോഷിക്കുവാനും ക്രിസ്തുമസ് നമ്മെ പ്രചോദിപ്പിക്കുന്നു.

ബേത്‌ലഹേമിൽ അപ്പമായി എഴുന്നള്ളി വന്ന കർത്താവ് മനുഷ്യന്റെ വിശപ്പ് മാറ്റുന്ന സ്വർഗ്ഗീയ അപ്പമാണ്. ജീവന്റെ സമൃദ്ധി നല്കുവാൻ കർത്താവ് സ്വയം ശൂന്യനായി. നിസ്സീമമായ അവിടുത്തെ ശൂന്യവത്ക്കരണത്തിന്റെ ഓർമ്മപ്പെടുത്തലാണ് ക്രിസ്തുമസ്. പാപവും പാപത്തിന്റെ അനന്തരഫലങ്ങളും മനുഷ്യത്വത്തിന്റെ മഹിമ താറുമാറാക്കിയപ്പോൾ ക്രിസ്തു സ്വയം ശൂന്യനായി മനുഷ്യശരീരം സ്വീകരിച്ചു. അങ്ങനെ മനുഷ്യത്വത്തിന്റെ നഷ്ടപ്പെട്ട ഔന്നത്യം കർത്താവ് വീണ്ടെടുത്തു. വിവിധ കാരണങ്ങളാൽ മഹത്വം നഷ്ടപ്പെട്ട നിരവധി വ്യക്തികൾക്ക് ചുറ്റുമാണ് നാം ജീവിക്കുന്നത്. വാക്കുകൾ, പ്രവൃത്തികൾ, സമീപനങ്ങൾ എന്നിവ വഴി കണ്ടുമുട്ടുന്നവരുടെ വ്യക്തിത്വത്തെ ആദ


www.malankaralibrary.com

രിക്കുവാനും അംഗീകരിക്കുവാനും നമുക്ക് സാധിക്കട്ടെ. കണ്ടുമുട്ടുന്നവരെ അംഗീകരിച്ച് മൂല്യബോധമുള്ളവരായി ജീവിക്കുന്നവരാകാൻ മനുഷ്യത്വത്തെ ബഹുമാനിച്ച പുൽക്കൂട്ടിലെ ഉണ്ണിശോ നമ്മെ അനുഗ്രഹിക്കട്ടെ. രോഗികളെയും വേദനിക്കുന്നവരെയും പരിത്യക്തരെയും സ്വന്തമാക്കുവാനും കൂടെ നില്ക്കാനും ക്രിസ്തുമസിന്റെ ചൈതന്യം നമുക്ക് പ്രചോദനമാകട്ടെ. ആട്ടിടയന്മാരുടെ നിഷ്ക്കളങ്കതയും പൂജരാജാക്കന്മാരുടെ സത്യത്തോടുള്ള തുറവിയും നമുക്ക് ജീവിതത്തിന്റെ പാഠങ്ങളാക്കാം. കീറ്റുശീലയിൽ പൊതിഞ്ഞ്, പുൽക്കൂട്ടിൽ നിസ്സഹായനായി കിടന്ന ഉണ്ണീശോ നമ്മുടെ ജീവിതത്തെ ലാളിത്യവും ദൈവാശ്രയവുംകൊണ്ട് നിറയ്ക്കട്ടെ. വേട്ടയാടപ്പെട്ട ഉണ്ണീശോയ്ക്ക് കാവലും പരിചയുമായിരുന്ന നസ്രസിലെ തിരുകുടുംബം നമ്മുടെ കുടുംബങ്ങൾക്ക് ഉറപ്പുള്ള സംരക്ഷണം തീർക്കട്ടെ. പുൽക്കൂട്ടിൽ നമുക്കായി പിറന്ന കർത്താവിനോടൊപ്പം വലിയ പ്രത്യാശയോടെ പുതുവർഷത്തിലേക്ക് നമുക്ക് പ്രവേശിക്കാം. ഭദ്രാസനത്തിന്റെ മുമ്പോട്ടുള്ള വളർച്ചയിൽ സർവ്വശക്തന്റെ കരുതലും കാവലും നമുക്ക് മുട്ടിപ്പായി യാചിക്കാം. അവിടുത്തെ കരുണ നമ്മുടെ ജീവിതയാത്രയെ ദീപ്തമാക്കട്ടെ.

അനുഗ്രഹകരമായ പിറവിത്തിരുന്നാളും ഐശ്വര്യസമ്പന്നമായ പുതുവർഷവും ഹൃദയപൂർവ്വം എല്ലാവർക്കും ആശംസിക്കുന്നു.

ആയത് ദൈവമാതാവായ പരിശുദ്ധ കന്യകമറിയാമിന്റെയും ഭാരതത്തിന്റെ അപ്പസ്തോലനായ മാർത്തോമ്മാശ്ലീഹായുടെയും പരിശുദ്ധന്മാരുടെയും പ്രാർത്ഥനയാൽ തന്നെ. ആമ്മേൻ

എന്ന്,



അമലഗിരി

ക്രിസ്തുമസ് 2016

**+ ഡോ. ജോഷ്വാ മാർ ഇഗ്നാത്തിയോസ്**

മാവേലിക്കര ഭദ്രാസനാദ്ധ്യക്ഷൻ

www.malankaralibrary.com

ദൈവകൃപയാലും തിരുസിംഹാസനത്തിന്റെ അംഗീകാര
ത്താലും മാവേലിക്കര ഭദ്രാസനാദ്ധ്യക്ഷൻ ജോഷ്വാ മാർ
ഇഗ്നാത്തിയോസ് മെത്രാപ്പോലീത്തായിൽ നിന്നും
ബഹുമാനപ്പെട്ട വൈദികർക്കും സന്യസ്തർക്കും
വിശ്വാസികളേവർക്കും വാഴ്‌വ്!

PL.No. 03/2017

## ക്രിസ്തുമസ് – 2017

ബഹുമാനപ്പെട്ട വൈദികരേ, സന്യസ്തരേ, വിശ്വാസികളേ,

മനുഷ്യകുലത്തോടുള്ള ദൈവത്തിന്റെ കരുതലും സ്നേഹവും വെളിപ്പെടുത്തപ്പെട്ട സുദിനമാണ് ക്രിസ്തുമസ്സ്. ലോകരക്ഷയ്ക്കായി അനാദിയിലേ നിശ്ചയിച്ചുറപ്പിക്കപ്പെട്ട്, പൂർവ്വ പിതാക്കന്മാരിലൂടെയും പ്രവാചകന്മാരിലൂടെയും വാഗ്ദാനം ചെയ്യപ്പെട്ട ഒരു വലിയ രക്ഷാകര പദ്ധതിയുടെ ആവിഷ്ക്കാരമാണ് ക്രിസ്തുമസ്സ്. ദൈവം മനുഷ്യന്റെ മഹത്വത്തെ അംഗീകരിച്ച അവസരമാണ് ക്രിസ്തുമസ്സ്. അനന്ത നന്മയായ ദൈവം തന്റെ സൃഷ്ടിയിലെ നന്മയുടെ സാന്നിധ്യത്തെ ഏറ്റുപറയുന്ന ദിവസമാണ് ക്രിസ്തുമസ്. മനുഷ്യകുലത്തെകുറിച്ചുള്ള ദൈവത്തിന്റെ പദ്ധതികൾ ക്രിസ്തുമസിനെ വേറിട്ടതാക്കുന്നു. അടിമത്ത്വവും ദാരിദ്ര്യവും രോഗവും വരുത്തിയ സങ്കടങ്ങളിൽ നിന്നും മനുഷ്യകുലത്തെ വിമോചിക്കുവാൻ രക്ഷകൻ വരുമെന്ന പ്രവചനമാണ് ക്രിസ്തുമസ്സിലൂടെ പൂർത്തീകരിച്ചത്.

സ്നേഹം തന്നെയായ പരിശുദ്ധ ത്രിത്വത്തെ മനുഷ്യൻ ദർശിച്ചത് മനുഷ്യനായി അവതരിച്ച നസ്രായൻ ഈശോമിശിഹായിലാണ്. മനുഷ്യാവതാരം ആവശ്യമാക്കിയതുതന്നെ മനുഷ്യവർഗ്ഗത്തിന്റെ അധഃപതിച്ച അവസ്ഥയായിരുന്നു. അതുകൊണ്ട്, മനുഷ്യനായി അവതരിച്ച ഈശോയുടെ അടിസ്ഥാന

www.malankaralibrary.com

മനോഭാവം കാരുണ്യത്തിന്റേതാണ്. ദൈവകാരുണ്യത്തിന്റെ മനുഷ്യമുഖമായ ദൈവപുത്രൻ നിരന്തരം നമ്മോടൊപ്പം വസിക്കുന്നു. അവിടുത്തെ വാക്കുകളിലും പ്രവർത്തികളിലും നിഴലിച്ചത് പിതാവായ ദൈവത്തിന്റെ കാരുണ്യം തന്നെയായിരുന്നു. യേശുവിൽ ദൈവത്തിന്റെ കരുണ അതിന്റെ സകല മാനങ്ങളിലും-സ്നേഹമായും, അലിവായും, അനുകമ്പയായും, സഹാനുഭൂതിയായും, ക്ഷമയായും-പ്രകടവും അനുഭവവേദ്യവുമായി.

"ദൈവം നമ്മോടുകൂടെ" (മത്തായി 2:22) എന്നർത്ഥമുള്ള എമ്മാനുവേൽ- എന്ന് അവൻ വിളിക്കപ്പെടും എന്ന് ദിവ്യരക്ഷകനെക്കുറിച്ച് അറിയിക്കപ്പെട്ടു. എമ്മാനുവേൽ, എന്ന പേര് സൂചിപ്പിക്കുന്നതുപൊലെ പഴയനിയമ ഇസ്രയേൽ ജനതയ്ക്ക്, ദൈവം പകൽ മേഘസ്തംഭമായും രാത്രിയിൽ അഗ്നിസ്തംഭമായും കൂടെ വസിച്ചു. പുതിയ നിയമ ജനതയ്ക്ക് വചനമായ ദൈവം മാംസമായി അവതരിച്ചു. ലോകാവസനംവരെ നമ്മോടുകൂടെ ആയിരിക്കുവാൻ ദൈവപുത്രൻ വി. കുർബാനയായി. വി. കൊച്ചുത്രേസ്യാ പറയുന്നു. "എല്ലാ ദിവസവും സർവ്വശക്തനായ ദൈവം സ്വർഗ്ഗത്തിൽ നിന്ന് ഇറങ്ങി വരുന്നത് സ്വർണ്ണ കുസ്തോദിയിൽ ഇരിക്കാനല്ല. സ്വയം ശൂന്യമായി, തന്റെ ഛായയിലും സാദൃശ്യത്തിലും സൃഷ്ടിച്ച നമ്മോടുകൂടെയായിരിക്കാനാണ്". നമ്മുടെ സന്തോഷങ്ങളിലും ദുഃഖങ്ങളിലും എപ്പോഴും കൂടെ നടന്ന് നമ്മെ കരംപിടിച്ച് നടത്തുന്നവനാണ് ഈശോ എന്ന ചിന്ത നമ്മുടെ ജീവിതാനുഭവങ്ങളിൽ നിന്ന് നാം അനുഭവിച്ച് അറിഞ്ഞിട്ടുള്ള യാഥാർത്ഥ്യമാണ്. അപ്പനും അമ്മയും സഹോദരങ്ങളും ഉപേക്ഷിച്ചാലും ഉപേക്ഷിക്കാത്ത സ്നേഹമായി-എമ്മാനുവേലായി -ഈശോയുണ്ട്. വി. യോഹന്നാന്റെ സുവിശേഷത്തിൽ നാം വായിക്കുന്നു: "എന്തെന്നാൽ അവനിൽ വിശ്വസിക്കുന്ന ഏവനും നശിച്ച് പോകാതെ നിത്യജീവൻ പ്രാപിക്കുന്നതിനുവേണ്ടി തന്റെ ഏകജാതനെ നൽകാൻ തക്കവിധം ദൈവം ലോകത്തെ അത്രമാത്രം സ്നേഹിച്ചു" (യോഹന്നാൻ 3:16). ദൈവം ലോകത്തെ സ്നേഹിച്ചതിന്റെ ചരിത്രസാക്ഷ്യമാണ് കാലിതൊഴുത്തിൽ വന്നുപിറന്ന ഉണ്ണീശോ. ഈ സ്നേഹം ഇന്നും എന്നും വിശുദ്ധ കുർബാനയിലൂടെയും തിരുവചനത്തിലുടെയും അനുസ്യൂതം നമ്മൾ മനസിലാക്കുകയും അനുഭവിക്കുകയും ചെയ്യുന്നു.

www.malankaralibrary.com

എമ്മാനുവേൽ എന്ന പേര് രണ്ട് ചിന്തകളിലേക്ക് നമ്മെ നയിക്കുന്നു. ഒന്നാമതായി, എപ്പോഴും കൂടെയുള്ളവനാണ് ദൈവമെന്ന ചിന്ത. നമ്മുടെ ഉള്ളിലുള്ള ഈശോയെ സ്വയം കണ്ടെത്തുകയാണ് ആദ്യപടി. ആ തിരിച്ചറിവിൽ നാം ജീവിക്കുന്നതാണ് എമ്മാനുവേൽ അനുഭവം. ഈശോ കൂടെയുണ്ടെങ്കിൽ നമുക്ക് തെറ്റായി ചിന്തിക്കുവാനോ തെറ്റായി പ്രവർത്തിക്കാനോ സാധിക്കില്ല. നാം വാക്കിലും പ്രവർത്തിയിലും സത്യവും നീതിയും നിലനിർത്തി വിശുദ്ധിയിൽ ജീവിക്കും. നമ്മിലുള്ള മൃഗസ്വഭാവം മാറ്റി മനുഷ്യസ്വഭാവത്തിലേക്കും ദൈവസ്വഭാവത്തിലേക്കും വളരാനാകും. രണ്ടാമതായി, മറ്റുള്ളവരുടെയും കൂടെയുള്ളവനാണ് ദൈവം എന്ന ചിന്ത. എന്റെ ഉള്ളിലുള്ള ദൈവത്തെ തിരിച്ചറിയുന്നതോടൊപ്പം കൂടെയുള്ളവരിലും ഇതേ ദൈവസാന്നിധ്യത്തെ തിരിച്ചറിയണം. അപ്പോൾ മറ്റുള്ളവരെ അവരുടെ കുറവുകളോടും കഴിവുകളോടും കൂടെ അംഗീകരിക്കുവാനും മനസിലാക്കുവാനും സ്നേഹിക്കുവാനും നമുക്ക് സാധിക്കും. വി. ഫ്രാൻസിസ് അസ്സീസി മരങ്ങളെയും പക്ഷിമൃഗാദികളെയും സ്നേഹിച്ചു. കാരണം ഇവയെല്ലാം ദൈവസൃഷ്ടികളാണെന്നും ഇവയിലെല്ലാം ദൈവാംശം ഉണ്ടെന്നും വി. ഫ്രാൻസിസ് അസ്സീസി തിരിച്ചറിഞ്ഞു. മറ്റുള്ളവരുടെ മുഖത്തേക്ക് നോക്കുമ്പോൾ നാം ദൈവത്തെത്തന്നെയാണ് കാണുന്നത്. കൂടെ ജീവിക്കുന്നവരിൽ, സഹപ്രവർത്തകരിൽ, മാതാപിതാക്കളിൽ, ജീവിത പങ്കാളിയിൽ, മക്കളിൽ, സഹോദരങ്ങളിൽ ദൈവത്തെ ദർശിച്ചുകൊണ്ട് ജീവിക്കുമ്പോൾ നമ്മുടെ ജീവിതം ഹൃദ്യമാകും.

ക്രിസ്തുമസ്സ് ഉണ്ണീശോയിലേക്ക് മാത്രമല്ല, നസ്രത്തിലെ മറിയത്തിലേയ്ക്കും നമ്മുടെ ശ്രദ്ധയെ ക്ഷണിക്കുന്നുണ്ട്. കാരണം അത് മറിയത്തിന്റെ വിശ്വാസ ജീവിതത്തിന്റെ വിജയഗാഥയാണ്. ദൈവഹിതത്തോട് മറുതലിച്ച ആദിമാതാവ് വഴി മനുഷ്യചരിത്രത്തിൽ പാപവും മരണവും കയറിപ്പറ്റിയെങ്കിൽ, ദൈവഹിതത്തിന് സ്തോത്രമാലപിക്കുക വഴി, മറിയം ദൈവമാതൃത്വസ്ഥാനം സ്വന്തമാക്കുന്നു. ദൈവകൃപയിൽ നിറഞ്ഞ് ദൈവപുത്രന് യോഗ്യമായ വാസസ്ഥലമായി മാറുന്നു. “ദൈവകൃപ നിറഞ്ഞവളേ സ്വസ്തി, കർത്താവ് നിന്നോടുകൂടെ” എന്നാണ് ദൈവദൂതൻ കന്യകാമറിയത്തെ അഭിസംബോധന

www.malankaralibrary.com

ചെയ്യുന്നത്. ദൈവകൃപയോട് ഏറ്റവും മനോഹരമായ രീതിയിൽ പ്രതികരിച്ച വ്യക്തിയാണ് മറിയം. തനിക്ക് ലഭിച്ച ദൈവകൃപ തന്റെ ജീവിതകാലം മുഴുവനും അഭംഗുരം കാത്തുസൂക്ഷിക്കുവാൻ മറിയത്തിന് സാധിച്ചു. കർത്താവ് തന്നോടുകൂടെയുണ്ട് എന്ന ബോധ്യം മറിയത്തെ ഏത് വിഷമഘട്ടങ്ങളെയും തരണം ചെയ്യാൻ പ്രാപ്തയാക്കി. ഇതേ ആത്മവിശ്വാസത്തോടെയാണ് വി.പൗലോസ് ശ്ലീഹയും ചോദിക്കുന്നത്, "ദൈവം നമ്മുടെ പക്ഷത്ത് ഉണ്ടെങ്കിൽ ആരു നമുക്ക് എതിരുനില്ക്കും?" (റോമ 8:31) ദൈവം ഓരോ മനുഷ്യനും തന്നെത്തന്നെ വെളിപ്പെടുത്തുന്നത് വ്യത്യസ്തമായ രീതിയിലാണ്. അനുദിനജീവിതത്തിലൂടെ നമുക്ക് ലഭിക്കുന്ന ദൈവിക സന്ദേശങ്ങളും അടയാളങ്ങളും തിരിച്ചറിയുവാനും അതിനൊത്ത് നമ്മുടെ ജീവിതത്തെ ക്രമപ്പെടുത്തുവാനും സാധിക്കുന്നതിലാണ് നമ്മുടെ ജീവിത വിജയം അടങ്ങിയിരിക്കുന്നത്. "ഇതാ കർത്താവിന്റെ ദാസി, നിന്റെ വചനം പോലെ എന്നിൽ ഭവിക്കട്ടെ" ( ലൂക്കാ 1:38) എന്ന പ്രത്യുത്തരത്തിൽ മറിയത്തിന്റെ ജീവിതത്തെ മുഴുവനും സംഗ്രഹിക്കാം. ദൈവത്തിന്റെ കാത്തിരിപ്പിന് മറിയം നല്കിയ മറുപടിയാണിത്. മനുഷ്യരാശിയുടെ മുഴുവനും ഭാവിയെയാണ് ഇതുവഴി മറിയം നിശ്ചയിച്ചത്. മറിയത്തിന്റെ ദൗത്യത്തെയും അത് സ്വീകരിക്കുവാൻ അവൾ കാണിച്ച ധീരതയെയുമാണ് ഈ വാക്കുകൾ സൂചിപ്പിക്കുക.

യേശു പിറന്ന രാത്രിയിൽ മാലാഖമാർ പാടി: "അത്യുന്നതങ്ങളിൽ ദൈവത്തിന് മഹത്വം" (ലൂക്കാ 2:14). എന്താണ് ഈ മഹത്വം? ദൈവത്തിൽ നിറഞ്ഞ് നില്ക്കുന്ന ഒരു ചൈതന്യമായി നമുക്ക് ഇതിനെ കാണാം. ദൈവസ്വഭാവത്തിൽ പങ്കുപറ്റുന്നവർക്കെല്ലാം ലഭിക്കുന്ന ഒരു സ്വഭാവമായും മഹത്വത്തെ കാണാം. മനുഷ്യന് വിഭാവനം ചെയ്യാവുന്ന സകല നന്മകളും മഹത്വം എന്ന വാക്കിലുണ്ട്. ദൈവത്തിന്റെ യഥാർത്ഥ മുഖം ലോകത്തിന് കാണിച്ചു കൊടുത്തത് യേശുവാണ്. അതുകൊണ്ടാണ് അവൻ പിറന്ന രാത്രിയിൽ മാലാഖമാർ "ദൈവത്തിന് മഹത്വം" എന്ന് പാടിയത്. പിതാവിന്റെ മഹത്വം അവിടുത്തെ ഏകജാതനിൽ നാം ദർശിക്കുന്നു. അത്യുന്നതമായ ദൈവമഹത്വം ദൈവമക്കൾ കാണുന്നതും യേശുവിലാണ്. പാപിനിയായ സ്ത്രീയും തളർവാതരോഗിയും കുഷ്ഠരോഗിയും ആ മഹത്വം അനുഭവിച്ചു. അത്യു

www.malankaralibrary.com

ന്നതങ്ങളിലെ മഹത്വം ഭൂമിയിൽ തന്റെ ജീവിതം വഴി യേശു കാണിച്ചുതന്നു. മഹത്വമുള്ള മനുഷ്യരായി നാം ജീവിക്കണം. സംസാരത്തിലും മനോഭാവത്തിലുമെല്ലാം ഈ മഹത്വം ദൃശ്യമാകണം. പ്രതിസന്ധികളിൽ തളരാതെ പിടിച്ചുനിന്നും പ്രതിബന്ധങ്ങളെ ധൈര്യപൂർവ്വം അഭിമുഖീകരിച്ചും നാം മുന്നേറണം. അപ്പോൾ ദൈവീക മഹത്വം നമ്മിലൂടെ മറ്റുള്ളവർ തിരിച്ചറിയും. നമ്മുടെ ജീവിതം ദൈവത്തിന്റെ സ്നേഹ സമ്പന്നതയിലുള്ള പങ്കുചേരലാണ്. നമ്മുടെ ജീവിതംതന്നെ ദൈവമഹത്വത്തിന്റെ ദാനമാണ്. ക്രിസ്തുമസ്സ് ഈ തിരിച്ചറിവ് നമുക്ക് സമ്മാനിക്കുന്നു.

അനുഗ്രഹകരമായ പിറവിത്തിരുന്നാളും ഐശ്വര്യസമ്പന്നമായ പുതുവർഷവും ഹൃദയപൂർവ്വം എല്ലാവർക്കും ആശംസിക്കുന്നു.

ആയത് ദൈവമാതാവായ പരിശുദ്ധ കന്യകമറിയാമിന്റെയും ഭാരതത്തിന്റെ അപ്പസ്തോലനായ മാർത്തോമ്മാശ്ലീഹായുടെയും പരിശുദ്ധന്മാരുടെയും പ്രാർത്ഥനയാൽ തന്നെ. ആമ്മേൻ

എന്ന്,



അമലഗിരി | **+ ഡോ. ജോഷ്വാ മാർ ഇഗ്നാത്തിയോസ്**
ക്രിസ്തുമസ് 2017 | മാവേലിക്കര ഭദ്രാസനാദ്ധ്യക്ഷൻ

www.malankaralibrary.com

ദൈവകൃപയാലും തിരുസിംഹാസനത്തിന്റെ അംഗീ
കാരത്താലും മാവേലിക്കര ഭദ്രാസനാദ്ധ്യക്ഷൻ
ജോഷ്വാ മാർ ഇഗ്നാത്തിയോസ് മെത്രാപ്പോലീത്തായിൽ
നിന്നും ബഹുമാനപ്പെട്ട വൈദികർക്കും
സന്യസ്തർക്കും വിശ്വാസികളേവർക്കും വാഴ്വ്!

PL. No. 03/2018

## ക്രിസ്തുമസ് 2018

ബഹുമാനപ്പെട്ട വൈദികരേ, സന്യസ്തരേ, വിശ്വാസികളേ,

ക്രിസ്തുമസ് വീണ്ടെടുപ്പിന്റെ തിരുനാളാണ്. മനുഷ്യകുലത്തെ വീണ്ടെടുക്കാൻ ദൈവം മനുഷ്യനായി നമ്മുടെ കൂടെ വസിച്ചതിന്റെ തിരുനാൾ. സമ്പൂർണ്ണമായ രക്ഷയും വീണ്ടെടുപ്പുമാണ് ഓരോ ക്രിസ്തുമസും. എല്ലാ തകർച്ചകളിൽ നിന്നും ദുശ്ശീലങ്ങളിൽ നിന്നും അരുതാത്ത ബന്ധങ്ങളിൽ നിന്നും പാപക്കറകളിൽ നിന്നും രോഗങ്ങളിൽ നിന്നും പൈശാചിക ബന്ധനങ്ങളിൽ നിന്നും യേശുവിൽ ദൈവം നമ്മെ വീണ്ടെടുക്കുന്നു. കൂടെയുള്ള ദൈവത്തെ തിരിച്ചറിയുന്നതും ആ ദൈവത്താൽ വീണ്ടെടുക്കപ്പെടുന്നതുമാണ് ക്രിസ്തുമസ്. കൂടെയായിരുന്ന് നമ്മെ വീണ്ടെടുക്കുന്ന ഇമ്മാനുവേലിന്റെ പിറവിത്തിരുനാളാണ് ക്രിസ്തുമസ്.

ഹേറോദേസ് രാജാവിന്റെ കാലത്ത് യൂദയായിലെ ബേത്‌ലഹേമിൽ യേശു ജനിച്ചപ്പോൾ പൗരസ്ത്യ ദേശത്ത് നിന്ന് ജ്ഞാനികൾ ജറുസലേമിൽ എത്തി (മത്തായി 2,1). യേശുവിലേയ്ക്കുള്ള മനുഷ്യവംശത്തിന്റെ യാത്രയെ അവതരിപ്പിക്കുകയാണ് ജ്ഞാനികളുടെ യാത്രയിലൂടെ സുവിശേഷകൻ ചെയ്തിരിക്കുന്നത്. വിജാതിയരായ ജ്ഞാനികൾ യഹൂദരുടെ രാജാവായി പിറന്ന ഉണ്ണീശോയെ തിരയുന്നു എന്നതിലെ വൈരുദ്ധ്യം

www.malankaralibrary.com

ശ്രദ്ധേയമാണ്. എന്നാൽ, ദൈവം തന്റെ രക്ഷാകര പദ്ധതിയി ലേയ്ക്ക് വിജാതിയരെക്കൂടി ഉൾച്ചേർക്കുകയും സത്യത്തിന്റെ അറിവിലേയ്ക്ക് അവരുടെ ഹൃദയങ്ങളെ തുറക്കുകയും ചെയ്യു ന്നു. 'പൗരസ്ത്യദേശത്ത്' നിന്ന് ജ്ഞാനികൾ 'കിഴക്ക്' അവന്റെ നക്ഷത്രം കണ്ട് വന്നു എന്നതും പ്രത്യേക ശ്രദ്ധയർഹിക്കുന്നു. ഉദയസൂര്യന്റെ നാട്ടിൽ നിന്ന്, കിഴക്കുനിന്ന്, 'ജ്ഞാനികൾ' യഥാർത്ഥ ജ്ഞാനം തന്നെയായിരിക്കുന്നവനെ, മിശിഹായെ, തേടിയെത്തി.

ദിവ്യ രക്ഷകനെ തേടിയുള്ള യാത്രയിൽ നക്ഷത്രം ജ്ഞാനികൾക്ക് വഴികാട്ടിയായി. ദാവീദിന്റെ നക്ഷത്രത്തെക്കു റിച്ചുള്ള പ്രതിപാദനം പഴയനിയമത്തിൽ നാം കാണുന്നു. സംഖ്യ യുടെ പുസ്തകം 24:17 – ൽ "യാക്കോബിൽ നിന്ന് ഒരു നക്ഷത്രം ഉദിക്കും" എന്ന പ്രവചനം നല്കപ്പെട്ടിരുന്നു. ഈ പ്രവചന ത്തിന്റെ പൂർത്തീകരണമായി ഉദിച്ച നക്ഷത്രമാണ് ജ്ഞാനി കൾക്ക് വഴികാട്ടിയായിത്തീർന്നത്. പഴയനിയമത്തിൽ, ഈജി പ്തിൽ നിന്നു പുറപ്പെട്ട ഇസ്രായേൽ മക്കൾക്ക് വഴികാട്ടിയാ യത് ദൈവിക സാന്നിധ്യത്തിന്റെ പ്രതീകമായ അഗ്നിസ്തംഭമാ യിരുന്നു. പുതിയനിയമത്തിൽ മിശിഹായിലേക്ക് കടന്നുവരാൻ യഹൂദർക്ക് വഴികാട്ടിയായി നില്ക്കുന്നത് എഴുതപ്പെട്ട തിരുവച നമാണ്. യഹൂദർ അതിന്റെ ദിവ്യപ്രഭ സ്വീകരിച്ച് മിശിഹായി ലേക്ക് വരേണ്ടവരായിരുന്നു. വിജാതിയർക്കാകട്ടെ പ്രപഞ്ച ത്തിൽത്തന്നെ ദൈവം അടയാളമായി നക്ഷത്രത്തെ ഉദിപ്പിക്കു ന്നു. തങ്ങൾക്കായി ദൈവം നല്കിയ സന്ദേശം തിരിച്ചറിഞ്ഞ്, വിജാതിയരായ വിജ്ഞാനികൾ നക്ഷത്രത്തെ അനുഗമിക്കുന്നു. യഹൂദ പ്രമാണികൾ അവർക്കായി നല്കപ്പെട്ട തിരുലിഖിതങ്ങൾ അവഗണിച്ച്, അവയെ ഗ്രഹിക്കാൻ കഴിയാതെ മാറിനില്ക്കുന്നു.

നക്ഷത്രങ്ങളെ നോക്കി നടക്കാൻ പരിശീലിക്കുക- അതു ജ്ഞാനിയായവന്റെ ലക്ഷണമാണ്. സ്വർഗത്തിൽ നിന്ന് ദൈവം നല്കുന്ന പ്രകാശമാണത്. സൃഷ്ടപ്രപഞ്ചത്തിലുള്ള സകല സൃഷ്ടികളും ദൈവപുത്രനിലേക്ക് നമ്മെ നയിച്ചുകൊണ്ട് അവ യുടെ ദൗത്യം സാക്ഷാത്ക്കരിക്കുന്നു. മിശിഹായ്ക്ക് ശുശ്രൂഷചെയ്യുകയാണ് പ്രപഞ്ചം മുഴുവനും. അവയൊക്കെയും ആ ശുശ്രൂഷ നിർവഹിക്കുന്നതാകട്ടെ മനുഷ്യനെ ദൈവത്തിങ്ക ലേക്ക് നയിക്കാൻ സഹായിക്കുന്ന അടയാളങ്ങളായി നിലകൊ

www.malankaralibrary.com

ള്ളുന്നതിലൂടെയാണ്. ഇതാണ് ജ്ഞാനികൾക്കായി ഉദിച്ച നക്ഷത്രം നിറവേറ്റിയ ധർമ്മം. പ്രപഞ്ചത്തിലേക്കുള്ള യഥാർത്ഥ തുറവി സ്രഷ്ടാവിലേക്ക് നമ്മെ എത്തിക്കുന്നു. എന്നാൽ പാപത്തിന്റെ അന്ധത ബാധിച്ച മനുഷ്യന് ഈ പ്രകാശം കാണാൻ കഴിയാതെ പോകുന്നു. മുൻപേ നീങ്ങിയ നക്ഷത്രം നാം പിൻചെല്ലേണ്ട ദൈവികജ്ഞാനത്തെക്കുറിച്ച് സൂചന നല്കുന്നുണ്ട്. ദൈവം നല്കുന്ന അടയാളങ്ങളെ തിരിച്ചറിയുകയും അത് സ്വീകരിക്കുകയും ചെയ്യുന്നത് ജ്ഞാനികളുടെ ലക്ഷണമാണ്. പ്രപഞ്ചവും അതിന്റെ ഓരോ ചലനവും ദൈവം മനുഷ്യനോട് തന്റെ ഹിതം വെളിപ്പെടുത്തുന്ന മാധ്യമമാണ്. വിശുദ്ധ പൗലോസ് ശ്ലീഹാ നമ്മെ പഠിപ്പിക്കുന്നു: "ലോകസൃഷ്ടി മുതൽ ദൈവത്തിന്റെ അദൃശ്യപ്രകൃതി, അതായത് അവിടുത്തെ അനന്തശക്തിയും ദൈവത്വവും, സൃഷ്ടവസ്തുക്കളിലൂടെ സ്പഷ്ടമായി അറിഞ്ഞിട്ടുണ്ട്" (റോമ 1: 20). ഭൂമിയിലേക്കും ലൗകീക സമ്പത്തിലേക്കും ഹേറോദേസിന്റെ കമനീയസൗധത്തിലേയ്ക്കും ആസക്തിയോടെ കണ്ണുകൾ തിരിക്കുമ്പോൾ നമുക്ക് മാർഗഭ്രംശം സംഭവിക്കുന്നു. നാം നോക്കി നടക്കാൻ ദൈവം നല്കിയ നക്ഷത്രമാണ് തിരുവചനവും സഭാപ്രബോധനങ്ങളും. മാനവരാശിക്ക് രക്ഷയുടെ വഴിയേ ചരിക്കാനുള്ള വലിയ നക്ഷത്രമാണ് തിരുസഭ. അവിടെ നിന്നും പ്രഭ സ്വീകരിച്ച് യാത്രചെയ്താൽ നിശ്ചയമായും ദൈവപുത്രനിലെത്തും.

"എവിടെയാണ് മിശിഹാ ജനിക്കുന്നത്?" എന്ന ഹേറോദേസിന്റെ അന്വേഷണത്തിന് യഹൂദപണ്ഡിതന്മാർ ഉത്തരം നല്കുന്നു: യൂദയായിലെ ബെത്ലഹേമിൽ (മത്തായി 2,6). ജറുസലെമിന് തെക്കായി അഞ്ചുമൈൽ അകലെ സ്ഥിതി ചെയ്യുന്ന സ്ഥലമാണ് ബേത്ലഹേം. 'ബേത്ലഹേം' എന്ന വാക്കിനർത്ഥം 'അപ്പത്തിന്റെ ഭവനം' എന്നാണ്. മിക്കാ പ്രവാചകൻ ഇപ്രകാരം പ്രവചിച്ചിരിക്കുന്നു: "ബേത്ലഹേം-എഫ്രാത്ത, യൂദാ ഭവനങ്ങളിൽ നീ ചെറുതാണെങ്കിലും ഇസ്രായേലിനെ ഭരിക്കേണ്ടവൻ എനിക്കായി നിന്നിൽനിന്ന് പുറപ്പെടും; അവൻ പണ്ടേ, യുഗങ്ങൾക്കു മുൻപേ, ഉള്ളവനാണ്" (മിക്കാ 5:2). ഈ ബേത്ലഹേമാണ്, അപ്പത്തിന്റെ ഭവനമാണ് ഈശോ ജനനസ്ഥലമായി സ്വീകരിച്ചത്. അപ്പമായി സ്വയം നല്കിയവൻ അപ്പത്തിന്റെ ഭവനത്തിൽ വന്നു പിറന്നു. 'ബേത്ലഹേം' എന്നു മാത്രം

www.malankaralibrary.com

പറയാതെ 'യൂദയായിലെ ബേത്‌ലഹേം' എന്നു പറയുന്നതിന് പ്രത്യേക സൂചനയുണ്ട്. പഴയനിയമത്തിൽ യാക്കോബ് തന്റെ മക്കൾക്കു നല്കുന്ന അനുഗ്രഹവേളയിൽ യൂദായെ ഇങ്ങനെ അനുഗ്രഹിക്കുന്നു. "ചെങ്കോൽ യൂദായെ വിട്ടുപോവുകയില്ല. അതിന്റെ അവകാശി വന്നുചേരും വരെ അധികാര ദണ്ഡ് അവന്റെ സന്തതികളിൽനിന്നു നീങ്ങിപ്പോകയില്ല. ജനതകൾ അവനെ അനുസരിക്കും" (ഉല്പ 49:10).

"ജ്ഞാനികൾ വന്ന് ആരാധിക്കുന്നു" എന്നത് ഈശോയിൽ പൂർത്തിയായിരിക്കുന്ന രക്ഷാപദ്ധതിയിൽ വിജാതീയരെക്കൂടി ഉൾച്ചേർത്തിരിക്കുന്നു എന്ന സത്യം അവതരിപ്പിക്കുന്നു. പിതാവായ ദൈവം ലോകത്തിന്റെ മുഴുവൻ ദൈവവും ദൈവപുത്രൻ ലോകം മുഴുവന്റെയും രക്ഷകനുമാണ്. ആ രക്ഷാകര പദ്ധതിയിലേക്ക് വിജാതിയർ ഉൾച്ചേർക്കപ്പെട്ടിരിക്കുന്നത് ഈശോയുടെ ഉയിർപ്പിനുശേഷമല്ല, ഈശോയുടെ ജനനത്തോടുകൂടിത്തന്നെയാണ് എന്ന വസ്തുത ഊന്നിപറയുകയാണ് ജ്ഞാനികളുടെ വരവിലൂടെ സുവിശേഷകൻ. സഭാപിതാവായ വിശുദ്ധ ജോൺ ക്രിസോസ്റ്റം ഈ സംഭവത്തെ ഇങ്ങനെ വ്യാഖ്യാനിക്കുന്നു. "രക്ഷയുടെ പ്രത്യാശ പ്രഘോഷിക്കപ്പെട്ടിരിക്കുന്നത് ലോകം മുഴുവനും വേണ്ടിയാണ്. വിജാതിയരും പൗരസ്ത്യദേശത്തുനിന്നുള്ളവരുമായ ജ്ഞാനികൾ സമസ്തജനപദങ്ങളെയും ലോകം മുഴുവനെയും പ്രതിനിധീകരിക്കുന്നു. അവർ ദൈവത്തെ അറിഞ്ഞിരുന്നില്ലെങ്കിൽകൂടിയും ദൈവം അവരെ തന്റെ അതിരറ്റ സ്നേഹസമ്മാനത്തിനായി ക്ഷണിക്കുകയും അതു സ്വീകരിക്കാൻ ഒരുക്കുകയും ചെയ്തിട്ടുണ്ട്. അതുകൊണ്ടാണ് ദൈവം ജ്ഞാനികളെ, തന്റെ പുത്രനെ കണ്ട് ആരാധിക്കാൻ ക്ഷണിച്ചത്. ഇത് ദൈവകൃപയുടെ പ്രവൃത്തിയാണ്".

ജ്ഞാനികൾ ഭവനത്തിൽ പ്രവേശിച്ച് ശിശുവിനെ അമ്മയായ മറിയത്തോടുകൂടി കാണുകയും അവനെ കുമ്പിട്ട് ആരാധിക്കുകയും ചെയ്തു (മത്തായി 2,11). "ശിശുവിനെ അമ്മയോടുകൂടി കാണുക"- ആദിമസഭ മറിയത്തെ മാറ്റിനിർത്തി ശിശുവിനെയോ ശിശുവിനെ മാറ്റിനിർത്തി മറിയത്തെയോ അവതരിപ്പിക്കുന്നില്ല. കാരണം ഈ ശിശു സ്വർഗത്തിൽനിന്ന് അത്ഭുതകരമായി ഭൂമിയിൽ പ്രത്യക്ഷപ്പെട്ടതല്ല. സ്വർഗത്തിന്റെ ഇടപെടലിലൂടെ മറിയത്തിൽ നിന്ന് ജനിച്ചതാണ്. അതുകൊണ്ട്

www.malankaralibrary.com

അമ്മയായ മറിയത്തിന്റെ സാന്നിധ്യം ഏറെ അർത്ഥപൂർണ്ണമാണ്. അതുപോലെ ഇവിടെ യൗസേപ്പുപിതാവിന്റെ സാന്നിധ്യത്തെ എടുത്തുപറയുന്നില്ല എന്നുള്ളത് ദൈവശാസ്ത്രപരമായ അർത്ഥതലങ്ങൾ ഉൾക്കൊള്ളുന്നു. ഈ ശിശു സ്വർഗത്തിന്റെ സമ്മാനമാണ്. മനുഷ്യന്റെ പ്രയത്നഫലമല്ല എന്ന സത്യം പ്രകടമാവുകയാണിവിടെ. ഉത്ഥിതനായ മിശിഹാ ആരാധനാവിഷയമായി മാറുന്നു എന്നത് സുവിശേഷകരെല്ലാം അവതരിപ്പിക്കുന്ന ദൈവശാസ്ത്ര സത്യമാണ്. എന്നാൽ ഇവിടെ ഈ നിസ്സഹായനായ ശിശുതന്നെയും ആരാധാനാവിഷയമായിരിക്കുന്നു, അതും വിജാതിയരുടെയും സകലജനപദങ്ങളുടെയും ആരാധനാവിഷയവുമാണ്. കാരണം അവിടുന്ന് ദൈവപുത്രനാണ്. ദാരിദ്ര്യത്തിലും ലാളിത്യത്തിലും കഴിയുന്ന ഈ ശിശുവിനെ കണ്ട് ആരാധനയർപ്പിക്കാൻ ജ്ഞാനികൾക്കു കഴിഞ്ഞത് അവരുടെ ബുദ്ധിക്ക് ദൈവികജ്ഞാനത്തിന്റെ പ്രകാശം ലഭിച്ചതുകൊണ്ടാണ്. കൊട്ടാരങ്ങളും ആഢംബരങ്ങളും മാറ്റിവച്ച്, ഇതാ രാജാവായി പിറന്നവൻ ലാളിത്യത്തിൽ കഴിയുന്നു. എങ്കിലും അവർ സംശയിച്ചില്ല. ദൈവികവെളിപാടിനോട് ഹൃദയത്തിൽ തുറവിയുള്ളവർക്ക് മാത്രമേ ദൈവപുത്രനെ തിരിച്ചറിയാൻ കഴിയുകയുള്ളു.

ഹേറോദേസിന്റെ നിർദ്ദേശത്തെ അവഗണിച്ച് ജ്ഞാനികൾ മറ്റൊരു വഴിയേ സ്വദേശത്തേക്ക് മടങ്ങാൻ ദൂതൻ നിർദ്ദേശം നല്കുന്നു. ദൈവത്തിന്റെ പദ്ധതിയെ തകിടം മറിക്കാൻ മനുഷ്യൻ നടത്തുന്ന പരിശ്രമങ്ങൾ ആത്യന്തികമായി വിജയിക്കുകയില്ല. ജ്ഞാനികൾ സ്വർഗത്തിന്റെ സ്വരം അവഗണിച്ചില്ല. അവർ ഹേറോദോസിന്റെ വഴികൾ മാറ്റിനിർത്തി മറ്റൊരു വഴി തിരഞ്ഞെടുത്തു. ഉണ്ണിയേശുവിനെ യഥാവിധി സന്ദർശിച്ചാൽ മനുഷ്യൻ അവന്റെ വഴികൾ നവീകരിക്കുകയും ക്രമീകരിക്കുകയും ചെയ്യും. കാലിത്തൊഴുത്തിലെ ഉണ്ണിയീശോ ഇന്നും നമ്മോടാവശ്യപ്പെടുന്നു; "പുതിയ വഴിയിലൂടെ സഞ്ചരിക്കുക".

കർത്താവ് കാരുണ്യത്തോടെ നമ്മുടെ പക്കലേക്കിറങ്ങി വന്ന് തന്റെ കരുതലും സ്നേഹവും സഹാനുഭൂതിയും ആവോളം നമുക്ക് നല്കി. കർത്താവിന്റെ കരുണയുടെ ഓഹരിക്കാരായ നാം ക്രിസ്തുമസ് അനുഭവത്തിലൂടെ കണ്ടുമുട്ടുന്ന ഓരോരുത്തർക്കും കരുതലോടെ സ്നേഹം പകർന്നു നല്കണം. ദുഃഖിതരുടെ കണ്ണീരൊപ്പിയും, ദരിദ്രരുടെ വിശപ്പകറ്റിയും,


www.malankaralibrary.com

തകർച്ചകൾ നേരിടുന്നവർക്ക് സമാശ്വാസം പകർന്നു നല്കിയും അവരുടെ ജീവിതയാത്രയെ പ്രസാദാത്മകമാക്കണം. സാമ്പത്തിക പ്രതിസന്ധികളിലും, പ്രളയ കെടുതികളിലും, തൊഴിൽ മേഖലയിലെ വെല്ലുവിളികളിലും, അനുദിന ജീവിതത്തിലെ നൊമ്പരപ്പെടുത്തുന്ന അനേക പ്രതിസന്ധികളിലും അതിജീവനത്തിന്റെ വഴികാണിച്ചു തരുന്ന സഹയാത്രികനാണ് നമ്മുടെ കർത്താവ്. ആനന്ദവും സങ്കടങ്ങളും നിരാശയും പ്രത്യാശയും ഇടകലർന്ന 2018- വർഷത്തെ നന്ദിയോടെ കർത്താവിന്റെ കരങ്ങളിൽ സമർപ്പിക്കാം. പുതു നിശ്ചയത്തോടെ, ശുഭാപ്തി വിശ്വാസത്തോടെ, പുതുവർഷത്തെ നമുക്ക് സ്വീകരിക്കാം.

അനുഗ്രഹകരമായ പിറവിത്തിരുന്നാളും ഐശ്വര്യ സമൃദ്ധമായ പുതുവർഷവും ഹൃദയപൂർവ്വം എല്ലാവർക്കും ആശംസിക്കുന്നു.

ആയത് ദൈവമാതാവായ പരിശുദ്ധ കന്യകമറിയാമിന്റെയും ഭാരതത്തിന്റെ അപ്പസ്തോലനായ മാർത്തോമ്മാശ്ലീഹായുടെയും പരിശുദ്ധന്മാരുടെയും പ്രാർത്ഥനയാൽ തന്നെ. ആമ്മേൻ

എന്ന്,



അമലഗിരി — **+ ഡോ. ജോഷ്വാ മാർ ഇഗ്നാത്തിയോസ്**

ക്രിസ്തുമസ് 2018 — മാവേലിക്കര ഭദ്രാസനാദ്ധ്യക്ഷൻ

www.malankaralibrary.com

ദൈവകൃപയാലും തിരുസിംഹാസനത്തിന്റെ അംഗീകാര ത്താലും മാവേലിക്കര ഭദ്രാസനാദ്ധ്യക്ഷൻ ജോഷ്വാ മാർ ഇഗ്നാത്തിയോസ് മെത്രാപ്പോലീത്തായിൽ നിന്നും ബഹുമാനപ്പെട്ട വൈദികർക്കും സന്യസ്തർക്കും വിശ്വാസികളേവർക്കും വാഴ്വ്!

PL. No. 02/2019

## ക്രിസ്തുമസ് 2019

ബഹുമാനപ്പെട്ട വൈദികരേ, സന്യസ്തരേ, വിശ്വാസികളേ,

ദൈവം മനുഷ്യചരിത്രത്തിൽ ഏറ്റം നിർണ്ണായകമായി ഇടപ്പെട്ട രക്ഷാകര സംഭവമാണ് ദൈവപുത്രനായ യേശു ക്രിസ്തുവിന്റെ മനുഷ്യവതാരം. “വചനം മാംസമായി, നമ്മുടെ ഇടയിൽ കൂടാരമടിച്ചു” (യോഹ. 1-14) എന്നു യോഹ ന്നാൻ ഈ സംഭവത്തെ വിശേഷിപ്പിക്കുന്നു. ദൈവം നൽകാൻ പോകുന്ന രക്ഷയെയും, അയയ്ക്കാൻ പോകുന്ന രക്ഷകനെയും കുറിച്ച് അനേകം പ്രവചനങ്ങൾ പഴയ നിയ മത്തിൽ കാണാം. രക്ഷകനുവേണ്ടിയുള്ള ദൈവജനത്തിന്റെ കാത്തിരിപ്പിന്റെ പൂർത്തീകരണമാണ് യേശുവിന്റെ ജനനം. എന്നാൽ യേശുവിന്റെ തിരുജനനം പ്രവചനങ്ങളെയും ജ്യോതിശാസ്ത്ര നിഗമനങ്ങളെയും മറികടക്കുന്നതായിരുന്നു.

റോമാ ചക്രവർത്തിയായ അഗസ്റ്റസ് സീസറിന്റെ കല്പനപ്രകാരം ജനസംഖ്യാ കണക്കെടുപ്പിൽ പേരെഴുതി ക്കാനായി ജോസഫും പൂർണ്ണ ഗർഭിണിയായ മറിയവും കൂടി ഗലീലയിലെ നസറത്തിൽ നിന്ന് ബേത്‌ലേഹെമിലേക്കു പോയി എന്ന യാത്രാസൂചനയോടെയാണ് തിരുപ്പിറവിയുടെ വിവരണം ആരംഭിക്കുന്നത് (ലൂക്കാ 2, 1-5). പലസ്തീനാ

www.malankaralibrary.com

യിൽ ജനസംഖ്യ കണക്കെടുത്തതിന്റെ മുഖ്യലക്ഷ്യം നികുതി നിർണ്ണയിക്കലായിരുന്നു. അതിനെതിരേ പൊതുജനങ്ങളുടെ ഇടയിൽ ശക്തമായ പ്രതിഷേധമുണ്ടായി. ലക്ഷ്യവും കാരണവും എന്തായിരുന്നാലും, രക്ഷകൻ ബേത്‌ലെഹെമിൽ ജനിക്കും എന്നു പ്രവാചകന്മാർ വഴി മുൻകൂട്ടി അറിയിച്ച ദൈവിക പദ്ധതി പൂർത്തിയാകാൻ ഈ ജനസംഖ്യാ കണക്കെടുക്കൽ സാഹചര്യമൊരുക്കി. മനുഷ്യന്റെ ചിന്തയ്ക്കും പദ്ധതികൾക്കും അതീതമായി പ്രവർത്തിക്കുന്ന ദൈവിക പദ്ധതിയുടെ സാക്ഷാത്ക്കാരമാണ് ബത്‌ലഹേമിൽ സംഭവിച്ചത്. നസറത്തിൽ നിന്ന് ബേത്‌ലെഹെമിലേക്ക് ഏകദേശം 130 കിലോ മീറ്റർ ദൂരമുണ്ട്. പൂർണ്ണ ഗർഭിണിയായ മറിയവും ഭർത്താവായ ജോസഫും ഈ യാത്രയ്ക്ക് സഹിക്കേണ്ടി വന്ന ക്ലേശങ്ങൾ അനവധിയാണ്. രക്ഷകന്റെ ജനനത്തിനുള്ള ഒരുക്കംതന്നെ ഇപ്രകാരമുള്ള ക്ലേശങ്ങളിലൂടെ ആയിരുന്നു എന്നതു ശ്രദ്ധേയം. രക്ഷകനെ സ്വീകരിക്കാൻ സഹനപൂർവ്വമുള്ള തയ്യാറെടുപ്പ് ആവശ്യമായിരുന്നു.

ഉണ്ണീശോയ്ക്ക് പിറക്കാൻ സ്ഥലം അന്വേഷിച്ച മാതാപിതാക്കൾക്കു മുന്നിൽ വാതിലുകൾ കൊട്ടിയടയ്ക്കപ്പെട്ടു. സത്രത്തിൽ അവർക്കു സ്ഥലമില്ലായിരുന്നു. വളർത്തുമൃഗങ്ങൾ രാപാർക്കുന്ന ഒരു ഗുഹയിൽ അവർ അവസാനം അഭയം തേടി. ജനിച്ച ശിശു മരം കോച്ചുന്ന തണുപ്പിൽ മരവിച്ച് മരിച്ചു പോകാതിരിക്കാൻ പിള്ളക്കച്ചയിൽ പൊതിഞ്ഞ് പുൽത്തൊട്ടിയിൽ കിടത്തി. ശിശു പൂർണ്ണമായും മനുഷ്യനായിരുന്നു എന്നു സൂചിപ്പിക്കുന്നതാണ് പിള്ളക്കച്ച (ജ്ഞാനം 7:4-6). മൃഗങ്ങൾക്കു തീറ്റിയായ വൈക്കോൽ സൂക്ഷിക്കുന്ന ഇടമാണ് പുൽത്തൊട്ടി. അല്പം വൃത്തിയും ചൂടും ഉള്ള സ്ഥലം അതുമാത്രമായിരുന്നു. ദാവീദ് രാജാവിന്റെ ജന്മസ്ഥലമാണ് ബേത്‌ലെഹം. ദാവീദിന്റെ പുത്രനായ മിശിഹാരാജാവ് അവിടെ ജനിക്കും എന്ന പ്രവചനമുണ്ടായിരുന്നു (മിക്ക 5:2). ദൈവം മനുഷ്യനായി അവതരിച്ചപ്പോൾ മനുഷ്യന്റെ എല്ലാ ബലഹീനതകളും, ദുഃഖദുരിതങ്ങളും ഏറ്റെടുക്കാൻ അവിടുന്ന് തയ്യാറായി (ഫിലി 2:6-8). ദരിദ്രരും വീടില്ലാത്തവരും പാർശ്വവൽക്കരിക്കപ്പെട്ടവരുമായ പാവപ്പെട്ടവരോടു താദാത്മ്യം പ്രാപിക്കുന്ന, ദൈവത്തിന്റെ വിപ്ലവാത്മക

www.malankaralibrary.com

മായ ഒരു തീരുമാനവും പക്ഷം ചേരലും തിരഞ്ഞെടുപ്പും ഇവിടെ കാണാം. മനുഷ്യൻ വിലപ്പെട്ടതായി കരുതുന്ന പലതും ദൈവദൃഷ്ടിയിൽ അർത്ഥശൂന്യവും വിലകെട്ടതുമാണെന്ന് ഈ തീരുമാനം വ്യക്തമാക്കുന്നു. രാജകൊട്ടാരത്തിലല്ല, കാലിത്തൊഴുത്തിലാണ് പുത്രൻ തമ്പുരാന് പിതാവായ ദൈവം പിറക്കാൻ ഇടമൊരുക്കിയത്.

രക്ഷകൻ ജനിച്ച സദ്വാർത്ത തന്റെ ദൂതന്മാരെ അയച്ച് വിളംബരം ചെയ്യുന്നത് ദൈവം തന്നെയാണ്. ആ നല്ല വാർത്ത ആദ്യമായി കേൾക്കാൻ തിരഞ്ഞെടുക്കപ്പെട്ട വ്യക്തികളും ദൈവിക പദ്ധതിയുടെ സവിശേഷത വെളിപ്പെടുത്തുന്നു. ആടുകൾക്കു കാവലിരുന്ന ഇടയന്മാരുടെ അടുത്തേക്കാണ് ദൂതൻ വന്നത്. സമൂഹത്തിന്റെ പുറമ്പോക്കിൽ കഴിയാൻ വിധിക്കപ്പെട്ടവരായിരുന്നു ആട്ടിടയന്മാർ. പൂർവ്വ പിതാവായ അബ്രാഹമും, രാജാവായ ദാവീദും ഇടയന്മാരായിരുന്നു. ദൈവത്തെത്തന്നെ ഇടയൻ എന്ന് അവർ ചിത്രീകരിച്ചിരുന്നു (സങ്കീ 23). എന്നാൽ യേശുവിന്റെ കാലത്തെ പലസ്തീനായിൽ ഇടയന്മാർ അധഃകൃതരും അശുദ്ധരുമായി മുദ്രകുത്തപ്പെട്ടിരുന്നു. അവരെയാണ് രക്ഷയുടെ സദ്വാർത്ത ആദ്യമായി കേൾക്കാനും പ്രഘോഷിക്കാനും ദൈവം തിരഞ്ഞെടുത്ത് ചുമതലപ്പെടുത്തിയത്.

“ഇതാ, സകല ജനത്തിനും വേണ്ടിയുള്ള വലിയ സന്തോഷത്തിന്റെ സദ്വാർത്ത ഞാൻ നിങ്ങളെ അറിയിക്കുന്നു. ദാവീദിന്റെ പട്ടണത്തിൽ നിങ്ങൾക്കായി ഒരു രക്ഷകൻ, കർത്താവായ ക്രിസ്തു, ഇന്ന് ജനിച്ചിരിക്കുന്നു”(ലൂക്കാ 2:10-11). ദൂതൻ നല്കുന്ന സന്ദേശം പ്രത്യേക ശ്രദ്ധയർഹിക്കുന്നു, സകലജനത്തിനും വേണ്ടിയുള്ളതാണ് രക്ഷകൻ ജനിച്ചിരിക്കുന്നു എന്ന സദ്വാർത്ത. അതാണ് സുവിശേഷം. എന്നാൽ ഈ സുവിശേഷം ആദ്യമായി കേൾക്കാനും സ്വീകരിക്കാനും കൃപ ലഭിച്ചത് സമൂഹം പുറന്തള്ളിയ ഇടയന്മാർക്കാണ് എന്ന് സുവിശേഷകൻ എടുത്തു പറയുന്നു.

ആട്ടിടയന്മാർക്ക് വേഗത്തിൽ മനസ്സിലാകുന്നതാണ് പിള്ളക്കച്ചയുടെയും പുൽത്തൊട്ടിലിന്റേയും ഭാഷ. അവർക്കു രക്ഷ നൽകാനായി ജനിച്ച ദൈവപുത്രൻ അവരിൽ ഒരുവ

www.malankaralibrary.com

നായിത്തീർന്നിരിക്കുന്നു. ദൈവദൃഷ്ടിയിൽ അവർ അധഃകൃതരല്ല, അശുദ്ധരുമല്ല; ദൈവത്തിന്റെ പ്രത്യേക സ്നേഹത്തിനും കരുതലിനും പാത്രീഭൂതരാണ്. ദൈവത്തിന്റെ മാനദണ്ഡങ്ങൾ എല്ലാ അതിരുകളേയും പുനർനിർണ്ണയിക്കുന്നു. പുറന്തള്ളിയവർ പുറത്ത്; പുറന്തള്ളപ്പെട്ടവർ അകത്ത്. അതാണ് പുൽക്കൂട്ടിലെ ശിശുവിലൂടെ ദൈവം നൽകുന്ന സന്ദേശത്തിന്റെ സവിശേഷത.

ദൈവ ദൂത കീർത്തനവും ഇതേ സത്യത്തിന് അടിവരയിടുന്നു. "അത്യുന്നതങ്ങളിൽ ദൈവത്തിനു മഹത്വം" (ലൂക്കാ 2:14). ദൈവത്തിന്റെ മഹത്വം പ്രകടമായത് രാജകൊട്ടാരത്തിന്റെ പ്രൗഢിയിലല്ല. പാവപ്പെട്ടവർ അന്തിയുറങ്ങുന്ന പിന്നാമ്പുറങ്ങളിലാണ്. 'മഹത്വം' എന്ന ആശയത്തിനു തന്നെ മാറ്റം വരുന്നു. കാലിത്തൊഴുത്തിലും ചെറ്റക്കുടിലിലും ഒക്കെയാണ് ദൈവമഹത്വം പ്രകടമാകുന്നത്. വഴിവക്കിലും മരച്ചുവട്ടിലും അന്തിയുറങ്ങുന്ന മനുഷ്യപുത്രൻ (ലൂക്കാ 9:58) ഈ മഹത്വത്തിന്റെ പുതിയ മാനങ്ങൾ കാണിച്ചു തരും. സകല മനുഷ്യരുടെയും ദുഃഖവും ദുരിതവും, അവയ്ക്കെല്ലാം കാരണമായ ലോകത്തിന്റെ പാപവും ഏറ്റുവാങ്ങി, കുരിശിൽ മരിക്കുമ്പോഴാണ് ദൈവമഹത്വത്തിന്റെ യഥാർത്ഥ അവസ്ഥ പ്രകടമാക്കിയത് (യോഹ 3:16). സ്നേഹമാണ് മഹത്വത്തിന്റെ നിദാനം. താദാത്മീകരണമാണ് സ്നേഹത്തിന്റെ പ്രകടനം. ദൈവത്തിന്റെ പ്രത്യേക സ്നേഹത്തിനു പാത്രീഭൂതരാണ് ദൈവകൃപ ലഭിച്ചവർ. ദൈവ മഹത്വം ദർശിക്കുവാനായി വിളിക്കപ്പെട്ടവരുടെ മാതൃകയായി ആട്ടിടയന്മാർ മുൻപന്തിയിൽ നിൽക്കുന്നു.

ദൈവദൂതന്മാരുടെ കീർത്തനത്താൽ മനസ്സും ഹൃദയവും നിറഞ്ഞ ഇടയന്മാർ ഒട്ടും വൈകാതെ, ശിശുവിനെ തേടി രാത്രിയിൽ തന്നെ പുറപ്പെട്ടു. പറഞ്ഞതുപോലെ തന്നെ അവർ ദിവ്യശിശുവിനെ കണ്ടു. തങ്ങളുടെ ഇല്ലായ്മയിൽ പങ്കുചേർന്ന്, തങ്ങളിൽ ഒരുവനെപ്പോലെ ആയിരിക്കുന്ന ശിശുവിൽ അവർ രക്ഷകനെ കണ്ടു. അവരുടെ യാത്ര സഫലമായി. അവർ തിരിച്ചുപോയി, വന്നതുപോലെയല്ല, പുതിയ മനുഷ്യരായി. ദൈവദർശനത്താൽ, അവരുടെ ഹൃദയത്തിൽ

www.malankaralibrary.com

സന്തോഷം നിറഞ്ഞുതുളുമ്പി. തങ്ങളെയും ചുറ്റുപാടുക ളെയും പുതിയൊരു വെളിച്ചത്തിൽ അവർ കണ്ടു. അത് അവരെ ജീവിക്കുന്ന സുവിശേഷങ്ങളാക്കി മാറ്റി.

തിരുപ്പിറവിയുടെ വിവരണം അവസാനിപ്പിക്കുന്ന തിനു മുമ്പ് സുവിശേഷകൻ ദിവ്യശിശുവിന്റെ അമ്മയിലേക്കു ശ്രദ്ധ തിരിക്കുന്നു. “മറിയമാകട്ടെ ഇവയെല്ലാം ഹൃദയത്തിൽ സംഗ്രഹിച്ച് ഗാഢമായി ചിന്തിച്ചുകൊണ്ടിരുന്നു” (ലൂക്കാ 2:19). കണ്ടതും കേട്ടതും എല്ലാം അമ്മയ്ക്ക് ഉടനെ മനസ്സിലായില്ല. ഒരായുസു മുഴുവൻ അഗാധമായി മനനം ചെയ്യാനുള്ള വിഷ യമാണിത്. അപ്രതീക്ഷിതമായ സാഹചര്യങ്ങളിലും സംഭവ ങ്ങളിലും നമ്മുടെ അടുത്തേക്കു വരുന്ന ദൈവത്തിന്റെ സന്ദർശനം തിരിച്ചറിയാൻ നമുക്ക് സാധിക്കണം. സഹോദര സ്നേഹത്തിൽ പ്രകടമാകുന്ന ദൈവസ്നേഹത്താൽ യേശു വിനു പിറക്കാൻ ഹൃദയത്തിൽ ഇടമൊരുക്കാം. അപ്പോൾ നമുക്കും കേൾക്കാം മാലാഖമാരുടെ സന്ദേശം “നിങ്ങൾക്കായി ഒരു രക്ഷകൻ, കർത്താവായ ക്രിസ്തു, ഇന്ന് ജനിച്ചിരിക്കുന്നു”. പിറവിത്തിരുനാളിന്റെ ശാന്തിയും സമാ ധാനവും സന്തോഷവും പുതുവർഷത്തിന്റെ ഐശ്വര്യങ്ങളും എല്ലാവർക്കും ഹൃദയപൂർവ്വം ആശംസിക്കുന്നു.

ആയത് ദൈവമാതാവായ പരിശുദ്ധ കന്യകമറിയാമി ന്റെയും ഭാരതത്തിന്റെ അപ്പസ്തോലനായ മാർത്തോമ്മാശ്ലീ ഹായുടെയും പരിശുദ്ധന്മാരുടെയും പ്രാർത്ഥനയാൽ തന്നെ. ആമ്മേൻ

എന്ന്,



അമലഗിരി — **+ ഡോ. ജോഷ്വാ മാർ ഇഗ്നാത്തിയോസ്**

ക്രിസ്തുമസ് 2019 — മാവേലിക്കര ഭദ്രാസനാദ്ധ്യക്ഷൻ

www.malankaralibrary.com

ദൈവകൃപയാലും തിരുസിംഹാസനത്തിന്റെ അംഗീകാര
ത്താലും മാവേലിക്കര ഭദ്രാസനാദ്ധ്യക്ഷൻ ജോഷ്വാ മാർ
ഇഗ്നാത്തിയോസ് മെത്രാപ്പോലീത്തായിൽ നിന്നും
ബഹുമാനപ്പെട്ട വൈദികർക്കും സന്യസ്തർക്കും
വിശ്വാസികളേവർക്കും വാഴ്വ്!

PL. No. 03/ 2020

## ക്രിസ്തുമസ് 2020

ബഹുമാനപ്പെട്ട വൈദികരേ, സന്യസ്തരേ, വിശ്വാസികളേ,

ലോകം ദർശിച്ച വിസ്മയകരമായ പ്രകാശത്തിന്റെ തിരുനാളാണ് ക്രിസ്തുമസ്. ഇരുളിൽ വസിക്കുന്നവർ ദൈവിക പ്രകാശം കണ്ടു (ഏശയ്യ 9:1) എന്ന പ്രവചനവാക്യങ്ങൾ കാലത്തികവിൽ ബെത്‌ലഹേമിലെ പുൽത്തൊഴുത്തിൽ യാഥാർത്ഥ്യമായി. സകലർക്കും രക്ഷ പ്രധാനം ചെയ്യുന്ന ദൈവകരുണയാണ് ബെത്‌ലഹേമിൽ ഉദയം ചെയ്തത്.

മനുഷ്യാവതാര സംഭവത്തെ ആദ്യം വരവേറ്റത് എളിയവരും പാവങ്ങളുമായ ആട്ടിടയന്മാരാണ് (ലൂക്കാ 2:9). സ്നേഹത്തോടും, നന്ദിയോടും എന്നാൽ ഭയത്തോടുംകൂടെ ഉണ്ണിയേശുവിനെ കാണുവാൻ പുറപ്പെട്ട ഇടയന്മാർ തീർച്ചയായും മനുഷ്യനെ തേടിയെത്തിയ ദൈവത്തെയാണ് എതിരേറ്റത്. കർത്താവിന്റെ മഹത്വം ദർശിച്ച ആട്ടിടയന്മാർ ഹൃദയം നിറയെ നന്ദിയോടെ സ്രഷ്ടാവിനെ ആരാധിച്ചു. പുൽക്കൂട്ടിൽ വളരെ പ്രകടമായി ദൃശ്യമാകുന്നത് താഴ്മയിൽ നമ്മിലേയ്ക്കു ഇറങ്ങി വന്ന ദൈവവും അവിടുത്തെ മക്കളും തമ്മിലുള്ള കൂടികാഴ്ചയാണ്. നമ്മുടെ വിശ്വാസത്തിനും അതിന്റെ അന്യൂനമായ സൗന്ദര്യത്തിനും രൂപം നല്കുന്ന കൂടികാഴ്ചയാണിത്.

മനുഷ്യത്വത്തിന്റെ പരിമിതികളെ ദൈവീകതയുടെ പൂർണ്ണതയാൽ പുൽക്കൂട്ടിലവതരിച്ച ദൈവപുത്രൻ തികവുള്ള

www.malankaralibrary.com

താക്കിമാറ്റി. ജീവിതങ്ങളെ രൂപാന്തരപ്പെടുത്തുന്ന ദൈവസ്നേഹത്തിന്റെ അപാരതയാണ് ക്രിസ്തുമസിൽ പ്രകടമായത്. ദൈവസ്നേഹത്തിന്റെ വിസ്ഫോടനമാണ് ക്രിസ്തുമസിൽ സംഭവിച്ചത്. തന്റെ ഏക ജാതനെ നൽകുവാൻ തക്കവിധം ലോകത്തെ അത്രമാത്രം ദൈവപിതാവ് സ്നേഹംകൊണ്ട് നിറച്ചു. പരിധികളില്ലാത്ത സ്നേഹത്താൽ സ്വർഗത്തിന്റെ ഉടയവൻ മനുഷ്യന്റെ തലങ്ങളിലേക്ക് ഇറങ്ങിവന്നു.

പുൽകൂട്ടിൽ പിറന്ന ക്രിസ്തു ചരിത്രത്തെ നവീകരിക്കുകയും, തിന്മയിൽനിന്നു ലോകത്തെ വിമോചിപ്പിക്കുകയും, നമ്മുടെ ഹൃദയങ്ങൾ സമാധാനവും സന്തോഷവുംകൊണ്ടു നിറയ്ക്കുകയും ചെയ്യുന്നു. മനുഷ്യൻ തങ്ങളുടേതായ വഴികളിലൂടെ ചരിച്ചപ്പോഴും ദൈവം താഴ്മയോടെ നമ്മുടെ പക്കലേക്ക് ഇറങ്ങിവന്നു. ദൈവം തന്റെ മഹിമ വെടിഞ്ഞ് നിസ്സാരനായി മനുഷ്യരുടെ ഇടയിൽ വസിച്ചു.

അവഗണിക്കപ്പെട്ടവരിലേക്കും പുറംതള്ളപ്പെട്ടവരിലേക്കും അവൻ കടന്നുവന്നു. കാരണം ദൈവം സകലരേയും പരിധികളില്ലാതെ സ്നേഹിക്കുന്നു. അളവില്ലാത്ത തന്റെ സ്നേഹം യേശു ക്രിസ്തുവിലൂടെ പിതാവായ ദൈവം വെളിപ്പെടുത്തിയ വലിയ തിരുനാളാണ് ക്രിസ്തുമസ്. നാം എല്ലാം ശരിയായി ചെയ്യുന്നതുകൊണ്ടല്ല അവിടുന്നു നമ്മെ സ്നേഹിക്കുന്നത്. നാം പാപികളായിരിന്നിട്ടും അവിടുന്നു നമ്മെ സ്നേഹിക്കുന്നു. അവിടുത്തെ സ്നേഹം മാറ്റമില്ലാത്തതും നിരന്തരവുമാണ്. ഇതാണ് ബെത്‌ലഹേമിൽ നമുക്കു ലഭിച്ച സമ്മാനവും ദാനവും. അവിടുത്തെ മഹത്വംകൊണ്ട് ദൈവം നമ്മെ ഒരിക്കലും കീഴ്പ്പെടുത്തിയില്ല, ഭീതിപ്പെടുത്തിയുമില്ല. മറിച്ച് അവിടുന്ന് ദരിദ്രനായി പിറന്നത് നമ്മുടെ ഹൃദയങ്ങളെ സ്നേഹത്തിന്റെ സമ്പന്നതകൊണ്ട് കീഴ്പ്പെടുത്തുവാനായിരുന്നു.

ദൈവസ്നേഹത്തിന്റെ സൗന്ദര്യമാണ് നാം ക്രിസ്തുമസ്സിൽ ദർശിക്കുന്നത്. നമ്മുടെ നിസ്സഹായതയിലും, രോഗത്തിലും, ക്ലേശങ്ങളിലും, ദാരിദ്ര്യത്തിലും, പാപത്തിലും ദൈവകൃപ നമ്മിൽ വർദ്ധിക്കുന്നു. ദൈവം നമ്മെ അനസ്യൂതം സ്നേഹിക്കുന്നു. ദൈവസ്നേഹം നമ്മെ കീഴ്പ്പെടുത്തിയ ദിനമാണ് ക്രിസ്തുമസ്. നമ്മുടെ അസ്തിത്വത്തിന്റെ സത്തയെ അവിടുന്നു അറിയുന്നു. നമ്മുടെ ബലഹീനമായ മനുഷ്യത്വമാണ് ക്രിസ്തുമസ്

www.malankaralibrary.com

നാളിൽ ദൈവം അണിഞ്ഞതും, എന്നേയ്ക്കുമായി ആശ്ലേഷിച്ച തും. നമ്മെ മഹിമ ധരിപ്പിക്കുവാൻ അവിടുന്ന് നിസ്സഹായനായി മാറി.

ഇടയന്മാരോടു പറഞ്ഞ്തുപോലെ, ഭയപ്പെടേണ്ടെന്നും ജീവിതവ്യഥകളിൽ ആത്മവിശ്വാസവും പ്രത്യാശയും നഷ്ടപ്പെ ടുത്തരുതെന്നും അവിടുന്നു നമ്മോട് ഇന്നും പറയുന്നുണ്ട്. നമ്മുടെ സങ്കടങ്ങളെ അതിജീവിക്കുവാൻ പുത്രൻ തമ്പുരാന്റെ മനുഷ്യാവതാരം കരുത്തും പ്രചോദനമായി നമ്മെ ശാക്തീകരി ക്കുന്നു. നവമായ പ്രത്യാശ നമ്മിൽ വിരിയിച്ച് ക്രിസ്തുമസ് പുതു ജീവന്റെ പുത്തനുണർവ് നമ്മിലുണർത്തുന്നു.

നാം ദൈവത്തെ അന്വേഷിച്ചിറങ്ങുന്നതിനു മുമ്പ് ദൈവം അന്വേഷിച്ച് നമ്മിലേയ്ക്കു വരുവാൻ നാം നമ്മെത്തന്നെ വിട്ടു കൊടുക്കുക. പുൽകൂട്ടിലെ ദിവ്യശിശുവിനെ ധ്യാനിച്ച് അവി ടുത്തെ ലാളിത്യമാർന്ന സ്നേഹത്തിൽ നമുക്ക് വിലയം പ്രാപി ക്കാം. നമ്മുടെ ജീവിതത്തിലെ ചെറിയ പ്രശ്നങ്ങളോ, ലോകത്തു നടക്കുന്ന വലിയ പ്രതിസന്ധികളോ, സമൂഹത്തിൽ ഉയർന്നുവരുന്ന പ്രയാസങ്ങളോ, ഇതിന് തടസ്സമാകരുത്. യേശു വിന്റെ ധാരാളിത്തമുള്ള സ്നേഹത്തിനു മുന്നിൽ ഇവയൊന്നും ഒരു പ്രതിബന്ധമോ തടസ്സമോ അല്ല. അതിനാൽ ഈ ക്രിസ്തു മസ് നാളിൽ ദൈവസ്നേഹത്താൽ ആശ്ലേഷിക്കപ്പെടാൽ നമുക്ക് നമ്മെത്തന്നെ അവന്റെ മുൻപിൽ സമർപ്പിക്കാം.

ദൈവത്തിന് നമ്മോടുള്ള വലിയ സ്നേഹം ഏറെ പ്രിതി നന്ദി അർഹിക്കുന്നുണ്ട്. ദൈവകൃപ സ്വീകരിക്കുന്നവർ അതിന് പ്രതിനന്ദിയുള്ളവരായി ജീവിക്കാൻ സന്നദ്ധരാവണം. പല പ്പോഴും നമ്മുടെ പ്രതിസ്നേഹം വളരെ ചെറുതാണ്. ക്രിസ്തു മസ് നാളിൽ, ഹൃദയം നിറയെ നന്ദിയോടെ പുൽക്കൂട്ടിലവത രിച്ച ദൈവ കാരുണ്യത്തെ നമുക്ക് ധ്യാനിക്കാം. ലോകത്ത് ആഗ തമായ വലിയ ദൈവസ്നേഹത്തിന് നന്ദി പറയാം. ദൈവിക സമ്മാനവും ദാനവുമായ ക്രിസ്തുവിനെ സ്വീകരിച്ചവർ എന്ന നിലയിൽ നമുക്ക് നമ്മുടെ സഹോദരങ്ങൾക്ക് നമ്മളെത്തന്നെ പ്രതിസമ്മാനമാക്കാൻ പരിശ്രമിക്കാം. നമ്മുടെ ജീവിതം സഹോ ദരങ്ങൾക്കായുള്ള സമ്മാനമാക്കി നമുക്ക് മാറ്റാം. വർത്തമാന കാലഘട്ടത്തെ നവീകരിക്കുവാനും കരുണാർദ്രമാക്കുവാനും അതിലൂടെ നമുക്ക് സാധിക്കും.

www.malankaralibrary.com

ക്രിസ്തുമസ് രാവിൽ ക്രിസ്തു നമ്മെ പഠിപ്പിക്കുന്നത്, സ്വന്തം ജീവൻകൊണ്ട് അവിടുന്നു ലോകത്തെ മാറ്റിമറിച്ച സംഭവമാണ്. നാം നല്ലവരായിട്ടോ, അവിടുത്തെ നാം സ്നേഹിച്ചിട്ടോ നമ്മെ സ്നേഹിക്കാൻ ദൈവം കാത്തിരുന്നില്ല. അവിടുന്നു ദാനമായി നമ്മെ സ്നേഹിച്ചു. എല്ലാം സമൃദ്ധമായി നല്കി. കരുണയോടും സഹാനുഭൂതിയോടും നമുക്ക് നമ്മുടെ സഹോദരങ്ങളെ കരുതി സ്നേഹിക്കാം. കോവിഡ് 19 മഹാമാരി അനിശ്ചിതത്വവും വേദനയും സമൂഹജീവിതത്തിൽ വാരിവിതറുമ്പോൾ മനുഷ്യത്വമുള്ള സമീപനങ്ങളോടെ നമുക്ക് നമ്മുടെ സഹോദരങ്ങളെ സ്നേഹിക്കാം. സൗഖ്യവും സമാശ്വാസവും നല്കുന്ന ദൈവത്തിൽ നമുക്ക് ആശ്രയം കണ്ടെത്താം.

ദൈവസ്നേഹം നമ്മിൽ ഉദയംചെയ്ത ദിനമാണ് ക്രിസ്തുമസ്. ദൈവകരുണ ലോകത്തു പ്രത്യക്ഷമാവുകയും നമ്മുടെ ഹൃദയങ്ങളെ പ്രോജ്ജ്വലിപ്പിക്കുകയും ചെയ്ത ദിവസമാണ് ക്രിസ്തുമസ്. സകലരുടെയും ഹൃദയങ്ങളെ പ്രഭാപൂരിതമാക്കുന്ന ക്രിസ്തുമസിന്റെ വെളിച്ചം നമുക്ക് സ്വീകരിക്കാം. ഏവർക്കും സന്തോഷവും സമാധാനവും നിറഞ്ഞ ക്രിസ്തുമസ് ആശംസിക്കുന്നു. അതോടൊപ്പം ഐശ്വര്യം നിറഞ്ഞ പുതുവർഷവും ഹൃദയപൂർവ്വം നേരുന്നു.

ആയത് ദൈവമാതാവായ പരിശുദ്ധ കന്യകാമറിയാമിന്റെയും ഭാരതത്തിന്റെ അപ്പസ്തോലനായ മാർത്തോമ്മാശ്ലീഹായുടെയും പരിശുദ്ധന്മാരുടെയും പ്രാർത്ഥനയാൽ തന്നെ. ആമ്മേൻ

എന്ന്,



അമലഗിരി **+ ഡോ. ജോഷ്വാ മാർ ഇഗ്നാത്തിയോസ്**
ക്രിസ്തുമസ് 2020 മാവേലിക്കര ഭദ്രാസനാദ്ധ്യക്ഷൻ

www.malankaralibrary.com

ദൈവകൃപയാലും തിരുസിംഹാസനത്തിന്റെ അംഗീകാര
ത്താലും മാവേലിക്കര ഭദ്രാസനാദ്ധ്യക്ഷൻ ജോഷ്വാ മാർ
ഇഗ്നാത്തിയോസ് മെത്രാപ്പോലീത്തായിൽ നിന്നും
ബഹുമാനപ്പെട്ട വൈദികർക്കും സന്യസ്തർക്കും
വിശ്വാസികളേവർക്കും വാഴ്വ്!

PL. No. 02/2021

## ക്രിസ്തുമസ് 2021

ബഹുമാനപ്പെട്ട വൈദികരേ, സന്യസ്തരേ, വിശ്വാസികളേ,

നമ്മുടെ കർത്താവേശുമിശിഹായുടെ ജനനത്തിന്റെ അനുസ്മരണം ആരാധനക്രമത്തിലൂടെയും നമ്മുടെ ജീവിതത്തിലൂടെയും സവിശേഷമാംവിധം കൊണ്ടാടുവാനും ധ്യാനിക്കുവാനുമുള്ള അവസരമാണല്ലോ യൽദാ കാലം. ക്രൈസ്തവനെ സംബന്ധിച്ച് മനുഷ്യാവതാരമെന്നത് വിശ്വാസത്തിന്റെ ഒരു മഹാരഹസ്യമാണ്. ഈ വിശ്വാസ സത്യം പരിശുദ്ധ സഭയുടെ വിശ്വാസപ്രമാണത്തിൽ നാം ഇപ്രകാരം പ്രഘോഷിക്കുന്നു: മനുഷ്യരായ നമുക്കും നമ്മുടെ രക്ഷയ്ക്കും വേണ്ടി അവിടുന്ന് സ്വർഗ്ഗത്തിൽ നിന്നിറങ്ങി, പരിശുദ്ധാത്മാവിനാൽ വിശുദ്ധ കന്യകമറിയത്തിൽ നിന്ന് ശരീരം സ്വീകരിച്ച് മനുഷ്യനായി പിറന്നു.

സമയത്തിന്റെ പൂർണ്ണതയിൽ ദൈവം തന്റെ പുത്രനെ ലോകത്തിലേക്ക് അയയ്ക്കുന്നു. അവിടുന്ന് സ്ത്രീയിൽ നിന്ന് നിയമത്തിന് വിധേയനായി ജനിച്ചു. അങ്ങനെ നിയമത്താൽ ബന്ധിതരായിരുന്നവരെ മോചിക്കുകയും നമുക്ക് ദത്തുപുത്രസ്ഥാനം നേടിത്തരികയും ചെയ്തു (ഗലാ 4:4 - 5). അദൃശ്യനായ ദൈവം കർത്താവേശു മിശിഹായിൽ ദൃശ്യനായി ലോകത്തിന് പ്രത്യക്ഷപ്പെട്ടു. തന്റെ ഏകജാതനിൽ വിശ്വാസിക്കുന്ന ഒരുവനും നശിച്ചുപോകാതെ നിത്യജീവൻ ഉണ്ടാകേണ്ടതിന് ദൈവം ലോകത്തെ അത്രമാത്രം സ്നേഹിച്ചു എന്ന ദൈവവച

www.malankaralibrary.com

നമാണ് മനുഷ്യാവതരാത്തിന്റെ അടിസ്ഥാനം (യോഹ 3:16). മനുഷ്യചരിത്രത്തിലേക്കുള്ള ദൈവത്തിന്റെ സ്നേഹപൂർവ്വമായ ഇറങ്ങിവരവായിട്ടാണ് യേശുവിന്റെ മനുഷ്യാവതാരത്തെ തിരുവചനം വെളിപ്പെടുത്തുന്നത്.

ക്രിസ്തുമസ് കരുണയുടെ തിരുനാളാണ്. വി. ലൂക്കോസിന്റെ സുവിശേഷത്തിൽ (1-2) ആവർത്തിച്ചു നാം കണ്ടുമുട്ടുന്നത് ദൈവത്തിന്റെ കരുണയുടെ പ്രകാശത്തെയാണ്. മറിയത്തിന്റെ സ്തോത്രഗീതത്തിലും (1:46-56), സ്നാപക യോഹന്നാന്റെ ജനനാവസരത്തിലും (1:57-58), സഖറിയായുടെ പ്രവചനഗീതത്തിലും (1:78), നാം കാണുന്നത് കരുണയുടെ സാക്ഷ്യവും പ്രഘോഷണവുമാണ്. തലമുറകൾതോറും അവിടുന്ന് കരുണ വർഷിക്കും (1:30), തന്റെ കാരുണ്യം അനുസ്മരിച്ച്കൊണ്ട് അവിടുന്ന് തന്റെ ദാസനായ ഇസ്രായേലിനെ സഹായിച്ചു (1:54), കർത്താവ് അവളോട് വലിയ കാരുണ്യം കാണിച്ചിരിക്കുന്നു എന്ന് കേട്ട അയൽക്കാരും ബന്ധുക്കളും അവളോടൊത്ത് സന്തോഷിച്ചു (1:57-58). നമ്മുടെ ദൈവത്തിന്റെ കാരുണ്യാതിരേകം കൊണ്ട് ഉയരത്തിൽ നിന്നുള്ള ഉദയരശ്മി നമ്മെ സന്ദർശിക്കുമ്പോൾ, ഇരുളിലും മരണത്തിന്റെ നിഴലിലും ഇരിക്കുന്നവർക്കു പ്രകാശം വീശാനും സമാധാനത്തിന്റെ മാർഗ്ഗത്തിലേക്ക് നമ്മുടെ പാദങ്ങളെ നയിക്കാനും വേണ്ടിയാണ് (1:78). ഫ്രാൻസിസ് മാർപ്പാപ്പ കരുണയുടെ മുഖം എന്ന പേപ്പൽ ബൂളയിൽ വിശദമാക്കുന്നതും ഇത് തന്നെയാണ്. ദൈവത്തിന്റെ പേര് കാരുണ്യം എന്നാണെങ്കിൽ ആ കരുണയുടെ അവതാരദിനമാണ് ക്രിസ്തുമസ്.

ക്രിസ്തുമസ് പ്രകാശത്തിന്റെ തിരുനാളാണ്. സർവ്വമനുഷ്യരെയും പ്രകാശിപ്പിക്കുന്ന യഥാർത്ഥവെളിച്ചമായാണ് മിശിഹാ ലോകത്തിലേക്ക് വന്നത് (യോഹ 1:9). രാത്രിയുടെ അന്ധകാരത്തെയും നിശ്ശബ്ദതയെയും ഇല്ലാതാക്കുന്ന ഉദയരശ്മിയായാണ് സുവിശേഷകന്മാർ തിരുപ്പിറവിയെ വിവരിക്കുന്നത്. ഇരുളിലും മരണത്തിന്റെ നിഴലിലും ഇരിക്കുന്നവർക്കു പ്രകാശം വീശാനും സമാധാനത്തിന്റെ മാർഗ്ഗത്തിലേക്ക് നമ്മുടെ പാദങ്ങളെ നയിക്കാനും വേണ്ടിയാണ് (ലൂക്കാ 1:79) അവൻ ജനിച്ചത്. യേശുവിന്റെ ജനന സമയത്ത്, ആടുകളെ രാത്രി കാത്തുകൊണ്ടിരുന്ന ഇടയന്മാർക്കുമേൽ കർത്താവിന്റെ മഹത്വം പ്രകാശിച്ചു (ലൂക്കാ 2:9) എന്ന് നാം വായിക്കുമ്പോൾ, സകല ജനത

www.malankaralibrary.com

യ്ക്കുമുള്ള സദ്വാർത്ത അവർ കേൾക്കുകയായിരുന്നു. അത്യു ന്നതങ്ങളിൽ ദൈവത്തിനു മഹത്വം ഭൂമിയിൽ ദൈവകൃപ ലഭി ച്ചവർക്ക് സമാധാനം. ബേത്ലഹേമിൽ ഉദിച്ച ഈ പ്രകാ ശത്തെക്കുറിച്ചാണ് ഏശയ്യ പ്രവാചകൻ പ്രവചിക്കുന്നത് (ഏശയ്യ 4:15 –16). ജോർദ്ദാന്റെ മറുകരയിൽ, സെബലൂൺ നഫ്ത്താലി പ്രദേശങ്ങളിൽ, അന്ധകാരത്തിൽ സ്ഥിതി ചെയ്തിരുന്ന ജന ങ്ങൾ, വലിയ പ്രകാശം കണ്ടു. മരണത്തിന്റെ മേഖലയിലും നിഴ ലിലും വസിച്ചിരിക്കുന്നവർക്കായി ഒരു ദീപ്തി ഉദയം ചെയ്തു (മത്തായി 4:15–16).

ക്രിസ്തുമസ് ദൈവസാന്നിധ്യത്തിന്റെ തിരുനാളാണ്. നീസായിലെ വിശുദ്ധ ഗ്രിഗറി ഇപ്രകാരം ഉദ്ബോധിപ്പിക്കുന്നു: മനുഷ്യവർഗ്ഗം അത്യന്തം ദുരിതപൂർണ്ണവും അസ്വസ്ഥവുമായ അവസ്ഥയിലായിരുന്നതിനാൽ മനുഷ്യരുടെ ഇടയിലേക്ക് ഇറ ങ്ങിവരുവാനും അവരെ സന്ദർശിക്കുവാനും ദൈവം തിരുമന സ്സായി. മൃതാവസ്ഥയിലൂടെ കടന്നുപോയ മനുഷ്യർക്കു ജീവദാ യകനായും (യോഹ 11:25), രോഗാവസ്ഥയിലൂടെ കടന്നുപോയ മനുഷ്യർക്കു വൈദ്യനായും അദ്ധ്വാനിക്കുന്നവരും ഭാരം ചുമ ക്കുന്നവരുമായ മനുഷ്യർക്കു ആശ്വാസദായകനായും പാപിക ളായ മനുഷ്യർക്കു വിമോചകനായും കർത്താവു വസിക്കുന്നു എന്ന സദ്വാർത്തയാണ് മാലാഖ നൽകിയത്.

കൂടെ വസിക്കുന്ന, എമ്മാനുവേലായ, ഈ ദൈവത്തെ ക്കുറിച്ച് മോശയുടെ നിയമത്തിൽ പ്രതിപാദിക്കുന്നുണ്ട്. ഭയപ്പെ ടേണ്ട; അവരെ പ്രതി പരിഭ്രമിക്കുകയും വേണ്ട. എന്തെന്നാൽ, നിങ്ങളുടെ കർത്താവാണ് കൂടെ വരുന്നത്. അവിടുന്ന് നിങ്ങളെ നിരാശപ്പെടുത്തുകയോ പരിത്യജിക്കുകയോ ഇല്ല (നിയമാ 31:16). പ്രവാചക ഗ്രന്ഥങ്ങളിലും സങ്കീർത്തനങ്ങളിലും നമ്മോടുകൂടെ വസിക്കുന്ന ദൈവത്തെക്കുറിച്ചുള്ള സൂചനകൾ നമുക്കു കാണാ നാകും. ഭയപ്പെടേണ്ട, ഞാൻ നിന്നോടുകൂടെയുണ്ട്. സംഭ്രമിക്കേ ണ്ട, ഞാനാണ് നിന്റെ ദൈവം. ഞാൻ നിന്നെ ശക്തിപ്പെടുത്തു കയും സഹായിക്കുകയും ചെയ്യും. എന്റെ വിജയകരമായ വല ത്തുകൈകൊണ്ട് ഞാൻ നിന്നെ താങ്ങി നിർത്തും (എശയ്യ 41:10). മരണത്തിന്റെ നിഴൽവീണ താഴ്‌വരയിലൂടെയാണ് ഞാൻ നട ക്കുന്നതെങ്കിലും അവിടുന്ന് കൂടെയുള്ളതിനാൽ ഞാൻ ഭയപ്പെ ടുകയില്ല (സങ്കീ 23:4). ഈ സാന്നിദ്ധ്യം ക്രിസ്തു വീണ്ടും ഉറ പ്പാക്കുന്നു, രണ്ടോ മൂന്നോ പേർ എന്റെ നാമത്തിൽ ഒരുമിച്ച്

www.malankaralibrary.com

കൂടുന്നിടത്ത് അവരുടെ മദ്ധ്യേ ഞാൻ ഉണ്ടായിരിക്കും (മത്തായി 18:1). ഈ സാന്നിദ്ധ്യത്തിന്റെ നിത്യമായ വാഗ്ദാനമാണ് സ്വർഗ്ഗാരോഹണ സമയത്ത് യേശു ശിഷ്യർക്കു നൽകുന്നത്, ലോകാവസാനം വരെ ഞാൻ കൂടെയുണ്ടാകും (മത്തായി 28:20).

യേശുവിന്റെ മനുഷ്യാവതാരം മാനുഷിക യാഥാർത്ഥ്യങ്ങളിലേക്കുള്ള ദൈവത്തിന്റെ ഇറങ്ങിവരവാണ്. മനുഷ്യാവതാരം ചെയ്ത ദൈവത്തോടൊത്തുള്ള ഒരു തീർത്ഥാടനം ആണല്ലോ ക്രിസ്തുമസ്. ദൈവപുത്രൻ മനുഷ്യപുത്രനായി പിറന്നതിലൂടെ മനുഷ്യരെല്ലാം ദൈവപുത്രന്മാരായി എന്ന വി. ഐറേനിയോസിന്റെ പഠിപ്പിക്കൽ മനുഷ്യാവതാരത്തിന്റെ വലിയ മഹത്വം വെളിപ്പെടുത്തുന്നു. ദൈവം നമ്മോടുകൂടെ വസിക്കുന്നതുപോലെ നാമും സഹോദരങ്ങളുടെ കൂടെ വസിക്കേണ്ടവരാണ്. യേശുവിൽ വെളിപ്പെടുത്തപ്പെട്ട ദൈവസ്നേഹത്തിന്റെ തീക്ഷ്ണമായ അനുഭവത്തിൽ നിന്നാണ് യഥാർത്ഥ സാഹോദര്യം ഉടലെടുക്കുന്നത്. ഫ്രത്തേല്ലി തൂത്തി (നാമെല്ലാവരും സോദരർ) എന്ന ചാക്രിക ലേഖനം പകർന്നു തരുന്ന ചിന്തകൾ ക്രിസ്തുമസ് കാലത്ത് ഏറെ ധ്യാനയോഗ്യമാണ്, പ്രത്യേകിച്ച് കോവിഡ് 19 പോലെയുള്ള മഹാമാരിയുടെ കാലത്തിൽ. ഫ്രാൻസിസ് മാർപാപ്പ പറയുന്നതുപോലെ മറ്റൊരാളില്ലാതെ നമ്മുടെ നിലനിൽപ്പ് ഇല്ലായെന്നും നാമെല്ലാവരും സഹോദരീ സഹോദരന്മാരാണെന്നുമുള്ള യാഥാർത്ഥ്യം ഈ കോവിഡ് കാലത്ത് കൂടുതൽ സ്പഷ്ടമായി മനസ്സിലാക്കാം (ഫ്രത്തേല്ലി തൂത്തി 32). നല്ല സമറിയാക്കാരന്റെ ഉപമ വ്യാഖ്യാനിച്ചുകൊണ്ട് ഫ്രാൻസിസ് മാർപാപ്പ പഠിപ്പിക്കുന്നതും ഇതു തന്നെ. മുറിവേറ്റ് കിടക്കുന്നവന് ആവശ്യമായ ശുശ്രൂഷകൾ നൽകിയശേഷം അംഗീകാരത്തിനോ നല്ല വാക്കിനോ കാത്തു നിൽക്കാതെ അയാൾ യാത്രയാകുന്നു. മറ്റൊരു വ്യക്തിയെ സഹായിക്കാനുള്ള അദ്ദേഹത്തിന്റെ പ്രയത്നം ദൈവതിരുമുമ്പാകെയും സ്വന്തം ജീവിതത്തിലും അയാൾക്കു വലിയ സംതൃപ്തി നൽകുന്നു. അത് അയാളുടെ കർത്തവ്യവും ഉത്തരവാദിത്തവും ആകുന്നു. മുറിവേറ്റിരിക്കുന്ന നമ്മുടെ ചുറ്റുപാടുമുള്ളവരോടും ഭൂമിയിലെ സർവ്വമനുഷ്യരോടും നമുക്ക് വലിയ കടപ്പാടുണ്ട്. നല്ല സമറിയാക്കാരന്റെ ജീവിതത്തിലുണ്ടായിരുന്ന കരുതലിന്റെയും സാമിപ്യത്തിന്റെയും സഹോദരഭാവം, ചെറുപ്പക്കാരും പ്രായമായവരും കുട്ടികളുമായ എല്ലാ സ്ത്രീപുരുഷന്മാരുടെയും ആവശ്യങ്ങളിൽ നമുക്കും ഉണ്ടായിരിക്കട്ടെ (ഫ്രത്തേല്ലി തൂത്തി 79).

www.malankaralibrary.com

ഹൃദയത്തിൽ മതിലുകൾ കെട്ടിപ്പൊക്കി മറ്റു വ്യക്തികളുമായുള്ള സംസർഗ്ഗം ഒഴിവാക്കി മതിലുകളുടെ സംസ്ക്കാരം വളർത്താനുള്ള പ്രലോഭനം നമുക്കു ചുറ്റുമുണ്ട്. ഇങ്ങനെ മതിലുകൾ പണിതുയർത്തുന്നവരാകട്ടെ, സ്വാഭാവികമായും തങ്ങൾ പണിത അതേ മതിലുകൾക്കുള്ളിൽ അടയ്ക്കപ്പെടുന്നു. മറ്റുള്ളവരുമായുള്ള സമ്പർക്കങ്ങൾ ഇല്ലാത്തതിനാൽ അവർ ചക്രവാളം ഇല്ലാത്തവരായി അവശേഷിക്കുന്നു (ഫ്രത്തേല്ലി തൂത്തി 27). ഈ പ്രലോഭനത്തെ അതിജീവിക്കാൻ അത്യാവശ്യം വേണ്ടത് സാർവ്വത്രികമായ തുറവിയാണ്. ഇതിന് അവശ്യം വേണ്ടത് നമ്മുടെ സൗഹൃദവലയം വിസ്തൃതമാക്കുകയാണ്. എന്നോട് അടുത്തവരെയും സ്നേഹവലയത്തിൽ ഇതുവരെ ഉൾക്കൊള്ളിച്ചിട്ടില്ലാത്തവരെയും ഉൾച്ചേർക്കാനുള്ള പ്രവർത്തനങ്ങൾ അതിന് ആവശ്യമാണ്. അവഗണിക്കാതെ കൂടെ നില്ക്കാനും പരസ്പരം സ്വീകരിക്കുവാനും നമുക്ക് സാധിക്കണം എല്ലാവർക്കും ഇവിടെ ഇടമുണ്ട് എന്ന സന്ദേശം നൽകുവാൻ നമുക്ക് സാധിക്കണം (ഫ്രത്തേല്ലി തൂത്തി 81, 96-99). ആരും ഒറ്റപ്പെടാതെ ആരെയും ഒറ്റപ്പെടുത്താതെ കരുതലിന്റെയും കൂട്ടായ്മയുടെയും സന്തോഷത്തിൽ ജീവിക്കാനിടയാകണം. അപരന്റെ സങ്കടങ്ങളിലേക്കും ആവശ്യങ്ങളിലേക്കും സ്നേഹത്തോടെ കടന്നുചെല്ലാൻ കഴിയുന്ന മാനുഷിക നന്മയാണ് നമ്മിൽ ഉണ്ടാകേണ്ടത്. ഒഴിഞ്ഞുമാറലും മുഖം തിരിഞ്ഞു നിൽക്കലുമല്ല, സഹോദരങ്ങളുടെ ദുരിതങ്ങളിലേക്കും സങ്കടങ്ങളിലേക്കും കരുണ നിറഞ്ഞ മനസ്സോടെ കടന്നുചെല്ലണമെന്നതാണ് തിരുപ്പിറവിയുടെ സന്ദേശം.

ജീവിതയാത്രയിൽ നാം ഏറെ ഭയപ്പെട്ട കാലമായിരുന്നല്ലോ മുൻ വർഷങ്ങളിലേത്. ദുഃഖ ദുരിതങ്ങളുടെയും കഷ്ടപ്പാടുകളുടെയും നഷ്ടങ്ങളുടെയും രോഗാകുലതയുടെയും ഒറ്റപ്പെടലിന്റെയും വർഷങ്ങളിലൂടെയാണല്ലോ നാം കടന്നുപോയത്. കോവിഡ് മഹാമാരിയും പ്രളയദുരിതവും നമ്മുടെ ആത്മീയ മേഖലയിലും സാമൂഹിക സാമ്പത്തിക മേഖലയിലും എത്രമാത്രം പ്രഹരം ആണ് ഏൽപ്പിച്ചത്. കോവിഡിന്റെ പ്രഹരത്തിൽ ഉറ്റവരെ നഷ്ടപ്പെട്ടവർ, രോഗികളായവർ, ഭവനങ്ങൾ തകർന്നുപോയവർ, കൃഷിയിടങ്ങൾ ഇല്ലാതായവർ, തൊഴിൽ നഷ്ടപ്പെട്ടവർ, കുടുംബ ബന്ധങ്ങൾ തകർന്നവർ, വരുമാനമാർഗ്ഗങ്ങൾ അടഞ്ഞുപോയവർ, വിദ്യാഭ്യാസത്തിന്റെ സാദ്ധ്യതകൾ ഇല്ലാ

www.malankaralibrary.com

തായവർ, മാനസികവും ശാരീരികമായ അസ്വസ്ഥതയിലൂടെ കടന്നുപോകുന്നവർ അങ്ങനെ ധാരാളം പേർ നമ്മുടെ കൂടെയുണ്ട്.

സഹനങ്ങളുടെയും പ്രതിസന്ധികളുടെയും തകർച്ചയുടെയും ഈ കാലത്തിൽ, എമ്മാവൂസിലേക്ക് യാത്രപോയവർക്ക് സഹയാത്രികനായ ദൈവം നമ്മോടൊപ്പം ഉണ്ടാകും എന്ന പ്രത്യാശയാണ് നമ്മെ ധൈര്യപ്പെടുത്തുന്നത്. നമ്മുടെ ദൈവം നമ്മോടുകൂടെയുണ്ട് എന്ന ബോധ്യം ആകുലതകൾ അകറ്റാനും പിരിമുറുക്കങ്ങൾ ലഘൂകരിക്കുവാനും നമ്മെ ശക്തിപ്പെടുത്തട്ടെ. കോവിഡ് 19 സൃഷ്ടിക്കുന്ന പ്രതിസന്ധികൾക്കും ക്ലേശങ്ങൾക്കുമിടയിൽ പ്രത്യാശയോട് യാത്ര ചെയ്യാൻ പരിശ്രമിക്കാം. ഏതു സാഹചര്യത്തിലും ദൈവം നമ്മോടുകൂടെയുണ്ട് എന്ന എമ്മാനുവേൽ അനുഭവം നമ്മിൽ ആഴത്തിൽ ഉണ്ടാകാൻ നമുക്ക് പരിശ്രമിക്കാം. കാരണം, ദൈവം മനുഷ്യനായത് നമ്മോടൊത്ത് വസിക്കാനാണ്. വേദനകളിലും കഷ്ടപ്പാടിലും കൂടെ നടക്കുന്ന ദൈവത്തെ ഈശോയുടെ ജനനത്തിലൂടെ നാം തിരിച്ചറിയുന്നു.

ദൈവം അയച്ച തന്റെ ഏകജാതനെ നമ്മുടെ ജീവിതത്തിലേക്ക് വരവേൽക്കാനായി നമുക്ക് പരിശ്രമിക്കാം. ബാഹ്യമായ ആഘോഷങ്ങൾക്ക് പരമിതികൾ ഉണ്ടെങ്കിലും ആന്തരികമായ ഒരുക്കങ്ങൾക്ക് കുറവുവരുത്താതിരിക്കാൻ ശ്രദ്ധിക്കാം. ആശങ്കയുടെയും ഭീതിയുടെയും കാലം മാറി ശാന്തതയുടെയും സമാധാനത്തിന്റെയും കാലം വരുമെന്ന പ്രതീക്ഷയും പ്രത്യാശയും നിലനിർത്താൻ ക്രിസ്തുമസ് കാലം നമ്മെ സഹായിക്കട്ടെ. പ്രതീക്ഷയുടെ തുരുത്തുകൾ സ്വപ്നം കാണാൻ ദൈവം നമ്മെ സഹായിക്കട്ടെ.

ക്രിസ്തുമസിന്റെ നക്ഷത്ര വിളക്കുകൾ തെളിയുമ്പോൾ ശരിയായ സന്തോഷത്തിന്റെയും ആനന്ദത്തിന്റെയും കാരുണ്യത്തിന്റെയും വെളിച്ചം നമ്മുടെ കുടുംബങ്ങളിലും നിറയ്ക്കുവാൻ പരിശ്രമിക്കാം. പരസ്പര ബഹുമാനത്തിന്റെയും ക്ഷമയുടെയും കാരുണ്യത്തിന്റെയും ദിനരാത്രങ്ങൾ നമുക്കുണ്ടാകട്ടെ. വെറുപ്പ്, പരിഹാസം, സ്വാർത്ഥത ഇവയോട് നമുക്ക് അകലം പാലിക്കാം. സമൂഹമാധ്യമങ്ങളുടെ ഉപയോഗത്തിനിടയിൽ അടുത്തുള്ളവനെ കാണാതെ പോകുന്ന ആത്മീയ അന്ധത നമുക്കിടയിൽ ഉണ്ട്. ലോകം നന്നാക്കുന്നതിനിടയിൽ മാതാപിതാക്ക

www.malankaralibrary.com


ളെയും ജീവിത പങ്കാളികളെയും സഹോദരങ്ങളെയും അയൽക്കാരെയും കാണാതെ പോകുന്നവരും നമുക്കിടയിൽ ഉണ്ടെന്നുള്ള വസ്തുത മറക്കരുത്. അവരുടെ ഹൃദയവും കണ്ണീരും മനസ്സിലാകാതെ പോകുന്നവരുണ്ട്. എല്ലാവരും സഹോദരങ്ങളാണെന്ന ബോധം വളർത്തിയോടുക്കാനായി പരിശ്രമിക്കാം. കാരണം ദൈവം മനുഷ്യനായതിലൂടെ നാമെല്ലാവരും ദൈവപുത്രന്മാരും അവന്റെ സഹോദരരുമായി. അതിനാൽ, കുടുംബാംഗങ്ങൾ തമ്മിലും ബന്ധുമിത്രാദികൾക്കിടയിലും പങ്കാളികൾക്കിടയിലും വൈദികരും ഇടവകമക്കളും തമ്മിലും കൂടെ നടക്കുന്ന അനുഭവം വർദ്ധിപ്പിക്കാനായി നമുക്ക് പരിശ്രമിക്കാം. ഒരുമിച്ചിരുന്നു പ്രാർത്ഥിക്കുവാനും സ്നേഹപൂർവ്വം പങ്കുവയ്ക്കുവാനും നമുക്കാകണം. അങ്ങനെയാണ് നമ്മുടെ കുടുംബബന്ധങ്ങളിൽ ദൈവസാന്നിധ്യം നിറയുന്നത്.

പുൽക്കൂട്ടിൽ പിറന്ന ഉണ്ണീശോയുടെ ശാന്തിയും സന്തോഷവും നിത്യം നമ്മോടുകൂടെയുണ്ടാകട്ടെ. പ്രത്യാശയോടും ധൈര്യത്തോടുംകൂടെ പുതുവത്സരത്തിലേക്ക് പ്രവേശിക്കുവാൻ നമ്മുടെ കർത്താവേശുമിശിഹായുടെ ജനനത്തിരുന്നാൾ നമ്മെ സഹായിക്കട്ടെ.

ഏവർക്കും ക്രിസ്തുമസിന്റെയും പുതുവത്സരത്തിന്റെയും ആശംസകളും ദൈവാനുഗ്രഹവും നേരുന്നു.

ആയത് ദൈവമാതാവായ പരിശുദ്ധ കന്യകാമറിയാമിന്റെയും ഭാരതത്തിന്റെ അപ്പസ്തോലനായ മാർത്തോമ്മാശ്ലീഹായുടെയും പരിശുദ്ധന്മാരുടെയും പ്രാർത്ഥനയാൽ തന്നെ. ആമ്മേൻ

എന്ന്,



**+ ഡോ. ജോഷ്വാ മാർ ഇഗ്നാത്തിയോസ്**
മാവേലിക്കര ഭദ്രാസനാദ്ധ്യക്ഷൻ

അമലഗിരി
ക്രിസ്തുമസ് 2021

www.malankaralibrary.com



# വലിയ നോമ്പിനോട് അനുബന്ധിച്ച് പുറപ്പെടുവിച്ച ഇടയലേഖനങ്ങൾ

www.malankaralibrary.com

ദൈവകൃപയാലും തിരുസിംഹാസനത്തിന്റെ അംഗീകാര ത്താലും മാവേലിക്കര ഭദ്രാസനാദ്ധ്യക്ഷൻ ജോഷ്വാ മാർ ഇഗ്നാത്തിയോസ് മെത്രാപ്പോലീത്തായിൽ നിന്നും ബഹുമാനപ്പെട്ട വൈദികർക്കും സന്യസ്തർക്കും വിശ്വാസികളേവർക്കും വാഴ്‌വ്!

PL. No. 01/2008

## വലിയനോമ്പ് 2008

വന്ദ്യ വൈദികരേ, സന്യസ്തരേ, വിശ്വാസികളേ,

വലിയ നോമ്പിലെ പ്രാർത്ഥനയിലും ഉപവാസത്തിലും കൂടെ കർത്താവായ യേശുക്രിസ്തുവിന്റെ നോമ്പിലും ഉപവാസത്തിലും നാം പങ്കുചേരുകയായിരുന്നു. നമ്മുടെ കർത്താവിന്റെ പീഡാനുഭവവും കുരിശുമരണവും, പ്രാർത്ഥന കളിലും ശുശ്രൂഷകളിലും കൂടെ ആവിഷ്ക്കരിച്ചുകൊണ്ട് നാം അവയിൽ ഭാഗഭാക്കുകളായി. രക്ഷാകരമായ വിശുദ്ധ ബലിയുടെ അനുസ്മരണവും ആചരണവുമായ പെസഹ ആഘോഷിച്ച് നാം അതിന്റെ കൃപാദാനം ഉൾക്കൊണ്ടു. മനുഷ്യചരിത്രത്തിൽ പ്രത്യാശയുടെ അനുഭവമായ നമ്മുടെ കർത്താവിന്റെ ഉയിർപ്പിന്റെ വലിയ രഹസ്യത്തിലേക്ക് നാം എത്തിച്ചേർന്നി രിക്കുകയാണ്.

കർത്താവായ യേശുക്രിസ്തുവിന്റെ പീഡാസഹനവും കുരിശുമരണവും അവിടുത്തെ ഉയിർപ്പും മനുഷ്യചരിത്രത്തിൽ എന്നും ചർച്ച ചെയ്യപ്പെടുകും നവമായ അർത്ഥങ്ങളോടെ പുനഃപ്രിതിഷ്ഠിക്കപ്പെടുകയും ചെയ്തിട്ടുണ്ട്. ജീവദായകമായ ഈ രഹസ്യങ്ങൾ മനുഷ്യന് എന്നും പ്രത്യാശയുടെ വെളിച്ചം നൽകിയിരുന്നു. സമകാലീന ജീവിതസാഹചര്യങ്ങളിൽ ഈ രക്ഷാകര രഹസ്യങ്ങൾ നമുക്ക് തുടർന്നും പ്രചോദനവും

www.malankaralibrary.com

ശക്തിയും നൽകുന്നവയാണെന്ന് നാം തിരിച്ചറിയേണ്ടിയിരിക്കുന്നു.

സഹനത്തിന്റെയും വേദനയുടെയും അനേകം അനുഭവങ്ങളിലൂടെ വ്യക്തികളും സമൂഹവും ഇന്ന് കടന്നുപോവുകയാണ്. രോഗങ്ങളും സാമ്പത്തിക തകർച്ചകളും വ്യക്തികളെയും കുടുംബങ്ങളെയും ചൂഴ്ന്നു നിൽക്കുന്നു. താരതമ്യേന മെച്ചപ്പെട്ട സാമ്പത്തിക സ്ഥിതിയുള്ളവർക്കും മാനസികവ്യഥകളുടെയും അസ്വസ്ഥതകളുടെയും പിരിമുറുക്കങ്ങൾ പങ്കുവയ്ക്കാറുണ്ട്. ഒരു ഭാഗത്ത് മനുഷ്യൻ പല വിപരീത സാഹചര്യങ്ങളെയും കീഴടക്കി എന്ന് അവകാശപ്പെടുന്നു; മറുഭാഗത്ത് പുതിയ പ്രശ്നങ്ങൾ അവനെ ആശങ്കാകുലനാക്കുന്നു. വ്യക്തികളും സമൂഹവും പലപ്പോഴും പ്രത്യാശ നഷ്ടപ്പെട്ടവരായി തീരാറുണ്ട്.

ഒരു കൂട്ടായ്മ എന്ന നിലയിൽ ക്രൈസ്തവർക്ക് സഹനവും പ്രതികൂല സാഹചര്യങ്ങളും പുതിയ അനുഭവങ്ങളല്ല. എങ്കിൽ പോലും ഇന്ന് പീഡനങ്ങളുടെ പുതിയ രൂപങ്ങൾ ലോകമെമ്പാടും പ്രത്യക്ഷപ്പെടുന്നു. ക്രിസ്തീയ വിശ്വാസം ഉയർത്തിപ്പിടിക്കുന്ന മൂല്യങ്ങളെ പ്രത്യക്ഷമായും പരോക്ഷമായും നിരാകരിക്കുന്ന പ്രത്യയ ശാസ്ത്രങ്ങളും സിദ്ധാന്തങ്ങളും നാം കാണുന്നു. ക്രൈസ്തവർ ന്യൂനപക്ഷമായിരുന്ന രാജ്യങ്ങളിൽ അവർക്ക് പലവിധത്തിലുള്ള ഞെരുക്കങ്ങളും എന്നും നേരിടേണ്ടി വന്നിട്ടുണ്ട്. മതസഹിഷ്ണുതയ്ക്ക് പേരുകേട്ട നമ്മുടെ മാതൃരാജ്യത്തിലെ സമീപകാലത്തെ വിവിധ സംഭവങ്ങൾ ആശങ്ക ജനിപ്പിക്കുന്നതാണ്. വിദ്യാഭ്യാസം, രോഗീപരിചരണം, സാമൂഹിക ശുശ്രൂഷ എന്നീ രംഗങ്ങളിൽ ക്രൈസ്തവർ എന്നും മുൻപന്തിയിലായിരുന്നു. രാഷ്ട്ര നിർമ്മാണ പ്രക്രിയയിൽ വ്യക്തികളായും കൂട്ടായ്മയായും ക്രൈസ്തവർ പൂർണ്ണമനസ്സോടെ സമർപ്പണം ചെയ്തിരുന്നു. എന്നാൽ ക്രൈസ്തവ ആരാധനാലയങ്ങളും സ്ഥാപനങ്ങളും തകർക്കപ്പെടുകയും വൈദികരും സന്യസ്തരും വിശ്വാസികളും അക്രമിക്കപ്പെടുകയും വധിക്കപ്പെടുകയും ചെയ്യുന്ന സംഭവങ്ങൾ നമ്മുടെ രാജ്യത്ത് വർദ്ധിച്ചുവരുന്നു. ക്രൈസ്തവ വിശ്വാസവും സംസ്ക്കാരവും നന്നായി വേരോടിയുള്ള കേരളംപോലെ ഒരു സംസ്ഥാനത്തിലും ക്രിസ്തീയ കൂട്ടായ്മയെ ഞെരുക്കുവാനും,

www.malankaralibrary.com

സേവനരംഗങ്ങൾ പരിമിതപ്പെടുത്തുവാനുമുള്ള നിർഭാഗ്യകരമായ ശ്രമങ്ങൾ നാം ഇന്ന് കാണുന്നു.

ക്രൈസ്തവരെയും ക്രിസ്തീയകൂട്ടായ്മയെയും പീഡിപ്പിക്കുവാനുള്ള വിവിധ ശ്രമങ്ങളെ ജനാതിപത്യ സംവിധാനം ഉറപ്പു നൽകിയിട്ടുള്ള നിയമത്തിന്റെ മാർഗ്ഗങ്ങളിലൂടെ നാം സമീപിക്കുക ന്യായമാണ്. അതോടൊപ്പം ഈ സാഹചര്യങ്ങൾ ക്രൈസ്തവന് നൽകുന്ന പുതിയ വെല്ലുവിളികളെ നാം തിരിച്ചറിയണം. ക്രിസ്തീയവിശ്വാസത്തിന് കാലോചിതമായ പുനരാഖ്യാനം നൽകാനുള്ള ദൗത്യം നവമായ സാഹചര്യങ്ങൾ ആവശ്യപ്പെടുന്നുണ്ട്. ആധുനിക ജീവിത സാഹചര്യങ്ങളിലെ സാമൂഹിക, സാമ്പത്തിക, സാങ്കേതിക പുരോഗതിക്ക് തക്കതായ ആത്മീയ ദർശനവും മാർഗ്ഗരേഖയും നൽകുവാനുള്ള ഉത്തരവാദിത്വം ക്രിസ്തീയവിശ്വാസത്തിനും വിശ്വാസികൾക്കുമുണ്ട്. ഭൗതികനേട്ടങ്ങളുടെ മദ്ധ്യേ മനസ്സിനും ആത്മാവിനും ദിശാബോധം നഷ്ടപ്പെടുന്നവർക്ക് ആത്മീയ വെളിച്ചം ആവശ്യമാണ്. കർത്താവായ യേശുക്രിസ്തുവിന്റെ ഉപദേശങ്ങളെ അവിടുത്തെ മനുഷ്യാവതാരത്തിലെ രക്ഷാകര രഹസ്യങ്ങളെ കലോചിതമായി നാം അവതരിപ്പിക്കേണ്ടിയിരിക്കുന്നു. ഭൗതികതയുടെ മാസ്മരിക പ്രഭയിൽ വെളിച്ചവും സമാധാനവും നഷ്ടപ്പെട്ടവർക്ക് പ്രകാശവും സമാധാനവുമായ യേശുവിനെ നൽകുക എന്ന ദൗത്യം നാം ഏറ്റെടുക്കേണ്ടിയിരിക്കുന്നു.

കൂട്ടായ്മ എന്ന നിലയിലും വ്യക്തിപരമായും നാം നേരിടേണ്ടിവരുന്ന പീഡനങ്ങളും നമ്മുടെ സഹനവും നമ്മുടെ കർത്താവിന്റെ കുരിശിനോടും ഉയർപ്പിനോടും ചേർത്ത് കാണുവാൻ നാം ശ്രമിക്കണം. നാം ഏകരായല്ല വേദന സഹിക്കുന്നത്, പിന്നെയോ യേശുക്രിസ്തുവിനൊപ്പമാണ്. ഏതു മനുഷ്യനെയും പോലെ സഹിക്കുവാൻ മനുഷ്യനായിത്തീർത്ത ദൈവത്തോടൊപ്പമാണ് നാം സഹിക്കുക, പരിശുദ്ധ പിതാവ് ബനഡിക്ട് പതിനാറാമൻ പ്രത്യാശയിൽ രക്ഷ എന്ന ചാക്രികലേഖനത്തിലൂടെ നമ്മെ അനുസ്മരിപ്പിക്കുന്നത് ഈ സത്യമാണ്. മനുഷ്യനോടൊപ്പം തികച്ചും യഥാർത്ഥമായ രീതിയിൽ സഹിക്കാൻ- ശരീരത്തിലും രക്തത്തിലും സഹിക്കാൻ ദൈവം മനുഷ്യനായി. യേശുവിന്റെ

പീഡാസഹനത്തിന്റെ വിവരണത്തിൽ വെളിവാക്കപ്പെട്ടതു പോലെ തന്നെ. മനുഷ്യൻ ദൈവത്തിന് അത്രമാത്രം വിലപ്പെട്ടവനാണ്. അതുകൊണ്ട് എല്ലാ മാനുഷിക സഹനത്തിലും ആ സഹനം നമ്മോടൊപ്പം അനുഭവിക്കുകയും വഹിക്കുകയും ചെയ്യുന്നവൻ നമ്മോടൊപ്പമുണ്ട്. അങ്ങനെ ആശ്വാസം എല്ലാ സഹനത്തിലുമുണ്ട്. (ഖണ്ഡിക 39). കുരിശ് രക്ഷയുടെ മാർഗ്ഗമായി യേശു നമുക്ക് നൽകിയതാണ്. ജീവിതത്തിലെ സഹനവും വേദനകളും കുരിശിന്റെ ഭാഗമാണ്. സഹനവും വേദനയും നിരർത്ഥകമല്ല; രക്ഷയുടെ പ്രതീക്ഷയിലേക്കാണ് അവ നമ്മെ ഉദ്ബോധിപ്പിക്കുന്നത് ഇതത്രേ: ക്രിസ്തുവിന്റെ സഹനങ്ങളിൽ ഞങ്ങൾ സമൃദ്ധമയി പങ്കുചേരുന്നതുപോലെ ക്രിസ്തുവിലൂടെ സമാശ്വാസത്തിലും ഞങ്ങൾ സമർത്ഥമായി പങ്കുചേരുന്നു. (2 കൊറി 1:5)

സഹനത്തെ നിഷേധിക്കാനും സഹനത്തിന്റെ അനുഭവങ്ങളിൽ നിന്ന് ഓടിയകലാനുമുള്ള പ്രവണത എന്നുമുണ്ടായിരുന്നു. എന്നാൽ സഹനത്തിലും അതുളവാക്കുന്ന വേദനയിലും സ്നേഹത്തിന്റെ തീവ്രതയും രക്ഷയുടെ അനുഭവവും ഉണ്ടെന്ന് നാം കണ്ടെത്തണം. കർത്താവായ യേശുക്രിസ്തുവിന്റെ പീഡാസഹനവും കുരിശുമരണവും നമ്മുടെ മുമ്പിൽ അനാവരണം ചെയ്യുന്നത് ഈ സത്യമാണ്. നമ്മൾ സഹനത്തിൽ നിന്ന് വഴിമാറിക്കൊണ്ടോ ഓടിപ്പോയി ക്കോണ്ടോ അല്ല സൗഖ്യം നേടുന്നത്. പ്രത്യുത അതു സ്വീകരിക്കാനുള്ള കഴിവുകൊണ്ടാണ്, അതിലൂടെ പക്വതയിലെ ത്തിക്കൊണ്ടാണ് അനന്തമായ സ്നേഹം കൊണ്ട് സഹനം ഏറ്റെടുത്ത ക്രിസ്തുവിനോടുള്ള ഐക്യത്തിലൂടെ അർത്ഥം കണ്ടുപിടിച്ചുകൊണ്ടാണ് പ്രത്യാശയിൽ രക്ഷ (ഖണ്ഡിക 37), സഹനത്തിന്റെ രക്ഷാകരമായ മൂല്യം തിരിച്ചറിഞ്ഞ് നമുക്കിതിനെ സ്വീകരിക്കാം.

ഉയിർത്തെഴുന്നേറ്റവനായ യേശുക്രിസ്തുവാണ് സഹനത്തിന്റെ നിമിഷങ്ങളിൽ നമുക്ക് പ്രത്യാശയുടെ പ്രകാശമായി പ്രത്യക്ഷപ്പെടുക.പീഡാസഹനത്തിനും കുരിശിനും മരണത്തിന്റെ അന്ധകാരത്തിനുമപ്പുറം ജീവന്റെ പ്രത്യാശയുണ്ടെന്ന് ഉയിർത്തെഴുന്നേറ്റവനായ ക്രിസ്തു നമ്മെ പഠിപ്പിക്കുന്നു. നമ്മുടെ കർത്താവിന്റ ഉയിർപ്പ് സഹനത്തിന്റെയും

www.malankaralibrary.com


മരണത്തിന്റെയും മേലുള്ള വിജയത്തിന്റെ ഉറപ്പാണ്. അപ്പോസ്തൻ പൗലോസ് റോമാക്കാർക്കുള്ള ലേഖനത്തിൽ ഈ പ്രത്യാശയിലേക്ക് നമ്മെ നയിക്കുന്നു. ക്രിസ്തു മരിച്ചതിന് ശേഷം പിതാവിന്റെ മഹത്വത്തിൽ ഉയിർത്തെഴുന്നേറ്റതുപോലെ, നാമും പുതിയ ജീവിതം നിയക്കേണ്ടതിനാണ് അനോടൊത്ത് സംസ്ക്കരിക്കപ്പെട്ടത്. അവന്റെ മരണത്തിന് സദൃശമായ ഒരു മരണത്തിൽ നാം അവനോട് ഐക്യപ്പെട്ടവരായെങ്കിൽ അവന്റെ പുനരുത്ഥാനത്തിലും അവനോട് ഐക്യപ്പെട്ടവരായിരിക്കും... നാം ക്രിസ്തുവിനോട് കൂടെ മരിച്ചുവെങ്കിൽ അവനോട് കൂടി ജീവിക്കും എന്നും നാം വിശ്വസിക്കുന്നു. (റോമാ 6:4-5:8). ഉയിർപ്പിന്റെ പ്രത്യാശയിൽ വേദനയുടെയും സഹനത്തിന്റെയും എല്ലാ അനുഭവങ്ങളും ഏറ്റെടുക്കാൻ നമുക്ക് സാധിക്കട്ടെ.

എല്ലാവർക്കും കഷ്ടാനുഭവ ആഴ്ചയുടെ അനുഗ്രഹ ങ്ങളും ഉയിർപ്പുതിരുന്നാളിന്റെ ആശംസകളും നേരുന്നു. ഉയിർത്തെഴുന്നേറ്റവനായ കർത്താവ് എല്ലാവരേയും സമൃദ്ധമായി അനുഗ്രഹിക്കട്ടെ.

സർവ്വശക്തനായ ദൈവത്തിന്റെ കൃപ നിങ്ങളോടുകൂടി എന്നേക്കും ഉണ്ടായിരിക്കട്ടെ.

ആത് ദൈവമാതാവായ പരിശുദ്ധ കന്യകമറിമത്തി ന്റെയും ഭാരതത്തിന്റെ അപ്പോസ്തലനായ മാർത്തോമ്മാ ശ്ലീഹായുടെയും സകല പരിശുദ്ധന്മാരുടെയും പ്രാർത്ഥനയാൽ തന്നെ. ആമ്മീൻ!

എന്ന്,



അലമഗിരി | **+ ജോഷ്വാ മാർ ഇഗ്നാത്തിയോസ്**

ഈസ്റ്റർ 2008 | മാവേലിക്കര ഭദ്രസനാദ്ധ്യക്ഷൻ

www.malankaralibrary.com

ദൈവകൃപയാലും തിരുസിംഹാസനത്തിന്റെ അംഗീകാര ത്താലും മാവേലിക്കര ഭദ്രാസനാദ്ധ്യക്ഷൻ ജോഷ്വാ മാർ ഇഗ്നാത്തിയോസ് മെത്രാപ്പോലീത്തായിൽ നിന്നും ബഹുമാനപ്പെട്ട വൈദികർക്കും സന്യസ്തർക്കും വിശ്വാസികളേവർക്കും വാഴ്വ്!

PL. No. 01/2011

## വലിയ നോമ്പ് 2011

വന്ദ്യ വൈദികരേ, സന്യസ്തരേ, വിശ്വാസികളേ,

മലങ്കര കത്തോലിക്ക സഭയുടെ ആരാധനാ ക്രമവത്സര ത്തിലെ അതിപ്രധാനമായ വലിയനോമ്പു കാലത്തിലേക്കു നാം പ്രവേശിക്കുകയാണല്ലോ! പ്രാർത്ഥനയിലും ഉപവാസ ത്തിലും പരിത്യാഗത്തിലും അധിഷ്ഠിതമായ ആത്മീയ ഒരുക്ക ത്തിലൂടെ നമ്മുടെ കർത്താവിന്റെ പീഡാനുഭവത്തിലും ഉത്ഥാ നത്തിലും ഭാഗഭാക്കുകളാകുന്നതിനുള്ള അവസരമാണ് നോമ്പുകാലം.

നമ്മുടെ കർത്താവിന്റെ പെസഹാ രഹസ്യങ്ങളെ ലോക ത്തിനു സംലഭ്യമാക്കുന്നത് സഭയാണ്. കുരിശിൽ പൂർത്തിയാ ക്കപ്പെട്ട ആത്മദാനത്തിൽ നിന്നാണ് സഭ ജനിച്ചത്. "ക്രൂശിത നായ യേശുവിന്റെ തിരുവിലാവിൽ നിന്ന് ഒഴുകിയ രക്തവും ജലവും സഭയുടെ ഉത്ഭവത്തെയും വളർച്ചയെയും സൂചിപ്പിക്കു ന്നു. എന്തെന്നാൽ കുരിശിൽ മരണ നിദ്രയിലായിരുന്ന ക്രിസ്തുവിന്റ പാർശ്വത്തിൽ നിന്നാണ് സഭ മുഴുവനുമാകുന്ന വിസ്മയനീയ കൂദാശ ബഹിർഗമിച്ചത്. ഉറങ്ങുന്ന ആദത്തിന്റെ പാർശ്വത്തിൽ നിന്ന് ഹവ്വ രൂപവൽക്കരിക്കപ്പെട്ടതുപോലെ, കുരിശിൽ തറയ്ക്കപ്പെട്ടു മരിച്ച ക്രിസ്തുവിന്റെ പിളർക്കപ്പെട്ട ഹൃദയത്തിൽ നിന്നാണ് സഭ ജനിച്ചത്" (കത്തോലിക്കാ

www.malankaralibrary.com

സഭയുടെ മതബോധന ഗ്രന്ഥം, നമ്പർ 766). അക്കാരണത്താൽ തന്നെ പീഡാനുഭവത്തിനു മുന്നോടിയായി തന്റെ മക്കളെ നോമ്പിലൂടെ ഒരുക്കുകയെന്നത് സഭയുടെ ഉത്തരവാദിത്വമാണ്. യേശു തന്റെ മണവാട്ടിയായ "സഭയെ വിശുദ്ധീകരിക്കുന്നതിന്, ജലം കൊണ്ട് കഴുകി വചനത്താൽ വെണ്മയുള്ളതാക്കി. ഇത് അവളെ കറയോ ചുളിവോ മറ്റ് കുറവുകളോ ഇല്ലാത്ത മഹത്വപൂർണ്ണയായി തനിക്കുതന്നെ പ്രതിഷ്ഠിക്കുന്നതിനും അവൾ കളങ്കരഹിതയും പരിശുദ്ധയുമായിരിക്കുന്നതിനും വേണ്ടിയാണ്" (എഫേ. 5, 26-27).

നോമ്പുകാലത്തിന്റെ പ്രസക്തി വി. പൗലോസ് ശ്ലീഹായുടെ വാക്കുകളിൽ സ്പഷ്ടമായിരിക്കുന്നു. പ്രാർത്ഥനയിലൂടെയും ഉപവാസത്തിലൂടെയും പരിത്യാഗത്തിലൂടെയും വചനാധിഷ്ഠിത ജീവിതത്തിലൂടെയും നമ്മെത്തന്നെ കഴുകിവെടിപ്പുള്ളതാക്കി, പാപത്തിന്റെ കറയോ ചുളിവോ ഇല്ലാതെ മഹത്വപൂർണ്ണമാക്കി ദൈവത്തിനും അവിടുത്തെ പുത്രനും പരിശുദ്ധമായി പ്രതിഷ്ഠിക്കുവാൻ നോമ്പ് ക്ഷണിക്കുന്നു. സ്നേഹത്തിലധിഷ്ഠിതമായ ഒരു നോമ്പുകാലത്തിനായിരിക്കണം നാം പ്രാധാന്യം നൽകേണ്ടത്. കാരണം, നോമ്പു നല്ലതാകുന്നു. സ്നേഹം കൂടാതെയും വായ് നിയന്ത്രിക്കാതെയും ഒരുവൻ നോമ്പാചരിക്കുന്നുവെങ്കിൽ അവന്റെ വ്രതംകൊണ്ട് ഒരു വിശേഷതയുമില്ല. പ്രാർത്ഥന സ്നേഹിക്കപ്പെട്ടതാകുന്നു. സ്നേഹം അതിനെ കരേറ്റുന്നില്ലെങ്കിൽ അതിന്റെ ചിറകു ബലഹീനമാകുന്നു. അവിടെ അത്യുന്നതനെ കാണുന്നുമില്ല (വലിയ നോമ്പിലെ പ്രാർത്ഥന ക്രമം, തിങ്കൾ പ്രഭാതം, ബോവൂസ). പരസ്നേഹത്തിലധിഷ്ഠിതമായ നോമ്പുകാലത്തിനായി നമുക്കൊരുങ്ങാം.

ദൈവജനത്തെ പഴയ ജീവിതചര്യകളിൽ നിന്ന് തിരിച്ച്, പശ്ചാത്താപത്തിലൂടെയും പ്രായശ്ചിത്തത്തിലൂടെയും ജീവിത നവീകരണത്തിലൂടെയും തന്റെ സ്വന്തമാക്കുവാൻ പഴയനിയമകാലം മുതൽക്കേ ദൈവം ആഗ്രഹിച്ചിരുന്നു. വർത്തമാന കാലത്തിലെ ദൈവജനത്തെയും സർവ്വശക്തനായ ദൈവം മാനസാന്തരത്തിനായിട്ടാണ് ക്ഷണിക്കുന്നത്. "കർത്താവ് അരുളിച്ചെയ്യുന്നു, ഇപ്പോഴെങ്കിലും ഉപവാസത്തോടും വിലാപ

www.malankaralibrary.com

ത്തോടും നെടുവീർപ്പോടും കൂടെ നിങ്ങൾ പൂർണ്ണഹൃദയ ത്തോടെ എന്റെ അടുക്കലേക്ക് തിരിച്ചുവരുവിൻ. നിങ്ങളുടെ ഹൃദയമാണ്, വസ്ത്രമല്ല കീറേണ്ടത്. നിങ്ങളുടെ ദൈവമായ കർത്താവിലേക്കു മടങ്ങുവിൻ. എന്തെന്നാൽ, അവിടുന്ന് ഉദാര മതിയും കാരുണ്യവാനും ക്ഷമാശീലനും സ്നേഹസമ്പന്നനു മാണ്, ശിക്ഷ പിൻവലിക്കാൻ സദാ സന്നദ്ധനുമാണ് അവിടു ന്ന്'' (ജോയൽ 2, 12-13).

മലങ്കര കത്തോലിക്ക സഭയുടെ വലിയനോമ്പിലെ പ്രാർത്ഥന ഹൃദയാനുതാപം എടുത്തു കാട്ടുന്നു: "സഹോദര ങ്ങളേ, വരുവിൻ, അപേക്ഷിപ്പാൻ നമുക്കവസരമുള്ളപ്പോൾ കരുണയ്ക്കായി യാചിക്കാം. കടന്നുപോകുന്ന ഈ ലോക ത്തിൽ അനുതാപത്തിന് അവസരമുണ്ട്. എന്നാൽ കടന്നു പോകാത്ത ആ ലോകത്തിൽ അനുതാപമാകട്ടെ യാചനയാ കട്ടെ സ്വീകരിക്കപ്പെടില്ല'' (തിങ്കൾ രാത്രി, എക്ബോ- ഒന്നാം കൗമ). മറ്റൊരു പ്രാർത്ഥന നമ്മെ ഇപ്രകാരം ഓർമ്മപ്പെടു ത്തുന്നു: നോമ്പുകാരേ വരുവിൻ, നോമ്പിന്റെ ഈ നാളുകളിൽ പരിശ്രമിക്കുവിൻ. ജാഗരണത്താലും, പ്രാർത്ഥനയാലും, കണ്ണു നീരാലും, നെടുവീർപ്പാലും നമ്മുടെ കടങ്ങളും പാപങ്ങളും ക്ഷമിക്കുവാൻ മിശിഹായോടപേക്ഷിക്കുക. എന്തെന്നാൽ കാലം ചുരുങ്ങിയിരിക്കുന്നു അവസാനം വാതിൽക്കൽ നിൽക്കുകയും ചെയ്യുന്നു (വ്യാഴം പ്രഭാതം- എനിയോന). ഇപ്രകാരമാണ് നമ്മുടെ പിതാക്കൻമാർ നോമ്പിനോടുള്ള പ്രതിപത്തി നമുക്കുപദേശിച്ചു നല്കിയിരിക്കുന്നത്. മോശയും ഏലിയായും ദാനിയേലും നമ്മുടെ കർത്താവും നോമ്പനുഷ്ഠി ച്ചതുപോലെ വേണം നാമും നോമ്പനുഷ്ഠിക്കേണ്ടത്.

നോമ്പിലെ ബാഹ്യമായ അനുഷ്ഠാനങ്ങളെക്കാളുപരി യായി ആത്മീയ നവീകരണത്തിന് നാം ഊന്നൽ നല്കണം. ഭ ക്ഷണത്തിൽ നിന്നു മാത്രം ഉപവസിക്കുന്ന ഒരുവനെയും നോമ്പുകാരനായി കണക്കാക്കുന്നില്ല. ഭക്ഷണം വർജ്ജിക്കു കയും തിന്മയെ ഉപേക്ഷിക്കാതിരിക്കുകയും ചെയ്യുന്നവന്റെ നോമ്പ് നിഷ്പ്രയോജനമാകുന്നു. കർത്താവ് അവനെ വെറു ക്കുന്നു (ബുധൻ, സന്ധ്യ, രണ്ടാം കോലോ). ദൈവത്തിന്റെ കരുണ പ്രത്യേകമാംവിധം അനുഭവിക്കുന്ന അവസരമാണിത്. കർത്താവേ അങ്ങ് പാപങ്ങളുടെ കണക്കുവച്ചാൽ ആർക്ക് നില

www.malankaralibrary.com

നിൽക്കാനാകും (സങ്കീ. 30, 3) എന്ന ദാവീദിന്റെ കീർത്തനം നമുക്ക് ഓർക്കാം. പാപികളെ തേടുന്ന യേശുവിനെയും അനുതാപത്തിലേക്ക് ക്ഷണിക്കുന്ന യേശുവിനെയുമാണ് നാം സുവിശേഷത്തിൽ കാണുന്നത്. പൂർണ്ണമായ പശ്ചാത്താപം സ്നേഹത്താൽ പ്രേരിതമാണെന്ന തിരിച്ചറിവോടെ, സ്നേഹനിധിയായ ദൈവത്തെ വേദനിപ്പിച്ചതിലുള്ള അനുതാപചിന്തയോടെ ആന്തരികമായ നവീകരണത്തിനായി നമുക്കൊരുങ്ങാം.

മിശിഹായിൽ പ്രിയരേ, നോമ്പിന്റെ അരൂപിയിൽ നിന്നും നമ്മെ പിന്നിലേക്ക് വലിക്കുന്ന ജഡത്തിന്റെ പ്രവണതകളിൽ നിന്നു നമുക്കുപിൻമാറാം. "ജഡത്തിന്റെ വ്യാപാരങ്ങൾ എല്ലാവർക്കുമറിയാം. അവ വ്യഭിചാരം, അശുദ്ധി, ദുർവൃത്തി, വിഗ്രഹാരാധന, ആഭിചാരം, ശത്രുത, കലഹം, അസൂയ, കോപം, മത്സരം, ഭിന്നത, വിഭാഗീയചിന്ത, വിദ്വേഷം, മദ്യപാനം, മദിരോത്സവം ഇവയും ഈ ദൃശമായ മറ്റു പ്രവർത്തികളുമാണ്" (ഗലാ. 5, 19-21). എന്നാൽ "ആത്മാവിന്റെ ഫലങ്ങൾ സ്നേഹം, ആനന്ദം, സമാധാനം, ക്ഷമ, ദയ, നന്മ, വിശ്വസ്തത, സൗമ്യത, ആത്മ സംയമനം, ഇവയാണ്. ഇവയ്ക്കെതിരായി ഒരു നിയമവുമില്ല" (ഗലാ. 5,22). നോമ്പ് ആത്മാവിന്റെ ഫലങ്ങൾ നല്കേണ്ട അവസരമാണ്. ആത്മാവിന്റെ ഫലങ്ങൾ പുറപ്പെടുവിച്ച് ജഡത്തിന്റെ പ്രവണതകളെ ഉപേക്ഷിക്കാൻ ഈ നോമ്പുകാലത്തിൽ നാം ശ്രദ്ധിക്കേണ്ടതാണ്.


നോമ്പിന്റെ ഇക്കാലഘട്ടത്തിൽ നോമ്പുകാലപരിത്യാഗ പ്രവർത്തികൾ ചെയ്യുവാൻ ഏവരും ശ്രദ്ധിക്കണം. ഉപവാസത്തിലൂടെയും ത്യാഗത്തിലൂടെയും നാം നടത്തുന്ന പരിത്യാഗ പ്രവർത്തനങ്ങൾ മറ്റുള്ളവർക്ക് ഉപകാരപ്രദമാകണം. സഭ നമ്മെ ഓർമ്മിപ്പിക്കുന്നു, നിന്റെ നിരൂപണയിൽ നിന്നു വഞ്ചനയുടെ കെട്ടുകളെ പൊട്ടിക്കുകയും നിന്റ അപ്പം മറ്റുള്ളവർക്കായി വിഭജിക്കുകയും നിന്റ ഭവനത്തിലെ പരദേശികളെ സ്വീകരിക്കുകയും വേണം. അപ്പോൾ കർത്താവിനെ നീ വിളിക്കുകയും നിന്നോടവൻ ഉത്തരമരുളുകയും തന്റെ അനുഗ്രഹം നിന്റ മേൽ വർഷിക്കുകയും ചെയ്യും (ചൊവ്വ സന്ധ്യ- ഒന്നാം കോലോ).

www.malankaralibrary.com

ആധുനികതയുടെ തെറ്റായ പ്രവണതകൾ നമ്മുടെ ആത്മീയ ജീവിതത്തിലും ബാധിച്ചിരിക്കുന്നു എന്നതിന് തെളിവാണ് നോമ്പനുഷ്ഠാനത്തിൽ വേണ്ടത്ര ശ്രദ്ധ നൽകാൻ പലരും ബോധപൂർവ്വം മറക്കുന്നു എന്ന യാഥാർത്ഥ്യം. ആത്മീയതയെയും നോമ്പനുഷ്ഠാനത്തെയും സൗകര്യപൂർവ്വം വിസ്മരിക്കുകയോ മാറ്റിവയ്ക്കുകയോ ചെയ്യുന്നു. ഈ പ്രവണത നാം അവസാനിപ്പിച്ച് നോമ്പനുഷ്ഠാനങ്ങൾക്ക് ഗൗരവ സ്വഭാവം നൽകേണ്ടതാണ്. ഉയിർത്തെഴുന്നേറ്റ യേശു ക്രിസ്തുവാണ് നമ്മുടെ പ്രത്യാശ. ആകയാൽ ഈവർഷത്തെ നോമ്പാചരണം നമ്മുടെ ഭദ്രാസനത്തെ ആത്മീയമായി നവീകരിക്കുന്ന ഒന്നായിമാറട്ടെ. ദൈവസ്നേഹത്തിൽ വളരുവാനും വളർത്തപ്പെടുവാനും ഈ നോമ്പ് നമ്മെ സഹായിക്കട്ടെ.

ഈ നോമ്പിന്റെ അവസാനത്തിൽ ക്രിസ്തുവിന്റെ പെസഹാ രഹസ്യങ്ങളിലൂടെ അവന്റെ രക്ഷണീയ വ്യാപാരത്തിൽ പങ്കാളിയാവുകയും ഉത്ഥാനത്തിന്റെ മഹിമയിലേക്ക് പ്രവേശിക്കുവാൻ ഒരുങ്ങുകയും ചെയ്യാം. ആയത് ദൈവമാതാവായ പരി. കന്യകമറിയാമിന്റെയും ഭാരതത്തിന്റെ അപ്പസ്തോലനായ മാർത്തോമ ശ്ലീഹായുടെയും, പരിശുദ്ധന്മാരുടെയും പ്രാർത്ഥനയാൽ തന്നെ. ആമ്മേൻ

എന്ന്,



അമലഗിരി
വലിയനോമ്പ് 2011

**+ ജോഷ്വാ മാർ ഇഗ്നാത്തിയോസ്**
മാവേലിക്കര ഭദ്രാസനാദ്ധ്യക്ഷൻ

www.malankaralibrary.com

ദൈവകൃപയാലും തിരുസിംഹാസനത്തിന്റെ അംഗീകാര ത്താലും മാവേലിക്കര ഭദ്രാസനാദ്ധ്യക്ഷൻ ജോഷ്വാ മാർ ഇഗ്നാത്തിയോസ് മെത്രാപ്പോലീത്തായിൽ നിന്നും ബഹുമാനപ്പെട്ട വൈദികർക്കും സന്യസ്തർക്കും വിശ്വാസികളേവർക്കും വാഴ്വ്!

PL. No. 01/ 2012

## വലിയ നോമ്പ് 2012

വന്ദ്യ വൈദികരേ, സന്യസ്തരേ, വിശ്വാസികളേ,

മലങ്കര സുറിയാനി കത്തോലിക്ക സഭയുടെ ആരാധനക്രമ വത്സരത്തിലെ അതിപ്രധാനമായ വലിയനോമ്പു കാലത്തി ലേക്കു നാം പ്രവേശിക്കുകയാണല്ലോ! ഈശോയുടെ പീഡാ സഹനങ്ങളോട് ആത്മനാ ഉൾച്ചേർന്ന് പ്രാർത്ഥിക്കുവാനും ജീവിത നവീകരണത്തിനു വേണ്ടി പ്രയത്നിക്കാനുമായി തിരു സഭാ മാതാവ് നമുക്കു നല്കുന്ന നാളുകളാണ് വലിയ നോമ്പിലേത്. ആത്മശരീരങ്ങളുടെ ഒരുക്കത്തോടെ നോമ്പു കാലത്തിലേക്ക് നമുക്ക് പ്രവേശിക്കാം.

ആത്മശരീര നിയന്ത്രണത്തിനും വിശുദ്ധീകരണത്തിനും നമ്മെ സഹായിക്കുന്ന ഫലപ്രദമായ മാർഗ്ഗങ്ങളാണ് ഉപവാസ വും, പ്രാർത്ഥനയും. പൂർവ്വ പിതാക്കന്മാർ ഇതിലൂടെ ആത്മ വിശുദ്ധീകരണം പ്രാപിച്ചു. മോശയുടെയും (പുറപ്പാട് 24, 18) നിനവേ നിവാസികളുടെയും (യോനാ 3, 5-10) ഉപവാസവും പ്രാർത്ഥനയും പഴയനിയമത്തിൽ നാം വായിക്കുന്നു. നമ്മുടെ കർത്താവ് അവിടുത്തെ പരസ്യജീവിതത്തിനുമുമ്പ് നാല്പതു രാവും നാല്പതു പകലും മരുഭൂമിയിൽ ഉപവസിച്ചത് സുവിശേ ഷങ്ങളിൽ നാം വായിക്കുന്നു (മത്തായി 4, 1-11, മർക്കോസ് 1, 12-13, ലൂക്കോസ് 4, 1- 13). ഈശോയുടെ മരുഭൂമിയിലെ നാല്പതു

www.malankaralibrary.com

ദിവസത്തെ ഉപവാസത്തെ അനുസ്മരിപ്പിച്ചുകൊണ്ട് ദൈവവുമായും മനുഷ്യർ തമ്മിലും അനുരജ്ഞനപ്പെടേണ്ടതിന്റെ ആവശ്യകതയിലേക്ക് ഈ നോമ്പുകാലം നമ്മെ ക്ഷണിക്കുന്നു. നാല്പതുദിവസത്തെ ഉപവാസത്തിലൂടെയും പ്രാർത്ഥനയിലൂടെയും ദൈവസന്നിധിയിൽ ആയിരുന്ന് തനിക്കുണ്ടായ പ്രലോഭനങ്ങളെ പരാജയപ്പെടുത്തി, ദുരാശകളെ ഉന്മൂലനം ചെയ്ത ഈശോയെപ്പോലെ തീക്ഷ്ണത നിറഞ്ഞ പ്രാർത്ഥനയിലും, ആത്മാർത്ഥതയുള്ള ഉപവാസത്തിലും ഔദാര്യപൂർണ്ണമായ ദാനധർമ്മങ്ങളിലും ജീവിക്കുവാൻ നോമ്പിന്റെ കാലഘട്ടം നമ്മോടാവശ്യപ്പെടുന്നു.

ശരീരത്തിന്റെയും, മനസിന്റെയും, ആത്മാവിന്റെയും പ്രലോഭനങ്ങളെ യേശു നേരിട്ടത് മരുഭൂമിയിൽ തപം ചെയ്താണ്. ക്രിസ്തുവിനുണ്ടായ പ്രലോഭനങ്ങളുടെ സാഹചര്യം ഇന്നും പ്രസക്തമാണ്. വിശപ്പിന്റെ മൂർദ്ധന്യത്തിൽ ആയിരുന്നപ്പോഴും, ദൈവാലയത്തിന്റെ അഗ്രത്തിൽ നില്കുമ്പോഴും, ലോക രാജ്യങ്ങളും അവയുടെ മഹത്വവും കാണുമ്പോഴുമാണ് യേശു പ്രലോഭിപ്പിക്കപ്പെടുന്നത്. കൊടിയ ദാരിദ്ര്യത്തിലും, ദൈവാലയവിശുദ്ധിയുടെ നിറവിലും, ഭൗതികസമ്പത്തിന്റെ ശ്രേയസിലും നമ്മൾ പ്രലോഭിതരാകാം. ദാരിദ്ര്യവും, സമ്പന്നതയും, വിശുദ്ധിയും ഒരുപോലെ പരീക്ഷണത്തിനുള്ള സാഹചര്യങ്ങളാകുമ്പോൾ നാം അവയുടെ മുമ്പിൽ തളരുകയോ, പരാജയപ്പെടുകയോ ചെയ്യുന്നെങ്കിൽ അതിനുകാരണം മരുഭൂമിയനുഭവത്തിൽ കഴിയാൻ ഒരുക്കമല്ലാത്തതാണ്. ഓരോ ക്രിസ്ത്യാനിയും നിർബന്ധമായും കടന്നുപോകേണ്ട വിശ്വാസ അനുഭവമാണ് മരുഭൂമിയനുഭവം.

ദൈവത്തിൽ അടിയുറച്ച് വിശ്വസിക്കുകയും ആശ്രയിക്കുകയും ചെയ്യുന്നവർ പരീക്ഷണങ്ങളെ അതിജീവിക്കുന്നതിന്റെ നിരവധി ഉദാഹരണങ്ങൾ വിശുദ്ധ ഗ്രന്ഥത്തിൽകാണാം. ഇസ്രായേൽ ജനത വാഗ്ദാനഭൂമിയായ കാനാനിലേക്ക് പ്രവേശിക്കുന്നതിന് മുമ്പ് പിന്നിട്ട മരുഭൂമിയാത്രയെക്കുറിച്ച് നിയമാവർത്തന പുസ്തകത്തിൽ നാം വായിക്കുന്നു (നിയമ. 8, 2). ജോബിന്റെ പുസ്തകം മുഴുവൻ പരീക്ഷണവും ദൈവപരിപാലനയുമാണ് അവതരിപ്പിക്കുന്നത്. അതിനാൽ ജീവിതത്തിലെ പരീക്ഷണങ്ങളും പ്രലോഭനങ്ങളും ദൈവത്തോട് ചേർന്നു നില്ക്കുവാൻ

www.malankaralibrary.com

അവിടുന്നൊരുക്കുന്ന വഴികളാണെന്ന ബോധ്യത്തോടെ നമ്മുടെ വിശ്വാസയാത്ര നമുക്ക് തുടരാം. ഉപവാസവും പ്രാർത്ഥനയും ജീവിത വിശുദ്ധീകരണ പ്രക്രിയകളാണ്. ഭൗതികമായ അഭിവൃദ്ധി പ്രാപിച്ചുവെന്ന് പറയുമ്പോഴും നിരവധി തിന്മകൾ, മാരകരോഗം പോലെ മനുഷ്യസമൂഹത്തെ കാർന്നു തിന്നു കൊണ്ടിരിക്കുന്നു. അനിയന്ത്രിതമായ ജീവിതമാണ് മനുഷ്യനെ പാപസാഹചര്യത്തിലേക്ക് നയിക്കുന്നത്. ഇത് ദൈവ-മനുഷ്യ ബന്ധത്തെ ശിഥിലമാക്കുന്നു. എപ്പോൾ ദൈവ-മനുഷ്യ ബന്ധം ശിഥിലമാകുന്നുവോ അപ്പോൾ മനുഷ്യർ തമ്മിലുള്ള ബന്ധവും തകരുന്നു. കായേന്റെയും ആബേലിന്റെയും ജീവിതം ഈ സത്യം നമ്മെ പഠിപ്പിക്കുന്നു (ഉല്പ്പത്തി 4, 1- 7).

നഷ്ടപ്പെട്ട ദൈവ-മനുഷ്യ ബന്ധം അനുരഞ്ജനത്തിലൂടെമാത്രമെ വിളക്കിച്ചേർക്കാൻ പറ്റൂ. അനുരഞ്ജനം സാധ്യമാവണമെങ്കിൽ അനുതാപം ഉണ്ടാകണം.പിതാവിന്റെ സ്നേഹം നഷ്ടപ്പെടുത്തിയ ധൂർത്ത പുത്രൻ അനുതാപത്തിലൂടെ വലിയൊരു മാനസാന്തരത്തിലേക്ക് എത്തിച്ചേരുന്നു. അവൻ ഏറ്റുപറയുന്നു: പിതാവേ, സ്വർഗ്ഗത്തിനെതിരായും നിന്റെ മുമ്പിലും ഞാൻ പാപം ചെയ്തു. നിന്റെ പുത്രൻ എന്ന് വിളിക്കപ്പെയുവാൻ ഞാൻ ഇനി യോഗ്യനല്ല (ലൂക്കാ 15, 21- 22). അനുതാപം യഥാർത്ഥ മാനസാന്തരത്തിലേക്ക് നമ്മെ നയിക്കുന്നു. "വരുവിൻ നമുക്ക് രമ്യപ്പെടാം. നിങ്ങളുടെ പാപം കടും ചുവപ്പാണെങ്കിലും വെൺമഞ്ഞുപോലെ ഞാനതു വെളുപ്പിക്കാം" (ഏശ. 1, 18). മനുഷ്യനുമായി രമ്യതയിലാകുവാൻ ദൈവം നടത്തുന്ന നിരന്തരമായ ശ്രമങ്ങളാണ് ഏശയ്യായുടെ വാക്കുകളിലൂടെ ഓർമ്മപ്പെടുത്തുന്നത്. വലിയ നോമ്പിന്റെ ദിനങ്ങളിൽ ഏശയ്യായുടെ വാക്കുകൾ ഓർമ്മിച്ച് ദൈവത്തിന്റെ അനുരഞ്ജനശ്രമങ്ങൾക്ക് നമുക്ക് പ്രത്യുത്തരം നല്കാം. "മാനസാന്തരപ്പെടുവിൻ സ്വർഗ്ഗരാജ്യം സമീപിച്ചിരിക്കുന്നു'' (മത്താ. 3,2) എന്നു പറഞ്ഞുകൊണ്ട് പാപമോചനത്തിന്റെ ജ്ഞാനസ്നാനം പ്രസംഗിച്ച സ്നാപകയോഹന്നാനും നമ്മെ മാനസാന്തര വഴികളിലേക്ക് ക്ഷണിക്കുന്നു. വലിയ നോമ്പിലെ പുണ്യദിനങ്ങളിൽ ദൈവത്തിന്റെ പരിശുദ്ധാത്മാവ് പാപമോചനത്തിലേക്കും പ്രായശ്ചിത്തത്തിലേക്കും നമ്മെ നയിക്കട്ടെ.

www.malankaralibrary.com

വിശുദ്ധവും പക്വവുമായ വ്യക്തിത്വങ്ങളുടെ ഉടമകളാകണം നമ്മൾ. ഈ ലക്ഷ്യ പ്രാപ്തിക്കായി നാം നമ്മുടെ ശരീരത്തിന്റെയും മനസ്സിന്റെയും വ്യാപാരങ്ങളെ നിയന്ത്രിച്ച് വിശുദ്ധമായവയെ മാത്രം ഉന്നംവയ്ക്കുകയും അശുദ്ധമായവയെ ത്യജിക്കുകയും വേണം. ഈ നോമ്പിന്റെ ആരംഭത്തിൽത്തന്നെ നമുക്ക് ആത്മപരിശോധന നടത്തുകയും നാം വളർത്തിയെടുക്കേണ്ട സത്ഗുണങ്ങൾ ഏവയെന്നും ഉപേക്ഷിക്കണ്ട തിന്മകൾ ഏതെന്നും കണ്ടെത്തുകയും ചെയ്യാം. ബോധപൂർവ്വമായ പരിശ്രമംകൊണ്ടു മാത്രമേ നമ്മുടെ വ്യക്തിത്വത്തെ സംശുദ്ധമാക്കാൻ കഴിയു. നമ്മുടെ ആത്മീയ ജീവിതം സത്ഗുണങ്ങളുടെയും നന്മനിറഞ്ഞ വ്യക്തിബന്ധങ്ങളുടെയും വിളനിലമായിരിക്കണം.

മിശിഹായിൽ പ്രിയരേ, അനുകമ്പാർദ്രമായ സമീപനങ്ങളും ജീവിതാഭിമുഖ്യങ്ങളും സ്വീകരിക്കുവാൻ ഈ നോമ്പുകാലത്തു നമുക്ക് കഴിയണം. ദാമ്പത്യ ബന്ധങ്ങളിൽ വിള്ളൽ വന്നും, കടക്കെണിയിൽ ഉൾപ്പെട്ടും, കുടുംബ പ്രാരാബ്ദങ്ങളുടെ നടുവിൽ ക്ലേശിക്കുന്ന എല്ലാ കുടുംബസ്ഥർക്കു വേണ്ടിയും നമുക്ക് പ്രാർത്ഥിക്കാം. ജീവിത വിശുദ്ധിയിലും, ദൈവത്തോടും മനുഷ്യരോടുമുള്ള പ്രതിബദ്ധതയിലും സുവിശേഷ മൂല്യങ്ങൾക്കനുസൃതം ജീവിക്കുവാൻ വൈദികർക്കും സമർപ്പിതർക്കും കഴിയുവാൻ നമുക്ക് പ്രാർത്ഥിക്കാം. സ്കൂളുകളിലും, കലാശാലകളിലും പരീക്ഷയ്ക്കൊരുങ്ങുന്ന കുഞ്ഞുങ്ങളെ, യുവാക്കളെ നമുക്ക് ജ്ഞാനത്തിന്റെ ഉറവിടമായ ദൈവമുമ്പാകെ സമർപ്പിക്കാം. അതിവേദനയാൽ സങ്കടപ്പെടുന്ന രോഗികളെയും, അവരെ ക്ഷമാപൂർവ്വം പരിചരിക്കുന്നവരെയും, അവരുടെ വേദനയിൽ ഉൾച്ചേരുന്ന പ്രിയപ്പെട്ടവരെയും നമുക്ക് കുരിശിന്റെ ചുവട്ടിൽ സമർപ്പിക്കാം. ആഹാരസാധനങ്ങൾ വർജ്ജിച്ചും, ആഡംബര ജീവിത ഭ്രമങ്ങളിൽ നിന്ന് അകന്നും, പ്രാർത്ഥനയിലും ലാളിത്യത്തിലും നമുക്ക് നോമ്പാചരിക്കാം. ആവശ്യക്കാരന്റെ മുമ്പിൽ ജീവിതത്തിന്റെ നന്മകൾ പങ്കുവച്ച് നമുക്ക് നോമ്പനുഷ്ടിക്കാം.

വിശുദ്ധ സഭ അനുശാസിക്കുന്ന നോമ്പുകാല നിയന്ത്രണങ്ങളും, പ്രാർത്ഥനാ ജീവിതവും ശ്രദ്ധയോടെ പാലിക്കാം. സഭാ മാതാവിനോട് ചേർന്നാണല്ലോ രക്ഷാകരമായ നോമ്പ് നാം അനുഷ്ടിക്കുന്നത്. ഭദ്രാസനത്തിന്റെ സർവ്വ മേഖലകളിലും

www.malankaralibrary.com

ആദ്ധ്യാത്മിക ഉണർവ്വായി നോമ്പുകാലം മാറാൻ നമുക്ക് ആഗ്രഹിച്ച് പ്രാർത്ഥിക്കാം.നോമ്പിന്റെ വ്യതശുദ്ധിയോടെ ഉത്ഥാനത്തിന്റെ മഹിമയിലേക്ക് പ്രവേശിക്കാൻ നമുക്കു സാധിക്കട്ടെ. ആയത് ദൈവമാതാവായ പരിശുദ്ധ കന്യകമറിയാമിന്റെയും, ഭാരതത്തിന്റെ അപ്പോസ്തോലനായ മാർത്തോമ്മാ ശ്ലീഹായുടെയും, പരിശുദ്ധന്മാരുടെയും പ്രാർത്ഥനയാൽ തന്നെ. ആമ്മീൻ.

എന്ന്,



**+ ഡോ. ജോഷ്വാ മാർ ഇഗ്നാത്തിയോസ്**
മാവേലിക്കര ഭദ്രാസനാദ്ധ്യക്ഷൻ

അമലഗിരി
വലിയ നോമ്പ് 2012

www.malankaralibrary.com

ദൈവകൃപയാലും തിരുസിംഹാസനത്തിന്റെ അംഗീകാര ത്താലും മാവേലിക്കര ഭദ്രാസനാദ്ധ്യക്ഷൻ ജോഷ്വാ മാർ ഇഗ്നാത്തിയോസ് മെത്രാപ്പോലീത്തായിൽ നിന്നും ബഹുമാനപ്പെട്ട വൈദികർക്കും സന്യസ്തർക്കും വിശ്വാസികളേവർക്കും വാഴ്‌വ്!

PL. No. 01/ 2013

**വലിയ നോമ്പ് 2013**

ബഹുമാനപ്പെട്ട വൈദികരേ, സന്യസ്തരേ, വിശ്വാസികളേ,


ആത്മാവിനെയും ശരീരത്തെയും ദൈവമനുഷ്യ ബന്ധ ങ്ങളെയും പവിത്രീകരിക്കുവാനുള്ള വലിയ നോമ്പിന്റെ വിശു ദ്ധമായ കാലഘട്ടത്തിലാണല്ലോ നാം. നാല്പതുദിവസം മരുഭൂ മിയിൽ ഉപവസിച്ച് പ്രാർത്ഥിച്ച് ശക്തിയുൾക്കൊണ്ട് ഈശോ പിശാചിന്റെ പ്രലോഭനങ്ങളെ അതിജീവിച്ച് പരസ്യജീവിതത്തി നായി ഇറങ്ങിതിരിച്ചതിന്റെ സ്മരണ വലിയ നോമ്പ് കാലഘട്ട ത്തിൽ നാം സജീവമായി അനുസ്മരിക്കുന്നു. വ്യക്തി ജീവിത ത്തിന്റെ നവീകരണം ഈ കാലഘട്ടത്തിൽ നാം ലക്ഷ്യമിടുന്നു. ജീവിതത്തെ പുനഃക്രമീകരിക്കുവാനുള്ള വെല്ലുവിളിയാണ് വിശുദ്ധ നോമ്പ്. തിരുസഭ നിഷ്കർഷിക്കുന്ന വ്രത പരിശുദ്ധി യോടെ ഈ വിശുദ്ധനോമ്പ് നമുക്ക് ജീവിക്കാം. ജീവിത നവിക രണത്തിനുപകരിക്കുന്ന ഉപവാസം, പ്രാർത്ഥന, പരോപകാര പ്രവൃത്തികൾ, ആത്മനിയന്ത്രണം എന്നിവ ഹൃദയപൂർവ്വം നമുക്ക് അനുവർത്തിക്കാം. വ്യക്തിപരമായ ജീവിത നവീകരണത്തോ ടൊപ്പം ഇടവക തലത്തിലും ഭദ്രാസനതലത്തിലും നമുക്ക് ഉചി തമായി നോമ്പനുഷ്ടിക്കാം. ഇടവക തലത്തിലുള്ള നോമ്പു കാല ധ്യാനയോഗങ്ങൾ, കുരിശിന്റെ വഴി, ഉപവാസ പ്രാർത്ഥ നകൾ എന്നിവ ക്രമീകരിക്കുന്നതിന് ബഹുമാനപ്പെട്ട അച്ചന്മാർ നേതൃത്വം നല്കുമല്ലോ. ഉത്ഥാന തിരുനാളിന്റെ മഹത്വകരമായ

www.malankaralibrary.com

അനുഭവത്തിലേക്ക് വലിയ നോമ്പിന്റെ ഈ ദിവസങ്ങളിലൂടെ നമുക്ക് പ്രാർത്ഥിച്ച് മുന്നേറാം.

അനുഗ്രഹദായകമായ വലിയ നോമ്പിന്റെ നന്മകൾ നേരുന്നു. ദൈവം നിങ്ങളെ സമൃദ്ധമായി അനുഗ്രഹിക്കട്ടെ!

എന്ന്,



അമലഗിരി
വലിയ നോമ്പ് 2013

**+ ഡോ. ജോഷ്വാ മാർ ഇഗ്നാത്തിയോസ്**
മാവേലിക്കര ഭദ്രാസനാദ്ധ്യക്ഷൻ

www.malankaralibrary.com

ദൈവകൃപയാലും തിരുസിംഹാസനത്തിന്റെ അംഗീകാര ത്താലും മാവേലിക്കര ഭദ്രാസനാദ്ധ്യക്ഷൻ ജോഷ്വാ മാർ ഇഗ്നാത്തിയോസ് മെത്രാപ്പോലീത്തായിൽ നിന്നും ബഹുമാനപ്പെട്ട വൈദികർക്കും സന്യസ്തർക്കും വിശ്വാസികളേവർക്കും വാഴ്‌വ്!

PL. No. 01/2015

**വലിയനോമ്പ് 2015**

വന്ദ്യ വൈദികരേ, സന്യസ്തരേ, വിശ്വാസികളേ,

അനുതാപത്തിന്റെയും പ്രായശ്ചിത്തത്തിന്റെയും സന്ദേ ശവുമായി ഒരിക്കൽകൂടി വലിയനോമ്പ്കാലം അടുത്തിരിക്കു ന്നു. പ്രാർത്ഥനയ്ക്കും ഉപവാസത്തിനും പ്രായശ്ചിത്തത്തിനു മായി പ്രത്യേകം മാറ്റിവച്ചിരിക്കുന്ന ശ്രേഷ്ഠമായ അമ്പത് ദിന ങ്ങളാണ് ഈ കാലയളവിൽ ഉള്ളത്. ഉപവാസാ നുഷ്ഠാനങ്ങളി ലൂടെ ശരീര നിയന്ത്രണവും പ്രാർത്ഥനാ ധ്യാനങ്ങളിലൂടെ മന ഃശുദ്ധിയും നേടിയെടുക്കുന്നതിനുള്ള അവസരം നമ്മുക്ക് ലഭി ക്കുന്നു എന്നതാണ് ഈ കാലഘട്ടത്തിന്റെ പ്രത്യേകത. ആരാധ നക്രമവത്സരത്തിന്റെ കേന്ദ്രബിന്ദു യേശുമിശിഹായുടെ രക്ഷാ കരമായ പീഡാസഹനവും കുരിശുമരണവും ഉത്ഥാനവുമാണ്. ഈശോയുടെ പീഡാസഹനത്തോടൊപ്പം ധ്യാനാത്മകമായി യാത്രചെയ്യുവാൻ, ജീവിതത്തിൽ ആവശ്യമായ തിരുത്തലുകൾ വരുത്തി പഴയമനുഷ്യനെ ഉപേക്ഷിച്ച് പുതിയ മനുഷ്യനെ ധരി ക്കുവാൻ ഈ നോമ്പ്കാലം നമ്മെ ആഹ്വാനം ചെയ്യുന്നു. നമ്മുടെ കണ്ണുകൾ അപരനിലേക്ക് തിരിക്കേണ്ട അവസരമാണ് നോമ്പു കാലം.

ക്രൂശിതനായ ക്രിസ്തുവിനെക്കുറിച്ചുള്ള ധ്യാനം സഹ നത്തിന്റെ ദൈവികമാനങ്ങൾ പഠിക്കുന്നതിനുള്ള അവസരം നമുക്ക് നൽകുന്നു. നമ്മുടെ ജീവൻ ക്രിസ്തുവിനോടൊപ്പം ദൈവ ത്തിൽ നിഗൂഢമായി സ്ഥിതിചെയ്യുന്നുവെന്ന് (കൊളോ. 3:3) വിശുദ്ധ പൗലോസ് ശ്ലീഹാ നമ്മെ ഓർമ്മിപ്പിക്കുന്നു. നാം ക്രിസ്തുവിന്റെ ശരീരത്തിൽ നിഗൂഢമായി സ്ഥിതിചെയ്യുന്നതു

www.malankaralibrary.com

കൊണ്ട് അവിടുന്ന് പാനംചെയ്ത കാസ പാനംചെയ്യാനും അവിടുത്തെ സ്നാനം സ്വീകരിക്കുവാനും അവിടുന്ന് നമ്മെ നിരന്തരം ക്ഷണിക്കുകയാണ്. മനുഷ്യപുത്രൻ വന്നിരിക്കുന്നത് ശുശ്രൂഷിക്കപ്പെടാനല്ല, ശുശ്രൂഷിക്കുവാനും സ്വന്തം ജീവൻ അനേകർക്ക് വേണ്ടി മോചനദ്രവ്യമായി നൽകുവാനുമത്രേ (മർക്കോ. 10:45). അനുദിന ജീവിതത്തിലെ വേദനകൾ യേശുവിന്റെ കുരിശിലെ സഹനത്തോട് ചേർത്തു വെയ്ക്കാൻ നമുക്ക് കഴിയണം. നമ്മുടെ രക്ഷയ്ക്കായി സ്വപുത്രനെ അയച്ച അവിടുത്തെ സ്നേഹം കുരിശിൽ കണ്ടെത്തണം. ഏശയ്യാ പ്രവാചകൻ പറയുന്നു. "നമ്മുടെ വേദനകളാണ് യഥാർത്ഥത്തിൽ അവൻ വഹിച്ചത്, നമ്മുടെ ദുഃഖങ്ങളാണ് അവൻ ചുമന്നത് (ഏശയ്യാ 53:4). മറ്റുള്ളവർക്കു വേണ്ടി സഹനങ്ങൾ സന്തോഷപൂർവ്വം ഏറ്റെടുക്കുമ്പോഴാണ് കുരിശിന്റെ സന്ദേശം നാം ജീവിച്ചു തുടങ്ങുന്നത്.

ഈശോയുടെ പ്രധാന ദൗത്യം ദൈവരാജ്യ സ്ഥാപനമായിരുന്നു. അതിനുവേണ്ടി തന്റെ ജീവിതം മുഴുവൻ അവിടുന്ന് മാറ്റിവെച്ചു. അവിടുത്തെ പ്രഘോഷണത്തിന്റെ തുടക്കം തന്നെ ദൈവരാജ്യത്തിലേക്ക് മനുഷ്യരെ ക്ഷണിച്ചുകൊണ്ടായിരുന്നു. "സമയം പൂർത്തിയായി, ദൈവരാജ്യം സമീപിച്ചിരിക്കുന്നു. അനുതപിച്ച് സുവിശേഷത്തിൽ വിശ്വസിക്കുവിൻ" (മർക്കോ. 1:15). ദൈവരാജ്യത്തിൽ പ്രവേശിക്കുന്നതിനുള്ള വ്യവസ്ഥയായി ഈശോ ആവശ്യപ്പെടുന്നത് പാപത്തെക്കുറിച്ചുള്ള അനുതാപവും മാനസാന്തരവുമാണ്. റോമാക്കാർക്ക് എഴുതിയ ലേഖനത്തിൽ പൗലോസ് ശ്ലീഹാ ഓർമിപ്പിക്കുന്നു "നിങ്ങൾ ലോകത്തിന് അനുരൂപരാകരുത്; പ്രത്യുത നിങ്ങളുടെ മനസ്സിന്റെ നവീകരണം വഴി രൂപാന്തരപ്പെടുവിൻ. ദൈവഹിതമെന്തെന്നും നല്ലതും പ്രീതിജനകവും പരിപൂർണ്ണവുമായത് എന്തെന്നും വിവേചിച്ചറിയാൻ അപ്പോൾ നിങ്ങൾക്ക് സാധിക്കും." (റോമാ. 12:2) എഫേസോസുകാർക്കുള്ള ലേഖനത്തിലും അദ്ദേഹം ഇതു തന്നെ പറയുന്നു "നിങ്ങളുടെ പഴയ ജീവിത രീതിയിൽ നിന്നു രൂപം കൊണ്ട വഞ്ചന നിറഞ്ഞാസക്തികളാൽ കലുഷിതമായ പഴയ മനുഷ്യനെ ദൂരെയെറിയുവിൻ....... യഥാർത്ഥമായ വിശുദ്ധിയിലും നീതിയിലും ദൈവത്തിന്റെ സാദൃശ്യത്തിൽ സൃഷ്ടിക്കപ്പെട്ട പുതിയ മനുഷ്യനെ ധരിക്കുവിൻ." (എഫേ. 4:22:24).

മാനസാന്തരത്തിനു വിധേയനായ വ്യക്തി ഈശോയോടു ചേർന്നുനിൽക്കും. പാപം ചെയ്തുകൂട്ടുന്നവൻ ദൈവത്തിൽ നിന്ന് അകലേക്ക് പൊയ്ക്കൊണ്ടിരിക്കുകയാണല്ലോ. അങ്ങനെ ഏറെ അകലെയെത്തിയ ധൂർത്തനായ മകനെ

www.malankaralibrary.com

പ്പോലും കാത്തിരിക്കുകയും തിരിച്ചു വരുമ്പോൾ ആശ്ലേഷിച്ച് സ്വീകരിക്കുകയും ചെയ്യുന്നവനാണ് ദൈവം. എന്നാൽ സ്വർഗ്ഗ രാജ്യത്തിൽ പ്രവേശിക്കുവാൻ ബലവാൻമാർക്കേ സാധിക്കു എന്ന് ഈശോ പഠിപ്പിക്കുന്നു (മത്തായി 11:12). ആത്മീയ ജീവിതം നമ്മോടു തന്നെയുള്ള ഒരു സമരമാണ്. ഈ നോമ്പുകാലം അതി നുള്ള അവസരമാണ്. ദൈവത്തിൽ നിന്ന് നമ്മെ അകറ്റുന്ന തിൻമകൾ പരിവർജ്ജിക്കുവാൻ നോമ്പുകാലം നമ്മെ ക്ഷണി ക്കുന്നു. ഉപവാസവും പരിത്യാഗവും ദാനധർമ്മവുമൊക്കെ നമ്മുടെ സ്വാർത്ഥതയെയും താൻപോരിമയെയും കീഴടക്കാനുള്ള മാർഗ്ഗങ്ങളാണ്.

സഹോദരങ്ങൾക്ക് കൂടുതൽ നന്മചെയ്ത് വിശുദ്ധിയിൽ വളരാൻ നോമ്പ് നമ്മെ ആഹ്വാനം ചെയ്യുന്നു. ദൈവത്തോടും അയൽക്കാരനോടും നിസ്സംഗത പുലർത്തുകയെന്നത് ക്രിസ്ത്യാ നികൾ നേരിടുന്ന ഒരു യഥാർത്ഥ പ്രലോഭനമാണ്. നമ്മിലേക്ക് തന്നെയുള്ള ആപൽക്കരമായ പിൻമാറ്റമാണത്. ഈ നിസ്സം ഗതയിലേക്ക് ദൈവസ്നേഹത്തിന്റെ സമൃദ്ധി കടന്നുവരണം. ദൈവജനത്തിന് ആന്തരീക നവീകരണമുണ്ടാവണം. കാരണം മനുഷ്യന്റെ കാര്യത്തിൽ ദൈവം ഒരിക്കലും നിസ്സംഗത കാണിക്കുന്നില്ല. ദൈവം ക്രിസ്തുവിനോടൊപ്പം നന്മയും കാരു ണ്യവും അണിയിച്ചവരാണ് ക്രൈസ്തവർ. ക്രിസ്തുവിനെ പോലെ ദൈവത്തിന്റെയും മനുഷ്യരുടെയും ദാസരാകാൻ വേണ്ടി യാണിത്. പാർശ്വവത്ക്കരിക്കപ്പെട്ടവരോടുള്ള സ്നേഹം സ്വർഗ്ഗ രാജ്യ പ്രവേശനത്തിന് അനിവാര്യമാണെന്ന് "എന്റെ ഏറ്റവും എളിയ സഹോദന്മാരിൽ ഒരുവന് നിങ്ങൾ ഇത് ചെയ്തുകൊടു ത്തപ്പോൾ എനിക്ക് തന്നെയാണ് ചെയ്തത് " (മത്തായി 25:40) എന്ന വചനത്തിലൂടെ ഈശോ ഓർമ്മിപ്പിക്കുന്നു. "ക്ഷയവും കാൻസറുമല്ല ഏറ്റവും ഭയാനകമായ രോഗങ്ങൾ. ആർക്കും വേണ്ടാത്തവരായിരിക്കുകയും സ്നേഹിക്കപ്പെടാതിരിക്കുകയും ചെയ്യുന്നതാണ് കൂടുതൽ ഭയാനകമായ രോഗങ്ങൾ എന്ന് ഞാൻ കരുതുന്നു" എന്ന മദർ തെരേസയുടെ വാക്കുകൾ, നിസ്സംഗത വെടിഞ്ഞ് ഉണർന്ന് പ്രവർത്തിക്കാനും മറ്റുള്ളവരോട് ക്രിയാ ത്മകമായി പ്രതികരിക്കാനും നമുക്ക് പ്രേരണയാകട്ടെ.

വിശുദ്ധ ഗ്രന്ഥവായന, യാമപ്രാർത്ഥന, ഉപവാസം, വർജ്ജന, കാരുണ്യപ്രവർത്തികൾ എന്നിവയാൽ നോമ്പിന്റെ ദിവസങ്ങളെ നമുക്ക് അർത്ഥപൂർണ്ണമാക്കാം. ജീവിതത്തിന്റെ നിഷേധാത്മക പ്രവണതകളെ ബോധപൂർവ്വം മാറ്റിയെടുത്ത് സത്കൃത്യങ്ങളാൽ നമ്മുടെ മനുഷ്യത്വത്തെ കൂടുതൽ പ്രകാശ

www.malankaralibrary.com

മാനമാക്കാം. നോമ്പാചരണത്തിലൂടെ ആർജ്ജിക്കുന്ന മനുഷ്യത്വവും ദൈവാനുഗ്രഹങ്ങളും നമ്മുടെ ബന്ധങ്ങളെ വിശുദ്ധീകരിക്കട്ടെ. ശരീരത്തെയും മനസ്സിനെയും നശിപ്പിക്കുന്ന ലഹരിവസ്തുക്കളുടെ ഉപയോഗങ്ങളിൽ നിന്ന് നമുക്ക് വിട്ടുനിൽക്കാം. വിളിക്കപ്പെട്ട ജീവിതാന്തസ്സിനോട് വിശ്വസ്ഥത പുലർത്തി കരുണയും സഹാനുഭൂതിയുമുള്ള ക്രിസ്തു ശിഷ്യരായി നമുക്ക് ജീവിക്കാം. ഭദ്രാസനത്തിന്റെ എല്ലാ പ്രവർത്തനങ്ങളെയും ദൈവകരങ്ങളിൽ നമുക്ക് സമർപ്പിക്കാം. വ്രതശുദ്ധിയോടെ, നവീ കരണ മനസ്സോടെ, അനുരഞ്ജനത്തിന്റെ പാതയിൽ നമുക്ക് ഒത്തൊരുമിച്ച് മുന്നേറാം. ക്രിസ്തോന്മുഖമായ ജീവിതശൈലിയും സമീപനങ്ങളും നമുക്ക് സ്വന്തമാക്കാം. ഉത്ഥിതനായ ക്രിസ്തുനാഥന്റെ മഹത്തായ ജീവന്റെ സമൃദ്ധി ഏറ്റുവാങ്ങുവാൻ ഭദ്രാസനമൊന്നാകെ നമുക്ക് പ്രാർത്ഥിച്ച്, അനുതപിച്ച്, നോമ്പാചരിക്കാം. തിരുസഭാമാതാവ് നിർദ്ദേശിക്കുന്ന യോഗ്യമായ വഴികളിലൂടെ നോമ്പിന്റെ ദിവസങ്ങളിൽ നമ്മുടെ ജീവിതത്തെ പുനഃക്രമീകരിക്കാം.

കുരിശിന്റെ വഴിയേ സഞ്ചരിച്ച് ആഴമായ മാനസാന്തരാനുഭവത്തിലൂടെ ഉത്ഥാനത്തിന്റ സന്തോഷത്തിലേക്ക് കടന്നുവരാൻ നമ്മുക്ക് പരിശ്രമിക്കാം. ആയത് ദൈവമാതാവായ പരിശുദ്ധ കന്യകമറിയാമിന്റെയും ഭാരതത്തിന്റെ അപ്പസ്തോലനായ മാർത്തോമ്മ ശ്ലീഹായുടെയും പരിശുദ്ധന്മാരുടെയും പ്രാർത്ഥനയാൽ തന്നെ. ആമ്മേൻ

എന്ന്,

അമലഗിരി — **+ ഡോ. ജോഷ്വാ മാർ ഇഗ്നാത്തിയോസ്**

വലിയ നോമ്പ് 2015 — മാവേലിക്കര ഭദ്രാസന മെത്രാപ്പോലീത്താ

www.malankaralibrary.com

ദൈവകൃപയാലും തിരുസിംഹാസനത്തിന്റെ അംഗീകാരത്താലും മാവേലിക്കര ഭദ്രാസനാദ്ധ്യക്ഷൻ ജോഷ്വാ മാർ ഇഗ്നാത്തിയോസ് മെത്രാപ്പോലീത്തായിൽ നിന്നും ബഹുമാനപ്പെട്ട വൈദികർക്കും സന്യസ്തർക്കും വിശ്വാസികളേവർക്കും വാഴ്വ്!

PL. No. 01/ 2016

**വലിയ നോമ്പ് 2016**

അനുഗ്രഹീതമായ അമ്പതുനോമ്പിലേയ്ക്ക് നാം പ്രവേശിച്ചിരിക്കുകയാണല്ലോ. പ്രാർത്ഥനയ്ക്കും ഉപവാസത്തിനും പ്രായശ്ചിത്തത്തിനുമായി പ്രത്യേകമായി മാറ്റിവച്ചിരിക്കുന്ന ദിനങ്ങളാണ് വലിയ നോമ്പിലെ അമ്പത് ദിനങ്ങൾ. വ്യക്തിജീവിതത്തിലേക്കും കർമ്മമണ്ഡലങ്ങളിലേക്കും തിരിഞ്ഞുനോക്കാനും ദൈവത്തിലേക്ക് തിരിഞ്ഞു നടക്കാനും ഹൃദയ പരിവർത്തനം നേടാനുള്ള പരിശീലനമാണ് നോമ്പുകാലം. പൗലോസ് ശ്ലീഹാ രേഖപ്പെടുത്തുന്നതുപൊലെ മിശിഹായുടെ മനോഭാവം (ഫിലി. 2:5) ഉൾക്കൊള്ളാനുള്ള പരിശീലനകാലഘട്ടമാണിത്.

ഉപവാസാനുഷ്ഠാനങ്ങളിലൂടെ ശരീരനിയന്ത്രണവും പ്രാർത്ഥനാധ്യാനങ്ങളിലൂടെ ആത്മ വിശുദ്ധിയും നേടിയെടുക്കുന്നതിനുള്ള അവസരം സഭാമക്കൾക്കു ഈ കാലഘട്ടത്തിൽ ലഭിക്കുന്നു. 2016 കരുണയുടെ വർഷമായി പ്രഖ്യാപിച്ചുകൊണ്ട് നോമ്പുകാലം കൂടുതൽ അനുഗ്രഹീതമാക്കുവാൻ പരിശുദ്ധ ഫ്രാൻസിസ് മാർപാപ്പ അവസരം ഒരുക്കിയിരിക്കുന്നു. ദൈവകരുണയാൽ നവീകരിക്കപ്പെടുവാനും ദൈവകരുണയുടെ നേർസാക്ഷ്യങ്ങളാകുവാനും നമ്മെ ആഹ്വാനം ചെയ്യുന്ന പുണ്യദിനങ്ങളാണ് വലിയ നോമ്പിലെ അമ്പതുദിനങ്ങൾ.

ഉപവാസം, പ്രാർത്ഥന, വർജ്ജന, പരിത്യാഗം, പ്രായശ്ചിത്തം, ദൈവവചനധ്യാനം, എന്നിവയിലൂടെയുള്ള ജീവിത നവീകരണവും കർത്താവിലേക്കുള്ള വളർച്ചയുമാണ് നോമ്പ് ലക്ഷ്യം

www.malankaralibrary.com

വയ്ക്കുന്നത്. പരസ്യ ജീവിതത്തിന്റെ ഒരുക്കമായി ക്രിസ്തുനാഥൻ നാല്പതു ദിനരാത്രങ്ങൾ മരുഭൂമിയിൽ ഉപവസിച്ചു. വിസ്തൃതമായ യൂദയാ മരുപ്രദേശത്ത് നടത്തിയ ഉപവാസാനുഷ്ഠാനം തന്റെ ഇഹലോക ജീവിതത്തിന്റെ ലക്ഷ്യപ്രാപ്തിയ്ക്കുവേണ്ടിയുള്ള തയ്യാറെടുപ്പായിരുന്നു. ഈ സത്യം മനസ്സിലാക്കികൊണ്ടാണ് നാം ഇങ്ങനെ പ്രാർത്ഥിക്കുന്നത്. "സകലത്തിന്റെയും ദൈവമായ മിശിഹാ നമുക്കുവേണ്ടി ഉപവസിക്കുകയും വിരുദ്ധതകൾ കൂടാതെ പ്രയാണം ചെയ്ത് നാം നിത്യജീവൻ പ്രാപിക്കുവാൻ തക്കവണ്ണം നമുക്ക് മാർഗ്ഗം ഉപദേശിച്ചുതരുകയും ചെയ്തു" (വലിയ നോമ്പിലെ പ്രാർത്ഥന, തിങ്കൾ പ്രഭാതം). ഈയൊരു തയ്യാറെടുപ്പാണ് സഭാമക്കളായ നമ്മളും ഈ അവസരത്തിൽ നടത്തുന്നത്. സഹനത്തിലൂടെ മഹത്വമെന്ന സത്യത്തെ മുൻ നിർത്തിക്കൊണ്ട് ഉയിർപ്പിന്റെ മഹത്വത്തിൽ പങ്കുചേരുവാനുള്ള ഒരുക്കം.

എഫേസൂസിലെ സഭയ്ക്കുള്ള ലേഖനത്തിൽ പൗലോസ് ശ്ലീഹാ നമ്മെ ഇപ്രകാരം പഠിപ്പിക്കുന്നു. "കർത്താവിന് പ്രസാദകരമായിട്ടുള്ളവ എന്തെന്നു വിവേചിച്ചറിയുവിൻ"(എഫേ. 5:10). ഫിലിപ്പിയായിലെ സഭയ്ക്ക് അവസാനമായി നല്കിയ നിർദ്ദേശവും മറ്റൊന്നല്ല. "സഹോദരരേ, സത്യവും വന്ദ്യവും നീതിയുക്തവും പരിശുദ്ധവും സ്നേഹാർഹവും സ്തുത്യർഹവും ഉത്തമവും പ്രശംസായോഗ്യവുമായ എല്ലാ കാര്യങ്ങങ്ങളളെക്കുറിച്ചും ചിന്തിക്കുവിൻ. എന്നിൽ നിന്നും കണ്ടതും കേട്ടതും പഠിച്ചതും സ്വീകരിച്ചതും ചെയ്യുവിൻ" എന്ന് (ഫിലി. 4:8-9). കൊളോസോസിലെ സഭയ്ക്ക് ഇങ്ങനെയുമെഴുതി. "നിങ്ങൾ വാക്കാലോ പ്രവൃത്തിയാലോ എന്തുചെയ്താലും അതെല്ലാം കർത്തവായ ഈശോമിശിഹാവഴി അവന്റെ നാമത്തിൽ ചെയ്യുവിൻ" (കൊളോ. 3:17). ദൈവതിരുമുമ്പിൽ സംപ്രീതികരമായ ജീവിതം നയിച്ച് ദൈവരാജ്യത്തിന്റെ അനുഭവത്തിലേക്ക് കടന്നുവരിക. ഇതിന് ഏറ്റവും തീക്ഷ്ണമായി ഒരുങ്ങേണ്ട ഒരു കാലഘട്ടമാണ് നോമ്പുകാലം.

അനുതാപത്തിലൂടെ അനുരഞ്ജനം പ്രാപിക്കാൻ നോമ്പിന്റെ ഈ കാലഘട്ടത്തിൽ തിരുസഭ നമ്മെ ക്ഷണിക്കുന്നു. അനുതാപം മനസ്സിന്റെ നവീകരണം വഴിയുള്ള രൂപാന്തരപ്പെടലാണ് (റോമ. 12.2). "പഴയ ജീവിതരീതിയിൽ നിന്നു രൂപം

www.malankaralibrary.com

കൊണ്ട, വഞ്ചന നിറഞ്ഞ, ആസക്തികളാൽ കലുഷിതമായ പഴയ മനുഷ്യനെ ദൂരെയെറിയുവിൻ. നിങ്ങൾ മനസിന്റെ ചൈതന്യ ത്താൽ നവീകരിക്കപ്പെടട്ടെ. യഥാർത്ഥമായ വിശുദ്ധിയിലും നീതി യിലും ദൈവത്തിന്റെ സാദൃശ്യത്തിൽ സൃഷ്ടിക്കപ്പെട്ട പുതിയ മനുഷ്യനെ നിങ്ങൾ ധരിക്കുവിൻ" (എഫേ.4, 22-24) എന്ന ശ്ലീഹാ യുടെ വാക്കുകളെ ഗൗരവമായി എടുത്ത് അനുതാപത്തിന്റെ ഫല ങ്ങൾ പുറപ്പെടുവിക്കാൻ നമുക്ക് ശ്രമിക്കാം. ഹൃദയ പരി വർത്തനവും, മാനസാന്തരവും ഒരു അനുസ്യൂത പ്രക്രിയയാ ണ്. നാം നിരന്തരം നവീകരിക്കപ്പെടണം. എങ്കിലേ കാലഘട്ട ത്തിനൊത്ത പുതുചൈതന്യത്തോടെ നമുക്ക് എന്നും പുത്ത നായ മിശിഹായെ പ്രഘോഷിക്കാനാവൂ. അങ്ങനെ ഉപവാസവും പ്രാർത്ഥനയും അനുതാപവും പരിശീലിക്കാൻ ഈ നോമ്പു കാലത്ത് നമുക്ക് ആത്മാർത്ഥമായി പരിശ്രമിക്കാം.

കേവലം ഭക്ഷണപദാർത്ഥങ്ങൾ ഉപേക്ഷിക്കുന്നതു മാത്ര മല്ല നോമ്പിന്റെ ചൈതന്യമെന്ന് വി. ഗ്രന്ഥം നമ്മെ ഓർമ്മിപ്പി ക്കുന്നു. "ദുഷ്ടതയുടെ കെട്ടുകൾ പൊട്ടിക്കുകയും നുകത്തിന്റെ കയറുകൾ അഴിക്കുകയും മർദ്ദിതരെ സ്വതന്ത്രരാക്കുകയും എല്ലാ നുകങ്ങളും ഒടിക്കുകയും ചെയ്യുന്നതല്ലേ ഞാൻ ആഗ്രഹിക്കുന്ന ഉപവാസം? വിശക്കുന്നവനുമായി ആഹാരം പങ്കുവയ്ക്കുകയും ഭവനരഹിതനെ വീട്ടിൽ സ്വീകരിക്കുകയും നഗ്നനെ ഉടുപ്പിക്കു കയും സ്വന്തക്കാരിൽ നിന്ന് ഒഴിഞ്ഞുമാറാതിരിക്കുകയും ചെയ്യു ന്നതല്ലേ അത്?" (എശയ്യാ 58:6-7). ഉപവാസത്തിന്റെ ചൈതന്യം ഇപ്രകാരം ആയിരിക്കണമെന്ന് സഭയും നമ്മെ ഒർമ്മപ്പെടുത്തു ന്നുണ്ട്. മദ്യപാനം, ഭോഗാസക്തി, ധനാസക്തി തുടങ്ങിയ തിന്മ കളിൽ നിന്ന് അകലുന്നതിലൂടെയാണ് നോമ്പിന്റെ ചൈതന്യം സ്വന്തമാക്കേണ്ടത്. അതുപോലെ തന്നെ സഹോദരങ്ങളോട് ചെയ്യുന്ന അഴിമതി, സ്വജനപക്ഷപാതം, സ്വഭാവഹത്യ, ചതി, വഞ്ചന, കലഹം, പീഡനം തുടങ്ങിയ തിന്മകളിൽ നിന്നും പിന്തി രിയുവാനുള്ള ആഹ്വാനം കൂടിയാണ് നോമ്പ് നമുക്ക് നല്കുന്ന ത്. മറ്റുള്ളവരോട് തിന്മ ചെയ്യുന്നതിൽ നിന്നും പിന്തിരിഞ്ഞാൽ മാത്രം പോരാ, മറിച്ച് പരസ്നേഹപ്രവൃത്തികളിൽ ഏർപ്പെടു കയും വേണം. യഥാർത്ഥമായ നോമ്പിന്റെ ചൈതന്യം സ്വന്ത മാക്കുവാൻ നോമ്പാചരണം സഹായകമായിത്തീരണം.

നോമ്പും ഉപവാസവും ഇന്ദ്രിയനിഗ്രഹവുമെല്ലാം ദൈവാ

www.malankaralibrary.com

നുഭവത്തിലേക്കുള്ള ആന്തരിക തീർത്ഥാടനമാർഗ്ഗമായി പൗരസ്ത്യ-പാശ്ചാത്യ ആദ്ധ്യാത്മിക പിതാക്കന്മാർ പഠിപ്പിക്കുന്നുണ്ട്. ശുദ്ധീകരണം *(purification)*, പ്രകാശവത്ക്കരണം *(illumination)*, പൂർണ്ണവത്ക്കരണം *(perfection)* എന്നീ മൂന്ന് ആത്മീയ തലങ്ങളെക്കുറിച്ച് പൗരസ്ത്യ സഭാപിതാവായ വി.ദിവന്നാസിയോസ് പഠിപ്പിക്കുന്നുണ്ട്. നോമ്പും ഉപവാസവും ശരീരത്തിന്റെ ആസക്തികളെ ജയിക്കാൻ സഹായിക്കുമെന്ന് നിനിവേയിലെ വിശുദ്ധ ഐസക് പഠിപ്പിക്കുന്നു. ശരീരത്തിന്റെ പ്രവണതകളെ പ്രാർത്ഥനയും ജാഗരണവും സങ്കീർത്തനവും വഴി അതിജീവിച്ച് ദൈവത്തിലേയ്ക്ക് തിരിയുവാൻ നോമ്പുകാലത്ത് നമുക്ക് പരിശ്രമിക്കാം.


വ്രതശുദ്ധിയുടെ ചൈതന്യത്തിൽ, ഇന്നലെകളിലെ കുറവുകളുടെ വഴികളിൽനിന്ന് അകന്ന് പുതുജീവിതത്തിന്റെ ആത്മീയ നിറവുകളിലേക്ക് വളരാൻ നോമ്പുകാലം നമ്മെ പ്രചോദിപ്പിക്കുന്നുണ്ട്. ചാരം പൂശി, ചാക്കുടുത്ത് വ്രതബദ്ധമായ ജീവിതം നയിച്ച നിനുവേ നിവാസികൾ രക്ഷയുടെ ഈ അനുഭവം സ്വന്തമാക്കിയവരാണ്. കരുണയുടെ കവാടം തുറന്ന് നമ്മുടെ തിരിച്ചുവരവിനായി കാത്തിരിക്കുന്ന ദൈവപിതാവിങ്കലേക്ക് അണയാൻ നമുക്ക് ഈ നോമ്പുകാലം ബദ്ധശ്രദ്ധരാകാം. ഏശയ്യാ പ്രവാചകനിലൂടെ ദൈവം അരുളി ചെയ്യുന്നു: “ദുഷ്ടതയുടെ കെട്ടുകൾ പൊട്ടിക്കുകയും നുകത്തിന്റെ കയറുകൾ അഴിക്കുകയും മർദ്ദിതരെ സ്വതന്ത്രരാക്കുകയും എല്ലാ നുകങ്ങളും ഒടിക്കുകയും ചെയ്യുന്നതല്ലേ ഞാൻ ആഗ്രഹിക്കുന്ന ഉപവാസം” (എശയ്യാ 50/6). ഫ്രാൻസിസ് മാർപാപ്പ ഓർമ്മിപ്പിക്കുന്നു. “ആധുനിക സമൂഹം സ്വയം തീർത്ത പുറമ്പോക്കുകളിൽ കഴിയുന്നവർക്കുവേണ്ടി കരുണയുടെ ഈ വർഷത്തിൽ ഹൃദയം തുറക്കണം. ലജ്ജാകരമായ നിസ്സംഗതയിലേക്കോ പതിവുകളുടെ വിരസതയിലേക്കോ വീഴരുത്. കണ്ണ് തുറന്ന് ലോകത്തിന്റെ ദുരിതം കാണാം. നമ്മുടെ ഉറ്റവരുടെ മുറിവുകൾ കാണാം. അവരുടെ നിലവിളി കേൾക്കാം. അവരുടെ നിലവിളി നമ്മുടെതും ആകട്ടെ. നമുക്കൊരുമിച്ച് നിസംഗതയുടെ മതിലുകൾ തകർക്കാം. നമ്മുടെ കപടതയും സ്വാർത്ഥതയും ഇല്ലാതാക്കാം”.

www.malankaralibrary.com

നോമ്പുകാലം സമൃദ്ധമായ കാരുണ്യപ്രവൃത്തികളുടെ കാലഘട്ടമാണ്. നാം ക്രിസ്തുവിന്റെ ശിഷ്യന്മാരായി ജീവിക്കുന്നുവെന്ന് തിരിച്ചറിയുന്നത് നമ്മുടെ ജീവകാരുണ്യ പ്രവൃത്തികളിലൂടെയാണ്. കർത്താവിന്റെ ജീവിതശൈലി നഷ്ടപ്പെട്ടുപോയെങ്കിൽ ഈ നോമ്പുകാലത്ത് അതു വീണ്ടെടുത്ത് സ്വന്തമാക്കണം. ഉപവസിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യുന്നതോടൊപ്പം ആത്മീകവും ശാരീരികവുമായ കാരുണ്യ പ്രവൃത്തികൾ ത്യാഗപൂർവ്വം ഏറ്റെടുക്കുകയും വേണം. എന്റെ ഈ ചെറിയവരിൽ ഒരുവന് നിങ്ങൾ ചെയ്തുകൊടുത്തപ്പോൾ എനിക്കുതന്നെയാണ് ചെയ്തത് (മത്താ. 26.10). പ്രാർത്ഥനയുടെയും പരിത്യാഗത്തിന്റെതുമായ ഈ നോമ്പുകാലം യഥാവിധി അനുഷ്ഠിച്ചുകൊണ്ട് ഉത്ഥാനത്തിന്റെ മഹത്വത്തിൽ പങ്കുചേരാനും വിശുദ്ധരായി ജീവിക്കുവാനും നമുക്ക് ഇടയാകട്ടെ. നോമ്പിലൂടെ ആത്മീയ ചൈതന്യമാർജ്ജിക്കാനും ദൈവത്തെയും സഹോദരങ്ങളേയും നമ്മെത്തന്നെയും വീണ്ടും കണ്ടുമുട്ടാനുമുള്ള അനുഗൃഹീത കാലഘട്ടമായി നോമ്പുകാലത്തെ കരുതാനിടയാവട്ടെ.

ആയത് ദൈവമാതാവായ പരിശുദ്ധ കന്യകമറിയാമിന്റെയും ഭാരതത്തിന്റെ അപ്പസ്തോലനായ മാർത്തോമാ ശ്ലീഹായുടെയും പരിശുദ്ധന്മാരുടെയും പ്രാർത്ഥനയാൽ തന്നെ. ആമ്മേൻ.

എന്ന്,



അമലഗിരി
വലിയ നോമ്പ് 2016

**+ ഡോ. ജോഷ്വാ മാർ ഇഗ്നാത്തിയോസ്**
മാവേലിക്കര ഭദ്രാസനാദ്ധ്യക്ഷൻ

www.malankaralibrary.com

ദൈവകൃപയാലും തിരുസിംഹാസനത്തിന്റെ അംഗീകാര
ത്താലും മാവേലിക്കര ഭദ്രാസനാദ്ധ്യക്ഷൻ ജോഷ്വാ മാർ
ഇഗ്നാത്തിയോസ് മെത്രാപ്പോലീത്തായിൽ നിന്നും
ബഹുമാനപ്പെട്ട വൈദികർക്കും സന്യസ്തർക്കും
വിശ്വാസികളേവർക്കും വാഴ്‌വ്!

PL. No. 01/ 2017

## വലിയ നോമ്പ് 2017

ബഹുമാനപ്പെട്ട വൈദികരേ, സന്യസ്തരേ, വിശ്വാസികളേ,

അനുഗ്രഹദായകമായ വലിയനോമ്പിലേയ്ക്ക് നാം പ്രവേശിച്ചിരിക്കുകയാണ്. കർത്താവിന്റെ പെസഹാ രഹസ്യങ്ങൾ യോഗ്യതയോടെ ആഘോഷിക്കുന്നതിന് നമ്മെത്തന്നെ ഒരുക്കുന്നതിന്, തിരുസഭ ആഗ്രഹിക്കുന്നതരത്തിൽ, വിശുദ്ധ നോമ്പിലേക്ക് നമുക്ക് പ്രവേശിക്കാം.

നോമ്പുകാലം നമ്മുടെ രക്ഷകനും നാഥനുമായ കർത്താവിനോടൊപ്പമുള്ള താപസ യാത്രയാണ്. പഴയ ഉടമ്പടിയുടെ മധ്യസ്ഥനായ മോശ ഭക്ഷണപാനീയങ്ങളുപേക്ഷിച്ച് നാല്പ്പത് ദിനരാത്രങ്ങൾ ദൈവത്തോടൊപ്പം കഴിഞ്ഞതുപോലെ പുതിയ ഉടമ്പടിയുടെ മധ്യസ്ഥനായ യേശുവും ഭക്ഷണപാനീയങ്ങളുപേക്ഷിച്ച് നാല്പ്പത് ദിനരാത്രങ്ങൾ ദൈവത്തോടൊപ്പം കഴിഞ്ഞു. യേശുവിനും മോശയ്ക്കും ഭക്ഷണപാനീയങ്ങളേക്കാൾ വലുത് ദൈവത്തോടൊപ്പമുള്ള സഹവാസവും അവിടുത്തോടുള്ള സുഹൃദ് സംഭാഷണവുമായിരുന്നു. നാല്പത് ദിവസത്തെ ഉപവാസം കഴിഞ്ഞ് വിശന്നുവന്ന യേശുവിനോട് കല്ലുകളെ അപ്പമാക്കുവാൻ പിശാച് ആവശ്യപ്പെട്ടപ്പോൾ ദൈവത്തിന്റെ വചനത്തെ ആധാരമാക്കി യേശു പ്രതിരോധം തീർത്തു. നശ്വരമായ അപ്പത്തിനുവേണ്ടി അദ്ധ്വാനിക്കാതെ ദൈവവചനമാകുന്ന അപ്പത്തിനുവേണ്ടി അദ്ധ്വാനിക്കാനാണ് ഈ നോമ്പുകാലം നമ്മോട്

www.malankaralibrary.com

ആവശ്യപ്പെടുന്നത്. ജീവിതത്തിലേക്ക് തിരിഞ്ഞുനോക്കുവാനും കരുണാർദ്രതയുള്ള ജീവിതം നയിക്കുവാനും ഈ നോമ്പുകാലത്ത് നമുക്ക് ശ്രമിക്കാം.

വിശുദ്ധ ഗ്രന്ഥം നോമ്പിന്റെ പ്രാധാന്യം വ്യക്തമായി പ്രതിപാദിക്കുന്നുണ്ട്. ഫിലിസ്ത്യരുടെ കരങ്ങളിൽ നിന്നും രക്ഷപ്പെടുന്നതിനായി ഇസ്രയേൽ ജനത ദിവസം മുഴുവൻ കർത്താവിന്റെ സന്നിധിയിൽ ഒരുമിച്ചുകൂടി ഉപവസിക്കുകയും തങ്ങളുടെ പാപങ്ങൾ ഏറ്റുപറയുകയും ചെയ്തു (1 സാമുവേൽ 7,6). നാബോത്തിനെതിരായി ചെയ്ത തെറ്റിനെയോർത്ത് ആഹാബ് മനസ്തപിക്കുകയും ചാക്കുടുത്ത് ഉപവസിക്കുകയും ചെയ്തു (1 രാജാ 21,27). ഇസ്രായേൽ ജനതയുടെ നാശം മുൻക്കൂട്ടി കാണുന്ന എസ്തേർ രാജ്ഞി മൂന്നുരാത്രിയും മൂന്നു പകലും ഉപവാസം പ്രഖ്യാപിച്ചു (എസ്തേർ 12,16). കർത്താവിന് വഴിയൊരുക്കാൻ വന്ന യോഹന്നാൻ മാംദാന താപസജീവിതമാണ് നയിച്ചിരുന്നത് (മത്തായി 3,4). പിശാചു ബാധിതനെ സുഖപ്പെടുത്തുവാൻ ശിഷ്യന്മാർക്ക് കഴിയാതെ വരുന്ന ഘട്ടത്തിൽ, പ്രാർത്ഥനയും ഉപവാസവും കൊണ്ടല്ലാതെ പിശാചുക്കളെ പുറത്താക്കാൻ കഴിയുകയില്ലെന്നാണ് ഈശോ ശിഷ്യന്മാരെ ഉദ്ബോധിപ്പിക്കുന്നത് (മത്തായി 9,28). സാവൂളിന്റെ മാനസാന്തരത്തിനുശേഷം മൂന്നുദിവസത്തേക്ക് അദ്ദേഹം ഒന്നും ഭക്ഷിക്കുകയോ പാനം ചെയ്യുകയോ ചെയ്തില്ലെന്ന് അപ്പസ്തോല പ്രവർത്തനം രേഖപ്പെടുത്തുന്നു (അപ്പ. 9,9).

ദൈവത്തിന്റെയും മനുഷ്യരുടെയും സന്നിധിയിൽ എളിമയുള്ളവരാകാൻ നോമ്പുകാലം നമ്മെ പ്രചോദിപ്പിക്കുന്നു (ജോഷ്വാ 7,6). ദുഷ്ടതയുടെ കെട്ടുകൾ പൊട്ടിക്കുക, നുകത്തിന്റെ കയറുകൾ അഴിക്കുക, വിശക്കുന്നവനുമായി ആഹാരം പങ്കുവെയ്ക്കുക, മർദ്ദിതരെ സ്വതന്ത്രരാക്കുക, തുടങ്ങിയവയാണ് നോമ്പിന്റെ ഉൾപ്പൊരുളുകളായി ഏശയ്യാ പ്രവാചകൻ ഉദ്ബോധിപ്പിക്കുന്നത് (ഏശയ്യാ 58, 6-7). ആദ്ധ്യാത്മികവും ശാരീരികവുമായ വിശുദ്ധീകരണത്തിനും രൂപാന്തരീകരണത്തിനും നോമ്പുകാലം നമ്മെ സഹായിക്കുന്നു. ജീവിതത്തിൽ വന്നുപോയ പാകപ്പിഴകൾ പരിഹരിച്ച് ദൈവത്തിൽ അനന്തമായി ആശ്രയിക്കുവാൻ നോമ്പ് നമ്മെ സജ്ജമാക്കുന്നു. കർത്താവിന്റെ പീഡാനുഭവത്തിലേക്കു യോഗ്യതാപൂർവം പ്രവേശിക്കുവാൻ നോമ്പാച

www.malankaralibrary.com

രണം നമ്മെ ഒരുക്കുന്നു.

നമുക്ക് പാപമോചനവും രക്ഷയും നിത്യജീവനും നൽകാൻ വേണ്ടിയാണ് യേശു പീഡകൾ സഹിച്ചു മരിച്ചതും ഉയിർത്തെഴുന്നേറ്റതും. അവിടുന്നു നല്കുന്ന നിത്യജീവനിൽ നാം ഓഹരിക്കാരാകണമെങ്കിൽ നമ്മുടെ പാപപ്രകൃതിയെ നാം നിഹനിക്കണം. ക്രിസ്തുവിൽ നവീകരിക്കപ്പെട്ട ജീവിതം നയിക്കണം. അതിന് പാപബോധം, അനുതാപം, മാനസാന്തരം, മാനസാന്തരത്തിന്റെ ഫലങ്ങൾ പുറപ്പെടുവിച്ച് നവീകരിക്കപ്പെട്ട ജീവിതം എന്നിവ നമുക്കുണ്ടാകണം.

ആദ്യമാതാപിതാന്മാരുടെ പാപവും ദൈവത്തിന്റെ രക്ഷാവാഗ്ദാനവും ഉൽപ്പത്തി പുസ്തകത്തിൽ നാം വായിക്കുന്നു (ഉല്പത്തി 3, 1-19). പാപം ചെയ്തശേഷം മറ്റുള്ളവരെയോ ദൈവത്തെത്തന്നെയോ പഴിപറഞ്ഞ് സ്വയം നിതീകരിച്ച് ദൈവം നല്കിയ ശിക്ഷ അവർ ഏറ്റുവാങ്ങി. സ്വന്തം തെറ്റിന് താൻ തന്നെ കുറ്റക്കാരൻ എന്നേറ്റു പറയുന്നിടത്താണ് രക്ഷയുടെ തുടക്കം. അതിനാൽ നമ്മുടെ പാപങ്ങളെക്കുറിച്ചുള്ള ബോധം നമുക്ക് ഉണ്ടാകണം. നാം പാപികളാണെന്ന ബോധമുണ്ടെങ്കിലേ ദൈവസന്നിധിയിൽ എളിമയോടെ നിന്ന് അവിടുത്തെ കാരുണ്യത്തിനുവേണ്ടി കേഴാനാവൂ. പാപബോധം, പാപങ്ങളെക്കുറിച്ച് മനസ്തപിക്കുന്നതിലേക്ക് നമ്മെ നയിക്കണം. പാപങ്ങളെ കുറിച്ച് മനസ്തപിച്ച്, പ്രായശ്ചിത്തം ചെയ്ത നിനവേ നിവാസികളോട് ദൈവം ക്ഷമിച്ചത് യോനാ പ്രവാചകന്റെ പുസ്തകത്തിൽ നാം വായിക്കുന്നു (യോനാ 3, 1-10). മനസ്സലിവുള്ള ദൈവത്തിന്റെ മക്കളാണ് നാമെന്ന് നോമ്പുകാലം നമ്മെ ഓർമ്മപ്പെടുത്തുന്നു. പാപബോധവും, മനസ്താപവും, പ്രായശ്ചിത്തവും നമ്മെ ജീവിത നവീകരണത്തിലേക്ക് നയിക്കണം. വിശുദ്ധ പൗലോസ് ശ്ലീഹാ നമ്മെ പഠിപ്പിക്കുന്നു: "ജീവിതം കർത്താവിന് സ്വീകാര്യമായ ബലിയായിമാറ്റണം" (റോമ 12,1). ഒരേ ശരീരത്തിലെ അവയവങ്ങളായ നാം ക്രിസ്തുവിന്റെ മൗതിക ശരീരമായ സഭയെ പടുത്തുയർത്തുന്നവരാകണം.

ക്രിസ്തുവിൽ നവീകരിക്കപ്പെട്ട ജീവിതം സുവിശേഷ ഭാഗ്യങ്ങളനുസരിച്ചുള്ള (മത്തായി 5, 1-12) ജീവിതം തന്നെയാണ്. ആത്മാവിൽ ദാരിദ്യം പാലിച്ച് ദൈവത്തെമാത്രം സമ്പ


www.malankaralibrary.com

ത്തായി കാണുന്ന ജീവിതം. പാപത്തെക്കുറിച്ച് നിരന്തരം മന സ്തപിച്ചുകൊണ്ടുള്ള ജീവിതം. സാമൂഹിക നീതിയ്ക്കുവേണ്ടി വിശക്കുകയും ദാഹിക്കുകയും ചെയ്യുന്ന ജീവിതം. എല്ലാവ രോടും കരുണ കാണിക്കുന്ന ജീവിതം. മറ്റുള്ളവർ ശപിക്കു മ്പോൾ അവരെ അനുഗ്രഹിക്കുകയും പീഡിപ്പിക്കുമ്പോൾ സന്തോഷത്തോടെ സഹിക്കുകയും ചെയ്യുന്ന ജീവിതം. ഇപ്ര കാരം നവീകരക്കപ്പെട്ട ഒരു ജീവിതത്തിലേക്ക് കടന്നുവരുവാൻ നോമ്പുകാലം നമ്മെ ക്ഷണിക്കുന്നു.

യേശുവിന്റെ പീഡാനുഭവവും സഹനവും മരണവും ഫല മണിയുന്നത് ഉത്ഥാനത്തിലാണ്. യേശുവിനോടൊപ്പം പുതുജീ വിതം നയിക്കുവാൻ ദൈവാത്മാവ് നമ്മെ ശക്തിപ്പെടുത്തുന്നു. വിശുദ്ധ സഭ അനുശാസിക്കുന്ന തരത്തിലുള്ള നോമ്പാചരണ ത്തിലേക്ക് നമുക്ക് പ്രവേശിക്കാം. പ്രാർത്ഥന, ഉപവാസം, വർജ്ജ ന, കാരുണ്യപ്രവർത്തികൾ എന്നിവ വഴി ഫലപ്രദമായ ഒരു നോമ്പ് നമുക്ക് ആചരിക്കാം. രോഗത്തിന്റെ ഏകാന്തതയും കാഠി ന്യവും നിമിത്തം വേദനിക്കുന്ന രോഗികളോടും, വിവിധ തരം ക്ലേശങ്ങളാൽ ഭാരപ്പെടുന്ന സഹോദരങ്ങളോടും ഈ നോമ്പു കാലത്ത് നമുക്ക് ചേർന്നു നില്ക്കാം. കർത്താവിന്റെ സുവിശേഷം ത്യാഗത്തോടെ പ്രഘോഷിക്കുന്ന എല്ലാ പ്രേഷിതരെയും നമുക്ക് നമ്മുടെ നോമ്പാചരണം വഴി ബലപ്പെടുത്താം. ആദ്ധ്യാത്മിക നവീകരണത്തിന്റെയും ശാക്തീകരണത്തിന്റേതുമായ വലിയ നോമ്പുകാലം എല്ലാവർക്കും നേരുന്നു.

ആയത് ദൈവമാതാവായ പരിശുദ്ധ കന്യകമറിയാമി ന്റെയും ഭാരതത്തിന്റെ അപ്പസ്തോലനായ മാർത്തോമാ ശ്ലീഹാ യുടെയും പരിശുദ്ധന്മാ രുടെയും പ്രാർത്ഥനയാൽ തന്നെ. ആമ്മേൻ.

എന്ന്,



അമലഗിരി **+ ഡോ. ജോഷ്വാ മാർ ഇഗ്നാത്തിയോസ്**

വലിയ നോമ്പ് 2017 മാവേലിക്കര ഭദ്രാസനാദ്ധ്യക്ഷൻ

www.malankaralibrary.com

ദൈവകൃപയാലും തിരുസിംഹാസനത്തിന്റെ അംഗീകാര ത്താലും മാവേലിക്കര ഭദ്രാസനാദ്ധ്യക്ഷൻ ജോഷ്വാ മാർ ഇഗ്നാത്തിയോസ് മെത്രാപ്പോലീത്തായിൽ നിന്നും ബഹുമാനപ്പെട്ട വൈദികർക്കും സന്യസ്തർക്കും വിശ്വാസികളേവർക്കും വാഴ്വ്!

PL. No. 01/ 2018

## വലിയ നോമ്പ് 2018

ബഹുമാനപ്പെട്ട വൈദികരേ, സന്യസ്തരേ, വിശ്വാസികളേ,

കർത്താവിന്റെ പീഡാനുഭവ മരണോത്ഥാന രഹസ്യങ്ങളിൽ ഹൃദയപൂർവ്വം പങ്കുചേരുന്നതിന് നമ്മെ തന്നെ ഒരുക്കുന്നതിനായി വലിയ നോമ്പിലേക്ക് നാം പ്രവേശിച്ചിരിക്കുന്നു. നോമ്പിന്റെ ദിവസങ്ങൾ പ്രാർത്ഥനയുടെയും പ്രായശ്ചിത്തത്തിന്റെയും കാരുണ്യപ്രവൃത്തികളുടെയും ആദ്ധ്യാത്മികാഭ്യാസങ്ങളുടെതുമായിരിക്കണമെന്ന് സഭ നിഷ്കർഷിക്കുന്നു. നോമ്പുകാലത്തെ പ്രാർത്ഥനകളും സഭാപിതാക്കന്മാരുടെ പ്രബോധനങ്ങളും നോമ്പിന്റെ യഥാർത്ഥ ചൈതന്യത്തിലേക്ക് വിരൽ ചൂണ്ടുന്നുണ്ട്.

മിശിഹായുടെ തിരുബലിയോട് ഏകീഭവിക്കാൻ നമ്മുടെ ജീവിതങ്ങളെ ബലിയായി നൽകാൻ സഭ ക്ഷണിക്കുന്ന വിശുദ്ധ നാളുകളാണ് വലിയ നോമ്പിന്റേത്. സുഖലോലുപതയുടെ പിന്നാലെ പരക്കം പായുന്ന ഇന്നിന്റെ മനുഷ്യർക്ക് നോമ്പും പ്രായശ്ചിത്തവുമൊക്കെ അപ്രസക്തമായി തോന്നിയേക്കാം. എന്നാൽ സഭയുടെ പാരമ്പര്യം ദൃഢമായി ഉദ്ഘോഷിക്കുന്നത് നോമ്പിന്റെയും ഉപവാസത്തിന്റെയും വഴികൾ മറന്നിട്ട് ഉത്തമമായ ഒരു ക്രൈസ്തവ ജീവിതം എളുപ്പമല്ലെന്നാണ്. ഈ ലോകത്തിന്റെ പ്രലോഭനങ്ങൾക്കു മുന്നിൽ പതറി നിൽക്കുന്ന ആദ്ധ്യാ

www.malankaralibrary.com

ത്മിക മനുഷ്യർക്ക് ശക്തിയും പ്രചോദനവുമരുളുന്ന നോമ്പിനെ ഹൃദയപൂർവ്വം പുൽകേണ്ടത് ഇന്നിന്റെ അനിവാര്യതയാണ്. നമ്മുടെ വിശ്വാസജീവിതത്തെ ദൈവസന്നിധിയിൽ ആത്മശോധന ചെയ്യുന്നതിനുള്ള അവസരമാണ് നോമ്പുദിനങ്ങൾ. ദൈവസന്നിധിയിൽ ശാന്തതയോടെ ഇരുന്ന് നമ്മെത്തന്നെ വിലയിരുത്തുന്നതിനുള്ള അവസരം. നമ്മുടെ കുറവുകൾ തിരുത്താൻ അനുതാപപൂർവ്വം ഹൃദയം നുറുങ്ങി നടത്തുന്ന പ്രാർത്ഥനകളിലൂടെ നാം പരിവർത്തന വിധേയരാകണം. നോമ്പിലെ ഉപവാസവും വർജ്ജനയും പ്രാർത്ഥനകളും അർത്ഥപൂർണ്ണമാക്കുന്നത് ഇത്തരം പരിവർത്തന പ്രക്രിയയിലൂടെയാണ്. ആത്മീയശക്തി സമാഹരിക്കുന്നതിനുള്ള ഒരവസരമാണ് വി. നോമ്പ്. ലോകം, ജഡം, പിശാച് എന്നീശക്തികൾ നമ്മിൽ ഉണർത്തുന്ന പ്രലോഭനങ്ങളെ ക്രിസ്തീയമായി നേരിടുന്നതിനുള്ള ശക്തിക്കായി നോമ്പുദിവസങ്ങളിൽ നാം പ്രത്യേകമായി പ്രാർത്ഥിക്കുന്നു. അതോടൊപ്പം വിശ്വാസം, ശരണം, സ്നേഹം എന്നീ ദൈവിക പുണ്യങ്ങളാൽ നിറയപ്പെടുന്നതിന് വേണ്ടിയുള്ള പ്രാർത്ഥനകളും നോമ്പിന്റെ പ്രത്യേകതയാണ്. നോമ്പാചരണം ഭക്ഷണപദാർത്ഥങ്ങളുടെ വർജ്ജനയും പ്രത്യേക പ്രാർത്ഥനകളും നടത്തുന്നതോടൊപ്പംതന്നെ ആത്മവിചിന്തനത്തിനും പരിവർത്തനത്തിനുമുള്ള അവസരവുമാണ് വി. നോമ്പ് നമ്മുടെ ജീവിതത്തിലെ എല്ലാ കുറവുകളെയും കുറിച്ച് അനുതപിച്ചും എല്ലാ മനുഷ്യരോടും ജീവജാലങ്ങളോടും പ്രകൃതിയോടുതന്നെയും രമ്യപ്പെട്ടുകൊണ്ട് വേണം നോമ്പിലേക്ക് നാം പ്രവേശിക്കാൻ. നോമ്പിലെ സുവിശേഷ വായനകളിൽ മനുഷ്യരെയും പ്രപഞ്ചത്തെയും ദൈവത്തോട് രഞ്ജിപ്പിക്കുന്ന യേശുവിന്റെ കാരുണ്യവും സ്നേഹവുമാണ് നാമനുസ്മരിക്കുന്നത്. ഇത് വ്യക്തി നിഷ്ഠമായി ഒതുക്കി നിർത്താവുന്നതല്ല. മറിച്ച് അനുതാപപൂർവ്വം നാം അനുഷ്ഠിക്കുന്ന നേമ്പും ഉപവാസവും മറ്റുള്ളവർക്കുകൂടി അനുഭവപ്പെടുന്ന കരുണയായി മാറണം. വർജ്ജനകളിലൂടെ മാറ്റി വയ്ക്കപ്പെടുന്ന സമ്പത്ത് മാത്രമല്ല കാരുണ്യപൂർവ്വം മറ്റുള്ളവരെ കരുതാനുള്ള കടമയേയും ഉത്തരവാദിത്വത്തെയും വലിയ നോമ്പ് നമ്മെ ഓർമ്മിപ്പിക്കുന്നു.

ആദ്ധ്യാത്മിക ജീവിതത്തിൽ നോമ്പിന് വലിയ ശക്തിയുണ്ട്. നോമ്പ് വഴി പത്ത് കല്പനകൾ സ്വീകരിക്കാൻ

www.malankaralibrary.com

മോശ അർഹനാകുകയും ഏലിയ പ്രവാചകൻ അഗ്നിരഥത്തിൽ സംവഹിക്കപ്പെടാൻ ഇടയാവുകയും ചെയ്തു. തീവ്രമായ നോമ്പു വഴി സൂര്യനെ നിശ്ചലമാക്കുകയും ഗതിമാറ്റുകയും ചെയ്ത നൂനിന്റെ പുത്രനായ ജോഷ്വാ വിശ്രുതനായിത്തീർന്നു. നോമ്പ് വഴി സിംഹങ്ങളുടെ വായ് മൂടിക്കെട്ടാൻ ദാനിയേലിന് ശക്തി ലഭിച്ചു. വി. നോമ്പിലെ ഉപവാസത്തിന്റെ യഥാർത്ഥ മൂല്യം അടങ്ങിയിരിക്കുന്നത് ഭക്ഷണം വർജിക്കുന്നു എന്നതിലല്ല. പ്രത്യുത, പാപകരമായ തഴക്കങ്ങളിൽ നിന്ന് മോചനം നേടുന്ന തിലാണെന്ന് വിശുദ്ധ ജോൺ ക്രിസോസ്തോം പഠിപ്പിച്ചു. വ്യക്തിയിലുണ്ടാകേണ്ട മാറ്റങ്ങളെക്കുറിച്ച് വിശുദ്ധ ബേസിൽ പറയുന്നതിങ്ങനെയാണ്. "എല്ലാത്തരം ദുഷ്ടതകളിൽ നിന്നും പിന്തിരിയുക എന്നതുകൊണ്ട് നമ്മുടെ നാവിനെ നിയന്ത്രിക്കു ക, കോപം നിയന്ത്രിക്കുക, അശുദ്ധ വിചാരങ്ങളെ കീഴ്പ്പെടു ത്തുക, എല്ലാത്തരം ഏഷണികളും നുണകളും ശപഥങ്ങളും ഒഴി വാക്കുക എന്നൊക്കെയാണ് അർത്ഥമാക്കുന്നത്."

നോമ്പുകാലം ദൈവപിതാവിന്റെ ഭവനത്തിലേക്കുള്ള മടക്കയാത്രയാണ്. പിതൃഭവനത്തിലേക്കുള്ള തിരിച്ചുപോകലിന്റെ ഉത്തമ ദൃഷ്ടാന്തമാണ് ധൂർത്തപുത്രന്റെ ഉപമ (ലൂക്കാ 15: 11-32). തനിക്കുള്ളതെല്ലാം ശേഖരിച്ചുകൊണ്ട് അവൻ ദൂരെദേശത്തേക്ക് പോയി. ഈ തിരുവചനത്തെ വ്യാഖ്യാനിച്ചുകൊണ്ട് ബെനഡിക്ട് 16-ാ മൻ മാർപാപ്പ പറയുന്നു. "ഇത് പിതാവിന്റെ ലോകത്ത് നിന്നും പിതാവില്ലാത്ത ലോകത്തിലേക്കുള്ള പലായനമാണ്". ദൈവമില്ലാത്ത, മതമില്ലാത്ത, ആത്മീയതയില്ലാത്ത, ആരോടും കണക്ക് ബോധിപ്പിക്കാനില്ലാത്ത ലോകം കൂടുതൽ സുഖം പകരും എന്ന ആധുനിക മനുഷ്യന്റെ മിഥ്യാബോധത്തിന്റെ പ്രതീ കമാണ് ഈ യുവാവ്. എന്നാൽ അവന്റെ വ്യാമോഹങ്ങളെല്ലാം വെറും മരീചികയായിരുന്നു. പരിധിയില്ലാത്ത സുഖംതേടി പിതാ വില്ലാത്ത ലോകത്തേക്ക് പോയ ഈ യുവാവ് വീണത് അധഃപത നത്തിന്റെ പടുകുഴിയിലേക്കാണ്. എന്നാൽ പന്നിക്കൂട്ടങ്ങൾക്ക് നടുവിൽ ആയിരുന്നപ്പോഴും, താൻ ദൂരെദേശത്താണ്, തനിക്ക് ഒരു പിതൃഭവനമുണ്ട് എന്ന ഓർമ്മ അവന് നഷ്ടപ്പെട്ടില്ല. അതു കൊണ്ട് ആ തിരിച്ചറിവിൽ അവൻ എഴുന്നേറ്റ് തിരിച്ച് നടന്നു.

ഭക്ഷണ പാനീയങ്ങളുടെ നിയന്ത്രണം നോമ്പിന്റെ മുഖ്യ ഘടകമാണ്. ഏദൻതോട്ടത്തിൽ ഭക്ഷണം വഴിയാണ് പാപവും

www.malankaralibrary.com

മരണവും കടന്നുവന്നത്. മരുഭൂമിയിൽ, ഭക്ഷിക്കാതിരുന്നുകൊണ്ട് ഈശോ പിശാചിനെ പരാജയപ്പെടുത്തി. മത്സ്യമാംസാദികൾ വർജ്ജിക്കുന്ന നോമ്പുകാലം ആത്മീയയുദ്ധത്തിന്റെ കാലമാണ്. ഈ യുദ്ധത്തിൽ പിശാചിനെതിരെ നാം ധരിക്കേണ്ട ആയുധങ്ങളാണ് പ്രാർത്ഥന, വേദപുസ്തകപാരായണം, സർവ്വോപരി കുമ്പസാരവും പരി. കുർബാനയും. ഭക്ഷണപാനീയങ്ങളുടെ വർജ്ജനകൊണ്ടുമാത്രം ഉപവാസം പൂർണ്ണമാകുന്നില്ല. ദുശ്ശീലങ്ങളെ ഉപേക്ഷിക്കുന്നതും ദുർവൃത്തിയിൽ നിന്നോടിയകലുന്നതും ദുർവാസനങ്ങളെ പിഴുതെറിയുന്നതും ഉപവി പ്രവർത്തനങ്ങളിൽ വ്യാപൃതരാകുന്നതും യഥാർത്ഥ നോമ്പാചരണത്തിന്റെ ഭാഗമാണ്. മദ്യാസക്തി, ധൂർത്ത്, ദുർഭാഷണം തുടങ്ങിയവയിൽ നിന്ന് നാം നോമ്പിലൂടെ ശുദ്ധരാക്കപ്പെടണം. വി. അപ്രേമിന്റെ വീക്ഷണത്തിൽ ദുഷ്ടാരൂപിക്കെതിരേയുള്ള വലിയ ആയുധമാണ് ഉപവാസം. ഉപവാസത്തിലൂടെ മിശിഹാ സാത്താനെ പരാജയപ്പെടുത്തി. തിന്മയെ ജയിക്കാൻ ഈ ആയുധം നമ്മെ ഏല്പിച്ചിരിക്കുകയാണ്. ക്രൈസ്തവ ജീവിതത്തെ നട്ടുപിടിപ്പിക്കാനുതകുന്ന സുകൃതായുധമാണ് നോമ്പിലെ ഉപവാസമെന്ന് സഭാപിതാവായ മാബൂഗിലെ പീലക്സിനോസ് പഠിപ്പിക്കുന്നു.


യോഗ്യതയോടെ നോമ്പാചരിക്കുന്നതുവഴി നമ്മുടെ വികാരങ്ങളെയും, ചിന്തകളെയും, കാഴ്ചപ്പാടുകളെയും നാം വിശുദ്ധീകരിക്കുന്നു. ശുദ്ധമായ മനസ്സോടെ, നിയോഗ ശുദ്ധിയോടെ സഹോദരങ്ങളുടെ നൊമ്പരങ്ങൾ മനസിലാക്കാനും പരിഹരിക്കാനും നാം ഈ നോമ്പുകാലത്ത് തയ്യാറാകണം. ഭൗതികമായ ദാരിദ്ര്യം അനുഭവിക്കുന്ന അനേകർ നമ്മുക്കുചുറ്റുമുണ്ട്. കർത്താവ് കനിഞ്ഞു നല്കിയ വിഭവങ്ങൾ ഉദാരതയോടെ അവരുമായി നാം പങ്കിടണം. കരുണാർദ്രനായ കർത്താവിന്റെ ഇക്കാലയളവിലെ പ്രതിനിധികളായി നാം ഓരോരുത്തരും മാറണം. നമ്മുടെ കുടുംബങ്ങളിലെ, ഇടവകകളിലെ, പൊതുസമൂഹത്തിലെ വേദന അനുഭവിക്കുന്നവരുടെ പക്കലേക്ക് സ്വാന്തനപ്പെടുത്തുന്ന മനസുമായി നാം ഓടിയെത്തണം. ആശ്വസിപ്പിക്കുന്ന മനസ്സും പങ്കുവെയ്ക്കുന്ന സമീപനവും നാം കാത്തുസൂക്ഷിക്കണം. സ്നേഹരാഹിത്യത്തിന്റെ തണുത്തുറഞ്ഞ മനസിനുപകരം ക്രിസ്തുവിന്റെ സ്നേഹത്താൽ ജ്വലിക്കുന്ന നിർമ്മല മനസ് സ്വന്തമാ

www.malankaralibrary.com

ക്കുവാൻ ഈ നോമ്പിലൂടെ നമുക്ക് സാധിക്കട്ടെ. രക്ഷാകരമായ പെസഹാരഹസ്യത്തിലേക്ക് പ്രവേശിക്കുവാൻ, ഉത്ഥാന ചൈതന്യത്താൽ നിറഞ്ഞ സുവിശേഷ സാക്ഷികളായി മാറുവാൻ ഈ നോമ്പിലൂടെ നമുക്ക് പരിശ്രമിക്കാം.

ആയത് ദൈവമാതാവായ പരിശുദ്ധ കന്യകമറിയാമിന്റെയും ഭാരതത്തിന്റെ അപ്പസ്തോലനായ മാർത്തോമാ ശ്ലീഹായുടെയും പരിശുദ്ധന്മാരുടെയും പ്രാർത്ഥനയാൽ തന്നെ. ആമ്മേൻ.

എന്ന്,



അമലഗിരി **+ ഡോ. ജോഷ്വാ മാർ ഇഗ്നാത്തിയോസ്**

വലിയ നോമ്പ് 2018 മാവേലിക്കര ഭദ്രാസനാദ്ധ്യക്ഷൻ

www.malankaralibrary.com

ദൈവകൃപയാലും തിരുസിംഹാസനത്തിന്റെ അംഗീകാര
ത്താലും മാവേലിക്കര ഭദ്രാസനാദ്ധ്യക്ഷൻ ജോഷ്വാ മാർ
ഇഗ്നാത്തിയോസ് മെത്രാപ്പോലീത്തായിൽ നിന്നും
ബഹുമാനപ്പെട്ട വൈദികർക്കും സന്യസ്തർക്കും
വിശ്വാസികളേവർക്കും വാഴ്‌വ്!

PL. No. 01/ 2019

## വലിയ നോമ്പ് 2019

ബഹുമാനപ്പെട്ട വൈദികരേ, സന്യസ്തരേ, വിശ്വാസികളേ,

യേശുക്രിസ്തുവിന്റെ ഉയിർപ്പ് തിരുനാളിന് ഒരുക്കമായി അനുതാപത്തിനും പ്രായശ്ചിത്തതിനും അനുരഞ്ജനത്തിനും ജീവിത നവീകരണത്തിനും പ്രാധാന്യം നല്കുന്ന കാലമാണ് വലിയ നോമ്പ്. ഈശോയുടെ രക്ഷാകരപദ്ധതിയിലെ മർമ്മപ്രധാനങ്ങളായ സഹന മരണങ്ങളുടെ ഓർമ്മയിലേക്ക് സഭ നമ്മെ കൂട്ടിക്കൊണ്ട് പോകുകയാണ് ഈ കാലഘട്ടത്തിൽ.

ഈ ലോക ജീവിതം അന്ത്യമല്ലെന്നും ഉപവാസത്താലും അനുതാപത്താലും പ്രാർത്ഥനാനിരതരായി, പാപപരിഹാരമനുഷ്ഠിച്ച്, ജീവിത വിശുദ്ധി സ്വന്തമാക്കി, നിത്യ സൗഭാഗ്യത്തിന് ഒരുങ്ങണമെന്നും സഭ ഈ കാലത്ത് ഓർമ്മപ്പെടുത്തുന്നു. ഈ കാലഘട്ടത്തിൽ വർജനയോടുകുടി നോമ്പ് ആചരിച്ചും പ്രായശ്ചിത്ത പ്രവർത്തികൾ അനുഷ്ഠിച്ചും ദാനധർമ്മം ചെയ്തും ആത്മവിശുദ്ധീകരണം പ്രാപിക്കേണ്ടതിനായി അനുതാപാർദ്രമായ ഹൃദയം രൂപീകരിക്കുവാൻ സഭ നമ്മോട് ആവശ്യപ്പെടുന്നു. ലൗകികസമ്പാദ്യങ്ങളിൽ മനസ് ഉറപ്പിക്കാതെ സ്വർഗ്ഗരാജ്യത്തിൽ അനശ്വര സമ്പാദ്യങ്ങൾ കരുതി വയ്ക്കാൻ നോമ്പ് കാലം നമ്മെ പ്രചോദിപ്പിക്കുന്നു.

www.malankaralibrary.com

നാൽപത് ദിനരാത്രങ്ങൾ ഉപവസിച്ച മോശയും ഏലിയായും നമ്മുടെ സ്മരണയിൽ എത്തുന്നു. ഉപവസിച്ച് പ്രായശ്ചിത്തം ചെയ്ത നിനവെ നിവാസികളും മിശിഹായ്ക്ക് വഴി ഒരുക്കുവാൻ വന്ന താപസനായ സ്നാപക യോഹന്നാനും നമുക്ക് ധ്യാനവിഷയം ആകുന്നുണ്ട് ഈ കാലഘട്ടത്തിൽ. ഈശോ മരുഭൂമിയിൽ സാത്താനാൽ പരീക്ഷിക്കപ്പെട്ടതും അവിടുന്ന് പ്രലോഭനങ്ങളെ അതിജീവിച്ചതും നോമ്പിൽ സഭ അനുസ്മരിക്കുന്നു. ഉപവാസവും പ്രാർത്ഥനയും വഴി തിന്മയെ ചെറുത്ത് തോൽപിക്കാനും പാപത്തിന് പരിഹാരം ചെയ്യാനും സഭ തന്റെ മക്കളെ ക്ഷണിക്കുന്നു.

അനുതാപത്തിന്റെ ചൈതന്യം പുലർത്താനും പാപം ഉപേക്ഷിച്ച് വിശുദ്ധിയിൽ വളരുവാനും യേശുവിന്റെ പീഢാസഹന മരണങ്ങളെക്കുറിച്ച് ധ്യാനിക്കുവാനും ഈ കാലം നമ്മെ ക്ഷണിക്കുന്നു. ഭൗമീക ജീവിതത്തിന്റെ നശ്വരതേയും പാപം ഉപേക്ഷിക്കേണ്ടതിന്റെ ആവശ്യകതയെയും സഭ ഓർമ്മപ്പെടുത്തുന്നുണ്ട്. വലിയ നോമ്പ് കാലഘട്ടത്തിലെ പ്രാർത്ഥനകളിലൂടെ ഈശോയുടെ കുരിശിനെ ധ്യാനിച്ചുകൊണ്ട് സഹനങ്ങളെ അഭിമുഖീകരിക്കുകയും കുരിശിന്റെ പാതയിലൂടെ ശിഷ്യത്വത്തിൽ മുന്നേറാനും സഭ തന്റെ മക്കളെ വിളിക്കുന്നു.

“അനന്തരം പിശാചിനാൽ പരീക്ഷിക്കപ്പെടുന്നതിന് യേശുവിനെ ആത്മാവ് മരുഭൂമിയിലേക്ക് നയിച്ചു”(മത്തായി 4 :1). യൂദയായിലെ മരുഭൂമിയാണ് ഇവിടെ സൂചിപ്പിക്കുന്നത്. മരുഭൂമി പരീക്ഷണങ്ങളുടെ സ്ഥലമാണ്. ഇസ്രയേൽ പരീക്ഷിക്കപ്പെട്ടത് മരുഭൂമിയിൽ വച്ചായിരുന്നു (നിയമാ. 8:2). മരുഭൂമി ദൈവമനുഷ്യ സമാഗമത്തിന്റെ സ്ഥലം കൂടിയാണ്. ദൈവം ഇസ്രയേൽ ജനത്തിന് ദൈവാനുഭവം നല്കുന്നതും മരുഭൂമിയിൽ വച്ചാണ്. വഴി നടത്തുന്ന ദൈവം, ഭക്ഷണം നല്കി പോറ്റുന്ന ദൈവം, ദാഹജലം നല്കുന്ന ദൈവം ഇങ്ങനെ ദൈവത്തിന്റെ സംരക്ഷണം അനുഭവിക്കുന്ന ഇടമാണ് മരുഭൂമി. മാത്രവുമല്ല, മരുഭൂമി ഇസ്രയേൽ തന്റെ ദൈവത്തോട് മല്ലടിച്ച സ്ഥലംകൂടിയാണ്. ഉടമ്പടിയിൽ നിന്ന് പിന്തിരിഞ്ഞ് അവിശ്വസ്തമായി വ്യാപരിച്ച അനുഭവങ്ങളും മരുഭൂമി സുചിപ്പിക്കുന്നു. നാല്പതു വത്സ

www.malankaralibrary.com

രങ്ങൾ ഇസ്രയേൽ മരുഭൂമിയിൽകൂടി യാത്രചെയ്തു. അത് ദൈവത്തെ കണ്ടുമുട്ടുന്നതിന്റെയും ദൈവത്തെ പരീക്ഷിക്കുന്നതിന്റെയും ദൈവത്തോട് അവിശ്വസ്തരായിരുന്നതിന്റെയും അനുഭവങ്ങൾ ഉൾക്കൊള്ളുന്നവയായിരുന്നു. എന്നാൽ അതിലെല്ലാമുപരി ദൈവം വാത്സല്യനിധിയായ പിതാവാണെന്നു വെളിപ്പെടുത്തുന്നവയുമായിരുന്നു മരുഭൂമിവാസം. ദൈവം അരുളി ചെയ്യുന്നു: "ഈ നാല്പതുസംവത്സരം നിങ്ങളുടെ വസ്ത്രങ്ങൾ പഴകികീറിപ്പോവുകയോ കാലുകൾ വീങ്ങുകയോ ചെയ്തില്ല" (നിയമ. 8:4).

ഉടമ്പടിയുടെ സഹവർത്തിയായ ഇസ്രയേൽ വിശ്വസ്തരായിരുന്നുവോ എന്ന് പരീക്ഷിക്കപ്പെടേണ്ടതുണ്ട്. മരുഭൂമിയിൽ ഈ വിശ്വസ്തത പരീക്ഷിക്കപ്പെട്ടു. പലപ്പോഴും ഇസ്രയേൽ പരാജയപ്പെട്ടു. ആത്മീയ ജീവിതത്തിന്റെ 'മരുഭൂമി അനുഭവ'ത്തെക്കുറിച്ച് ആത്മീയാചാര്യന്മാർ നമുക്ക് പറഞ്ഞുതരുന്നുണ്ട്. അത് ആത്മീയ വളർച്ചയുടെ അനുഭവമാണ്. ദൈവാനുഭവത്തിന്റെ ആത്മീയാനന്ദങ്ങളുടെ അനുഭവമാണ്. ഇത്തരം അനുഭവങ്ങൾ ദൈവത്തിൽ കൂടുതലായി ആശ്രയിക്കാനും തന്നിൽത്തന്നെയുള്ള ആശ്രയങ്ങൾ അവസാനിപ്പിച്ച് വളരാനും അവസരമൊരുക്കുന്നു. ആത്മീയാനന്ദത്തെക്കാൾ ആനന്ദത്തിന്റെ ഉറവിടമായ ദൈവത്തെത്തന്നെ തേടുന്നതിലേക്ക് ആത്മാവ് വളരും. ഇതിനായി മരുഭൂമി അനുഭവങ്ങൾ ദൈവം അനുവദിക്കുന്നു.

"യേശു നാല്പത് ദിനരാത്രങ്ങൾ ഉപവസിച്ചു"(മത്തായി 4:2) എന്നത് പ്രത്യേകം ശ്രദ്ധേയമാണ്. എന്തിനുവേണ്ടിയാണ് ക്രിസ്തു ഉപവസിച്ചത്? തന്നെക്കുറിച്ചുള്ള ദൈവഹിതമെന്തെന്നും തന്റെ ദൗത്യം ഏതുവിധത്തിൽ നിറവേറ്റണമെന്നും ആരായാനും അതിനുള്ള ശക്തിസംഭരിക്കാനും ക്രിസ്തു ഉപവസിച്ചു. "ഉപവാസവും പ്രാർത്ഥനയും വഴിയല്ലാതെ ഈ ജാതി പുറത്തു പോവുകയില്ല"(മർക്കോസ്9:29) എന്ന് തിന്മയെക്കുറിച്ച് യേശുതന്നെ വ്യക്തമാക്കിയിട്ടുണ്ടല്ലോ. സാത്താന്റെ രാജ്യത്തിനെതിരായാണ് താൻ യുദ്ധപ്രഖ്യാപനം ആരംഭിച്ചിരിക്കുന്നത് എന്ന് യേശുവിനറിയാം. ആകയാൽ അവൻ ഉപവസിച്ച് പ്രാർത്ഥിക്കുകയാണ്. ആത്മീയ ജീവിതം തിന്മയ്ക്കെതിരായ നിരന്തര

www.malankaralibrary.com

മായ പോരാട്ടമാണ്. അതിൽ ആത്മാവിന് ദൈവികസഹായം അനിവാര്യമാണ്. ഈ നോമ്പുകാലം സഭ നമുക്കായി ഒരുക്കുന്നത് ഇപ്രകാരം തിന്മയ്ക്കെതിരായ ശക്തിനേടാനാണ്. ഉപവാസവും പ്രാർത്ഥനയും ദൈവഹിതം തിരിച്ചറിയാനുള്ള അവസരം കൂടിയാണ്. ആത്മാവ് ലോകകാര്യങ്ങളിൽ നിന്നകന്ന് പ്രാർത്ഥനയിലായിരിക്കുന്നു. ജഡം ഉപവസിച്ച് അതിന്റെ പ്രവണതകളെ അതിജീവിച്ച് ദൈവത്തോട് ചേർന്നിരിക്കാൻ ശ്രമിക്കുന്നു. ദൈവസ്വരം ശ്രവിച്ച് ദൈവഹിതം അനുവർത്തിക്കുന്നതിലാണ് ഉപവാസത്തിന്റെ ചൈതന്യം കുടികൊള്ളുന്നത്.

ഇസ്രയേൽ ജനത്തിന്റെ പാപത്തിന് പരിഹാരമനുഷ്ഠിച്ചുകൊണ്ട് ദൈവസന്നിധിയിൽ മാപ്പിരന്ന് മോശ നാല്പത് ദിവസം ഉപവാസത്തിലും പ്രാർത്ഥനയിലും കഴിഞ്ഞതായി നിയമാവർത്തനപ്പുസ്തകം വിവരിക്കുന്നു (നിയമ. 9:18) ഇത് കർത്താവിന്റെ കോപം ശമിപ്പിക്കുന്നതിനും ഇസ്രായേൽ നിർമിച്ച കാളകുട്ടിയെ തകർക്കുന്നതിനും വേണ്ടിയായിരുന്നു. ഏലിയാ പ്രവാചകനും നാല്പത് രാവും നാല്പത് പകലും ഉപവസിക്കുന്നു (1 രാജാ 18:8).

യേശു തന്റെ പ്രലോഭനങ്ങൾ നേരിട്ടത് മൂന്ന് സ്ഥലങ്ങളുടെ പശ്ചാത്തലത്തിലാണ്. ഇസ്രയേലിന്റെ ജീവിതം മുഴുവൻ ഈ മൂന്ന് സ്ഥലങ്ങളിലെ ദൈവാനുഭവങ്ങളുമായി അവഗാഢം ബന്ധപ്പെട്ടിരിക്കുന്നു. ഇസ്രയേലിന്റെ മരുഭൂമിയാത്രയാണ് ഒന്നാമത്തേത്. പുറപ്പാടനുഭവം മുതൽ കാനാൻ നാട്ടിലെത്തുന്നതുവരെ ദൈവത്തെ പരീക്ഷിച്ചും ദൈവത്തെ അനുഭവിച്ചും മരുഭൂമിയിലൂടെയാണ് ഇസ്രയേൽ ജനം കടന്നുവന്നത്. വിശുദ്ധ സ്ഥലമായ ജറുസലെമും അവിടെ പണിതുയർത്തിയ ദൈവാലയവും ഇസ്രയേലിന്റെ മതജീവിതത്തിന്റെ കേന്ദ്രമാണ്. ഇതാണ് രണ്ടാമത്തെ പ്രലോഭനത്തിന്റെ പശ്ചാത്തലം. അവയെ മാറ്റിനിർത്തി അവർക്ക് മതജീവിതത്തെക്കുറിച്ച് ചിന്തിക്കാനാവുമായിരുന്നില്ല. മൂന്നാമതായി മലമുകളാണ് പശ്ചാത്തലം. മലമുകൾ ഇസ്രയേലിന് ദൈവത്തിന്റെ സ്വന്തമായിത്തീർന്നതിന്റെ അനുഭവം പങ്കുവയ്ക്കുന്നതാണ്. സീനായ് ഉടമ്പടിയും ഇസ്രയേലിന്റെ തിരഞ്ഞെടുപ്പും അവർക്ക് വിസ്മരിക്കാനാവുമായിരുന്നില്ല. അതാ

www.malankaralibrary.com

യത് ഇസ്രയേലിന്റെ ജീവിതത്തിന്റെ കേന്ദ്രമായി നിലനിന്നിരുന്ന മൂന്ന് അനുഭവങ്ങളിലൂടെ, അവർ അനുഭവിച്ച ദൈവപരിപാല നയും, അവർ നേരിട്ട പ്രലോഭനങ്ങളും എല്ലാം ദൈവപുത്രനും അനുഭവിച്ചറിയാൻ ഇടയാകുന്നു. അവിടെയെല്ലാം ഇസ്രയേൽ അവിശ്വസ്തത കാണിച്ചെങ്കിൽ പുത്രൻതമ്പുരാൻ വിശ്വസ്തത പുലർത്തുന്നു. ഈ മൂന്ന് സ്ഥലങ്ങളിലെയും പ്രലോഭനങ്ങളെ ക്രിസ്തുവിന്റെ കാഴ്ച്ചപ്പാടിലൂടെ നമുക്ക് ഇപ്രകാരം വിലയിരു ത്താം: "കല്ലുകൾ അപ്പമാക്കുക" എന്ന പ്രലോഭനത്തെ അതിജീ വിച്ച ക്രിസ്തു ദൈവപുത്രനാണെന്ന് തെളിയിച്ചുകൊണ്ട് അപ്പ മായി, നിത്യജീവൻ നല്കുന്ന അപ്പമായി സ്വയം നല്കുന്നു. അവ തരിച്ച വചനവും ജീവിക്കുന്ന അപ്പവുമാണ് ക്രിസ്തു. നാം ദൈവ മക്കളാകാൻ ഈ വചനവും അപ്പവും നമുക്ക് നല്കപ്പെട്ടിരിക്കു ന്നു. "ദൈവാലയ ഗോപുരത്തിൽ" നിന്ന് താഴേക്കു ചാടുക എന്ന പ്രലോഭനത്തിൽ ഉൾപ്പെടാതെ, അതിനെ അതിജീവിച്ച യേശു പുതിയ സത്യത്തിലേയ്ക്ക് നമ്മെ നയിക്കുന്നു. ദൈവമഹത്വം കുടികൊള്ളുന്നയിടമാണ് ദൈവാലയം. യേശുപറയുന്നു. "ഇതാ ദൈവാലയത്തേക്കാൾ ശ്രേഷ്ഠമായ ഒന്ന് ഇവിടെയുണ്ട്. നിങ്ങൾ ഈ ആലയം നശിപ്പിക്കുക, കൈകൊണ്ടു നിർമിക്കാത്ത മറ്റൊ രാലയം ഞാൻ മൂന്ന് ദിവസത്തിനകം പണിതുയർത്തും"(യോഹ. 2:19). അവൻ നവീനദൈവാലയമായി, മാത്രമല്ല, മഹാപുരോ ഹിതനും ഉടമ്പടിയുടെ മധ്യസ്ഥനുമായി മാറി. "മലമകുളിൽ വച്ച് സാത്താനെ കുമ്പിട്ടാരാധിച്ചാൽ" എന്ന പ്രലോഭനത്തെ വിജ യിച്ച യേശു പഠിപ്പിക്കുന്നു: "ഈ മലയിലോ ജറുസലെമിലോ പിതാവിനെ ആരാധിക്കാത്ത സമയം വരുന്നു. യഥാർത്ഥ ആരാ ധകർ ആത്മാവിലും സത്യത്തിലും പിതാവിനെ ആരാധിക്കു ന്നു"(യോഹ. 4:24). യേശുവിൽ യഥാർത്ഥ ദൈവമഹത്വവും ദൈവാരാധനയും യഥാർത്ഥ്യമായി. ക്രിസ്തുതന്നെയും ആരാ ധനാ പാത്രമായി.

പരിഹാരത്തിന്റെയും പ്രായശ്ചിത്തത്തിന്റെയും ചൈത ന്യത്തിൽ വളരാൻ നമുക്ക് ഈ വലിയ നോമ്പ് ആചരണത്തി ലൂടെ ഇടയാകട്ടെ. നമ്മുടെ മാത്രമല്ല, നമ്മുടെ ഭവനാംഗങ്ങളു ടെയും ഇടവകസമൂഹത്തിന്റെയും ഭദ്രാസനത്തിന്റെയും ലോകം

www.malankaralibrary.com

മുഴുവന്റെയും പാപങ്ങളോർത്ത് ദൈവത്തിന്റെ കൃപയ്ക്കും കരുണയ്ക്കുമായി നമുക്ക് പ്രാർത്ഥിക്കാം. വേദനിക്കുന്നവരോടും ജീവിതത്തിൽ തകർച്ചകൾ നേരിടുന്നവരോടും നമുക്ക് താദാത്മ്യപ്പെടാം. ദാരിദ്ര്യ ദു:ഖങ്ങൾ അനുഭവിക്കുന്നവരുമായി നമ്മുടെ വിഭവങ്ങൾ നമുക്ക് പങ്കുവയ്ക്കാം.

ആയത് ദൈവമാതാവായ പരിശുദ്ധ കന്യകമറിയാമിന്റെയും ഭാരതത്തിന്റെ അപ്പസ്തോലനായ മാർത്തോമാ ശ്ലീഹായുടെയും പരിശുദ്ധന്മാരുടെയും പ്രാർത്ഥനയാൽ തന്നെ. ആമ്മേൻ.

എന്ന്,



അമലഗിരി **+ ഡോ. ജോഷ്വാ മാർ ഇഗ്നാത്തിയോസ്**

വലിയ നോമ്പ് 2019 മാവേലിക്കര ഭദ്രാസനാദ്ധ്യക്ഷൻ

www.malankaralibrary.com

ദൈവകൃപയാലും തിരുസിംഹാസനത്തിന്റെ അംഗീകാര
ത്താലും മാവേലിക്കര ഭദ്രാസനാദ്ധ്യക്ഷൻ ജോഷ്വാ മാർ
ഇഗ്നാത്തിയോസ് മെത്രാപ്പോലീത്തായിൽ നിന്നും
ബഹുമാനപ്പെട്ട വൈദികർക്കും സന്യസ്തർക്കും
വിശ്വാസികളേവർക്കും വാഴ്വ്!

PL. No. 01/ 2020

## വലിയ നോമ്പ് 2020

ബഹുമാനപ്പെട്ട വൈദികരേ, സന്യസ്തരേ, വിശ്വാസികളേ,

യേശുവിന്റെ പീഡാസഹന-മരണ-ഉയിർപ്പിന്റെ പെസഹാ രഹസ്യങ്ങൾ ആഘോഷിക്കുവാൻ തിരുസഭ ഒരുക്കുന്ന കാലഘട്ടമാണ് വലിയ നോമ്പുകാലം. കുരിശുമരണത്തിലൂടെയാണ് യേശു നമുക്ക് പാപമോചനവും രക്ഷയും നല്കിയത് (1കൊറി. 15:4). കുരിശിന്റെ മാർഗ്ഗമാണ് രക്ഷയുടെ മാർഗ്ഗം. ഈ മാർഗ്ഗം തെരഞ്ഞെടുക്കുന്നതിന് യേശു എപ്രകാരം ഒരുങ്ങി, ഏതെല്ലാം അഗ്നിപരീക്ഷകളിലൂടെ അവിടുന്നു കടന്നുപോയി എന്ന് നമ്മെ അനുസ്മരിപ്പിക്കുന്ന കാലഘട്ടമാണ് നോമ്പുകാലം.

മാമോദീസാ സ്വീകരിച്ചയുടനെ നാല്പതുദിനരാത്രങ്ങൾ അവിടുന്ന് മരുഭൂമിയിൽ ഉപവസിച്ചു. അരൂപിയാൽ നിറഞ്ഞ്, അരൂപിയാൽത്തന്നെ ആനീതനായാണ് മരുഭൂമിയിലേക്ക് അവിടുന്ന് കടന്നു ചെന്നത്. ആത്മാവിനാൽ നിറഞ്ഞ്, ആത്മാവിനാൽ ആനയിക്കപ്പെടുന്ന അവസ്ഥ ദൈവൈക്യത്തിന്റെ അവസ്ഥയാണ്. നാല്പത് ദിനരാത്രങ്ങൾ അവിടുന്ന് ആഹാരപാനീയങ്ങൾ ഉപേക്ഷിച്ച് ഏകാന്തതയിൽ ദൈവൈക്യത്തിലും പ്രാർത്ഥനയിലും ചെലവഴിച്ചു.

വിശന്നുവന്ന യേശുവിനെ നോക്കി സാത്താൻ പറഞ്ഞു, കല്ലുകൾ അപ്പമാക്കി മാറ്റി നിന്റെ ദൈവപുത്രത്വം തെളിയിക്കുക. യേശു പ്രതിവചിച്ചു: “മനുഷ്യൻ അപ്പംകൊണ്ടു മാത്രമല്ല,

www.malankaralibrary.com

ദൈവത്തിന്റെ നാവിൽ നിന്നു പുറപ്പെടുന്ന ഓരോ വചനം കൊണ്ടുമാണ് ജീവിക്കുന്നത് (മത്താ. 4:4). അവിടുത്തെ മറുപടി യുടെ സാരം ഇതാണ്, അപ്പം കൊടുത്തല്ല, വചനം കൊടുത്താണ് താൻ ദൈവപുത്രനാണെന്ന് തെളിയിക്കാനുദ്ദേ ശിക്കുന്നത്. നശ്വരമായ അപ്പം കഴിക്കുന്നവർക്ക് നശ്വരമായ ജീവ നേയുള്ളു. മരുഭൂമിയിൽ വച്ച് മന്ന ഭക്ഷിച്ചവർ മരിച്ചു. എന്നാൽ അനശ്വരമായ ജീവന് കാരണമാകുന്ന, ജീവന്റെ അപ്പം നല്കാ നാണ് ദൈവപുത്രൻ വന്നിരിക്കുന്നത് (യോഹ.6:50-51). "ലോക ത്തിന്റെ ജീവനുവേണ്ടി ഞാൻ നല്കുന്ന അപ്പം, എന്റെ ശരീരം തന്നെ" എന്ന യേശുവചനം യോഹന്നാൻ തന്റെ സുവിശേഷ ത്തിൽ രേഖപ്പെടുത്തുന്നു. സാത്താന് യേശു കൊടുത്ത ഉത്തര ത്തിന്റെ ആഴമേറിയ അർത്ഥമിതാണ്. "അപ്പം കൊടുത്ത് ആരെയും തൃപ്തിപ്പെടുത്താൻ ഉദ്ദേശിക്കുന്നില്ല, ദൈവത്തിന്റെ വചനമായ തന്നെത്തന്നെ പൂർണ്ണമായി നല്കുകയാണ് തന്റെ ഉദ്ദേശ്യം".

തന്റെ പരസ്യജീവിതകാലത്ത് രണ്ടു പ്രാവശ്യമെങ്കിലും അപ്പം വർദ്ധിപ്പിച്ച് കർത്താവ് മനുഷ്യരുടെ വിശപ്പടക്കിയിട്ടുണ്ട്. അപ്പം കൊടുത്ത് ആളെ നേടാനോ, ആളാകാനോ അല്ല അവി ടുന്ന് അത് ചെയ്തത്. മനുഷ്യമക്കളോടുള്ള അലിവും, പ്രബോ ധനപരമായ ലക്ഷ്യവും ആയിരുന്നു അവയ്ക്കുപിന്നിൽ. അതി നാലാണ്, അപ്പം തിന്നു തൃപ്തരായവർ തന്റെ പ്രവൃത്തിയെ തെറ്റിദ്ധരിച്ച് ബലമായി തന്നെ രാജാവാക്കാൻ തുനിഞ്ഞപ്പോൾ അവരിൽ നിന്ന് മാറി തനിയെ മലമുകളിലേയ്ക്കു കർത്താവ് പിന്മാറിയത്. പിന്നീട് കടൽക്കരയിൽ തന്നെ കണ്ടെത്തിയവ രോടു യേശു പറയുന്നതും അപ്പംവർദ്ധന ഒരടയാളമായിട്ടേ താൻ ഉദ്ദേശിച്ചുള്ളുവെന്നാണ്. അവിടുന്ന് തുടർന്നു പറഞ്ഞു: "നശ്വര മായ അപ്പത്തിനുവേണ്ടി അദ്ധ്വാനിക്കാതെ മനുഷ്യപുത്രൻ തരുന്ന നിത്യജീവന്റെ അനശ്വരമായ അപ്പത്തിനുവേണ്ടി അദ്ധ്വാ നിക്കുവിൻ". അപ്പം നല്കാനല്ല, അപ്പമാകാനാണ്, സ്വയം നല്കാ നാണ്, യേശുവിന്റെ നിയോഗം. "ദേവാലയത്തിന്റെ അഗ്രത്തിൽ നിന്നു സുരക്ഷിതമായി ചാടിയിറങ്ങാമെങ്കിൽ നീ ദൈവപുത്ര നാണെന്ന് സകലരും വിശ്വസിക്കും ". യേശു പ്രതിവചിച്ചു, "നിന്റെ ദൈവമായ കർത്താവിനെ പരീക്ഷിക്കരുത് എന്ന് എഴു തപ്പെട്ടിരിക്കുന്നു. അത്ഭുതം കാണിച്ച് ആളെകൂട്ടാൻ യേശു ഉദ്ദേ

www.malankaralibrary.com

ശിക്കുന്നില്ല. ദൈവത്തെ പരീക്ഷിച്ചുകൊണ്ടല്ല, ദൈവത്തിലാ ശ്രയിച്ചുകൊണ്ടാണ് ദൗത്യം നിറവേറ്റുന്നത്.

അത്ഭുതങ്ങൾക്കുവേണ്ടി അവിടുന്ന് അത്ഭുതങ്ങൾ പ്രവർത്തിച്ചിട്ടില്ല. തന്നിലൂടെ മനുഷ്യവർഗ്ഗത്തിനു ലഭിക്കുന്ന ദൈവകാരുണ്യം വ്യക്തമാക്കാൻ, ദൈവമഹത്വത്തിനായി, അട യാളങ്ങൾ എന്ന നിലയിൽ അവിടുന്നു അത്ഭുതങ്ങൾ പ്രവർത്തി ച്ചിട്ടുണ്ട്. ഒരിക്കലും സ്വന്തം മഹത്വത്തിനോ സ്വന്തം രക്ഷയ്ക്കോ വേണ്ടി അവ ദുരുപയോഗിച്ചിട്ടില്ല. ദേവാലയം നശിപ്പിച്ചു മൂന്നു ദിവസം കൊണ്ടു പണിയുന്നവനേ, നീ നിന്നെത്തന്നെ രക്ഷി ക്കുക: "നീ ദൈവപുത്രനാണെങ്കിൽ കുരിശിൽ നിന്നിറങ്ങി വരു ക (മത്താ.27:40). മരണത്തിന്റെ മുഹൂർത്തത്തിലും അവിടു ത്തേയ്ക്കു നേരിട്ട പരീക്ഷയാണിത്. നിയമജ്ഞരും ഫരിസേ യരും യാത്രക്കാരും കർത്താവിനെ നോക്കി പരിഹസിച്ചു. "ഇവൻ മറ്റുള്ളവരെ രക്ഷിച്ചു. തന്നെതന്നെ രക്ഷിക്കാൻ ഇവനു സാധി ക്കുന്നില്ല. ഇവൻ ഇസ്രായേലിന്റെ രാജാവാണല്ലോ, കുരിശിൽ നിന്നിറങ്ങിവരട്ടെ. ഞങ്ങൾ ഇവനിൽ വിശ്വസിക്കാം. ഇവൻ ദൈവത്തിലാശ്രയിച്ചു. വേണമെങ്കിൽ ദൈവം ഇവനെ രക്ഷി ക്കട്ടെ". കുരിശിൽ നിന്നിറങ്ങി തന്റെ ദൈവത്വം തെളിയിക്കാനോ അതുവഴി തന്നെ അവഹേളിക്കുന്നവരെപ്പോലും വിശ്വാസത്തി ലേക്കാനയിക്കാനോ അവിടുന്ന് തുനിഞ്ഞില്ല. ദൈവം തന്നെ ഉപേക്ഷിച്ചെന്നു തോന്നിയപ്പോഴും ദൈവത്തിൽത്തന്നെ പൂർണ്ണ മായി ആശ്രയിച്ചു. യേശു സാത്താനു നല്കിയ മറുപടിയുടെ ആഴമേറിയ അർത്ഥമിതാണ്. സ്വരക്ഷയ്ക്കുവേണ്ടിയാ യാൽപോലും ദൈവത്തെ പരീക്ഷിച്ച്, അത്ഭുതം നടത്തി. ആളു കളെ വിസ്മയിപ്പിച്ച് ദൈവപുത്രത്വം തെളിയിക്കാൻ താനില്ല. സ്വയം വ്യയംചെയ്തുപോലും ദൈവത്തിലാശ്രയിച്ച് ദൈവപു ത്രത്വം തെളിയിക്കുകയാണു തന്റെ നിയോഗം.

വളരെ ഉയർന്ന ഒരു മലയിലേക്ക് കർത്താവിനെ കൂട്ടി കൊണ്ടുപോയി, ലോകത്തിലെ എല്ലാ രാജ്യങ്ങളും അവയുടെ മഹത്വവും കർത്താവിനെ കാണിച്ച് ഇപ്രകാരം പറഞ്ഞു. "സാത്താനേ ദൂരെപ്പോവുക, എന്തെന്നാൽ നിന്റെ ദൈവമായ കർത്താവിനെ ആരാധിക്കണം. അവിടുത്തെ മാത്രമേ പൂജി ക്കാവൂ''എന്നെഴുതപ്പെട്ടിരിക്കുന്നു. യേശുവിന്റെ കാലത്തെ വ്യാജമിശിഹാമാരുടെ, രാഷ്ട്രീയ വിമോചകരുടെ, മാർഗ്ഗം പിന്തു

www.malankaralibrary.com

ടരണമോ എന്നതായിരുന്നു ഈ പരീക്ഷ. ജീവിതത്തിലുടനീളം ഇതിനുള്ള സമ്മർദ്ദം അവിടുത്തേയ്ക്ക്നുഭവപ്പെടുന്നുണ്ട്. പീഡാനുഭവത്തെക്കുറിച്ചുള്ള തന്റെ മൂന്നാം പ്രവചനം കേട്ടശേഷവും സെബദിപുത്രന്മാർ തങ്ങളുടെ അമ്മയെക്കൊണ്ട് ശുപാർശ ചെയ്യിക്കുന്നത്, ഒരുവൻ വലത്തുവശത്തും അപരൻ ഇടതുവശത്തും ഇരിക്കുന്നതിന് കല്പിക്കണമേ" എന്നാണ്. അവരെയും അവരുടെ കടന്ന മോഹത്തിൽ അമർഷംപൂണ്ട മറ്റു ശിഷ്യന്മാരെയും യേശു പഠിപ്പിക്കുന്നത് തന്റെ രാജ്യം വിജാതീയരുടെതുപോലുള്ള അധികാരത്തിന്റെ രാജ്യമല്ല, അനുസരണത്തിന്റെ രാജ്യമാണെന്നാണ്. അധികാരികളുടെ രാജ്യമല്ല, ശുശ്രൂഷകരുടെ രാജ്യമാണെന്നാണ്. അവിടുന്നു തുടർന്നു പറയുന്നു. "ശുശ്രൂഷിക്കപ്പെടാനല്ല, ശുശ്രൂഷിക്കാനും അനേകരുടെ മോചനദ്രവ്യമായി സ്വജീവൻ കൊടുക്കാനുമാണ് മനുഷ്യപുത്രൻ വന്നിരിക്കുന്നത്". ലോകത്തോടു കൂറു പ്രഖ്യാപിച്ച് ലൗകികശക്തികളുടെ മുമ്പിൽ വണങ്ങി, അധികാരം നേടിയെടുക്കുകയല്ല കർത്താവിന്റെ ലക്ഷ്യം; മരണത്തോളം ദൈവത്തെ അനുസരിച്ച് മറ്റുള്ളവരുടെ മോചനദ്രവ്യമായി സ്വയം ഹോമിച്ച് അവരെ ശുശ്രൂഷിക്കുകയാണ് അവിടുത്തെ നിയോഗം.

പരീക്ഷകളെ അതിജീവിച്ച യേശുവിനു തന്റെ ജീവിത ദൗത്യത്തെക്കുറിച്ചുള്ള ഉൾക്കാഴ്ചയിതാണ്. നിത്യജീവനു വേണ്ടി മനുഷ്യരുടെ ഭക്ഷണമായിത്തീരേണ്ട ദൈവവചനമാണു താൻ. ദൈവത്തെ പരീക്ഷിക്കാതെ മരണത്തോളം ദൈവത്തിലാശ്രയിക്കേണ്ടവനാണ് താൻ. അധികാരത്തിൽ വ്യാമോഹിക്കാതെ മരണത്തോളം ദൈവത്തെ അനുസരിക്കേണ്ടവനും, സഹജരെ അധീനപ്പെടുത്താൻ മുതിരാതെ മരണത്തോളം അവരെ ശുശ്രൂഷിക്കേണ്ടവനുമാണുതാൻ. തന്റെ മാർഗ്ഗം, കുരിശിന്റെ മാർഗ്ഗം. നിത്യജീവനും നിത്യരക്ഷയും ശാശ്വതമായ വിജയവും കുരിശിലൂടെമാത്രം. മരണത്തിലൂടെ വേണം തന്റെ ദൈവപുത്രത്വം വെളിപ്പെടുത്തേണ്ടത്. നീ സാഷ്ടാംഗം പ്രണമിച്ച് എന്നെ ആരാധിച്ചാൽ ഇവയെല്ലാം നിനക്ക് ഞാൻ നല്കാം. മരണത്തിലൂടെ വേണമായിരുന്നു അവിടുത്തേയ്ക്കു സകല മനുഷ്യരെയും തന്നിലേക്കാകർഷിക്കാൻ.

സ്വന്തം കുരിശുമെടുത്ത് എന്നെ അനുഗമിക്കാത്തവൻ എനിക്കുയോഗ്യനല്ല (മത്താ.10:38). ഉപവാസവും പ്രാർത്ഥനയും

www.malankaralibrary.com

വഴി നാം നമ്മെത്തന്നെ സജ്ജമാക്കിയാലേ, നമ്മുടെ മാർഗ്ഗത്തിൽ നിന്ന് നമ്മെ വ്യതിചലിപ്പിക്കുന്ന പരീക്ഷകൾക്കെതിരെ ശക്തമായ നിലപാടെടുക്കാനാകൂ. അപ്പത്തിന്റെയും അത്ഭുതത്തിന്റെയും അധികാരത്തിന്റെയും പിന്നാലെ നാം പരക്കം പായുന്നു. അപ്പംകിട്ടിയാൽ സംതൃപ്തി, ഇല്ലെങ്കിൽ പിറുപിറുപ്പ്, അത്ഭുതം കണ്ടാൽ വിശ്വാസം ഇല്ലെങ്കിൽ ആവലാതി, അധികാരം കിട്ടിയാൽ സന്തോഷം ഇല്ലെങ്കിൽ അസ്വസ്ഥത എന്നതായിരിക്കുന്നു നമ്മുടെ അവസ്ഥ. പഴയ നിയമ ദൈവമക്കളായ ഇസ്രായേലിന്റെ തെറ്റ് പുതിയ നിയമ ദൈവമക്കളായ നാമും ആവർത്തിച്ചുകൊണ്ടിരിക്കുന്നു. ചരിത്രം ആവർത്തിക്കാനുള്ള വിളിയല്ല നമ്മുടേത്, ചരിത്രം തിരുത്തിക്കുറിക്കുവാനുള്ള വിളിയാണ്. ദൈവപുത്രനാണു ഇക്കാര്യത്തിൽ നമ്മുടെ മാതൃക. മറ്റുള്ളവർക്കുവേണ്ടി സ്വയം അപ്പമാകുകയും മരണത്തോളം ദൈവത്തിലാശ്രയിക്കുകയും, മരണത്തോളം ദൈവത്തെ അനുസരിക്കുകയും ചെയ്ത ദൈവപുത്രൻ. അവിടുത്തെ കുരിശും നമ്മുടെ കുരിശും ചേർന്നൊരുക്കുന്ന രക്ഷയുടെ തികവ് ഈ നോമ്പുകാലത്ത് നമുക്കനുഭവിച്ചറിയാം. പ്രാർത്ഥിച്ചും ഉപവസിച്ചും പരീക്ഷകളെ അതിജീവിച്ചും അതിനായി നമുക്ക് ഒരുങ്ങാം. പരീക്ഷകളെ അതിജീവിച്ച് കുരിശിനെ പുൽകിയവൻ, പരീക്ഷകളെ പരാജയപ്പെടുത്തി കുരിശിനെ പുൽകാൻ നമ്മെ ശക്തരാകട്ടെ.

കേരള കത്തോലിക്കാ സഭ 2020 പ്രേഷിതവർഷമായി ആചരിക്കുന്നതിന്റെ പശ്ചാത്തലത്തിലാണല്ലോ ഈ വർഷത്തെ വലിയ നോമ്പാചരണം. നോമ്പിലെ ത്യാഗനിർഭരമായ ദിവസങ്ങളിൽ പ്രേഷിത അവബോധം വളർത്തിയെടുക്കുവാൻ നമുക്ക് പരിശ്രമിക്കാം. പ്രേഷിത ശുശ്രൂഷയിൽ സജീവമായി നില്ക്കുന്ന എല്ലാവരെയും പ്രാർത്ഥന വഴി നമുക്ക് ബലപ്പെടുത്താം. രോഗത്തിന്റെ വേദനയും ബുദ്ധിമുട്ടുകളും അനുഭവിക്കുന്നവരെ ഹൃദയപൂർവ്വം നമ്മുടെ പ്രാർത്ഥനയിൽ ഓർക്കാം. പരീക്ഷയ്ക്കായി ഒരുങ്ങുന്ന കുഞ്ഞുങ്ങളെ പ്രത്യേകം സമർപ്പിച്ച് പ്രാർത്ഥിക്കാം. കുടുംബ ജീവിതത്തിൽ തകർച്ച നേരിടുന്നവരെ ദൈവസന്നിധിയിൽ സമർപ്പിക്കാം. സുവിശേഷത്തിന്റെ ആനന്ദമനുഭവിക്കുന്ന അഭിഷിക്തരാകുവാൻ നമ്മുടെ വൈദികരെ ഓർത്ത് നമുക്ക് പ്രാർത്ഥിക്കാം. വിനാശകരമായ കൊറോണ വൈറസ് ബാധിച്ച്


www.malankaralibrary.com

ജീവിതം തകർന്ന എല്ലാ സഹോദരങ്ങളെയും ഓർക്കാം. ഭാരതത്തിന്റെ ബഹുസ്വരതയും ഐക്യവും നിലനിന്നു കാണാൻ പ്രത്യാശയോടെ നമുക്ക് പ്രാർത്ഥിക്കാം.

അനുഗ്രഹകരമായ വലിയ നോമ്പിന്റെ ദിവസങ്ങൾ എല്ലാവർക്കും ആശംസിക്കുന്നു.

ആയത് ദൈവമാതാവായ പരിശുദ്ധ കന്യകമറിയാമിന്റെയും ഭാരതത്തിന്റെ അപ്പസ്തോലനായ മാർത്തോമ്മാശ്ലീഹായുടെയും പരിശുദ്ധന്മാരുടെയും പ്രാർത്ഥനയാൽ തന്നെ. ആമ്മേൻ

എന്ന്,



അമലഗിരി **+ ഡോ. ജോഷ്വാ മാർ ഇഗ്നാത്തിയോസ്**
വലിയ നോമ്പ് 2020 മാവേലിക്കര ഭദ്രാസനാദ്ധ്യക്ഷൻ

www.malankaralibrary.com

ദൈവകൃപയാലും തിരുസിംഹാസനത്തിന്റെ അംഗീകാര
ത്താലും മാവേലിക്കര ഭദ്രാസനാദ്ധ്യക്ഷൻ ജോഷ്വാ മാർ
ഇഗ്നാത്തിയോസ് മെത്രാപ്പോലീത്തായിൽ നിന്നും
ബഹുമാനപ്പെട്ട വൈദികർക്കും സന്യസ്തർക്കും
വിശ്വാസികളേവർക്കും വാഴ്വ്!

PL. No. 01/ 2021

## വലിയ നോമ്പ് 2021

ബഹുമാനപ്പെട്ട വൈദികരേ, സന്യസ്തരേ, വിശ്വാസികളേ,

ആത്മീയ പുനർജീവനത്തിന്റെ വലിയനോമ്പ് കാലഘട്ടത്തിലാണല്ലോ നാം. യേശുക്രിസ്തുവിന്റെ പീഡാസഹനങ്ങളും മരണവും ഉയിർപ്പും തീവ്രമായി ധ്യാനിക്കുവാനും നമ്മുടെ ജീവിതത്തോടു ചേർന്ന് സഹനങ്ങളെ രക്ഷാകരമാക്കുവാനും ഈ ദിവസങ്ങളിൽ നമുക്ക് പരിശ്രമിക്കാം. മരുഭൂമിയിലെ പരീക്ഷണങ്ങൾക്ക് വിധേയനായെങ്കിലും അവയെയെല്ലാം അതിജീവിച്ച കർത്താവാണ് ആത്മീയ സമരത്തിൽ മാതൃകയായി നമ്മുടെ മുമ്പിലുള്ളത്.

സുറിയാനി ഭാഷയിൽ 'സൌമോ' എന്ന വാക്കാണ് നോമ്പിനും ഉപവാസത്തിനുമായി ഉപയോഗിക്കുന്നത്. മലയാളത്തിൽ 'ഉപവാസം' എന്നാൽ ഒരുമിച്ചു ജീവിക്കുക എന്നാണ് അർത്ഥം. അതായത് ദൈവത്തോട് കൂടെ ഒരുമിച്ചു ജീവിക്കുക. നോമ്പ് ആചരിക്കുന്നത് പ്രാർത്ഥനയോടും ഭക്ഷണം ഉൾപ്പെടെ, നമുക്ക് പ്രിയപ്പെട്ട ചില സാധനങ്ങൾ വർജ്ജിക്കുന്നതോടും കൂടെയാണ്.

നന്മതിന്മകളെ തിരിച്ചറിയുന്ന വൃക്ഷത്തിന്റെ ഫലം ഭക്ഷിക്കരുത് (ഉല്പത്തി 2:17) എന്ന് ദൈവം ആദാമിനോട് അരുളിചെയ്തത് പ്രകാരം വർജ്ജനയും ഉപവാസവും ഏദൻ തോട്ട

www.malankaralibrary.com

ത്തിൽ വച്ച് തന്നെ കല്പിക്കപ്പെട്ടു. അങ്ങനെ ദൈവം തന്നെ മനുഷ്യന്റെ ആധ്യാത്മിക വളർച്ചയ്ക്കും പരിപാലനത്തിനുമായുള്ള ആദ്യകല്പന നല്കി.

ഉപവാസം നോമ്പിന്റെ ഭാഗമാണ്. ഉപവാസം ഒരു പ്രവൃത്തി ആണെങ്കിൽ നോമ്പ് ഒരു ജീവിത ശൈലി ആണ്. ശരിയായ നോമ്പ് ഉപവാസത്തോട് കൂടെ ഉള്ളതാണ് എന്ന് നാം എശായ്യ പ്രവാചകന്റെ 58-ാം അധ്യായത്തിൽ വായിക്കുന്നു. മോശ നാല്പതു പകലും രാവും ഉപവസിച്ചു ദൈവത്തോട് കൂടിയായിരുന്നു (പുറ 34:28). ഏലിയ ദീർഘദർശി 40 ദിവസം ഉപവസിച്ചു (1 രാജാ19:8). ദൈവകോപത്തിന്റെ നാളുകളിൽ പാപ പരിഹാരത്തിനായി ഉപവാസവും കാഴ്ചവെയ്പ്പും നടത്തിയിരുന്നു എന്നും നാം എശയ്യാ പ്രവാചകനിൽ നിന്ന് മനസ്സിലാക്കുന്നു (എശയ്യ 58:6-7). യോനായുടെ ദീർഘദർശനവും നിനവേയിലെ ആളുകളുടെ നോമ്പും ഇത്തരുണത്തിൽ ധ്യാനവിഷയമാക്കേണ്ടതാണ്. ദാനിയേലിന്റെ നോമ്പും സ്മരണാർഹമാണ്. "ആ മൂന്നാഴ്ചക്കാലം മുഴുവൻ ഞാൻ രുചികരമായ ഭക്ഷണം കഴിക്കുകയോ മാംസവും വീഞ്ഞും ആസ്വദിക്കയോ ചെയ്തില്ല" (ദാനി 10:3).

യേശുതമ്പുരാൻ നാല്പതുദിവസം ഉപവാസത്തിലും പ്രാർത്ഥനയിലും കഴിഞ്ഞതായി നമ്മൾ പുതിയനിയമത്തിൽ വായിക്കുന്നു.(മത്താ 4:2). ഉപവാസവും പ്രാർത്ഥനയുംകൊണ്ട് സാത്താന്റെ മേൽ വിജയം നേടാമെന്ന് യഹൂദന്മാർ പഠിപ്പിക്കുന്നു (മത്താ 17:21). മത്തായിയുടെ സുവിശേഷത്തിൽ ഉപവാസം എങ്ങനെ അനുഷ്ഠിക്കണമെന്ന് പഠിപ്പിക്കുന്നു (മത്താ 6:16-18). അപ്പസ്തോലന്മാർ നോമ്പും ഉപവാസവും അനുഷ്ഠിച്ചതായി (അപ്പ.13:2, 27:10) നടപടി പുസ്തകത്തിൽ നാം വായിക്കുന്നു. അങ്ങനെ നോമ്പും ഉപവാസവും നമ്മുടെ കർത്താവ് പഠിപ്പിച്ചതാണെന്നും പരിശുദ്ധ സഭ ആദി കാലം മുതൽ അനുഷ്ഠിച്ചിരുന്നു എന്നും നാം മനസ്സിലാക്കുന്നു. ഇതുകൂടാതെ പശ്ചാത്താപത്തെപ്പറ്റി വി. വേദപുസ്തകത്തിൽ (2 സാമു13:19, എസ്തേ 4:1, ജോബ് 2:8, ദാനി 9:3) പലയിടങ്ങളിലും നാം കാണുന്നു.

അനുതപിക്കുവാനും പാപത്തിന്റെ പ്രതിവിധികൾ സന്തോഷത്തോടെ സമർപ്പിക്കുവാനും സാധിക്കുമ്പോൾ നോമ്പുകാലം ഒരു ചലനാത്മകമായ ധന്യതയാണ് ഉളവാക്കുന്നത്.

നോമ്പിന്റെ സന്തോഷകരമായ ഒരു പര്യവസാനം ഉത്ഥാനപ്പെരുനാളിന്റെ ഉണർവോടെ ലഭ്യമാകുകയും ചെയ്യും. ശരീരത്തെ പീഡിപ്പിക്കുവാൻ അല്ല നാം ഉപവസിക്കുന്നത്. രോഗചികിത്സയുടെ ഭാഗമായോ തൂക്കമോ അമിത വണ്ണമോ മറ്റോ കുറയ്ക്കാനോ ഭക്ഷണം ഉപേക്ഷിക്കുന്നതും ഉപവാസം അല്ല. അതുകൊണ്ടുതന്നെ ഭക്ഷണം ഉപേക്ഷിക്കുക എന്നതുകൊണ്ട് നോമ്പ് പൂർണ്ണമാകുന്നില്ല.

നോമ്പ് സ്വയപരിശോധനയുടെ നാളുകളാണ്. അവിടുന്ന് നിന്നെ തൂക്കി നോക്കുമ്പോൾ നീ കുറവുള്ളവനായി കാണരുത്. അതിനാൽ ഏതു നിമിഷവും സ്വയ പരിശോധനയ്ക്ക് നാം വിധേയരാകുന്നത് ഉത്തമം. സ്വയ പരിശോധന നമ്മുടെ ഹൃദയങ്ങളിലെ ലഘുത്വം നമ്മെ ബോധ്യപ്പെടുത്തും. നമ്മുടെ ലഘുത്വത്തിൽ നിന്ന് ദൈവത്തിന്റെ മഹത്വം നാം തിരിച്ചറിയണം.

ചിട്ടയായ നോമ്പും ഉപവാസവും നാം എത്തിചേരാൻ ആഗ്രഹിക്കുന്ന നിത്യതയിലേക്ക് നമ്മളുടെ വഴികാട്ടി ആയിരിക്കും. ഇതുപോലെ തന്നെ ഉപേക്ഷിച്ച തിന്മകളും അശുദ്ധികളും. മനുഷ്യനെ ദൈവത്തോട് കൂടുതലായി അടുപ്പിക്കാൻ ഉള്ള ആത്മീയ മാർഗ്ഗങ്ങൾ ആണ് നോമ്പും ഉപവാസവും. ഭക്ഷണപാനീയങ്ങൾ ഉപേക്ഷിക്കുന്നതോടൊപ്പം വാക്കുകളേയും പ്രവർത്തികളെയും നമ്മിലെ വിവിധ ആസക്തികളേയും നിയന്ത്രിക്കാൻ നമുക്ക് കഴിയണം. കോപം, വെറുപ്പ്, അസൂയ, ഭോഗാസക്തി തുടങ്ങിയ വികാരവിചാരങ്ങൾക്ക് കടിഞ്ഞാണിട്ടുകൊണ്ട് ആത്മനിയന്ത്രണത്തിലൂടെ ദൈവവുമായി സഹവസിക്കുവാൻ നമ്മെ പ്രാപ്തരാക്കുന്നതാണ് യഥാർത്ഥ ഉപവാസം. ശരീരത്തിന്റെ ഉപവാസം ആത്മാവിന്റെ ഭക്ഷണമാണെന്ന് വിശുദ്ധ ബസലിയോസ് പറയുന്നുണ്ട്.

യേശു തന്റെ പരസ്യജീവിത കാലത്ത് അരുളി ചെയ്തു. ഞാൻ വഴിയും സത്യവും ജീവനും ആകുന്നു. എന്നിൽ വിശ്വസിക്കുന്നവൻ മരിച്ചാലും ജീവിക്കും. വഴി അറിയാതെ സഞ്ചരിക്കുമ്പോൾ പലപ്പോഴും വഴി തെറ്റി പോകുന്നു. അപ്രതീക്ഷിതങ്ങളായ സംഭവങ്ങൾ ഉണ്ടാകുന്നു. പലപ്പോഴും പ്രലോഭനങ്ങളിൽ അകപ്പെടുന്നു. യാത്രയുടെ ഗതിയും ലക്ഷ്യവും മാറുന്നു. മനസ്സിൽ ആകുലതകൾ കൂട് കെട്ടുന്നു. നോമ്പ് കാലം ആകുല

www.malankaralibrary.com

തകളെ അതിജീവിക്കാൻ സഹായിക്കുന്നു. നമുക്കും നമ്മുടെ ആകുലതകൾക്കും ഇടയിൽ യേശുവിനെ പ്രതിഷ്ടിക്കുക. കാരണം അവിടുന്ന് മനുഷ്യകുലത്തിന്റെ നന്മമാത്രം ആഗ്രഹിക്കുന്നു.

പലപ്പോഴും നാം നോമ്പ് ഒരു അനുഷ്ഠാനം മാത്രമായി കാണുകയും സഭയുടെ നിയമം എന്ന കണ്ണിലൂടെ ഒരു ആചാരം എന്ന രീതിയിൽ സ്വീകരിക്കുകയും ചെയ്യാറുണ്ട്. സ്വയം ശുദ്ധീകരിക്കാതെ, മറ്റുള്ളവരുടെ നൊമ്പരങ്ങളെ കണക്കാക്കാതെ എടുക്കുന്ന നോമ്പ് ദൈവതിരുമുമ്പാകെ സ്വീകരിക്കപ്പെടുകയില്ല. എന്താണ് യഥാർത്ഥ നോമ്പ്? "കലഹിക്കുന്നതിനും ശണ്ഠകൂടുന്നതിനും ക്രൂരമായി മുഷ്ടികൊണ്ട് ഇടിക്കുന്നതിനും മാത്രമാണ് നിങ്ങൾ ഉപവസിക്കുന്നത്. നിങ്ങളുടെ സ്വരം ഉന്നതത്തിൽ എത്താൻ ഇത്തരം ഉപവാസം ഉപകരിക്കുകയില്ല. ഇത്തരം ഉപവാസമാണോ ഞാൻ ആഗ്രഹിക്കുന്നത്? ഒരു ദിവസത്തേക്ക് ഒരുവനെ എളിമപ്പെടുത്തുന്ന ഉപവാസം! ഞാങ്ങണപോലെ തല കുനിക്കുയ്ക്കുന്നതും ചാക്കു വിരിച്ച് ചാരവും വിതറികിടക്കുന്നതുമാണോ അത്? ഇതിനെയാണോ നിങ്ങൾ ഉപവാസമെന്നും കർത്താവിന് സ്വീകാര്യമായ ദിവസം എന്നും വിളിക്കുക. ദുഷ്ടതയുടെ കെട്ടുകൾ പൊട്ടിക്കുകയും നുകത്തിന്റെ കയറുകൾ അഴിക്കുകയും മർദ്ദിതരെ സ്വതന്ത്രരാക്കുകയും എല്ലാ നുകങ്ങളും ഒടിക്കുകയും ചെയ്യുന്നതല്ലേ ഞാൻ ആഗ്രഹിക്കുന്ന ഉപവാസം? വിശക്കുന്നവനുമായി ആഹാരം പങ്കുവയ്ക്കുകയും ഭവനരഹിതനെ വീട്ടിൽ സ്വീകരിക്കുകയും നഗ്നനെ ഉടുപ്പിക്കുകയും സ്വന്തക്കാരിൽ നിന്ന് ഒഴിഞ്ഞുമാറാതിരിക്കുകയും ചെയ്യുന്നതല്ലേ അത്?" (എശയ്യാ 58:4-7). മറ്റുള്ളവരെ കരുതാനും സഹാനുഭൂതിയോടുകൂടി വർത്തിക്കാനും നമ്മെ ഒരുക്കുന്നതായിരിക്കട്ടെ നോമ്പ്.

കോവിഡ് 19-മഹാമാരി സങ്കടവും നിരാശയും വാരിവിതറി മനുഷ്യരാശിയെ ഭയചകിതരാക്കുമ്പോൾ, വലിയ നോമ്പുകാലം, രക്ഷകനോടു ചേർന്നു ജീവിക്കുവാൻ നമ്മെ ആഹ്വാനം ചെയ്യുന്നു. നിരാശയ്ക്കും സങ്കടങ്ങൾക്കും പകരം കർത്താവിന്റെ കുരിശു നല്കുന്ന അതി ജീവനത്തിന്റെ പാഠം സ്വീകരിക്കുവാൻ നോമ്പുകാലം നമ്മെ ക്ഷണിക്കുന്നു. വേദനിക്കുന്നവരോടൊപ്പം നമുക്കും സഹാനുഭൂതിയോടെ ചേർന്നു നില്ക്കാം. ഉപവാസ

www.malankaralibrary.com

ത്തിലൂടെയും വർജ്ജനയിലൂടെയും നാം സമാഹരിക്കുന്ന സാമ്പത്തിക വിഹിതങ്ങൾ ദാരിദ്ര്യദുഃഖമുഭവിക്കുന്നവരുടെ വിശപ്പ് മാറ്റാൻ നമുക്ക് നീക്കിവയ്ക്കാം. കാരുണ്യ പ്രവർത്തികൾ ധാരാളം ചെയ്ത് നോമ്പുകാലത്തെ നമുക്ക് ഫലദായകമാക്കാം. നോമ്പിന്റെ ആന്തരികത നമുക്ക് മുറുകെ പിടിക്കാം.


കർത്താവേ ഞങ്ങളുടെ നോമ്പും നമസ്ക്കാരവും നിനക്ക് ഇമ്പമുള്ള ധൂപം പോലെയായി സൗരഭ്യമുള്ള പുക പൊലെ നിന്റെ സന്നിധിയിൽ കൈകൊള്ളപ്പെടുമാറാകേണമെ. ശുദ്ധമുള്ള നോമ്പ് ജയത്തിന്റെ അടയാളവും ശത്രുവായ ദുഷ്ടന്റെ നേരെ തോല്ക്കാത്ത ആയുധവുമാകുന്നു.

അനുഗ്രഹകരമായ വലിയ നോമ്പിന്റെ ദിവസങ്ങൾ എല്ലാവർക്കും ആശംസിക്കുന്നു.

ആയത് ദൈവമാതാവായ പരിശുദ്ധ കന്യകമറിയാമിന്റെയും ഭാരതത്തിന്റെ അപ്പസ്തോലനായ മാർത്തോമ്മാശ്ലീഹായുടെയും പരിശുദ്ധന്മാരുടെയും പ്രാർത്ഥനയാൽ തന്നെ.

ആമ്മേൻ

എന്ന്,




അമലഗിരി — **+ ഡോ. ജോഷ്വാ മാർ ഇഗ്നാത്തിയോസ്**

വലിയ നോമ്പ് 2021 — മാവേലിക്കര ഭദ്രാസനാദ്ധ്യക്ഷൻ

www.malankaralibrary.com

www.malankaralibrary.com



# ഉയിർപ്പിനോട് അനുബന്ധിച്ച്
# പുറപ്പെടുവിച്ച ഇടയലേഖനങ്ങൾ

www.malankaralibrary.com

ദൈവകൃപയാലും തിരുസിംഹാസനത്തിന്റെ അംഗീകാര ത്താലും മാവേലിക്കര ഭദ്രാസനാദ്ധ്യക്ഷൻ ജോഷ്വാ മാർ ഇഗ്നാത്തിയോസ് മെത്രാപ്പോലീത്തായിൽ നിന്നും ബഹുമാനപ്പെട്ട വൈദികർക്കും സന്യസ്തർക്കും വിശ്വാസികളേവർക്കും വാഴ്വ്!

PL No. 1/2007

## ഉയിർപ്പുതിരുന്നാൾ 2007

പ്രിയ ബഹുമാനപ്പെട്ട വൈദീകരെ, സന്യസ്തരേ, വിശ്വാസികളെ,

സമാഗതമാകുന്ന വിശുദ്ധവാരവും നമ്മുടെ കർത്താവിന്റെ ഉയിർപ്പു തിരുന്നാളും ധാരാളമായ ദൈവാനുഗ്രഹങ്ങൾക്ക് ത്രിതൈ്വക ദൈവത്തിന് കൃതജ്ഞത അർപ്പിക്കുവാൻ വിനിയോഗിക്കുക എന്നത് ഉചിതമായ നടപടിയാണ്. മലങ്കര കത്തോലിക്കാ സഭയിലെ വിശ്വാസികളും സന്യസ്തരും വൈദികരും-സഭയൊന്നാകെ ദൈവം നമുക്കായി നൽകിയ വിവിധ ദാനങ്ങളെ തിരിച്ചറിയേണ്ടതുണ്ട്. സ്വയം ഭരണാവകാശം ലഭ്യമായ മലങ്കര കത്തോലിക്കാ സഭ അതിന്റെ മേലധ്യക്ഷനെ തെരഞ്ഞെടുക്കുന്ന വലിയ ഉത്തരവാദിത്വം നിറവേറ്റി. മോറാൻ മോർ ബലേസിയോസ് ക്ലീമിസ് കാതോലിക്കാ ബാവായെ സഭയുടെ തലവനും പിതാവുമായി പരിശുദ്ധ സുന്നഹദോസ് തെരഞ്ഞെടുത്തു. നമ്മുടെ ഭദ്രാസനമായ മേവേലിക്കര സ്ഥാപിതമായ. ബലഹീനനായ എന്നെ ഭദ്രാസനാധ്യക്ഷനായി സുന്നഹദോസ് നിയോഗിച്ചു. കേരളത്തിനു പുറമെ, ഇന്ത്യയിലെ വിവിധ നഗരങ്ങളിലും ഇതരസ്ഥലങ്ങളിലും ജീവിക്കുന്ന മലങ്കര കത്തോലിക്കാ വിശ്വസികളുടെ ആദ്ധ്യാത്മിക പോഷണത്തിനായി ബഥനി സന്യാസ സമൂഹാംഗമായ യാക്കോബ് മാർ ബർണബാസ്

www.malankaralibrary.com

തിരുമേനി നിയുക്തനായി. തിരുവല്ല അതിഭദ്രാസനത്തിന്റെ മെത്രാപ്പോലീത്തൻ ആർച്ചു ബിഷപ്പായി അഭിവന്ദ്യ തോമസ് മാർ കുറിലോസ് തിരുമേനി നിയോഗിക്കപ്പെട്ടു.

സഭാത്മക ജീവിതത്തെ ശക്തിപ്പെടുത്തുന്ന ഈ മഹത് സംഭവങ്ങളിൽ നാം സാക്ഷികളും പങ്കുകാരുമായി. ഇവയിലൂടെ നമ്മുടെ സ്രഷ്ടാവും പരിപാലകനുമായ ദൈവം നമ്മോട് സംസാരിക്കുകയായിരുന്നു. വ്യക്തിപരവും സഭാത്മകവുമായ ജീവിതത്തിലൂടെ നാം ഈ അനുഗ്രഹങ്ങൾക്ക് പ്രത്യുത്തരം നൽകാൻ കടപ്പെട്ടിരിക്കുന്നു. നമ്മുടെ കാലഘട്ടത്തിന്റെയും ജീവിതസാഹചര്യങ്ങളുടെയും സവിശേഷതകളെ തിരിച്ചറിഞ്ഞ് ക്രിസ്തീയ സാക്ഷ്യം നൽകുക എന്നതാണ് ദൈവത്തിന് നൽകുന്ന ഉത്തമമായ പ്രത്യുത്തരം. ഈ പ്രത്യുത്തരത്തിന ഈ ഭദ്രാസനത്തിലെ അംഗങ്ങളെന്ന നിലയിൽ നമ്മെത്തന്നെ നമുക്ക് സജ്ജരാക്കാം.

മലങ്കര സഭയുടെ ആദ്ധ്യാത്മിക നവീകരണത്തിന്റെയും പുനരൈക്യ പ്രസ്ഥാനത്തിന്റെയും പ്രണയിതാവും ശില്പിയുമായ മാർ ഈവാനിയോസ് പിതാവിന്റെ ജന്മദേശമായ മാവേലിക്കരയാണ് മലങ്കര കത്തോലിക്കാ സഭയിലെ ആറാമത്തെ ഭദ്രാസനത്തിന്റെ ആസ്ഥാനമാകുന്നത് എന്ന വസ്തുത സവിശേഷമായ ശ്രദ്ധ അർഹിക്കുന്നു. ദൈവത്തിന്റെ പരിപാലനയിൽ പരിശുദ്ധ സഭ ഈ ഭൂവിഭാഗത്തിലെ അജപാലന, സഭൈക്യപ്രവർത്തനത്തിലേക്ക് വർദ്ധമാനമായ ശ്രദ്ധ നൽകുവാൻ ആഗ്രഹിക്കുന്നു. ആദ്ധ്യാത്മിക നവീകരണത്തോടൊപ്പംമനുഷ്യന്റെ സമഗ്ര വിമോചനത്തിലേക്കും ശ്രദ്ധ പതിപ്പിക്കുവാൻ വൈദികരും സന്യാസിനീ-സന്യാസികളും, വൈദീകവിദ്യാർത്ഥികളും അത്മായരുമായ വിശ്വാസികളേവർക്കും കടപ്പാടുണ്ട്. പുനരൈക്യ പ്രസ്ഥാനത്തിന്റെ ആദ്യനാളുകളിലെപ്പോലെ സഭയുടെ എല്ലാ മേഖലകളും ഏകമനസ്സോടെ സുവിശേഷത്തിന്റെ സാക്ഷികളും പ്രഘോഷകരുമായി ഭവിക്കേണ്ടിയിരിക്കുന്നു.

നമ്മുടെ കർത്താവായ യേശുമിശിഹായുടെ പെസഹാ രഹസ്യങ്ങളെ പ്രാർത്ഥനയോടും നോമ്പോടും കൂടി നാം സമീപിക്കുകയാണ്. നമ്മുടെ കർത്താവ് ഈ ലോകത്തിലെ തന്റെ നിത്യസാന്നിദ്ധ്യത്തിന്റെ അടയാളമായി നൽകിയ വിശുദ്ധ

www.malankaralibrary.com

കുർബാനയുടെ സ്ഥാപനമാണ് പെസഹ തിരുനാളിൽ നാം അനുസ്മരിക്കുക. അതോടൊപ്പം ബലിയും വിരുന്നുമായ വിശുദ്ധ കുർബാനയുടെ അനുഷ്ഠാനത്തിനും ആഘോഷത്തിനുമായി അവിടുന്ന് പൗരോഹിത്യമെന്ന വിശുദ്ധ കൂദാശ സ്ഥാപിച്ചതും പെസഹാദിനത്തിലാണ്. അവർണ്ണനീയമായ ദൈവസ്നേഹ ത്തിന്റെ അടയാളമായ ഈ രണ്ട് കൂദാശകളെ പ്രതി നാം ദൈവത്തിന് പെസഹദിനത്തിൽ കൃതജ്ഞത അർപ്പിക്കുന്നു. വൈദികരുടെ പരിശീലനത്തിൽ ദൈവജനം ഒന്നാകെ പങ്കാളികളാകേണ്ടതാണ്. കാരണം, അതിവിശുദ്ധ രഹസ്യങ്ങൾ നമുക്ക് വേണ്ടി പങ്കിടുന്നതിന് ദൈവം അവരെ നമുക്ക് നൽകി. ഇതിനെ അനുസ്മരിക്കുവാൻ പെസഹാദിനം സെമിനാരി ദിനമായി മലങ്കര കത്തോലിക്കാ സഭ ആചരിക്കുന്നു. അന്നേ ദിവസം ദൈവാലയത്തിൽ എടുക്കുന്ന സ്തോത്രകാഴ്ച സെമിനാരിക്കു വേണ്ടി, വൈദിക പരിശീലനത്തിനുവേണ്ടി അർപ്പിക്കുകയെന്ന നമ്മുടെ സഭയുടെ പാരമ്പര്യം നമ്മുടെ ഭദ്രാസനത്തിലും നാം തുടരുന്നതാണ്.

മനുഷ്യന്റെ വീണ്ടെടുപ്പിനുവേണ്ടിയുള്ള രക്ഷകനായ യേശുവിന്റെ ബലിയുടെ പൂർത്തീകരണം നാം ദർശിക്കുക ദുഃഖവെള്ളിയാഴ്ച ദിനത്തിലെ കുരിശിലെ ജീവിതസമർപ്പ ണത്തിലാണ്. അവിടുന്ന് നമുക്കുവേണ്ടി കുരിശുചുമന്നു; അവസാനത്തെ തുള്ളി രക്തംവരെ കുരിശിൽ ചൊരിഞ്ഞു. സ്നേഹിതർക്കു വേണ്ടി ജീവൻ അർപ്പിക്കുന്നതിനേക്കാൾ വലിയസ്നേഹം ഇല്ല (യോഹ. 15, 13) എന്നരുളിചെയ്ത് കുരിശിലെ തന്റെ മരണത്തിലൂടെ തന്റെ ദിവ്യവചനത്തിന് മുദ്ര ചാർത്തി. സ്നേഹവും ത്യാഗവും നിറഞ്ഞ കുരിശിന്റെ ജീവിതമാണ് യേശുവിന്റെ അനുയായികളിൽ നിന്ന് ആവശ്യപ്പെ ടുന്നത്. നമ്മുടെ വേദനകളെയും സഹനത്തേയും പ്രതീക്ഷ യോടെ അനുഭവിക്കുവാൻ കർത്താവിന്റ കുരിശ് നമ്മെ പ്രചോദിപ്പിക്കുന്നു. സഹോദരമനുഷ്യരുടെ ദുഃഖത്തിലും രോഗത്തിലും ദാരിദ്ര്യത്തിലും അവർക്ക് സമാശ്വാസം നൽകുവാൻ ക്രൂശിതനായ യേശു നമ്മെ ആഹ്വാനം ചെയ്യുന്നു. ഈ പശ്ചാത്തലത്തിലേക്കും വിശുദ്ധവാരത്തിലേക്കും സഭ നിർദ്ദേശിക്കുന്നത്. നമ്മുടെ നോമ്പ് അനുഷ്ഠാനത്തിന്റെയും വർജ്ജനയുടെയും ഫലമായി നാം സമാഹരിക്കുന്ന ധനം

www.malankaralibrary.com

പട്ടിണിയും രോഗവും അനുഭവിക്കുന്നവർക്കായി വിശ്വാസികൾ നൽകുകയെന്നാണ് ഒന്നാമത്തേത്. പട്ടിണി-രോഗനിവാരണ ഫണ്ട് എന്ന പേരിൽ എല്ലാ ഇടവകകളിലും ഇത് സമാഹരിക്കേണ്ടതാണ്. നമ്മുടെ കർത്താവിന്റെ മനുഷ്യാവതാരവും പെസഹാ രഹസ്യങ്ങളും നിറവേറിയ വിശുദ്ധനാട് വിശ്വാസികളായ റോമിലെ പരിശുദ്ധ മാർപാപ്പമാർ വിശുദ്ധനാടിന്റെ സംരക്ഷണത്തിന് എന്നും നമ്മെ ഉദ്ബോധിപ്പിച്ചിരുന്നു. ദുഃഖവെള്ളിയാഴ്ച ദിവസത്തെ സ്തോത്ര കാഴ്ച വിശുദ്ധനാടിനുവേണ്ടി പരിശുദ്ധ മാർപാപ്പായുടെ നിർദ്ദേശപ്രകാരം നൽകണമെന്നതാണ് രണ്ടാമത്തെ നടപടി. ഈ രണ്ട് കാര്യങ്ങളും ത്യാഗബുദ്ധിയോടുള്ള അളവറ്റ സ്നേഹത്തോടെയും നിറവേറ്റി കർത്താവിന്റെ കുരിശിലുള്ള നമ്മുടെ ഭാഗഭാഗത്വം നാം പ്രകടമാക്കേണ്ടിയിരിക്കുന്നു.

നമ്മുടെ കർത്താവിന്റെ ഉയിർപ്പ് നവജീവിതത്തിന്റെ പ്രത്യാശനൽകുന്ന ദൈവികരഹസ്യമാണ്. പാപത്തിനും മരണത്തിനും മേൽ യേശു കൈവരിച്ച വിജയമാണ് ഉയിർപ്പുദിനത്തെ പ്രത്യാശയുടെയും സന്തോഷത്തിന്റെയും പെരുന്നാളാക്കി മാറ്റുന്നത്. ശാരീരിക-മാനസിക രോഗങ്ങൾ, ദാരിദ്ര്യം, പരാജയങ്ങൾ തുടങ്ങി വിവിധ കാരണങ്ങളാൽ സഹിക്കുന്നവർക്ക് പ്രത്യാശ പകരുവാൻ ഉയിർപ്പിന്റെ രഹസ്യത്തിൽ നിന്ന് നാം ചൈതന്യം സ്വീകരിക്കണം. പുതിയൊരു ഭദ്രാസനത്തിലെ വിശ്വാസികൾ എന്ന നിലയിൽ മാവേലിക്കരയിൽ വിവിധ അപ്പസ്തോലിക പ്രവർത്തനങ്ങളേയും സംരംഭങ്ങളേയും ഉയിർപ്പിന്റെ പ്രത്യാശയിൽ സമീപിക്കുവാൻ നമുക്ക് സാധിക്കണം. ഉത്ഥിതങ്ങളെ സമീപിക്കുമ്പോൾ ക്ലേശങ്ങളും ബുദ്ധിമുട്ടുകളും നമ്മെ തളർത്തുകയില്ല. പ്രത്യുത അവയിലൂടെ ദൈവം വിവിധ ശുശ്രൂഷകളെ വിശുദ്ധീകരിക്കുന്നതായും നമുക്ക് അനുഭവപ്പെടും.

എല്ലാവർക്കും വിശുദ്ധ വാരത്തിന്റെ/ കഷ്ടാനുഭവ ആഴ്ചയുടെ അനുഗ്രഹങ്ങളും ഉയിർപ്പുതിരുന്നാളിന്റെ ആശംസകളും നേരുന്നു. ഉയിർത്തെഴുന്നേറ്റവനായ യേശു എല്ലാവരേയും സമൃദ്ധമായി അനുഗ്രഹിക്കട്ടെ!.

സർവശക്തനായ ദൈവത്തിന്റെ കൃപ നിങ്ങളോടുകൂടി എന്നേക്കും ഉണ്ടായിരിക്കട്ടെ!

www.malankaralibrary.com

ആയത് ദൈവമാതാവായ പരി.കന്യകമറിയത്തിന്റെയും ഭാരതത്തിന്റെ അപ്പസ്തോലനായ മാർത്തോമ്മാശ്ലീഹായുടെയും സകല പരിശുദ്ധന്മാരുടെയും പ്രാർത്ഥനയാൽ തന്നെ. ആമ്മീൻ!

എന്ന്



അമലഗിരി
ഉയിർപ്പ് 2007

**+ജോഷ്വാ മാർ ഇഗ്നാത്തിയോസ്**
മാവേലിക്കര ഭദ്രാസനാദ്ധ്യക്ഷൻ

www.malankaralibrary.com

ദൈവകൃപയാലും തിരുസിംഹാസനത്തിന്റെ അംഗീകാര ത്താലും മാവേലിക്കര ഭദ്രാസനാദ്ധ്യക്ഷൻ ജോഷ്വാ മാർ ഇഗ്നാത്തിയോസ് മെത്രാപ്പോലീത്തായിൽ നിന്നും ബഹുമാനപ്പെട്ട വൈദികർക്കും സന്യസ്തർക്കും വിശ്വാസികളേവർക്കും വാഴ്‌വ്!

PL No. 2/2012

## ഉയിർപ്പുതിരുന്നാൾ 2012

വന്ദ്യ വൈദികരേ, സന്യസ്തരേ, വിശ്വാസികളേ,

യേശുക്രിസ്തുവിന്റെ ഉയിർപ്പാണ് ക്രിസ്തീയ വിശ്വാസത്തിന്റെ അടിസ്ഥാനം. "കർത്താവ് ഉയിർത്തെഴുന്നേറ്റു" (ലൂക്കാ 24: 34) എന്ന വിശുദ്ധ സഭയുടെ വിശ്വാസത്തെ പുനരുത്ഥാനം സ്ഥിരീകരിക്കുന്നു. നസ്രായനായ ഈശോ മരിച്ചതിനു ശേഷം നിശ്ചിത സമയത്തും നിശ്ചിത സ്ഥലത്തും ദൈവം അവിടുത്തെ മൃതരിൽ നിന്നുയിർപ്പിച്ചു. "അവിടുന്ന് ഇവിടെയില്ല, ഉയിർത്തെഴുന്നേറ്റിരിക്കുന്നു" (ലൂക്കാ 24:6). വിശുദ്ധ ശ്ലീഹന്മാരുടെ സുവിശേഷ പ്രഘോഷണത്തിന്റെ കേന്ദ്ര ബിന്ദു ക്രിസ്തുവിന്റെ ഉയിർപ്പാണ് "ഈശോയെ ദൈവം ഉയിർപ്പിച്ചു, അതിനു നിങ്ങൾ എല്ലാവരും സാക്ഷികളാണ് " (അ. പ്ര. 2: 32). ക്രിസ്തുവിന്റെ പുനരുത്ഥാനത്തിന്റെ ശക്തി (ഫിലിപ്പി. 3: 10) യാണ് നമ്മെ ജീവനിലേക്ക് വീണ്ടെടുക്കുന്നത്. യേശു ക്രിസ്തുവിന്റെ ഉയിർപ്പ് കേവലം ഒരു കെട്ടു കഥയോ, ഐതിഹ്യമോ അല്ല, മറിച്ച് ചരിത്രത്തിൽ സംഭവിച്ച ഒരു യാഥാർത്ഥ്യമാണ്. ക്രിസ്തുവിന്റെ പുനരുത്ഥാനം ഒരു ചരിത്ര സംഭവമാണ്. അപ്പോസ്തോലന്മാർ കണ്ണുകൊണ്ട് കാണുകയും ചെവികൊണ്ട് കേൾക്കുകയും കൈകൊണ്ട് സ്പർശിക്കുകയും ചെയ്തിട്ട് പുനരുത്ഥാന സത്യത്തിന് സാക്ഷ്യം നല്കി (അ. പ്ര. 1:21 22, 1യോഹ.1:13). വി. ഗ്രന്ഥത്തെ ആധാരമാക്കി, പിതാവായ ദൈവം ക്രിസ്തുവിനെ മരിച്ചവരിൽ

www.malankaralibrary.com

നിന്ന് ഉയിർത്തെഴുന്നേൽപ്പിച്ചെന്നും, ക്രിസ്തു സ്വശക്തിയാൽ ഉയിർത്തെഴുന്നേറ്റുവെന്നും സഭ പഠിപ്പിക്കുന്നു. "ദൈവം അവിടുത്തെ പുനരുത്ഥാനം ചെയ്യിച്ചു" (അ. പ്ര. 2:24).

ഉത്ഥാനം ചെയ്ത ക്രിസ്തുവിന്റെ ശരീരം മഹത്വീകരിക്കപ്പെട്ടതും മാനുഷിക ജീവിതത്തിന്റെ പരിമിതികൾക്ക് അധീനമല്ലാത്തതുമാകുന്നു (യോഹ. 20: 19, 1 കോറി.15: 42 49). ക്രിസ്തുവിന്റെ മരണം, ശിഷ്യന്മാരുടെ ജീവിതത്തിൽ സംഭവിച്ച വലിയ ആഘാതമായിരുന്നു. പരസ്യ ജീവിതകാലത്ത് ക്രിസ്തു തന്റെ മരണത്തെക്കുറിച്ച് മുന്നറിയിപ്പ് കൊടുത്തപ്പോൾ അത് വേണ്ട വിധം ഗ്രഹിക്കുവാൻ അവർക്കു സാധിച്ചില്ല. തന്മൂലം ക്രിസ്തുവിന്റെ മരണം ശിഷ്യന്മാരുടെ ജീവിതത്തിൽ വലിയ ശൂന്യത തീർത്തു. എന്നാൽ അവിടുത്തെ ഉയിർപ്പ് ശിഷ്യന്മാരുടെ ജീവിതത്തിന് പുതിയ പ്രത്യാശ പകർന്നു. ഉത്ഥിതനായ യേശു ക്രിസ്തുവിന്റെ സാന്നിധ്യം തുടക്കത്തിൽ സംശയത്തിനിടയാക്കി. എന്നാൽ ക്രിസ്തു തന്റെ സാന്നിധ്യവും വാക്കുകളും പ്രവൃത്തികളും വഴി അപ്പോസ്തോലന്മാരുടെ വിശ്വാസം സ്ഥിരീകരിച്ചു. "തന്റെ പീഡാസഹനത്തിനു ശേഷം നാല്പതു ദിവസത്തേക്ക് അവർക്കു പ്രത്യക്ഷപ്പെടുകയും, ദൈവരാജ്യത്തെപ്പറ്റി പഠിപ്പിക്കുകയും ചെയ്തു കൊണ്ട്, താൻ ജീവിച്ചിരിക്കുന്നുവെന്ന്, നിരവധി തെളിവുകൾ വഴി അവിടുന്നു വ്യക്തമാക്കി" (അ. പ്ര. 5:13). തന്റെ പുനരുത്ഥാനം വെറും സ്വപ്നമോ ജാലവിദ്യയോ അല്ലന്നും, മറിച്ചു തികഞ്ഞ യാഥാർത്ഥ്യമാണെന്നും ക്രിസ്തു തന്റെ ഇന്ദ്രിയ ഗോചരമായ സാന്നിധ്യം വഴി അവർക്ക് വ്യക്തമാക്കി കൊടുത്തു.

ശൂന്യമായ കല്ലറയോ, കല്ലറയിലെ മൃതശരീരത്തെ പൊതിഞ്ഞിരുന്ന കച്ചകളോ അല്ല ഉത്ഥാനത്തിന്റെ യാഥാർത്ഥമായ തെളിവ്, മറിച്ച് ശിഷ്യന്മാരുടെ ജീവിതത്തിനുണ്ടായ പരിവർത്തനമാണ്. ഭീരുക്കളായ ശിഷ്യന്മാർ ഉത്ഥാനത്തിനു ശേഷം, പ്രത്യേകിച്ച് പരിശുദ്ധാത്മാവിനെ സ്വീകരിച്ചിതിന് ശേഷം ധൈര്യസമേതം ക്രിസ്തുവിനെ പ്രഘോഷിക്കാൻ തുടങ്ങി. ക്രിസ്തുവിന്റെ പുന:രുത്ഥാനത്തിലുള്ള വിശ്വാസം ഇന്നും നിലനില്ക്കുന്നതിന് ഒരു കാരണമേയുള്ളൂ; അവിടുന്നു സത്യത്തിൽ ഉയിർത്തു. ആ സംഭവത്തിന്റെ സാക്ഷികൾ സത്യസന്ധരായിരുന്നു. അവരിലും, അവ

www.malankaralibrary.com

രുടെ വാക്കുകളിലും ക്രിസ്തുവിന്റെ സജീവ ശക്തി പ്രതിഫലിച്ചിരുന്നു. ഉത്ഥിതനായ ക്രിസ്തുവിനെ നേരിട്ടുകണ്ട അനുഭവങ്ങളാണ് സുവിശേഷകർത്താക്കൾ വിവരിക്കുന്നത്. യേശുക്രിസ്തുവിന്റെ ഉത്ഥാനം വാഗ്ദാനങ്ങളുടെ പൂർത്തികരണമാണ്. പുനരുത്ഥാനം വഴി ദൈവിക ജീവനിൽ മനുഷ്യരെ പങ്കുകാരാക്കുന്നതിനുള്ള മാർഗ്ഗം ക്രിസ്തു തുറന്നു തന്നു.


ക്രിസ്തു ശിഷ്യന്റെ ജീവിതത്തിൽ വിശ്വാസത്തിന്റെയും, പ്രാത്ഥനയുടെയും, ആത്മീകമായ വളർച്ചയുടെയും അടിസ്ഥാനമായി നിലനില്ക്കുന്നതു ക്രിസ്തുവിന്റെ പുനരുത്ഥാനമാണ്. മനുഷ്യ ശരീരങ്ങളുടെ ഉയിർപ്പിന്റെ അച്ചാരവും അതുതന്നെ. ലോകത്തിന്റെ അവസാനത്തിൽ നമ്മുടെ ശരീരങ്ങൾ ഉയിർത്ത് നിത്യ ജീവനിൽ പ്രവേശിക്കുമെന്നുള്ള നമ്മുടെ വിശ്വാസത്തിനും പ്രത്യാശയ്ക്കും അടിസ്ഥാനമാണ് ക്രിസ്തുവിന്റെ ഉയിർപ്പ്. തന്മൂലം ഉയിർപ്പു തിരുന്നാൾ പ്രത്യാശയുടെ തിരുന്നാളാണ്. ക്രിസ്തുവിൽ വിശ്വസിക്കുന്നവർക്കെല്ലാം ഉയിർപ്പുണ്ടെന്ന് ഉത്ഥാനത്തിരുന്നാൾ നമ്മെ പഠിപ്പിക്കുന്നു. തിരുസഭയും വിശുദ്ധ ഗ്രന്ഥവും കർത്തൃദിനമായ ഞായറാഴ്ച ആചരണവും, വി. കുർബാനയും യേശുവിന്റെ പുനരുത്ഥാനത്തിന്റെ സാക്ഷ്യങ്ങളായി നിലനില്ക്കുന്നു. ക്രിസ്തുവിനെ ഉയിർപ്പിച്ചവൻ നമ്മുടെ മൃതശരീരങ്ങളെയും ഉയിർപ്പിക്കും എന്നുള്ള പ്രത്യാശ നല്കുകയും ചെയ്യുന്നു.

ഉയിർപ്പു തിരുന്നാൾ നല്കുന്ന ജീവന്റെ സമൃദ്ധി നമ്മുടെ അജപാലന മേഖലകളെ സമൃദ്ധമായി അനുഗ്രഹിക്കട്ടെ. ഉത്ഥിതനായ കർത്താവ് അനുഗ്രഹ സാന്നിധ്യമായി നമ്മുടെ പ്രവർത്തന മണ്ഡലങ്ങളെ ശക്തിപ്പെടുത്തട്ടെ. മരണ സംസ്കാരത്തിന്റെ ബലഹീനതകളും ഇല്ലായ്മകളും അന്ധകാര ശക്തികളും കർത്താവിന്റെ പുനരുത്ഥാന ശക്തിയാൽ തൂത്തെറിയപ്പെടട്ടെ. വെളിച്ചത്തിനു സാക്ഷികളാകാനും ജീവന്റെ സംസ്കാരം ജീവിക്കുവാനും ഉത്ഥിതനായ മിശിഹാ നമ്മെ ശക്തരാക്കട്ടെ. നവ സുവിശേഷവത്ക്കരണ കർമ്മ പദ്ധതികൾ തീഷ്ണതയോടെ പ്രാവർത്തികമാക്കാൻ ഉത്ഥിതനായ കർത്താവ് നമുക്ക് കരുത്തു പകരട്ടെ. പ്രാർത്ഥനയിലും അധ്വാനത്തിലും കൂട്ടായ്മയിലും നമ്മുടെ കുടുംബങ്ങൾ ഉത്ഥിതനായ

www.malankaralibrary.com

ഈശോയിൽ ജീവിതത്തെ കരുപ്പിടിപ്പിക്കട്ടെ. ഉത്ഥിതനായ കർത്താവ് നമ്മുടെ കുഞ്ഞുങ്ങളെയും യുവതീയുവാക്കളെയും വൃദ്ധമാതാപിതാക്കളെയും രോഗികളെയും അനുഗ്രഹിക്കട്ടെ. നമ്മുടെ അഭിഷിക്തരെ ബലപ്പെടുത്തുകയും, സമർപ്പിതരെ ശക്തിപ്പെടുത്തുകയും വൈദിക വിദ്യാർത്ഥികളെ കാത്തു സൂക്ഷിക്കുകയും ചെയ്യട്ടെ. ഉത്ഥാനത്തിനു സാക്ഷികളായി, നമ്മുടെ സഹോദരി സഭകളിലെ പ്രിയപ്പെട്ടവരുമായി സ്നേഹത്തിലും ഐക്യത്തിലും ജീവിക്കുവാൻ നമുക്കിടയാകട്ടെ. ഉത്തരവാദിത്വമുള്ള പൗരന്മാരായി, പരിസ്ഥിതി അവബോധമുള്ള തലമുറയായി ജീവിക്കുവാൻ നമുക്കു സാധിക്കട്ടെ. ഉയിർപ്പു തിരുന്നാളിന്റെ സമൃദ്ധമായ അനുഗ്രഹങ്ങൾ എല്ലാ പ്രിയപ്പെട്ടവർക്കും ഹൃദയ പൂർവ്വം ആശംസിക്കുന്നു. ആയത് ദൈവമാതാവായ പരിശുദ്ധ കന്യകമറിയാമിന്റെയും, ഭാരതത്തിന്റെ അപ്പോസ്തോല നായ മാർത്തോമ്മാ ശ്ലീഹായുടെയും, പരിശുദ്ധന്മാരുടെയും പ്രാർത്ഥനയാൽ തന്നെ. ആമ്മീൻ

എന്ന്,



അമലഗിരി

ഉയിർപ്പ് 2012

**+ ഡോ. ജോഷ്വാ മാർ ഇഗ്നാത്തിയോസ്**

മാവേലിക്കര ഭദ്രാസനാദ്ധ്യക്ഷൻ

www.malankaralibrary.com

ദൈവകൃപയാലും തിരുസിംഹാസനത്തിന്റെ അംഗീകാര
ത്താലും മാവേലിക്കര ഭദ്രാസനാദ്ധ്യക്ഷൻ ജോഷ്വാ മാർ
ഇഗ്നാത്തിയോസ് മെത്രാപ്പോലീത്തായിൽ നിന്നും
ബഹുമാനപ്പെട്ട വൈദികർക്കും സന്യസ്തർക്കും
വിശ്വാസികളേവർക്കും വാഴ്‌വ്!

PL No. 1/2013

## ഉയിർപ്പുതിരുനാൾ 2013

വന്ദ്യ വൈദികരേ, സന്യസ്തരേ, വിശ്വാസികളേ,

ക്രൈസ്തവ വിശ്വാസത്തിന്റെ ആണിക്കല്ല് ക്രിസ്തുവിന്റെ പുനരുത്ഥാനമാണ്. യേശുവിന്റെ ദൈവത്വത്തിന്റെ സത്യം, അവിടുത്തെ പുനരുത്ഥാനത്താൽ സ്ഥിരീകരിക്കപ്പെടുന്നു. നിങ്ങൾ മനുഷ്യപുത്രനെ ഉയർത്തിക്കഴിയുമ്പോൾ "ഞാൻ ഞാൻ തന്നെയാണെന്നു നിങ്ങൾ മനസ്സിലാക്കും" (യോഹ. 8,28) എന്ന് അവിടുന്നു പറഞ്ഞിരുന്നു. ക്രൂശിതന്റെ പുനരുത്ഥാനം അവിടുന്നു യഥാർഥത്തിൽ ഞാൻ ആകുന്നു-ദൈവപുത്രനും ദൈവം തന്നെയും ആകുന്നു-എന്നു കാണിക്കുന്നു. അതുകൊണ്ട് യഹൂദരോട് വി. പൗലോസിന് ഇങ്ങനെ പ്രസ്താവിക്കാൻ കഴിഞ്ഞു: "പിതാക്കന്മാർക്ക് ദൈവം നല്കിയിരുന്ന വാഗ്ദാനം യേശുവിനെ ഉയിർപ്പിച്ചുകൊണ്ട് അവരുടെ മക്കളായ നമുക്ക് അവിടുന്നു നിറവേറ്റിത്തന്നിരിക്കുന്നു "(അപ്പോ 13,32). ക്രിസ്തുവിന്റെ പുനരുത്ഥാനം ദൈവപുത്രന്റെ മനുഷ്യാവതാര രഹസ്യവുമായി സഗാഢം ബന്ധപ്പെട്ടിരിക്കുന്നു; ദൈവത്തിന്റെ അനന്തമായ പദ്ധതിയനുസരിച്ച് അതിന്റെ നിറവേറലുമാണിത്.

പെസഹാരഹസ്യത്തിനു രണ്ട് ഘട്ടങ്ങളുണ്ട്: അവിടുന്ന് തന്റെ മരണം വഴി നമ്മെ പാപത്തിൽ നിന്ന് മോചിപ്പിക്കുന്നു. തന്റെ പുനരുത്ഥാനംവഴി പുതിയൊരു ജീവിതത്തിലേക്കുള്ള മാർഗ്ഗം നമുക്കായി തുറന്നുതരുന്നു. ഈ നവജീവിതം സർവ്വോ

www.malankaralibrary.com

പരി നമ്മെ ദൈവവരപ്രസാദത്തിൽ പുന:പ്രതിഷ്ഠിക്കുന്ന നീതീകരണമാണ്. ക്രിസ്തു മരിച്ചവരിൽനിന്ന് ഉയിർപ്പിക്കപ്പെട്ടതുപോലെ നാമും ജീവന്റെ പുതുമയിൽ ചരിക്കേണ്ടതിനാണിത്. പാപഫലമായ മരണത്തിന്മേലുള്ള വിജയത്തിലും ദൈവകൃപയിലുള്ള പുതിയ പങ്കുചേരലിലുമാണ് നീതീകരണം അടങ്ങിയിരിക്കുന്നത്. നാം മിശിഹായുടെ സഹോദരങ്ങളായിത്തീരുന്നതിനുവേണ്ടി നീതികരണത്തിലൂടെ ദത്തുപുത്രസ്ഥാനം പ്രദാനം ചെയ്യപ്പെടുന്നു.യേശു തന്റെ ഉയിർപ്പിനുശേഷം ശിഷ്യന്മാരെ വിളിച്ചത് സഹോദരന്മാരെന്നാണ്; "പോയി എന്റെ സഹോദരന്മാരോടു പറയുക"(മത്താ 28,10). നമ്മൾ സഹോദരങ്ങളായിരിക്കുന്നതു പ്രകൃതിയാലല്ല, പിന്നയോ, കൃപാവരദാനത്താലാണ്. എന്തെന്നാൽ ഈ ദത്തുപുത്രത്വം നമുക്ക് എകപുത്രന്റെ ജീവനിൽ യഥാർത്ഥമായ ഭാഗഭാഗിത്വം നല്കുന്നു. ഈ ജീവൻ അവിടുത്തെ പുനരുത്ഥാനത്തിൽ പൂർണ്ണമായും വെളിവാക്കപ്പെട്ടതാണ്.

ക്രിസ്തുവിന്റെ പുനരുത്ഥാനവും ഉത്ഥിതനായ ക്രിസ്തു തന്നെയും ഭാവിയിലുള്ള നമ്മുടെ പുനരുത്ഥാനത്തിന്റെ മൂലകാരണവും ഉറവിടവുമാണ്. "നിദ്രപ്രാപിച്ച എല്ലാവരുടെയും ആദ്യഫലമായ ക്രിസ്തു മരിച്ചവരുടെ ഇടയിൽനിന്ന് ഉയിർത്തെഴുന്നെറ്റു..... ആദത്തിൽ എല്ലാവരും മരണാധീനരായതുപോലെ ക്രിസ്തുവിൽ എല്ലാവരും പുനർജീവിക്കും" (1 കോരി 15, 20-22 ). ഈ പ്രത്യാശയുടെ പൂർത്തീകരണത്തിനായി കാത്തിരിക്കുന്ന വിശ്വാസികളുടെ ഹൃദയങ്ങളിൽ ഉത്ഥിതനായ ക്രിസ്തു ജീവിക്കുന്നു. അവിടുന്നിൽ ക്രിസ്ത്യാനികൾ "വരാനുള്ള യുഗത്തിന്റെ ശക്തികളെ രുചിച്ചറിയുന്നു" (ഹെബ്ര 6,5). അവരുടെ ജീവിതത്തെ മിശിഹാ ദൈവീക ജീവന്റെ ഹൃദയത്തിലേക്കു ചേർക്കുന്നു. അവർ ഇനി തങ്ങൾക്കുവേണ്ടിത്തന്നെ ജീവിക്കാതെ, തങ്ങളെ പ്രതി മരിക്കുകയും ഉയിർക്കുകയും ചെയ്തവനുവേണ്ടി ജീവിക്കേണ്ടതിന് ക്രിസ്തു അവരുടെ ജീവിതത്തെ ദൈവീക ജീവന്റെ മടിയിലേക്ക് ചേർക്കുന്നു. തിന്മയുടെമേൽ വിജയം വരിക്കുവാൻ ഉത്ഥാനത്തിരുന്നാൾ നമ്മെ ക്ഷണിക്കുന്നു. "ക്രിസ്തു ലോകത്തെ കീഴടക്കിയിരിക്കുന്നു" (യോഹ 16: 33). അവിടുന്ന് മരണത്തെ ജയിച്ചിരിക്കുന്നു (1 കൊറി 15: 54-57; തിമോ. 1: 10). രക്ഷാകര സഹനങ്ങൾ നിരാശയിലേക്കും നാശത്തിലേക്കും

www.malankaralibrary.com

നയിക്കുന്നവയല്ല. അവ ക്രിസ്തു വിശ്വാസിക്ക് ക്രിയാത്മക ശക്തിയാണ്, പുതുജീവനാണ്. എനിക്ക് ജീവിതം ക്രിസ്തുവും മരണം നേട്ടവുമാണ് (ഫിലിപ്പി 1: 21) എന്ന പൗലോസ് ശ്ലീഹ യുടെ വചനം ഇത് സാക്ഷിക്കുന്നു.

ക്രിസ്തുവിന്റെ സഹനവും ഉത്ഥാനവും, പ്രതീക്ഷാനിർഭ രവും സന്തോഷകരവുമായ ക്രിസ്തുസാക്ഷ്യം നല്കുന്നതിന് നമ്മെ പ്രാപ്തരാക്കണം. സഹനം വിജയത്തിന്റെ മുന്നോടി യാണ്. സഹിക്കേണ്ടി വരുമ്പോൾ അവയെ ക്രിസ്തുവിന്റെ സഹ നത്തോട് കൂട്ടിച്ചേർത്താൽ അത് അർത്ഥപൂർണ്ണമാകുന്നു; അത് വിജയത്തിന്റെ മകുടമാകുന്നു. പന്തിയോസ് പീലാത്തോസിന്റെ കാലത്ത് പീഡകൾ സഹിച്ച് കുരിശിൽ മരിച്ച് സംസ്കരിക്കപ്പെട്ട ഈശോമിശിഹായിലുള്ള വിശ്വാസം പ്രഘോഷിക്കുവാനും ആഴ പ്പെടുത്തുവാനും സഹനങ്ങൾ നമ്മെ സഹായിക്കട്ടെ. ഇനിമേൽ ഞാനല്ല ജീവിക്കുന്നത്, ക്രിസ്തുവാണ് എന്നിൽ ജീവിക്കുന്നത് (ഗലാ. 2: 20) എന്നു പൗലോസ് ശ്ലീഹ പ്രഖ്യാപിക്കുന്നവിധം ക്രിസ്തുവിന്റെ രക്ഷാകര സംസ്കാരം നമ്മിലൂടെ തുടരണം. മാമോദീസായിലൂടെ, പുതുജീവിതത്തിലേക്ക് വിളിക്കപ്പെട്ടിരി ക്കുന്ന നാമെല്ലാവരും ഉത്ഥിതൻ വരച്ചുകാട്ടുന്ന നവസംസ്കാര ത്തിന്റെ വക്താക്കളും പ്രയോക്താക്കളുമായി ലോകത്തിൽ ജീവി ക്കുവാനാണ് വിളിക്കപ്പെട്ടിരിക്കുന്നത്. മനുഷ്യർ നിങ്ങളുടെ സത്പ്രവർത്തികൾ കണ്ട്, സ്വർഗസ്ഥനായ നിങ്ങളുടെ പിതാ വിനെ മഹത്വപ്പെടുത്തേണ്ടതിന് നിങ്ങളുടെ വെളിച്ചം അവരുടെ മുമ്പിൽ പ്രകാശിക്കട്ടെ (മത്താ. 5: 16) എന്ന വചനം അന്വർത്ഥ മാക്കാം. ക്രിസ്തു ഉയിർപ്പിക്കപ്പെട്ടില്ലെങ്കിൽ ഞങ്ങളുടെ പ്രസം ഗം വ്യർഥമാണ്, നിങ്ങളുടെ വിശ്വാസവും വ്യർഥം. പുനരുത്ഥാ നം, സർവ്വോപരി, ക്രിസ്തുവിന്റെ, സകലപ്രവർത്തികളുടെയും പ്രബോധനങ്ങളുടെയും സ്ഥിരീകരണമാണ്.

ആഴ്ചയുടെ ആദ്യദിവസമാണ് ഈശോ സ്ത്രീകൾക്ക് പ്രത്യക്ഷപ്പെട്ടത്. ആഴ്ചയുടെ ആദ്യ ദിവസം ഞായറാഴ്ചയാ ണ്. ഞായറാഴ്ചയാചരണത്തിന് ഒരുമിച്ചു കൂടുന്ന സഭാ സമൂ ഹത്തിൽ ഉത്ഥിതനായ ക്രിസ്തുവിന്റെ സജീവസാന്നിധ്യമുണ്ട് എന്ന് ഈ വചനഭാഗം സൂചന നല്കുന്നു. ആഴ്ചയുടെ ആദ്യ ദിവസം ശിഷ്യന്മാർ കതകടച്ച് ഇരിക്കുമ്പോഴാണ് ക്രിസ്തു പ്രത്യ

www.malankaralibrary.com

ഷ്യപ്പെടുന്നത്. ഉത്ഥിതനായ ഈശോ പ്രത്യക്ഷപ്പെട്ട് "നിങ്ങൾക്ക് സമാധാനം" എന്ന് ആശംസിക്കുന്നു (യോഹ: 20, 20–22). തുടർന്ന് പാപം മോചിക്കുകയും (20,23) പരിശുദ്ധാത്മാവിനെ നല്കുകയും ചെയ്യുന്നു. അപ്പം വാഴ്ത്തി വിഭജിച്ച് നല്കുന്നുമുണ്ട് (ലൂക്കോ 24,30). ഉത്ഥിതന്റെ പ്രത്യക്ഷീകരണത്തിൽ ശ്ലീഹന്മാർക്കുണ്ടായ ഉത്ഥാനാനുഭവമാണല്ലോ ഓരോ വിശുദ്ധ ബലിയിലും നാം അനുഭവിക്കുന്നത്. ദിവ്യകാരുണ്യത്തിൽ നിത്യം ജീവിക്കുന്ന ക്രിസ്തുവിനെ അനുഭവിക്കുമ്പോഴാണ് ഉത്ഥാനം നാം സത്യമാക്കുന്നത്.


പുലർകാലെ ഇരുട്ടായിരിക്കവേ കല്ലറയിലേക്ക് പോകുന്ന സ്ത്രീകൾ പ്രത്യാശയറ്റവരുടെ പ്രതീകമാണ്. ജീവിതത്തിന്റെ വ്യത്യസ്തങ്ങളായ അന്ധകാര സാഹചര്യങ്ങളെ പ്രകാശപൂർണ്ണമാക്കാനുള്ള ക്ഷണമാണ് ഉത്ഥാനം . അനീതിയുടെ വിജയങ്ങൾ ക്ഷണികമാണെന്നും അതിനറുതി വരുത്താൻ ദൈവം ഇടപെടുമെന്നും ഉത്ഥാനം അനുസ്മരിപ്പിക്കുന്നു.

യേശുവിന്റെ മരണത്തിൽ ഭയ വിഹ്വലരായിരുന്ന ശിഷ്യന്മാരുടെ അടുത്തുചെന്ന് കർത്താവ് അവർക്ക് സമാധാനം ആശംസിക്കുന്നു. പുനരുത്ഥാനം ചെയ്ത ഈശോയുടെ ഈ സമാധാനാശംസ ശിഷ്യഗണത്തിന് ധൈര്യവും പ്രത്യാശയും പ്രതീക്ഷയും നല്കുന്നു. ഈ സമാധാനാശംസ ശിഷ്യ സമൂഹത്തിനുവേണ്ടി മാത്രമായിട്ടുള്ളതായിരുന്നില്ല, പ്രപഞ്ചം മുഴുവനും വേണ്ടിയുള്ള സമാധാനാശംസയായിരുന്നു. നമുക്കോരോരുത്തർക്കും വ്യക്തിപരമായി നല്കപ്പെട്ടതാണ് ഉത്ഥിതനായ ക്രിസ്തുവിന്റെ സമാധാനം. ഈശോയുടെ സമാധാനം നമ്മുടെ ഹൃദയങ്ങളിൽ നിറയണം. കുടുംബങ്ങളിൽ നിറയണം. നമ്മുടെ കർമ്മ മണ്ഡലങ്ങളിൽ നിറയണം. ഉത്ഥിതനായ കർത്താവിനാൽ നിറയപ്പെട്ട ഒരു ജീവിതം നയിക്കാൻ നമ്മുക്ക് സാധിക്കട്ടെ. പുനരുത്ഥാനം ചെയ്ത ഈശോയെ നമ്മുടെ ജീവിതത്തിന്റെ കർത്താവും ദൈവവുമാണെന്ന് തിരിച്ചറിയുവാനും ഏറ്റുപറയുവാനും നമ്മുക്ക് സാധിക്കട്ടെ. നാം പ്രാർത്ഥിച്ചൊരുങ്ങുന്ന പുനരൈക്യ വാർഷികാഘോഷങ്ങളിലും, കത്തീഡ്രൽ കൂദാശയിലും ഭദ്രാസനം വിഭാവനം ചെയ്യുന്ന എല്ലാ കർമ്മപദ്ധതികളിലും കരുണ്യപ്രവർത്തികളിലും ഉത്ഥിതനായ കർത്താവ് അനുഗ്രഹ

www.malankaralibrary.com

സാന്നിധ്യമായി നിറയട്ടെ. ആയത് ദൈവമാതാവായ പരിശുദ്ധ കന്യകമറിയാമിന്റെയും, ഭാരതത്തിന്റെ അപ്പോസ്തോലനായ മാർത്തോമ്മാ ശ്ലീഹായുടെയും, പരിശുദ്ധന്മാരുടെയും പ്രാർത്ഥ നയാൽ തന്നെ. ആമ്മീൻ

എന്ന്,



അമലഗിരി
ഉയിർപ്പ് 2013

**+ ജോഷ്വാ മാർ ഇഗ്നാത്തിയോസ്**
മാവേലിക്കര ഭദ്രാസനാദ്ധ്യക്ഷൻ

www.malankaralibrary.com

ദൈവകൃപയാലും തിരുസിംഹാസനത്തിന്റെ അംഗീകാര ത്താലും മാവേലിക്കര ഭദ്രാസനാദ്ധ്യക്ഷൻ ജോഷ്വാ മാർ ഇഗ്നാത്തിയോസ് മെത്രാപ്പോലീത്തായിൽ നിന്നും ബഹുമാനപ്പെട്ട വൈദികർക്കും സന്യസ്തർക്കും വിശ്വാസികളേവർക്കും വാഴ്വ്!

PL. No. 01/2014

## ഉയിർപ്പുതിരുന്നാൾ 2014

വന്ദ്യ വൈദികരേ, സ്നേഹം നിറഞ്ഞ സന്യസ്തരേ, പ്രിയ വിശ്വാസികളേ,

ആത്മപരിത്യാഗത്തിന്റെയും അനുരഞ്ജനത്തിന്റേതുമായ വലിയനോമ്പിന്റെ പര്യവസാനത്തിൽ നമ്മുടെ കർത്താവിന്റെ മഹത്തായ പുനരുത്ഥാനത്തിന്റെ സന്തോഷത്തിലേക്ക് നാം പ്രവേശിക്കുകയാണല്ലോ. ക്രിസ്തുവിലുള്ള നമ്മുടെ വിശ്വാസത്തിന്റെ പരമോന്നത സത്യമാണ് അവിടുത്തെ പുനരുത്ഥാനം. ആദിമ ക്രൈസ്തവ സമൂഹം കേന്ദ്രസത്യമായി ഇതു വിശ്വസിക്കുകയും ജീവിക്കുകയും അടിസ്ഥാനപരമായ വിശ്വാസ സത്യമായി പാരമ്പര്യത്തിലൂടെ പകർന്നു നൽകുകയും ചെയ്തു.

മഗ്ദലേനമറിയവും മറ്റു ഭക്തസ്ത്രീകളുമായിരുന്നു ഉത്ഥിതനെ ആദ്യമായി കണ്ടത്. പിന്നീട് പത്രോസിന് പ്രത്യക്ഷപ്പെട്ടു. തന്റെ സഹോദരങ്ങളെ വിശ്വാസത്തിൽ ഉറപ്പിക്കാൻ വിളിക്കപ്പെട്ട പത്രോസ് അവർക്കു മുൻപേ ഉത്ഥിതനെ കണ്ടു. പത്രോസിന്റെ സാക്ഷ്യത്തിന്റെ അടിസ്ഥാനത്തിലാണ് കർത്താവ് യഥാർത്ഥത്തിൽ ഉത്ഥാനം ചെയ്തു, ശീമയോനു കാണപ്പെടുകയും ചെയ്തു (ലൂക്കാ. 24: 24) എന്ന് ആദിമ

www.malankaralibrary.com

ക്രൈസ്തവ സമൂഹം ഉദ്ഘോഷിക്കുന്നത്. ഉത്ഥിതന്റെ സാക്ഷികൾ എന്ന നിലയിൽ പന്ത്രണ്ട് അപ്പോസ്തോലന്മാർ അവിടുത്തെ സഭയുടെ അടിസ്ഥാന ശിലകളായി സ്ഥിതി ചെയ്യുന്നു. പിന്നീടൊരിക്കൽ അഞ്ഞൂറിലേറെ വ്യക്തികൾക്ക് യേശു പ്രത്യക്ഷപ്പെട്ടതായി വി. പൗലോസ് സാക്ഷ്യപ്പെടുത്തുന്നു (1 കൊറി.15 :5-6). വിശ്വാസം ജീവിച്ചിരുന്ന ഈ മനുഷ്യരുടെ സാക്ഷ്യം അടിസ്ഥാനപ്പെടുത്തിയുള്ളതായിരുന്നു ആദിമ സഭയിൽ ഉത്ഥിതനിലുള്ള വിശ്വാസം.

വ്യക്തമായ അനുഭവത്തിന്റെയും സാക്ഷ്യങ്ങളുടെയും അടിസ്ഥാനത്തിൽ വിശ്വസിക്കുന്ന ഒരു സമൂഹമായാണ് വിശുദ്ധ സുവിശേഷം ആദിമ ക്രൈസ്തവ സമൂഹത്തെ നമ്മുടെ മുമ്പിൽ അവതരിപ്പിക്കുന്നത്. യേശുമിശിഹായുടെ പുനരുത്ഥാനത്തിലുള്ള അവരുടെ വിശ്വാസം ഉത്ഥിതനായ യേശു എന്ന യാഥാർത്ഥ്യത്തെ നേരിട്ട് അനുഭവിച്ചതിലൂടെ ഉരിത്തിരിഞ്ഞതാണ്. ഈ സാക്ഷ്യങ്ങളെല്ലാം ഉണ്ടായിരിക്കേ ക്രിസ്തുവിന്റെ പുനരുത്ഥാനം ഭൗതിക ക്രമത്തിനു പുറത്തുള്ള ഒരു കെട്ടുകഥയായി വ്യാഖ്യാനിക്കാൻ സാധ്യമല്ല. അതൊരു ചരിത്ര സംഭവമായി അംഗീകരിക്കാതിരിക്കാനും കഴിയുകയില്ല. ഒരു സുവിശേഷകനും ഉത്ഥാനസംഭവം വിവരിക്കുന്നില്ല. ആരും അതിന് ദൃക്സാക്ഷികളായിരുന്നിട്ടുമില്ല. ശാരീരികമായി അത് എങ്ങനെ സംഭവിച്ചു എന്ന് ആർക്കും പറയാൻ സാധിക്കുകയുമില്ല. അത് ഇന്ദ്രിയങ്ങൾക്ക് അഗോചരമാണ്. എന്നാൽ ക്രിസ്തുവിന്റെ പുനരുത്ഥാനത്തിന്റെ ആവിഷ്ക്കരണങ്ങൾ, പുതിയ നിയമവും സഭാപാരമ്പര്യങ്ങളും സാക്ഷ്യം വഹിക്കുന്നതുപോലെ, ചരിത്രപരമായി തെളിയിച്ചിട്ടുള്ളവയാണ്. ഉത്ഥിതനായ യേശു ശ്ലീഹന്മാർക്ക് പ്രത്യക്ഷപ്പെട്ടപ്പോൾ ഉണ്ടായിരുന്ന ശരീരം പീഡിതവും ക്രൂശിതവുമായ അതേ ശരീരം തന്നെയായിരുന്നു. സത്യവും യഥാർത്ഥവുമായ ആ ശരീരം മഹത്വപൂർണ്ണമായ ശരീരത്തിന്റെ പുതിയ ഗുണങ്ങൾ കൂടി ഉള്ളതായിരുന്നു. അതുകൊണ്ട് അതസ്ഥലകാലങ്ങളുടെ പരിമിതി അതിജീവിച്ചു. പരസ്യജീവിതകാലത്ത് യേശു ചിലരെ ഉയിർപ്പിച്ചപ്പോൾ സംഭവിച്ചപോലെ ഭൗതീകജീവിതത്തിലേക്കുള്ള മടങ്ങിവരവായി

www.malankaralibrary.com

രുന്നില്ല യേശുവിന്റെ ഉയിർപ്പ്. ക്രിസ്തുവിന്റെ ഉത്ഥാനം സത്താപരമായി വ്യത്യസ്തമാണ്.

ശൂന്യമായ കല്ലറയും, ഉത്ഥിതനായ ക്രിസ്തുവുമായുള്ള അപ്പസ്തോലൻമാരുടെ സമാഗമങ്ങളും സ്ഥിരീകരിക്കുന്ന ഉത്ഥാനം, ഒരു ചരിത്ര സംഭവമാണ്. ചരിത്രത്തെ അതിശയിക്കുകയും അതിന് അതീതമായിരിക്കുകയും ചെയ്യുന്ന അത്ഭുതകരമായ ഒരു യാഥാർഥ്യം എന്ന നിലയിൽ അതു വിശ്വാസരഹസ്യത്തിന്റെ ഹൃദയാന്തർഭാഗത്തുതന്നെ സ്ഥിതി ചെയ്യുന്നു. ശൂന്യമായ കല്ലറ എല്ലാവർക്കും സാരവത്തായ ഒരു അടയാളമായിരുന്നു. ശിഷ്യന്മാർക്ക് അത് പുനരുത്ഥാനമെന്ന യാഥാർത്ഥ്യം തിരിച്ചറിയുന്നതിനുള്ള ഒന്നാമത്തെ പടിയായിരുന്നു. ദൂതന്മാർ ചോദിച്ചു, ജീവിച്ചിരിക്കുന്നവനെ നിങ്ങൾ മരിച്ചവരുടെ ഇടയിൽ അന്വേഷിക്കുന്നത് എന്തിന്? അവൻ ഇവിടെയില്ല, ഉയിർപ്പിക്കപ്പെട്ടു (ലൂക്കാ. 24:5-6).

ക്രിസ്തുവിന്റെ പുനരുത്ഥാനത്തിൽ പരി. ത്രിത്വത്തിലെ മൂന്നാളുകളും താന്താങ്ങളുടെ സവിശേഷതകൾ പ്രകടിപ്പിച്ചുകൊണ്ട് ഒരാളെന്നപോലെ ഒരുമിച്ചു പ്രവർത്തിക്കുന്നു. പിതാവിന്റെ ശക്തി അവിടുത്തെ പുത്രനായ ക്രിസ്തുവിനെ ഉയിർപ്പിച്ചു . അങ്ങനെ തന്റെ പുത്രന്റെ മഹത്വത്തെ, അവിടുത്തെ ശരീരം ഉൾപ്പെടെ, ത്രിത്വത്തിൽ പൂർണ്ണമായി ഉൾചേർക്കുകയും ചെയ്തു. മരിച്ചവരിൽ നിന്നുള്ള പുനരുത്ഥാനം വഴി വിശുദ്ധിയുടെ ആത്മാവിന് ചേർന്നവിധം ശക്തിയിൽ യേശു ദൈവപുത്രനായി. യേശുവിന്റെ മൃതമായ മനുഷ്യത്വത്തിന് ജീവൻ നല്കിയതും മഹത്വപൂർണമായ കർതൃത്വത്തിലേക്ക് അതിനെ വിളിച്ചതും ആത്മാവാണ്. പുത്രൻ തന്റെ ദൈവിക ശക്തിയാൽ തന്റെ തന്നെ പുനരുത്ഥാനം യാഥാർത്ഥ്യമാക്കുന്നു. ക്രിസ്തുവിലെ ദൈവികവ്യക്തി അവിടുത്തെ ആത്മാവും ശരീരവുമായി എപ്പോഴും ഐക്യപ്പെട്ടിരിക്കുന്നു. ഈ മാനുഷിക ഘടകങ്ങളുടെ വിഭജനത്തിലൂടെ മരണവും, വിഭജിക്കപ്പെട്ട ഭാഗങ്ങളുടെ സംയോജനത്തിലൂടെ പുനരുത്ഥാനവും സംഭവിച്ചു.

യേശുമിശിഹായുടെ പെസഹാരഹസ്യത്തിന് രണ്ടു ഘടകങ്ങളുണ്ട്. ഒന്നാമതായി അവിടുന്ന് തന്റെ മരണം വഴി നമ്മെ പാപത്തിൽ നിന്ന് വിമോചിപ്പിക്കുന്നു. രണ്ടാമതായി തന്റെ പുനരുത്ഥാനം വഴി പുതിയൊരു ജീവിതത്തിലേക്കുള്ള മാർഗ്ഗം

www.malankaralibrary.com

നമുക്കായി തുറന്നുതരുന്നു. ഈ നവ ജീവിതം നമുക്ക് ദൈവ മുൻപാകെ നീതികരണവും, ഏകപുത്രന്റെ ജീവനിൽ യഥാർത്ഥമായ ഭാഗഭാഗിത്വം നൽകുന്ന ദത്തുപുത്രത്വവും പ്രദാനം ചെയ്യുന്നു. നാം ദൈവത്തിന്റെ സൃഷ്ടികളും ദാസന്മാരും മാത്രമല്ല, യേശുവിന്റെ സഹോദരന്മാരും പിതാവിന്റെ മക്കളുമാണ്. ഈ പുത്രാവകാശമാണ് യേശുവിന്റെ മരണവും പുനരുത്ഥാനവുംവഴി നേടിത്തന്ന ഒന്നാമത്തെ ദാനം. ഇനിമേൽ നാം അതിനെ പാപംമൂലം നഷ്ടപ്പെടുത്താതിരിക്കുക. യേശുവിനെയും അവിടുത്തെ പിതാവിനെയും ആത്മാർത്ഥമായി സ്നേഹിക്കുക. ദൈവമക്കൾക്കും യേശുവിന്റെ സഹോദരന്മാർക്കു യോജിച്ച വിധത്തിൽ ചിന്തിക്കുകയും സംസാരിക്കുകയും പ്രവർത്തിക്കുകയും ചെയ്യുക.

ഉത്ഥിതനായ ക്രിസ്തുവും അവിടുത്തെ പുനരുത്ഥാനവും ഭാവിയിലുള്ള നമ്മുടെ പുനരുത്ഥാനത്തിന്റെ മൂലകാരണവും ഉറവിടവുമാണ്. നിദ്രപ്രാപിച്ച എല്ലാവരുടെയും ആദ്യഫലമായി ക്രിസ്തു മരിച്ചവരുടെ ഇടയിൽ നിന്ന് ഉയിർത്തെഴുന്നേറ്റു....... ആദത്തിൽ എല്ലാവരും മരണാധീനരായതു പോലെ ക്രിസ്തുവിൽ എല്ലാവരും പുനർജീവിക്കും (1 കൊറി. 15-20:22). ഈ പ്രത്യാശയുടെ പൂർത്തീകരണത്തിനായി കാത്തിരിക്കുന്ന വിശ്വാസികളായ നമ്മുടെ ഹൃദയങ്ങളിൽ ഉത്ഥിതനായ ക്രിസ്തു ഇന്നും ജീവിക്കുന്നു. നമ്മുടെ ജീവിതത്തെ അവിടുന്ന് ദൈവീക ജീവനിലേക്ക് ചേർക്കുന്നു. അതിനാൽ ഇനി നാം നമുക്കുവേണ്ടി ജീവിക്കാതെ നമ്മെ പ്രതി മരിക്കുകയും ഉയിർക്കുകയും ചെയ്ത ക്രിസ്തുവിനുവേണ്ടി ജീവിക്കണം.


ക്രിസ്തുവിന്റെ ഉത്ഥാനം നമ്മുടെ ജീവിതത്തെ പ്രകാശപൂരിതമാക്കട്ടെ, നമ്മുടെ ബന്ധങ്ങളെ വിശുദ്ധീകരിക്കുകയും നിർമ്മലമാക്കുകയും ചെയ്യട്ടെ. നമ്മുടെ കുടുംബങ്ങളെ ദൈവീക കുടുംബങ്ങളാക്കുകയും കുടുംബസ്തരെയും, യുവതീയുവാക്കന്മാരെയും കുഞ്ഞുങ്ങളെയും ദൈവാനുഗ്രഹത്താൽ ബലപ്പെടുത്തുകയും ചെയ്യട്ടെ. നമ്മുടെ എല്ലാ ഇടവകകളെയും വിവിധ അജപാലന കാര്യാലയങ്ങളെയും ഉത്ഥിതനായ കർത്താവ് അനുഗ്രഹിക്കട്ടെ. നമ്മുടെ വൈദികരെയും സമർപ്പിതരെയും വൈദിക

www.malankaralibrary.com

വിദ്യാർത്ഥികളെയും കർത്താവ് തന്റെ അഭിഷേകത്താൽ നിറയ്ക്കട്ടെ. നമ്മുടെ കാലഘട്ടത്തിന് സർവ്വശക്തൻ കനിഞ്ഞുനല്കിയ ഫ്രാൻസിസ് മാർപ്പാപ്പയുടെ ദർശനങ്ങളും നിർദ്ദേശങ്ങളും ഉൾക്കൊണ്ട് കരുണയും മനുഷ്യത്വവുമുള്ള സഭാമക്കളായി ജീവിക്കുവാൻ നമുക്ക് സാധിക്കട്ടെ.

ആയത് ദൈവമാതാവായ പരിശുദ്ധ കന്യകാമറിയാമിന്റെയും, ഭാരതത്തിന്റെ അപ്പോസ്തോലനായ മാർത്തോമ്മാ ശ്ലീഹായുടെയും, പരിശുദ്ധന്മാരുടെയും പ്രാർത്ഥനയാൽ തന്നെ, ആമ്മേൻ

എന്ന്,



അമലഗിരി
ഉയിർപ്പ് 2014

**+ ജോഷ്വാ മാർ ഇഗ്നാത്തിയോസ്**
മാവേലിക്കര ഭദ്രാസനാദ്ധ്യക്ഷൻ

www.malankaralibrary.com

ദൈവകൃപയാലും തിരുസിംഹാസനത്തിന്റെ അംഗീകാര
ത്താലും മാവേലിക്കര ഭദ്രാസനാദ്ധ്യക്ഷൻ ജോഷ്വാ മാർ
ഇഗ്നാത്തിയോസ് മെത്രാപ്പോലീത്തായിൽ നിന്നും
ബഹുമാനപ്പെട്ട വൈദികർക്കും സന്യസ്തർക്കും
വിശ്വാസികളേവർക്കും വാഴ്വ്!

PL.No. 02/2015

## ഉയിർപ്പുതിരുന്നാൾ 2015

പ്രിയ ബഹുമാനപ്പെട്ട വൈദികരേ, സന്യസ്തരേ, വിശ്വാസികളേ,

വലിയനോമ്പിലെ പരിത്യാഗത്തിന്റെയും ഉപവാസത്തിന്റെയും ആത്മസംയമനത്തിന്റെയും ദിനങ്ങൾ പിന്നിട്ട് ഉയിർപ്പിന്റെ സന്തോഷത്തിലേക്ക് നമ്മൾ കടന്നുവരികയാണ്. ക്രിസ്തുനാഥന്റെ ഉത്ഥാനം നമുക്ക് നൽകുന്നത് പ്രതീക്ഷയാണ്. ജീവിതം സുന്ദരമായ ഒരു യാഥാർത്ഥ്യമാണെന്നും ഈ ലോകത്തിലെ ദുഃഖങ്ങളുടെയും രോഗങ്ങളുടെയും നൊമ്പരങ്ങളിൽ നിന്ന് നമുക്ക് പൂർണ്ണമായ മോചനമുണ്ടെന്നുമുള്ള ഉറപ്പാണത്.

ക്രൈസ്തവ വിശ്വാസത്തിന്റെ അമൂല്യമായ അടിത്തറയാണ് യേശുവിന്റെ ഉയിർപ്പ്. നമ്മുടെ വിശ്വാസ പ്രഘോഷണത്തിന്റെ കേന്ദ്രബിന്ദുവും ഈ മഹദ് സംഭവം തന്നെയാണ്. “യേശുമിശിഹ ഉയിർത്തിട്ടില്ലെങ്കിൽ ഞങ്ങളുടെ പ്രസംഗവും നിങ്ങളുടെ വിശ്വാസവും വ്യർത്ഥം” (1 കോറി 15:14).

വാഗ്ദാനം ചെയ്യപ്പെട്ട രക്ഷ സാക്ഷാത്കൃതമാകുന്നത് ക്രിസ്തുവിന്റെ ഉയിർപ്പിലൂടെയാണ്. ശൂന്യമായ കല്ലറയും ഉത്ഥാനം ചെയ്ത യേശുവിന്റെ പ്രത്യക്ഷീകരണങ്ങളും പുനരുത്ഥാനം ഒരു യാഥാർത്ഥ്യമാണെന്ന് സാക്ഷ്യം നൽകുന്നു. യേശുവിന്റെ പുനരുത്ഥാനത്തിനു മുന്നോടിയായി പ്രധാനമായും രണ്ടു കാര്യങ്ങൾ നടക്കുന്നു. ഒന്നാമതായി യേശു പീഡകൾ സഹിക്കുന്നു. പഴയനിയമത്തിൽ സഹനം പാപത്തിനുള്ള

www.malankaralibrary.com

ശിക്ഷയായി കരുതപ്പെട്ടിരുന്നു. എന്നാൽ യേശുവിന്റെ സഹനം, സഹനത്തിനു മറ്റൊരുമാനം കണ്ടെത്തുന്നു. അവിടുന്ന് തന്റെ പീഡാസഹനങ്ങളിലൂടെ മാനുഷിക സഹനത്തെ രക്ഷാകരമാക്കി. രണ്ടാമതായി യേശു കുരിശു മരണത്തിന് വിധേയനാകുന്നു. യേശുക്രിസ്തുവിന്റെ കുരിശുമരണത്തോടെ മരണമെന്ന യാഥാർത്ഥ്യത്തിന് പുതിയൊരു അർത്ഥം കൈവരുന്നു. തന്റെ കുരിശുമരണത്താൽ മരണത്തെ അവിടുന്ന് കീഴടക്കി. നിത്യതയുടെ കവാടമായും പ്രത്യാശയുടെ തുറമുഖമായും മരണമെന്ന യാഥാർത്ഥ്യം ഉയർത്തപ്പെട്ടു.

ഉത്ഥാനം ചെയ്ത യേശുനാഥൻ ഭയവിഹ്വലരായിരുന്ന തന്റെ ശിഷ്യന്മാരുടെ അടുത്തേക്ക് വരുന്നു. അവർക്ക് സമാധാനം ആശംസിക്കുന്നു. ഭഗ്നാശരായിക്കഴിഞ്ഞിരുന്ന അവർക്ക് യേശുവിന്റെ സമാധാന സംബോധന ആശ്വാസകരമായിത്തീർന്നു. അവരുടെ ഹൃദയങ്ങൾ സന്തോഷം കൊണ്ട് നിറഞ്ഞു. യേശുവിന്റെ ഈ സമാധാനാശംസ ശിഷ്യന്മാർക്ക് വേണ്ടി മാത്രമുള്ളതായിരുന്നില്ല. മറിച്ച് ജീവിച്ചിരിക്കുന്നവരും മരിച്ചുപോയവരും ഇനിയും ജനിക്കാനിരിക്കുന്നവരുമായ മാനവകുലത്തിനു മുഴുവൻ വേണ്ടിയുള്ളതായിരുന്നു.

ക്രിസ്തുനാഥൻ പീഡാസഹനവും മരണവും വഴി പാപത്തിൽ നിന്നും മരണത്തിൽ നിന്നും നമ്മെ മോചിപ്പിക്കുന്നു. അതോടൊപ്പം തന്റെ പുനരുത്ഥനം വഴി പുതിയൊരു ജീവിതത്തിലേക്കുള്ള വഴിയായി നമുക്കായി തുറന്നു തരുകയും ചെയ്യുന്നു. ഈ നവജീവിതം, സർവ്വോപരി നമ്മെ ദൈവവരപ്രസാദത്തിൽ പുനഃപ്രതിഷ്ഠിക്കുന്നു.

ആധുനിക മനുഷ്യൻ സമാധാനമില്ലാതെ അലയുകയാണ്. അശാന്തിയാണവന് കൈമുതൽ. സമ്പത്തും ആധുനിക ജീവിതസൗകര്യങ്ങളും ഉണ്ടായിട്ടും കടുത്ത നിരാശാബോധം പലരെയും വലയം ചെയ്യുന്നു. യേശുനാഥൻ ആശംസിച്ച സമാധാനം നമുക്ക് ലഭിക്കണമെങ്കിൽ നമ്മുടെ ഹൃദയങ്ങൾ അത് ഉൾക്കൊള്ളാൻ സജ്ജമായിരിക്കണം. വിദ്വേഷവും പകയും നിറഞ്ഞിരിക്കുന്ന ഹൃദയത്തിൽ യേശുവിന്റെ സമാധാനം കുടികൊള്ളുകയില്ല. സഹോദരങ്ങളോട് ഹൃദയപൂർവ്വം ക്ഷമിക്കുന്നതിന്, അവരെ ആത്മാർത്ഥമായി സ്നേഹിക്കുന്നതിന് നമുക്കു സാധിച്ചാൽ യേശുവിന്റെ ദിവ്യമായ സമാധാനം നമുക്ക് ഉൾക്കൊള്ളാനാവും. സമാധാനത്തിന്റെ ഉപകരണങ്ങളും വക്താക്കളുമാകുവാൻ നമുക്ക് ശ്രമിക്കാം.


www.malankaralibrary.com

വിദ്വേഷത്തെക്കാൾ ശക്തമാണ് സ്നേഹമെന്നും തിന്മയെക്കാൾ നന്മയാണ് ശക്തമെന്നും യേശുവിന്റെ ഉത്ഥാനം നമ്മെ ഓർമ്മിപ്പിക്കുന്നു. യേശുവിന്റെ ഉത്ഥാനം നമുക്കു നൽകുന്ന നവജീവനിൽ പങ്കുചേർന്ന് ദൈവമക്കളായി നമുക്ക് വളരാം. പരസ്പരം സ്നേഹിക്കുവാനും പങ്കുവച്ച് പരസ്പരം പരിപോഷിപ്പിക്കാനും നമുക്ക് കഴിയുമ്പോൾ യേശുവിന്റെ ഉത്ഥാനം നമുക്കും പാപമരണങ്ങളിൽ നിന്നുള്ള ഉത്ഥാനത്തിന്റെ അനുഭവമായി മാറും.

ഉത്ഥിതനായ കർത്താവിൽ ഭദ്രാസനത്തിന്റെ വിവിധ അജപാലന പ്രവർത്തനങ്ങളെ നമുക്ക് സമർപ്പിക്കാം. ക്രിസ്തീയ ചൈതന്യത്തിൽ കുടുംബജീവിതം നയിക്കാൻ കുടുംബസ്തർക്ക് കഴിയുവാൻ നമുക്ക് പ്രാർത്ഥിക്കാം. സുവിശേഷസന്തോഷത്താൽ പ്രശോഭിതരാകാൻ നമ്മുടെ സമർപ്പിതരെ ഉത്ഥിതനായ കർത്താവ് അനുഗ്രഹിക്കട്ടെ. രോഗത്തിൽ കഴിയുന്നവർക്ക് കണ്ണീരൊപ്പുന്നവനായും സാമ്പത്തിക ബുദ്ധിമുട്ട് അനുഭവിക്കുന്നവർക്ക് സമാശ്വാസമായും ഉത്ഥിതനായ മിശിഹ അവരെ അനുയാത്ര ചെയ്യട്ടെ. ഉത്ഥിതനായ കർത്താവ് നൽകുന്ന ജീവന്റെ സമൃദ്ധി നമ്മുടെ വ്യക്തിജീവിതത്തെ സമ്പന്നമാക്കട്ടെ.

ആയത് ദൈവമാതാവായ പരിശുദ്ധ കന്യകമറിയാമിന്റെയും ഭാരതത്തിന്റെ അപ്പസ്തോലനായ മാർത്തോമാ ശ്ലീഹായുടെയും പരിശുദ്ധന്മാരുടെയും പ്രാർത്ഥനയാൽ തന്നെ. ആമ്മേൻ.

എന്ന്



അമലഗിരി
ഉയിർപ്പ് 2015

**+ ഡോ. ജോഷ്വാ മാർ ഇഗ്നാത്തിയോസ്**
മാവേലിക്കര ഭദ്രാസനാദ്ധ്യക്ഷൻ

www.malankaralibrary.com

ദൈവകൃപയാലും തിരുസിംഹാസനത്തിന്റെ അംഗീകാര ത്താലും മാവേലിക്കര ഭദ്രാസനാദ്ധ്യക്ഷൻ ജോഷ്വാ മാർ ഇഗ്നാത്തിയോസ് മെത്രാപ്പോലീത്തായിൽ നിന്നും ബഹുമാനപ്പെട്ട വൈദികർക്കും സന്യസ്തർക്കും വിശ്വാസികളേവർക്കും വാഴ്‌വ്!

PL. No. 02/2016

## ഉയിർപ്പുതിരുനാൾ 2016

ബഹുമാനപ്പെട്ട വൈദികരേ, സന്യസ്തരേ, വിശ്വാസികളേ,

ശാശ്വത സമാധാനത്തിന്റെയും സന്തോഷത്തിന്റെയും ദിവ്യസന്ദേശം നല്കികൊണ്ട് ഉയിർപ്പ് തിരുനാൾ സമാഗതമായിരിക്കുന്നു. കുരിശിലെ രക്ഷാ കരമായ മരണത്തിനുശേഷം മൂന്നാം ദിവസം ക്രിസ്തു മഹത്വത്തോടെ ഉയർത്തെഴുന്നേറ്റു. ആ ചരിത്രസംഭവത്തിന്റെ ഓർമ്മയാണ് നാം ഈസ്റ്റർ ദിനത്തിൽ ആഘോഷിക്കുന്നത്.

മരണത്തോടെ എല്ലാം അവസാനിക്കുന്നു എന്ന ഭൗതിക കാഴ്ചപ്പാട് തിരുത്തിക്കുറിക്കുന്നതായിരുന്നു മരണത്തിൽ നിന്നുള്ള യേശുവിന്റെ ഉയിർത്തെഴുന്നേല്പ്. അസ്തിത്വത്തിന്റെ അവസാന വാക്കല്ല മരണം എന്നാണ് യേശുവിന്റെ ഉയിർപ്പ് ലോകത്തോട് വിളിച്ചു പറയുന്നത്. ക്രിസ്തുവിൽ വിശ്വസിക്കുന്നവർക്ക് മരണം അതിൽത്തന്നെ അന്ത്യമല്ലെന്നും, ഉയിർപ്പിലേക്കും തുടർന്ന് നിത്യജീവനിലേക്കുമുള്ള പടിവാതിലാണ് അതെന്നും ക്രിസ്തുവിന്റെ ഉയിർപ്പ് വ്യക്തമാക്കുന്നു. പൗലോസ് ശ്ലീഹായുടെ വാക്കുകൾ ഇപ്രകാരമാണ്. "എനിക്ക് ജീവിതം ക്രിസ്തുവും മരണം നേട്ടവുമാണ്"(ഫിലി.1:21).

ക്രൈസ്തവ വിശ്വാസത്തിന്റെ മൂലക്കല്ലാണ് യേശുവിന്റെ ഉയിർപ്പ്. പൗലോസ് ശ്ലീഹാ പഠിപ്പിക്കുന്നു. "മിശിഹാ ഉയിർത്തി

www.malankaralibrary.com

ട്ടില്ലെങ്കിൽ ഞങ്ങളുടെ പ്രസംഗം നിരർത്ഥകമാണ്, നിങ്ങളുടെ വിശ്വാസവും വ്യർത്ഥം" (1 കൊരി. 15:14). മരിച്ചവരുടെ ഇടയിൽ നിന്നുള്ള യേശുവിന്റെ ഉയിർപ്പ് ഒരു വലിയ സത്യം നമ്മുടെ മുമ്പിൽ വയ്ക്കുന്നു. അവിടുന്ന് ഇന്നും ജീവിക്കുന്നു: ജീവന്റെ അധിനാഥനായിട്ട്. അവിടുന്ന് മാത്രമാണ് മനുഷ്യരെ മരണത്തിൽ നിന്ന് ജീവനിലേക്കും ഇരുളിൽ നിന്ന് വെളിച്ചത്തിലേക്കും അസ ത്യത്തിൽ നിന്ന് സത്യത്തിലേക്കും നയിക്കുന്നത്.

തിന്മയുടെ മേൽ നന്മ നേടിയ ആത്യന്തിക വിജയമാണ് ക്രസ്തുവിന്റെ പുനരുത്ഥാനം. തിന്മയുടെ വക്താക്കളായവർ യേശുവിനെ കുരിശിൽ തറച്ചുകൊന്നു. എന്നാൽ പുനരുത്ഥാന ത്തിലൂടെ അവിടുന്ന് അവരുടെമേൽ വിജയം ഉറപ്പാക്കി. അതു പോലെ വിദ്വേഷത്തിനുമേൽ സ്നേഹം നേടിയ വിജയവുമാ ണത്. ദൈവത്തിന്റെ സ്നേഹം മാംസം ധരിച്ചതാണ് ക്രിസ്തു നാഥൻ. അവിടുത്തെ കുരിശിച്ചവരാകട്ടെ വിദ്വേഷത്തിന്റെ മൂർത്തീഭാവങ്ങളായിരുന്നു. എല്ലാം ക്ഷമിക്കുന്ന ദൈവത്തിന്റെ സ്നേഹം ഉയിർപ്പിലൂടെ വിദ്വേഷത്തിന്റെമേൽ വിജയം നേടി.

ഉത്ഥാനം ചെയ്ത യേശുനാഥൻ ഭയവിഹ്വലരായിരുന്ന തന്റെ ശ്ലീഹന്മാരുടെ അടുത്തേക്ക് വരുന്നത് അവർക്ക് സമാ ധാനം ആശംസിച്ചുകൊണ്ടാണ്. ക്രിസ്തുനാഥന്റെ കുരിശുമര ണംമൂലം ഭഗ്നാശരായി കഴിഞ്ഞിരുന്ന ശിഷ്യന്മാർക്ക് അവിടുത്തെ സമാധാനാശംസ വലിയൊരു ആശ്വാസമായിരുന്നു, ധൈര്യദാ യകമായിരുന്നു. ആ സമാധാനം ശിഷ്യന്മാർക്കുവേണ്ടി മാത്രമാ യിരുന്നില്ല പ്രത്യുത സകല മനുഷ്യർക്കും വേണ്ടി ആയിരുന്നു. തുടർന്ന് അവിടുന്ന് അവരോടു പറയുന്നു "എന്റെ പിതാവ് എന്നെ അയച്ചതുപോലെ ഞാനും നിങ്ങളെ അയയ്ക്കുന്നു"( യോഹ.20:21). തന്റെ സമാധാന സന്ദേശത്തിന്റെ വാഹകരായി അവിടുന്ന് അവരെ അയയ്ക്കുന്നു.

ദൈവത്തിന്റെ സീമാതീതമായ കരുണ സ്വീകരിക്കു വാനും അനുഭവിക്കുവാനും പങ്കിടുവാനും ഈസ്റ്റർ നമ്മെ ക്ഷണി ക്കുന്നു. അർത്ഥപൂർണ്ണമായ ഈസ്റ്റർ തിരുനാൾ ആചരണം സഭാ മാതാവ് കാരുണ്യത്തിന്റെ ഈ വർഷം നമ്മിൽ നിന്ന് പ്രതീക്ഷി ക്കുന്നു. ഭദ്രാസനത്തിലെ എല്ലാ ശുശ്രൂഷകളെയും അവയ്ക്ക് നേതൃത്വം നല്കുന്നവരെയും അവയിൽ പങ്കാളികളാകുന്നവ രെയും ഉത്ഥിതനായ ക്രിസ്തു നാഥൻ അനുഗ്രഹങ്ങൾകൊണ്ട്


www.malankaralibrary.com

നിറയ്ക്കട്ടെ. ഉത്ഥിതനായ കർത്താവ് കനിഞ്ഞുനല്കിയ സ്വർഗ്ഗീയ സമാധാനം നിങ്ങളോരോരുത്തർക്കും ഞാൻ സന്തോഷത്തോടെ ആശംസിക്കുന്നു. വലിയ നോമ്പിലൂടെ നാം ആർജ്ജിച്ച ആത്മീയ കരുത്ത് നമ്മുടെ കൂട്ടായ സ്വർഗ്ഗോന്മുഖ യാത്രയ്ക്ക് ബലം നല്കട്ടെ.

അനുഗ്രഹീതമായ ഈസ്റ്ററിന്റെ മംഗളങ്ങൾ ഹൃദയ പൂർവ്വം ആശംസിക്കുന്നു.

ആയത് ദൈവമാതാവായ പരിശുദ്ധ കന്യകമറിയാമിന്റെയും ഭാരതത്തിന്റെ അപ്പസ്തോലനായ മാർത്തോമ്മാശ്ലീഹായുടെയും പരിശുദ്ധന്മാരുടെയും പ്രാർത്ഥനയാൽ തന്നെ. ആമ്മേൻ

എന്ന്,



അമലഗിരി                + ഡോ. ജോഷ്വാ മാർ ഇഗ്നാത്തിയോസ്
ഉയിർപ്പ് 2016                മാവേലിക്കര ഭദ്രാസനാദ്ധ്യക്ഷൻ

www.malankaralibrary.com

ദൈവകൃപയാലും തിരുസിംഹാസനത്തിന്റെ അംഗീകാര
ത്താലും മാവേലിക്കര ഭദ്രാസനാദ്ധ്യക്ഷൻ ജോഷ്വാ മാർ
ഇഗ്നാത്തിയോസ് മെത്രാപ്പോലീത്തായിൽ നിന്നും
ബഹുമാനപ്പെട്ട വൈദികർക്കും സന്യസ്തർക്കും
വിശ്വാസികളേവർക്കും വാഴ്വ്!

PL. No. 02/2017

## ഉയിർപ്പുതിരുനാൾ 2017

ബഹുമാനപ്പെട്ട വൈദികരേ, സന്യസ്തരേ, വിശ്വാസികളേ,

പ്രത്യാശയുടെ ദിനമായ ഉയിർപ്പിലേക്ക് നാം പ്രവേശിക്കുകയാണ്. ആദ്യമനുഷ്യൻ ദൈവഹിതം ധിക്കരിച്ച് തന്റെ മഹത്വം നഷ്ടമാക്കി. ദൈവം തനിക്കുവേണ്ടി ഒരുക്കിയ പദ്ധതിയിൽ നിന്നും വ്യതിചലിച്ച് തന്റെ തന്നെ പദ്ധതി ഒരുക്കുവാൻ ശ്രമിച്ചു. യേശുക്രിസ്തുവാകട്ടെ പിതാവ് ഒരുക്കിയ രക്ഷാകര പദ്ധതിയെ സ്വീകരിച്ചു. അവിടുന്ന് കുരിശു മരണത്തോളം അനുസരണയുള്ളവനായി. (ഫിലി. 2:8). ആദ്യമനുഷ്യന്റെ അനുസരണകേടിന്റെ സ്ഥാനത്ത് ക്രിസ്തു പ്രകടമാക്കിയത് സമ്പൂർണ്ണ വിധേയത്വമാണ്. പാപമൊഴികെ മറ്റെല്ലാറ്റിലും അവിടുന്ന് പൂർണ്ണ മനുഷ്യനായി തീർന്നു (ഹെബ്രാ. 4:15). മനുഷ്യന്റെ പാപാവസ്ഥയുടെ എല്ലാ വേദനകളും അവിടുന്ന് അനുഭവിച്ചു. മനുഷ്യന്റെ തിന്മകൾക്ക് അവിടുന്ന് തന്റെ കുരിശുമരണത്തിലൂടെ പരിഹാരം ചെയ്തു. കർത്താവായ യേശുവിന്റെ ഉയിർപ്പ് പാപത്തിന്മേലുള്ള വിജയം ഉറപ്പാക്കി. പാപത്തിന്റെയും മരണത്തിന്റെയും മേൽ നമുക്ക് നല്കുന്ന വിജയത്തിന് നന്ദി പറയുവാനുള്ള വലിയ പെരുന്നാളാണ് ഉയിർപ്പ്. ക്രിസ്തുവിന്റെ ഉയിർപ്പ് സകല മനുഷ്യർക്കും ആനന്ദത്തിന്റെയും പ്രത്യാശയുടെയും നവീനതയു

www.malankaralibrary.com

ടെയും തിരുനാളാണ്. പാപത്തിന്റെയും മരണത്തിന്റെയും മേലുള്ള മനുഷ്യന്റെ വിജയത്തിന് ഉറപ്പുനല്കിയ സംഭവമാണ് കർത്താവായ യേശുക്രിസ്തുവിന്റെ ഉയിർപ്പ്. ഈ ഉയിർപ്പ് നല്കുന്ന വിജയ പ്രതീക്ഷയിലൂടെയാണ് ഓരോ ക്രൈസ്തവനും തന്റെ ജീവിതത്തിലെ പാപത്തിന്റെയും സഹനത്തിന്റെയും മരണത്തിന്റെയും അനുഭവങ്ങളെ സമീപിക്കുക.

ക്രിസ്തുവിന്റെ പുനരുത്ഥാനം, സൃഷ്ടിയിലും ചരിത്രത്തിലും ദൈവത്തിന്റെ തന്നെ സർവാതിശായിയായ ഇടപെടൽ എന്ന നിലയിൽ വിശ്വാസത്തിന്റെ വിഷയമാണ്. അതിൽ മൂന്ന് ദൈവിക വ്യക്തികളും താന്താങ്ങളുടെ സവിശേഷതകൾ പ്രകടിപ്പിച്ചുകൊണ്ട് ഒരാളെന്നപോലെ ഒരുമിച്ചു പ്രവർത്തിക്കുന്നു. പിതാവിന്റെ ശക്തി അവിടുത്തെ പുത്രനായ ക്രിസ്തുവിനെ ഉയിർപ്പിച്ചു. അങ്ങനെ തന്റെ പുത്രന്റെ മനുഷ്യത്വത്തെ, അവിടുത്തെ ശരീരം ഉൾപ്പെടെ, ത്രിത്വത്തിൽ പൂർണമായി ഉൾച്ചേർക്കുകയും ചെയ്തു. മരിച്ചവരിൽ നിന്നുള്ള പുനരുത്ഥാനം വഴി വിശുദ്ധിയുടെ ആത്മാവിനു ചേർന്നവിധം ശക്തിയിൽ യേശു ദൈവപുത്രനായി. യേശുവിന്റെ മൃതമായ മനുഷ്യത്വത്തിന് ജീവൻ നൽകിയതും മഹത്ത്വപൂർണമായ കർതൃത്വത്തിലേക്ക് അതിനെ വിളിച്ചതും പരിശുദ്ധാത്മാവാണ്.

ഉത്ഥാനം ചെയ്ത തന്റെ ശരീരത്തിൽ കർത്താവ് മരണത്തിന്റെ അവസ്ഥയിൽ നിന്ന് കാലത്തിനും സ്ഥലത്തിനും അതീതമായ മറ്റൊരു ജീവിതത്തിലേക്ക് കടക്കുന്നു. പുനരുത്ഥാനത്തിൽ യേശുവിന്റെ ശരീരം പരിശുദ്ധാത്മാവിന്റെ ശക്തിയാൽ നിറഞ്ഞു. മഹത്വപൂർണ്ണമായ തന്റെ അവസ്ഥയിൽ അവിടുന്നു ദൈവികജീവനിൽ പങ്കുചേർന്നു. ശൂന്യമായ കല്ലറയുടെ അടയാളവും ഉത്ഥിതനായ ക്രിസ്തുവുമായുള്ള അപ്പസ്തോലന്മാരുടെ സമാഗമങ്ങളും സ്ഥിരീകരിക്കുന്ന കർത്താവിന്റെ ഉത്ഥാനം ഒരു ചരിത്രസംഭവമാണ്. എന്നാലും ചരിത്രത്തെ അതിശയിക്കുകയും അതിനെ അതീതമായിരിക്കുകയും ചെയ്യുന്ന ഒരു യാഥാർത്ഥ്യം എന്ന നിലയിൽ അതു വിശ്വാസരഹസ്യത്തിന്റെ ഹൃദയാന്തർഭാഗത്തു തന്നെ സ്ഥിതി ചെയ്യുന്നു.

www.malankaralibrary.com

സഹന മരണങ്ങൾക്കപ്പുറത്തെ നിത്യജീവന്റെ ഉറപ്പാണ് ഉത്ഥാനം. മരണത്തെ എന്നന്നേക്കുമായി കീഴടക്കിയ യേശു ക്രിസ്തു അതോടൊപ്പം പൈശാചികശക്തികളെയും കീഴടക്കിയ സുദിനത്തിന്റെ ഓർമകൂടിയാണിത്. നിരാശയിലും ദുഃഖദുരിത ങ്ങളിലും ഉത്ഥിതനായ ക്രിസ്തു നമ്മോടൊത്ത് യാത്ര ചെയ്യു ന്നു. സഹനങ്ങളിലും ദുഃഖത്തിലും അവനോടൊപ്പം ജീവിക്കു കയും അവസാനം അവനിൽ മരിക്കുകയും ചെയ്യുന്നവർ, സ്വർഗ്ഗ ത്തിൽ അവനോടൊപ്പം നിത്യമായി ജീവിക്കും. തന്റെ ഉത്ഥാനം നമുക്ക് പുതുജീവൻ പ്രദാനം ചെയ്യുന്നു. അങ്ങനെ ഉയിർപ്പിന്റെ സന്ദേശം പുതുജീവന്റെ സന്ദേശമാണ്. ക്രിസ്തുവിന്റെ പുനരു ത്ഥാനവും, ഉത്ഥിതനായ ക്രിസ്തുതന്നെയും ഭാവിയിലുള്ള നമ്മുടെ പുനരുത്ഥാനത്തിന്റെ മൂലകാരണവും ഉറവിടവുമാണ്. നിദ്രപ്രാപിച്ച എല്ലാവരുടെയും ആദ്യഫലമായ ക്രിസ്തു മരിച്ച വരുടെ ഇടയിൽ നിന്ന് ഉയിർത്തെഴുന്നേറ്റു. ആദത്തിൽ എല്ലാ വരും മരണാധീനരായതുപോലെ ക്രിസ്തുവിൽ എല്ലാവരും പുനർജീവിക്കും. ഈ പ്രത്യാശയുടെ പൂർത്തീകരണത്തിനായി കാത്തിരിക്കുന്ന വിശ്വാസികളുടെ ഹൃദയങ്ങളിൽ ഉത്ഥിതനായ ക്രിസ്തു ജീവിക്കുന്നു.

സഭാ ജീവിതത്തിന്റെ കേന്ദ്രബിന്ദു ഉത്ഥിതനായ ക്രിസ്തു വാണ്. "ക്രിസതു ഉയിർപ്പിക്കപ്പെട്ടിട്ടില്ലെങ്കിൽ ഞങ്ങളുടെ പ്രസംഗം വ്യർത്ഥമാണ്, നിങ്ങളുടെ വിശ്വാസവും വ്യർത്ഥം. മാത്രമല്ല ഞങ്ങൾ ദൈവത്തിനുംവേണ്ടി കപടസാക്ഷ്യം വഹി ക്കുന്നവരായിത്തീർന്നു. എന്തെന്നാൽ ദൈവം ക്രിസ്തുവിനെ ഉയിർപ്പിച്ചുവെന്ന് ഞങ്ങൾ സാക്ഷ്യപ്പെടുത്തി" (1 കോരി. 15:14-15). മാമോദീസ സ്വീകരിക്കുന്നതുവഴി ഓരോ ക്രൈസ്ത വനും കർത്താവായ ക്രിസ്തുവിനോട് ചേർന്ന് അവിടുത്തെ മര ണത്തിലും ഉത്ഥാനത്തിലും പങ്കാളിയാകുന്നു. നമ്മുടെ ജീവിതം നിലനിൽക്കുന്നതും അത് പൂർണ്ണമാക്കപ്പെടുന്നതും ഉത്ഥിതനായ ക്രിസ്തുവിനോട് അനുരൂപപ്പെട്ടുകൊണ്ടാണ്. എന്തെന്നാൽ നിദ്ര പ്രാപിച്ച എല്ലാവരുടെയും ആദ്യഫലമായി ക്രിസ്തു മരിച്ചവ രുടെ ഇടയിൽ നിന്ന് ഉയിർപ്പിക്കപ്പെട്ടു. ഒരു മനുഷ്യൻ വഴി മര ണം ഉണ്ടായതുപോലെ ഒരു മനുഷ്യൻ വഴി പുനരുത്ഥാനവും ഉണ്ടായി (1 കോരി. 15. 20:21). അവിടുന്ന് തന്റെ മരണം വഴി

www.malankaralibrary.com

നമ്മെ പാപത്തിൽ നിന്നു വിമോചിപ്പിക്കുന്നു. തന്റെ ഉത്ഥാനം വഴി പുതിയൊരു ജീവിതത്തിലേക്കുള്ള മാർഗം നമുക്കായി തുറന്നുതരുന്നു ഈ നവജീവിതം.

ക്രിസ്തീയ വിശ്വാസത്തിന്റെ അടിസ്ഥാനവും കേന്ദ്രവുമാണ് യേശുക്രിസ്തുവിന്റെ ഉയിർപ്പ്. ഉയിർപ്പിലുള്ള വിശ്വാസമാണ് ക്രിസ്തീയ ജീവിതത്തിന് അർത്ഥം നല്കുന്നതും ജീവിതയാത്രയ്ക്ക് പ്രേരകശക്തി പ്രദാനം ചെയ്യുന്നതും. ക്രിസ്തീയ ജീവിതം പ്രത്യാശയുടെ ജീവിതമാണെന്ന് തിരുവുത്ഥാനം നമ്മെ പഠിപ്പിക്കുന്നു. തിരുവുത്ഥാനത്തിന്റെ സാക്ഷികളായി പ്രത്യാശയിലും സമാധാനത്തിലും കൂട്ടായ്മയിലും ജീവിക്കുവാൻ ഈസ്റ്റർ നമ്മെ ക്ഷണിക്കുന്നു. മാമോദീസായിലൂടെ നാമും ക്രിസ്തുവിനോടുകൂടി സംസ്ക്കരിക്കപ്പെട്ടിരിക്കുകയാണ്. അതിനാൽ ക്രിസ്തുവിന്റെ പുനരുത്ഥാനം നമുക്ക് പ്രസക്തമാണ്. പാപത്തെയും പാപസാഹചര്യങ്ങളെയും ഉപേക്ഷിച്ച് പുനരുത്ഥാനത്തിന്റെ സാക്ഷികളായി, ജീവന്റെ സംസ്ക്കാരത്തിന്റെ മക്കളാകാൻ ഈസ്റ്റർ നമ്മെ ക്ഷണിക്കുന്നു. ബലഹീനമായ നമ്മുടെ മനുഷ്യ പ്രകൃതിയെ ക്രിസ്തുവിന്റെ ഉയിർപ്പിന്റെ മഹനീയ ശക്തിയാൽ നമുക്ക് അതിജീവിക്കാം. പിതാവായ ദൈവം ക്രിസ്തുവിനെ മരിച്ചവരുടെ ഇടയിൽ നിന്ന് ഉയിർപ്പിച്ചതുപോലെ, ക്രിസ്തുവിലുള്ളവരും അവനാൽ ഉയിർപ്പിക്കപ്പെടും (1 തെസ 4:14). ഭൗതികതയെ ജയിച്ച് ഉയിർത്തെഴുന്നേറ്റ ക്രിസ്തുവിന്റെ ആത്മീയമൂല്യങ്ങൾ ലോകമെങ്ങും പ്രഘോഷിക്കുവാനുള്ള ഉത്തരവാദിത്വമാണ് ഉത്ഥാനം വിശ്വാസികൾക്ക് നല്കുന്നത്. ഉയിർപ്പിൽ വിശ്വസിക്കുകയെന്നാൽ ക്രിസ്തുവിന്റെ ദൗത്യം ലോകത്തിൽ തുടരുകയെന്നർത്ഥം. ഒരു പുതിയ ആകാശവും ഒരു പുതിയ ഭൂമിയും സൃഷ്ടിക്കുവാനുള്ള ദൗത്യമാണിത്.

ഉയിർത്തെഴുന്നേറ്റ കർത്താവ് നമ്മുടെ സഭാജീവിതത്തെയും സമൂഹജീവിതത്തെയും നവീകരിക്കട്ടെ. അവിടുത്തെ പുതുജീവൻ നമ്മുടെ ജീവിതത്തെ നിറയ്ക്കട്ടെ. അവിടുന്ന് പകർന്നു നല്കിയ ഉയിർപ്പിന്റെ ശക്തി രോഗികൾക്കും വേദനിക്കുന്നവർക്കും കരുണ അർഹിക്കുന്നവർക്കും പകർന്ന് നല്കുവാൻ നമുക്ക് ശക്തി ലഭിക്കട്ടെ. എമ്മാവൂസിലെ ശിഷ്യന്മാരുടെ


www.malankaralibrary.com

ജീവിതയാത്രയിൽ അനുയാത്രചെയ്ത കർത്താവ് നമ്മെയും കൂടെ നടന്ന് ബലപ്പെടുത്തട്ടെ.

അനുഗ്രഹീതമായ ഈസ്റ്ററിന്റെ സമാധാനം ഏവർക്കും ഹൃദയപൂർവ്വം ആശംസിക്കുന്നു.

ആയത് ദൈവമാതാവായ പരിശുദ്ധ കന്യകമറിയാമിന്റെയും ഭാരതത്തിന്റെ അപ്പസ്തോലനായ മാർത്തോമ്മാശ്ലീഹായുടെയും പരിശുദ്ധന്മാരുടെയും പ്രാർത്ഥനയാൽ തന്നെ. ആമ്മേൻ

എന്ന്,



അമലഗിരി
ഉയിർപ്പ് 2017

**+ ഡോ. ജോഷ്വാ മാർ ഇഗ്നാത്തിയോസ്**
മാവേലിക്കര ഭദ്രാസനാദ്ധ്യക്ഷൻ

www.malankaralibrary.com

ദൈവകൃപയാലും തിരുസിംഹാസനത്തിന്റെ അംഗീകാര ത്താലും മാവേലിക്കര ഭദ്രാസനാദ്ധ്യക്ഷൻ ജോഷ്വാ മാർ ഇഗ്നാത്തിയോസ് മെത്രാപ്പോലീത്തായിൽ നിന്നും ബഹുമാനപ്പെട്ട വൈദികർക്കും സന്യസ്തർക്കും വിശ്വാസികളേവർക്കും വാഴ്വ്!

PL. No. 02/ 2018

## ഉയിർപ്പുതിരുനാൾ 2018

ബഹുമാനപ്പെട്ട വൈദികരേ, സന്യസ്തരേ, വിശ്വാസികളേ,

യേശുവിന്റെ ഉത്ഥാനം മനുഷ്യത്വത്തിന്റെ അനന്തസാ ധ്യതയിലേക്കു ദൈവപിതാവ് തുറന്ന വാതായനമായിരുന്നു. ഉത്ഥാനം എന്നത് കേവലം പുനർജീവനം അല്ല എന്ന് ബൈബിൾതന്നെ വ്യക്തമാക്കുന്നു. മർത്യതയുടെ പരിമിതി കൾക്കപ്പുറത്തേക്കുള്ള പ്രയാണമാണത്. മനുഷ്യാസ്ഥിത്വത്തിന് പുതിയ അർത്ഥതലങ്ങളും ചക്രവാളങ്ങളും അനന്തസാധ്യത കളും തുറന്നിട്ട കർമ്മമാണ് ഉത്ഥാനം. ദൈവീകതയിലേക്കുള്ള മനുഷ്യന്റെ പ്രവേശനം സാധ്യമാകുന്ന മഹത്തായ സംഭവമാണ് യേശുവിന്റെ ഉയിർപ്പ്. ക്രിസ്തു ഉയിർത്തില്ലെങ്കിൽ ക്രിസ്തീയ വിശ്വാസം വ്യർത്ഥമാണെന്നും (1 കോറി 15:14-15) യേശു കർത്താ വാണെന്ന് അധരംകൊണ്ട് ഏറ്റുപറയുകയും ദൈവം അവനെ മരിച്ചവരിൽനിന്ന് ഉയിർപ്പിച്ചു എന്ന് ഹൃദയത്തിൽ വിശ്വസിക്കുകയും ചെയ്താൽ രക്ഷപ്രാപിക്കും (റോമാ 10:9) എന്നും പഠിപ്പിച്ച ആദിമസഭ ഉത്ഥാനസത്യത്തിന്റെ പ്രാധാന്യ മാണ് പറഞ്ഞുതരുന്നത്.

വെൺമയേറിയ വസ്ത്രം ധരിച്ച് യേശുവിന്റെ കല്ലറ വാതുക്കൽ കാണപ്പെട്ട രണ്ടുപേരുടെ മുന്നറിയിപ്പ് ഉത്ഥാന സന്ദേശത്തിൽ പ്രസക്തമാണ്. "ജീവിക്കുന്നവനെ മരിച്ചവ

www.malankaralibrary.com

രുടെയിടയിൽ നിങ്ങൾ അന്വേഷിക്കുന്നുവോ?" (ലൂക്കാ 24:5). പലപ്പോഴും ഉത്ഥിതനെ മരിച്ചവരുടെ ഇടയിൽ അന്വേഷിക്കുന്നവരാണ് നാം. കാലഹരണപ്പെട്ട അന്ധവിശ്വാസങ്ങളും അബദ്ധവിശ്വാസങ്ങളും ആശങ്കകളും നമ്മുടെ വിശ്വാസജീവിതത്തെ ഭരിക്കുമ്പോൾ തീർച്ചയായും ഉത്ഥിതനെ നാം മരിച്ചവരുടെ ഇടയിൽ തിരയുന്നവരാണ്. അവനെ കണ്ടെത്താനുള്ള മാർഗ്ഗവും വെള്ളവസ്ത്രധാരികൾ പറഞ്ഞുതന്നു. "അവൻ നിങ്ങളോടുകൂടിയായിരുന്നപ്പോൾ പറഞ്ഞകാര്യങ്ങൾ ഓർമ്മിക്കുക". ഉത്ഥിതനെ അറിയാനുള്ള വഴി അവന്റെ കല്ലറയും ശവക്കച്ചയും മുൾമുടിയും തേടിയിറങ്ങുക എന്നതല്ല. മറിച്ച്, അവൻ പറഞ്ഞുതന്ന വഴിയിൽ ജീവിതത്തെ ക്രമപ്പെടുത്തുക എന്നതാണ്. അവൻ പങ്കുവച്ചുതന്ന തിരുശരീരരക്തങ്ങൾ സ്വീകരിച്ച്, അവൻ പഠിപ്പിച്ച കൂട്ടായ്മയുടെ ജീവിതം പങ്കുവെച്ച്, അവൻ സ്ഥാപിച്ച തിരുസ്സഭയുടെ കൂട്ടായ്മയിൽ പങ്കുചേരുമ്പോഴാണ് നമ്മുടെ ജീവിതം ഉത്ഥാനത്തിന് അനുയോജ്യമായ ജീവിതമാകുന്നത്.

മരണത്തിന്റെ ഭീകരതയും നിരാശയും തകർത്ത് തരിപ്പണമാക്കി കർത്താവ് മൂന്നാം ദിവസം ഉയിർത്തേഴുന്നേറ്റു. യേശു മൂന്നാംദിനം ഉയിർത്തെഴുന്നേറ്റു എന്നത് ആദിമസഭയുടെ ശക്തമായ വിശ്വാസ ബോധ്യമാണ്. മൂന്നാംദിവസം കർത്താവ് ഉയിർത്തെഴുന്നേറ്റു എന്ന വിശ്വാസപ്രഖ്യാപനത്തിന് സഭാപിതാക്കന്മാർ നൽകുന്ന രണ്ട് അർത്ഥങ്ങൾ പ്രസക്തമാണ്. 1. യേശുവിന്റെ കല്ലറ ശൂന്യമാണെന്ന് ശിഷ്യർ കണ്ടെത്തിയത് മൂന്നാംദിവസമാണ്. 2. ഉത്ഥിതനായ ക്രിസ്തുവിനെ അവർ മുഖാമുഖം കണ്ടത് മൂന്നാംദിവസമായ ഞായറാഴ്ചയാണ്. ഇതിൽ രണ്ടാമത്തെ വിശദീകരണം ഏറെ ശ്രദ്ധാർഹമാണ്. ഉത്ഥാനരഹസ്യത്തിന്റെ സങ്കീർണ്ണതയ്ക്കോ അതു സംഭവിച്ച നിഗൂഢസമയത്തിനോ അല്ല ആദിമസഭ പ്രധാന്യം നൽക്കുന്നത്. മറിച്ച് ഉത്ഥിതനെ കണ്ടുമുട്ടിയതിനും ഉത്ഥിതന്റെ സാന്നിധ്യാനുഭവം നൽകിയ സന്തോഷത്തിനുമാണ്. സഭയിൽ ഉത്ഥിതനെ അനുഭവിച്ചുതുടങ്ങിയ ഞായറാഴ്ചയാണ് മൂന്നാംദിനം എന്നതുകൊണ്ട് വിവക്ഷിക്കുന്നത്. അവൻ മൂന്നാംദിനം ഉയിർത്തെഴുന്നേറ്റു എന്നതിലൂടെ അവൻ ഞായറാഴ്ച ഉയിർത്തെഴുന്നേറ്റു എന്ന സത്യമാണ് ആദിമസഭ പ്രഘോഷിക്കുന്നത്. സാബത്താചരണം ശനിയാഴ്ചയാണ് എന്ന ചിരപ്രതിഷ്ഠിതമായ പാരമ്പര്യത്തെ മറിക

www.malankaralibrary.com

ടന്ന് ഞായറാഴ്ചയാചരണത്തിലേക്കു സഭയെ കൈപിടിച്ചു നടത്തിയത് യഥാർത്ഥത്തിൽ ഈ വിശ്വാസ പ്രഖ്യാപനമാണ്.

മരണത്തിൽ നിന്നാണ് കർത്താവ് പുനരുത്ഥാനത്തിലേക്ക് പ്രവേശിച്ചത്. മരണം പാപത്തിനു ലഭിച്ച ശിക്ഷയാണ്. ആത്മാവിന്റെയും ശരീരത്തിന്റെയും തലങ്ങളിൽ മരണം ഉണ്ട്. ആദിമനുഷ്യൻ പാപം ചെയ്തിരുന്നില്ലെങ്കിൽ മരണം ഭൂമിയിൽ പ്രവേശിക്കുകയില്ലായിരുന്നു. ക്രിസ്തുവിന്റെ മരണത്തിനും പുനരുത്ഥാനത്തിനും ശേഷം മരണത്തിന്റെ അർത്ഥം തന്നെ മാറിപ്പോയി. മരണം കേവലം ഒരു പരിണാമഘട്ടമായും നിത്യജീവിതത്തിലേയ്ക്കുള്ള കവാടമായും വ്യാഖ്യാനിക്കപ്പെട്ടു. ക്രൈസ്തവന്റെ മരണം യഥാർത്ഥ ജനനമാണ്. അന്ധകാരത്തിൽ നിന്നും പ്രകാശത്തിലേക്കും നിരാശയിൽ നിന്ന് പ്രത്യാശയിലേക്കും മർത്യതയിൽ നിന്ന് അമർത്യതയിലേക്കുമുള്ള പ്രവേശനമാണത്. മനുഷ്യന്റെ ഗ്രാഹ്യമണ്ഡലത്തെ കടന്ന് അനന്തതയെ തൊട്ടുരുമ്മി നില്ക്കുന്ന യാഥാർത്ഥ്യമാണ് മരണം. മനുഷ്യനും ദൈവവും തമ്മിലുള്ള സൗഹൃദത്തെ ദ്യോതിപ്പിക്കുന്ന പ്രകാശവലയമാണത്. അനിവാര്യമായ മരണത്തിന്റെ മുൻപിൽ സ്വാർത്ഥപൂരണത്തിനുള്ള മനുഷ്യന്റെ അഭിലാഷം വഴിമാറിക്കൊടുക്കുകയും ദൈവവും താനും തമ്മിലുള്ള അടിസ്ഥാനപരമായ അന്തരവും തനിക്കു ദൈവത്തിലുള്ള സമ്പൂർണ്ണ ആശ്രയത്വവും അവൻ ഗ്രഹിക്കുകയും ചെയ്യുന്നു. മനുഷ്യനു ജീവൻ നല്കിയതു ദൈവത്തിന്റെ സ്വതന്ത്രമായ തീരുമാനമാണ്. അതിനാൽ മനുഷ്യന്റെ അന്ത്യവും ദൈവകരങ്ങളിലാണ്. ഈ ബോധ്യം മരണത്തെ ധീരമായി സ്വാഗതം ചെയ്യാൻ ക്രിസ്തുശിഷ്യനെ സന്നദ്ധനാക്കുന്നു. "മരണമേ നിന്റെ വിജയമെവിടെ? മരണമേ നിന്റെ ദംശനമെവിടെ"? എന്ന് മരണത്തിന്റെ മുഖത്തുനോക്കി പരിഹസിക്കാനുള്ള ആത്മവിശ്വാസം ക്രിസ്തുവിന്റെ മരണോത്ഥാനങ്ങൾ മനുഷ്യനു നല്കി.

കല്ലറയുടെ ദുർവഹമായ കല്ല് ഉരുട്ടിനീക്കാൻ കഴിവില്ലാതിരുന്നിട്ടും കല്ലറയിങ്കൽ സുഗന്ധലേപനത്തിനുപോയ ഭക്തരായ സ്ത്രീകൾ വിശ്വാസത്തിന്റെ ഉദാത്ത മാതൃകയാണ്. മനുഷ്യനാൽ അസാധ്യമായത് ചെയ്യാൻ ദൈവം തന്റെ മാലാഖയെ അയച്ചുതരും എന്ന വിശ്വാസമാണ് അവരെ നയിച്ചത്. ജീവിതത്തിലെ പ്രതിസന്ധികളാകുന്ന കല്ലുകൾ ഉരുട്ടിമാറ്റാൻ ദൈവം

www.malankaralibrary.com

തന്റെ മാലാഖയെ അയക്കും എന്ന പ്രത്യാശയുള്ളവർക്കേ ഉയിർപ്പിന്റെ ആനന്ദം അനുഭവിക്കാനാകൂ.

ഉത്ഥാനനാളിൽ ശിഷ്യരുടെ മുഖം മ്ലാനവും ഹൃദയം നിരാശാഭരിതവുമായിരുന്നു. മൂന്നുകൊല്ലം ജീവിതത്തിൽ നഷ്ട മാക്കി എന്ന സങ്കടം മാത്രമല്ല ഇനിയുള്ള ജീവിതം അപകടക രമാണെന്ന ഭീതിയും അവരുടെ നിരാശയെ വർദ്ധിപ്പിച്ചു. ഒരി ക്കലെടുത്ത തെറ്റായതീരുമാനം തങ്ങളുടെ ഭാവിയെ എന്നേ ക്കുമായി ഇരുളിലാഴ്ത്തി എന്ന് അവർ വ്യസനിച്ചു. പീഡനങ്ങളും മരണവുമല്ലാതെ സ്വപ്നങ്ങളിൽ യാതൊന്നും അവശേഷിക്കാ ത്ത മരുഭൂമിവാസക്കാലമായിരുന്നു അവർക്കത്. അവരുടെ മുറി യുടെ വാതിൽ മാത്രമല്ല അവരുടെ ഹൃദയവാതിലും അടയ്ക്ക പ്പെട്ടിരുന്നു. അജഗണത്തിന്റെ വാതിൽ ക്രിസ്തു ആകയാൽ (യോഹ 10:8) ക്രിസ്തുവില്ലാത്ത ആ അജഗണത്തെ അടഞ്ഞ വാതിലുകൾക്ക് പിന്നിൽ സുവിശേഷകൻ അർത്ഥവത്തായി ചിത്രീകരിച്ചിരിക്കുന്നു. അടഞ്ഞവാതിൽ അസമാധാനത്തി ന്റെയും അരക്ഷിതാവസ്ഥയുടെയും അയൽക്കാരിലും അപരി ചിതരിലുമുള്ള അവിശ്വാസത്തിന്റയും അടയാളമാണ്. അവരുടെ മധ്യത്തിലേക്കാണ് ക്രിസ്തു കടന്നു വരുന്നത്. വാതിലടച്ചിരു ന്നവരുടെ ഹൃദയവാതിൽ തുറക്കാനാണ് അവൻ വന്നത്. വാതിൽ അടയ്ക്കാൻ ഒരുവനെ പ്രേരിപ്പിക്കുന്ന സകലതിൽ നിന്നുമുള്ള വിടുതലാണ് ഉത്ഥാനം ലക്ഷ്യമാക്കുന്നത്. ഉത്ഥി തൻ, ഭയപ്പെടേണ്ട എന്ന് ആവർത്തിക്കുന്നതിന്റെ അർത്ഥവും നിങ്ങൾക്ക് സമാധാനം എന്ന് പലവട്ടം ആവർത്തിക്കുന്നതിന്റെ പൊരുളും ഇതാണ്.

നീ എന്റെ സഹോദരന്മാരുടെ (അപ്പസ്തോലന്മാരുടെ) അടുക്കലേക്ക് ചെന്ന് ഉത്ഥാനവാർത്ത അറിയിക്കുക എന്ന് മറി യത്തെ ഉത്ഥിതനായ കർത്താവ് ചുമതലപ്പെടുത്തുന്നു. സങ്കട പ്പെട്ടിരിക്കുന്ന ഒരുപാടു ജീവിതങ്ങളിൽ ഉത്ഥാനത്തിന്റെ സന്തോഷം പകരുമ്പോഴാണ് ഈസ്റ്റർ പൂർണ്ണമാകുക. ശിഷ്യർ കാത്തിരുന്ന ഏറ്റവും വലിയ സന്തോഷവാർത്ത അവരെ അറി യിക്കാൻ നിയോഗിക്കപ്പെട്ടത് മറിയമാണ്. നമ്മെയും ദൈവം ഉ ത്ഥാനത്തിന്റെ സന്തോഷവാർത്ത അറിയിക്കാൻ നിയോഗിക്കാ റുണ്ട്. വെറുപ്പിലും വിദ്വേഷത്തിലും അകന്നുകഴിയുന്ന സഹോ ദര ഭവനത്തിൽ സ്നേഹത്തിന്റെ നിറപുഞ്ചിരിയുമായി കടന്നു


www.malankaralibrary.com

ചെല്ലാൻ, രോഗിയായി ആശയറ്റ് കഴിയുന്ന അയൽവീട്ടിൽ പ്രതീക്ഷയുടെ പുതുവെളിച്ചവും കരുതലിന്റെ ചെറുപുഞ്ചിരിയുമായി കയറിച്ചെല്ലാൻ, ചതഞ്ഞ ഞാങ്ങണ തല്ലിയൊടിച്ച് പുകഞ്ഞ തിരി ഊതിക്കെടുത്തി ആനന്ദിക്കുന്നവരുടെയിടയിൽ പെട്ട് അപമാനഭാരത്തിൽ തലകുനിഞ്ഞു പോയവരുടെ മുഖമുയർത്താൻ നമുക്കു കഴിഞ്ഞെങ്കിൽ ഉത്ഥാനം നമുക്ക് അർത്ഥപൂർണ്ണമായി. പ്രകാശമാനമായ സമീപനവും സമാധാന സംസ്ഥാപനത്തിന്റെ മനസ്സും നമുക്കുണ്ടാകട്ടെ. ഉത്ഥിതനായ കർത്താവ് നമ്മുടെ കുടുംബങ്ങളെ അനുഗ്രഹിക്കട്ടെ. നമ്മുടെ കുഞ്ഞുങ്ങളെയും, യുവജനങ്ങളെയും കുടുംബസ്ഥരെയും സമർപ്പിതരെയും വൈദിക സഹോദരങ്ങളെയും ഉത്ഥിതനായ കർത്താവ് അവിടുത്തെ സമാധാനംകൊണ്ട് നിറയ്ക്കട്ടെ.

അനുഗ്രഹീതമായ ഈസ്റ്ററിന്റെ സമാധാനം ഏവർക്കും ഹൃദയപൂർവ്വം ആശംസിക്കുന്നു.

ആയത് ദൈവമാതാവായ പരിശുദ്ധ കന്യകമറിയാമിന്റെയും ഭാരതത്തിന്റെ അപ്പസ്തോലനായ മാർത്തോമ്മാശ്ലീഹായുടെയും പരിശുദ്ധന്മാരുടെയും പ്രാർത്ഥനയാൽ തന്നെ. ആമ്മേൻ

എന്ന്,



അമലഗിരി

ഉയിർപ്പ് 2018

**+ ഡോ. ജോഷ്വാ മാർ ഇഗ്നാത്തിയോസ്**

മാവേലിക്കര ഭദ്രാസനാദ്ധ്യക്ഷൻ

www.malankaralibrary.com

ദൈവകൃപയാലും തിരുസിംഹാസനത്തിന്റെ അംഗീകാര
ത്താലും മാവേലിക്കര ഭദ്രാസനാദ്ധ്യക്ഷൻ ജോഷ്വാ മാർ
ഇഗ്നാത്തിയോസ് മെത്രാപ്പോലീത്തായിൽ നിന്നും
ബഹുമാനപ്പെട്ട വൈദികർക്കും സന്യസ്തർക്കും
വിശ്വാസികളേവർക്കും വാഴ്‌വ്!

PL. No. 02/ 2019

## ഉയിർപ്പുതിരുന്നാൾ 2019

ബഹുമാനപ്പെട്ട വൈദികരേ, സന്യസ്തരേ, വിശ്വാസികളേ,

ക്രിസ്തീയ വിശ്വാസത്തിന്റെ അടിസ്ഥാനവും, ഉള്ളട ക്കവും, ലക്ഷ്യവുമാണ് യേശുക്രിസ്തു. യേശുവിന്റെ കുരിശുമര ണവും ഉയിർപ്പും ലോകത്തിലെ തിന്മ നിറഞ്ഞ ശക്തികളുടെയും ഘടനകളുടെയും മേലുള്ള ദൈവത്തിന്റെ ആത്യന്തിക വിജയം ഊന്നിപ്പറയുന്നു. യേശുവിന്റെ ഉയിർപ്പ് ചരിത്രത്തിലെ എല്ലാ മരണ ശക്തികളെയും പുറംതള്ളുന്നതാണ്. അത് വ്യക്തി കൾക്കും രാഷ്ട്രീയ സംവിധാനങ്ങൾക്കും പ്രത്യയ ശാസ്ത്ര ങ്ങൾക്കും പാരമ്പര്യത്തിനും ഒന്നും അന്ത്യവാക്കില്ല- എന്നതിന്റെ സൂചനയാണ്. ചരിത്രത്തിലെ എല്ലാ തിന്മനിറഞ്ഞ ഘടനകളോ ടുമുള്ള പോരാട്ടത്തിന്റെ അടിസ്ഥാനമിവിടെയുണ്ട്. കുരിശും ഉയിർപ്പും സൂചിപ്പിക്കുന്നത് മരണശക്തികളോടുള്ള പോരാട്ടം ദൈവത്തിന്റെ പ്രവർത്തനമാണെന്നതാണ്.

യേശുവിന്റെ ഉത്ഥാനം ക്രിസ്തീയ ജീവിതത്തിന്റെയും വിശ്വാസത്തിന്റെയും കേന്ദ്രമാണ്. "ക്രിസ്തു ഉയിർപ്പിക്കപ്പെട്ടിട്ടി ല്ലെങ്കിൽ ഞങ്ങളുടെ പ്രസംഗം വ്യർത്ഥമാണ്, നിങ്ങളുടെ വിശ്വാസവും വ്യർത്ഥമാണ്" (1 കോറി 15:14). തിരുസഭ ആരം ഭിച്ചതുതന്നെ ഈശോയുടെ ഉത്ഥാനം പ്രഘോഷിച്ചുകൊണ്ടാ ണ് (അപ്പ. 2: 22-24). പുതിയനിയമം എഴുതപ്പെട്ടത് ഈശോ

www.malankaralibrary.com

യുടെ ഉത്ഥാനത്തിലുള്ള വിശ്വാസത്തിന്റെ പശ്ചാത്തലത്തിലാണ്. പുതിയ നിയമത്തിന്റെ കേന്ദ്ര ആശയം ഇശോയുടെ ഉത്ഥാനമാണ്. ഈശോ മരിച്ചവരിൽ നിന്ന് ഉത്ഥാനം ചെയ്തു എന്ന യാഥാർത്ഥ്യം പുതിയനിയമ ഗ്രന്ഥങ്ങളിൽ മുഴുവൻ നിറഞ്ഞു നിൽക്കുന്നു. വിവിധ രീതികളിലൂടെയാണ് പുതിയനിയമ ഗ്രന്ഥങ്ങൾ ഈ സത്യം അവതരിപ്പിക്കുന്നത്. ആദിമസഭയുടെ വിശ്വാസ പ്രഖ്യാപനങ്ങളിൽ ഈശോയുടെ ഉത്ഥാനത്തിന് വളരെ പ്രധാനപ്പെട്ട സ്ഥാനമുണ്ട് (അപ്പ 2:24-28). "ദൈവം അവനെ മരിച്ചവരിൽ നിന്നും ഉയിർപ്പിച്ചു"(റോമ 4:24). "അവൻ മരിച്ചു, ഉയിർത്തെഴുന്നേറ്റു" (1 കോറി 15:4) എന്നീ വിശ്വാസ പ്രഘോഷണങ്ങൾ ഇവയിൽ സുപ്രധാനമാണ്. ഈശോയുടെ മരണത്തിന്റെ രക്ഷാകരമൂല്യത്തെക്കുറിച്ചും യുഗാന്ത്യത്തിലുള്ള ക്രിസ്തീയ പ്രത്യാശയെക്കുറിച്ചും സഭയെക്കുറിച്ചുമുള്ള പ്രസ്താവനകളിലൂടെയും ഉത്ഥാന രഹസ്യം വ്യക്തമാക്കപ്പെടുന്നു. ശൂന്യമായ കല്ലറയെക്കുറിച്ചുള്ള വിവരണങ്ങളും (മത്താ 28:1-18), ഉത്ഥിതനായ ഈശോയുടെ പ്രത്യക്ഷീകരണങ്ങളെക്കുറിച്ചുള്ള വിവരണങ്ങളും (യോഹ 20,11-18) ഈശോ ഉയിർത്തുവെന്നതിന്റെ തെളിവുകളായി സുവിശേഷകന്മാർ അവതരിപ്പിക്കുന്നു.

ഈശോയുടെ ഉത്ഥാനത്തെ പുതിയ ജീവനിലേക്കുള്ള തിരിച്ചുവരവായി പുതിയനിയമം അവതരിപ്പിക്കുന്നുണ്ട്. ഉത്ഥാനമാണ് ഈശോയുടെ മഹത്ത്വീകരണത്തിനടിസ്ഥാനം (റോമ. 8:34). ഉത്ഥിതനായ ഈശോയെ വിശേഷിപ്പിക്കുവാനാണ് 'കർത്താവ്' എന്ന നാമം പുതിയനിയമം ഉപയോഗിക്കുന്നത്. ഈശോ കർത്താവായത് ഉത്ഥാനത്തിലൂടെയാണ്. കർത്താവ് എന്ന നാമം ഈശോയ്ക്ക് നൽകിയത് പഴയനിയമത്തിൽ ദൈവത്തെ ഉദ്ദേശിച്ച് ഉപയോഗിച്ച അർത്ഥത്തിൽതന്നെയാണ്. ദൈവത്തെ സൂചിപ്പിക്കുവാൻ പഴയനിയമത്തിൽ ഉപയോഗിച്ചിട്ടുള്ള 'അദോനായ്' എന്ന ഹീബ്രുപദം പഴയനിയമത്തിന്റെ ഗ്രീക്ക് പരിഭാഷയിൽ 'ക്യൂരിയോസ്' എന്നാണ്. ഈ പദത്തിന് പകരം മലയാളത്തിൽ ഉപയോഗിക്കുന്ന പദമാണ് കർത്താവ്.

ചരിത്രത്തെ അതിശയിക്കുകയും അതിന് അതീതമായിരിക്കുകയും ചെയ്യുന്ന ഒരു യാഥാർത്ഥ്യമാണ് ഈശോയുടെ ഉത്ഥാനം. ഈശോയുടെ ഉത്ഥാനം അനീതിയുടെമേലുള്ള നീതിയുടെ വിജയമാണ്. അന്തിമമായ വിജയം ചൂഷകന്റേതല്ല,

www.malankaralibrary.com

ചൂഷിതന്റേതാണെന്ന് ഈശോയുടെ ഉത്ഥാനം തെളിയിക്കുന്നു. ഈശോയുടെ ഉത്ഥാനം അനീതിയ്ക്കും മരണത്തിനുമെതിരെ പ്രത്യാശയോടെ ജീവിക്കാൻ നമ്മെ പ്രേരിപ്പിക്കുന്നു. അനീതിയും തിന്മയും മൂലമുണ്ടായ മരണത്തിനുമേൽ ഈശോ നേടിയ വിജയമാണ് ഉത്ഥാനം. കുരിശിൽ തറയ്ക്കപ്പെട്ട നസ്രായനായ ഈശോ തന്നെയാണ് ഉയിർപ്പിക്കപ്പെട്ടിരിക്കുന്നത് (മർക്കോ16:6) എന്ന് സുവിശേഷങ്ങൾ വ്യക്തമായി സാക്ഷ്യപ്പെടുത്തുന്നു. ഈ സന്ദേശം ഇന്നും ക്രൂശിക്കപ്പെട്ടുകൊണ്ടിരിക്കുന്ന അനേകം മനുഷ്യർക്ക് സുവിശേഷമാണ്. സമൂഹത്തിലെ ക്രൂശിതരായ വ്യക്തികളുടെ വീക്ഷണകോണിലൂടെ നോക്കിക്കാണുമ്പോഴാണ് ഈശോയുടെ ഉത്ഥാനത്തിന്റെ പൂർണ്ണമായ അർത്ഥം നമുക്ക് വ്യക്തമാകുന്നത്.

മരണത്തിന്റെ ശക്തിയെക്കാൾ വലുതാണ് ഉയിർപ്പിക്കുന്നതിനുള്ള ദൈവത്തിന്റെ ശക്തിയെന്ന് ഈശോയുടെ ഉത്ഥാനം തെളിയിക്കുന്നു. ഈശോയുടെ ഉത്ഥാനം ദൈവത്തിന്റെ സർവ്വശക്തിയുടെ ആവിഷ്ക്കാരം മാത്രമല്ല, അനീതിയും അക്രമവും പ്രവർത്തിക്കുന്ന മനുഷ്യരോടുള്ള ദൈവത്തിന്റെ പ്രതികരണം കൂടിയാണ്. അനീതിയുടെ മേലുള്ള നീതിയുടെ വിജയമാണ് ഈശോയുടെ ഉത്ഥാനം. ഈശോയുടെ ഉത്ഥാനം നമ്മുടെ മുമ്പിൽ ഉയർത്തുന്ന ചോദ്യം നാം നീതിയുടെ കൂടെയാണോ അതോ അനീതിയുടെ കൂടെയാണോ എന്നതാണ്. ഇന്നും ക്രൂശിക്കപ്പെട്ടുകൊണ്ടിരിക്കുന്നവർക്ക് ഈശോയുടെ ഉത്ഥാനം പ്രത്യാശയുടെ സന്ദേശമാണ് നൽകുന്നത്. ക്രൂശിതനെപ്പോലെ മുഖം വികൃതമാക്കപ്പെടുന്നവർ ഇന്ന് നമ്മുടെ സമൂഹത്തിലുണ്ട്. ഒരു വിധത്തിൽ അല്ലെങ്കിൽ മറ്റോരുവിധത്തിൽ ക്രൂശീകരണത്തിന്റെ അനുഭവങ്ങൾ ധാരാളമുണ്ട്. നീതിയ്ക്കുവേണ്ടി ക്രൂശിക്കപ്പെടുന്നവരും പീഡനം ഏൽക്കുന്നവരുമായ അനേകായിരങ്ങൾ ഇന്നുമുണ്ട്. സ്ഥാപന വത്ക്കരിക്കപ്പെട്ട അനീതിയുടെ വ്യവസ്ഥിതികളിൽ സാവകാശം ക്രൂശിക്കപ്പെടുന്നവർ ഇന്നത്തെ ലോകത്തിലുണ്ട്. ക്രൂശിക്കപ്പെട്ടവനെ ഉയിർപ്പിച്ച ദൈവം തങ്ങളെയും ഉയിർപ്പിക്കുമെന്ന് അവർക്ക് പ്രത്യാശിക്കാം. വിശുദ്ധ പൗലോസ് ശ്ലീഹായോടൊപ്പം നമുക്കും പറയാൻ സാധിക്കട്ടെ. "ഞാൻ ക്രിസ്തുവിനോട് കൂടെ ക്രൂശിതനായിരിക്കുന്നു. ഇനിമേൽ ഞാനല്ല ജീവിക്കുന്നത്, ക്രിസ്തുവാണ് എന്നിൽ ജീവിക്കുന്ന

www.malankaralibrary.com


ത്. എന്റെ ഇപ്പോഴത്തെ ഐഹിക ജീവിതം, എന്നെ സ്നേഹിക്കുകയും എനിക്കുവേണ്ടി തന്നെത്തന്നെ ബലിയർപ്പിക്കുകയും ചെയ്ത ദൈവപുത്രനിൽ വിശ്വസിച്ചുകൊണ്ടുള്ള ജീവിതമാണ്" (ഗലാ 2:20).

യേശുവിന്റെ കുരിശും ഉയിർപ്പും അടിവരയിടുന്നത് ജീവന്റെ തുടിപ്പുകളാണ്. യേശുവിനെ ജീവന്റെ കർത്താവായി സാക്ഷിക്കുന്നതിലൂടെ നാം ജീവിതത്തിന്റെ ഔന്നത്യമുള്ള മൂല്യങ്ങളെ ശാക്തീകരിക്കാൻ നിർബന്ധിതരാക്കുന്നു. യേശു എന്നും ജീവന്റെ പക്ഷത്ത് നിലകൊണ്ടു. അവിടുന്ന് രോഗത്തിനും, ദാരിദ്ര്യത്തിനും, തിരസ്ക്കരണത്തിനും മറ്റെല്ലാ മരണശക്തികൾക്കും എതിരായിരുന്നു. ജീവന്റെ ഘടകങ്ങളെ പരിപോഷിപ്പിച്ചുകൊണ്ടു മാത്രമേ നമുക്ക് യേശുവിന്റെ കർതൃത്വത്തിന്റെ സാക്ഷ്യം നിർവ്വഹിക്കാനാകൂ.

അനുഗ്രഹീതമായ ഈസ്റ്ററിന്റെ സമാധാനം ഏവർക്കും ഹൃദയപൂർവ്വം ആശംസിക്കുന്നു.

ആയത് ദൈവമാതാവായ പരിശുദ്ധ കന്യകമറിയാമിന്റെയും ഭാരതത്തിന്റെ അപ്പസ്തോലനായ മാർത്തോമ്മാശ്ലീഹായുടെയും പരിശുദ്ധന്മാരുടെയും പ്രാർത്ഥനയാൽ തന്നെ. ആമ്മേൻ

എന്ന്,



അമലഗിരി
ഉയിർപ്പ് 2019

**+ ഡോ. ജോഷ്വാ മാർ ഇഗ്നാത്തിയോസ്**
മാവേലിക്കര ഭദ്രാസനാദ്ധ്യക്ഷൻ

www.malankaralibrary.com

ദൈവകൃപയാലും തിരുസിംഹാസനത്തിന്റെ അംഗീകാര ത്താലും മാവേലിക്കര ഭദ്രാസനാദ്ധ്യക്ഷൻ ജോഷ്വാ മാർ ഇഗ്നാത്തിയോസ് മെത്രാപ്പോലീത്തായിൽ നിന്നും ബഹുമാനപ്പെട്ട വൈദികർക്കും സന്യസ്തർക്കും വിശ്വാസികളേവർക്കും വാഴ്വ്!

PL. No. 02/ 2020

## ഉയിർപ്പുതിരുനാൾ 2020

ബഹുമാനപ്പെട്ട വൈദികരേ, സന്യസ്തരേ, വിശ്വാസികളേ,

നമ്മുടെ വിശ്വാസത്തിന്റെ അടിസ്ഥാനമായി നിലകൊള്ളുന്നതും നമുക്ക് രക്ഷ പ്രദാനംചെയ്യുന്നതുമായ യേശുക്രിസ്തുവിന്റെ ഉത്ഥാനതിരുനാൾ നാം ആഘോഷിക്കുകയാണ്. “ക്രിസ്തു നമ്മുടെ പാപങ്ങൾക്കുവേണ്ടി മരിക്കുകയും സംസ്ക്കരിക്കപ്പെടുകയും എഴുതപ്പെട്ടിരിക്കുന്നതുപോലെ മൂന്നാംനാൾ ഉയിർപ്പിക്കപ്പെടുകയും ചെയ്തു” (1 കോറി 15:4). യേശുക്രിസ്തുവിന്റെ ഉത്ഥാനമാണ് നമ്മുടെ വിശ്വാസത്തിന്റെ അച്ചുതണ്ട്. “ക്രിസ്തു ഉയിർപ്പിക്കപ്പെട്ടിട്ടില്ലെങ്കിൽ നിങ്ങളുടെ വിശ്വാസം നിഷ്ഫലമാണ്. നിങ്ങൾ നിങ്ങളുടെ പാപങ്ങളിൽത്തന്നെ വർത്തിക്കുന്നു” (1കോറി 15:17) എന്ന് വി. പൗലോസ് നമ്മെ ഉദ്ബോധിപ്പിക്കുന്നു.

യേശുക്രിസ്തുവിന്റെ അനശ്വരതയും മഹിമയും ശക്തിയും ഉയിർപ്പുതിരുനാളിൽ നാം ആഘോഷിക്കുകയാണ്. സമാന്തരസുവിശേഷകന്മാർ യേശുവിന്റെ ‘തിരുവുത്ഥാനം’ എന്ന് വിവരിക്കുമ്പോൾ, യോഹന്നാൻ ശ്ലീഹയാകട്ടെ, ശൂന്യമായ കല്ലറയാണ്, യേശുവിന്റെ പുനരുത്ഥാനത്തിൽ ചിത്രീകരിക്കുന്നത്

www.malankaralibrary.com

(യോഹ 20:1–10). ഈ 'ശൂന്യമായ കല്ലറ'യെ ലക്ഷ്യമാക്കി ഓടുന്ന ശ്ലീഹന്മാരുടെ തലവനായ ശിമയോൻ പത്രോസും മറ്റേ ശിഷ്യനും, ശൂന്യമായ കല്ലറയുടെ സന്ദേശം അറിയിക്കാൻ ഓടുന്ന മഗ്ദലേനമറിയവും യോഹന്നാന്റെ സുവിശേഷത്തിൽ ഒരേ ദൗത്യമാണ് സ്വീകരിച്ചത്. യേശു ഉത്ഥാനം ചെയ്തുവെന്ന് 'കണ്ട്' വിശ്വസിക്കുക. അവർ കണ്ടതാകട്ടെ, ശൂന്യമായ കല്ലറയും. യേശുവിനോടുള്ള സ്നേഹമാണ്, 'ശൂന്യമായ കല്ലറ'യെ വിശ്വസിക്കാൻ പ്രേരിപ്പിക്കുക. "അവന്റെ പിന്നാലെ വന്ന ശിമയോൻ പത്രോസ് കല്ലറയിൽ പ്രവേശിച്ചു. കച്ച അവിടെ കിടക്കുന്നതും തലയിൽ കെട്ടിയിരുന്ന തൂവാല കച്ചയോടുകൂടെയല്ലാതെ തനിച്ച് ഒരിടത്ത് ചുരുട്ടിവച്ചിരിക്കുന്നതും അവൻ കണ്ടു. അപ്പോൾ കല്ലറയുടെ സമീപത്ത് ആദ്യം എത്തിയ മറ്റേ ശിഷ്യനും അകത്തുപ്രവേശിച്ച് കണ്ടുവിശ്വസിച്ചു" (യോഹ 20:7–8). വിശ്വാസത്തിന്റെ ഉൾക്കാമ്പായ ഉറപ്പും ബോധ്യവും അവരിൽ രൂപപ്പെട്ടത് 'ശൂന്യമായ കല്ലറ' കണ്ടതുമൂലമാണ്. 'ശൂന്യമായ കല്ലറ' കണ്ട ശിഷ്യന്മാർ മടങ്ങിപ്പോയി (യോഹ 20:10). ശൂന്യമായ കല്ലറയെക്കുറിച്ചുള്ള അവരുടെ അനുഭവം ബാക്കി ശിഷ്യന്മാരുമായും അപ്പസ്തോലന്മാരുമായും അവർ പങ്കുവച്ചു. വി. പൗലോസ് ശ്ലീഹാ ഈ ജീവിതാനുഭവത്തെ ഇങ്ങനെ വിശദീകരിക്കുന്നു: "ആകയാൽ വിശ്വാസം കേൾവിയിൽ നിന്നും കേൾവി ക്രിസ്തുവിനെക്കുറിച്ചുള്ള പ്രസംഗത്തിൽനിന്നുമാണ്" (റോമാ 10:17).

വിശ്വാസജീവിതത്തിൽ ഒന്നാമതായി നമുക്കുവേണ്ടത്. ക്രിസ്തുവിനോടുള്ള സ്നേഹമാണ്. "സ്നേഹമായിരിക്കട്ടെ നിങ്ങളുടെ ലക്ഷ്യം" (1കോറി 14:1). യേശുവിനെ സ്നേഹിക്കുമ്പോൾ, യേശുവിനെ തിരയാൻ തുടങ്ങും. യേശുവിനെ തിരയുമ്പോൾ, അവനിൽ വിശ്വസിക്കുന്നതിനായി അവൻ നമുക്കുവേണ്ടി അവശേഷിപ്പിച്ചിരിക്കുന്ന 'ശൂന്യമായ കല്ലറ' പോലുള്ള അടയാളങ്ങൾ ചൂണ്ടുപലകകളാകാം. അവൻ ജീവിക്കുന്നു എന്നതിന്റെ അടയാളങ്ങൾ യേശുതന്നെ നമുക്കായി കാണിച്ചുതരും. യേശുവിനെ വിശ്വാസിക്കാനുള്ള അടയാളങ്ങൾ ഇന്നും അവൻ കാലഘട്ടത്തിന്റെ സൂചനകളായി നല്കുന്നുണ്ട്.

ക്രിസ്തീയജീവിതമെന്നാൽ, ഉയിർത്തെഴുന്നേറ്റ കർത്താവിലുള്ള ജീവിതമാണ്. ക്രിസ്തീയ വിശ്വാസമെന്നാൽ ഉയിർത്തെ

www.malankaralibrary.com

ഴുന്നേറ്റ കർത്താവിലുള്ള വിശ്വാസമാണ്. ഉത്ഥിതനായ കർത്താവിൽ വിശ്വസിക്കുന്നവരുടെ ഇടയിൽ കർത്താവിന്റെ ഉയിർത്തെഴുന്നേറ്റ സാന്നിധ്യമുണ്ട്. “ജീവിച്ചിരിക്കുന്നവനെ നിങ്ങൾ മരിച്ചവരുടെ ഇടയിൽ അന്വേഷിക്കുന്നത് എന്തിന്?” (ലൂക്കാ 24:5). ജീവിച്ചിരിക്കുന്നവനായ കർത്താവിനെ, വിശ്വാസംവഴി ജീവിച്ചിരിക്കുന്നവരുടെ ഇടയിൽ നാം അന്വേഷിക്കണം. “അങ്ങനെ അവൻ അവർക്കുവേണ്ടത്ര തെളിവുകൾ നല്കിക്കൊണ്ട് ജീവിക്കുന്നവനായി പ്രത്യക്ഷപ്പെട്ടു” (അപ്പ 1:3). പുനരുത്ഥാനംവഴി ജീവിക്കുന്നവനായ കർത്താവിനെ നമുക്കും നമ്മുടെ ജീവിതം വഴി ആരാധിക്കാം.

നമ്മുടെ ഉത്ഥാനത്തിന്റെ മുന്നോടിയാണ് യേശുവിന്റെ തിരുവുത്ഥാനം. യേശു ഉയിർത്തതുകൊണ്ട് നാമും ഉയിർപ്പിക്കപ്പെടുമെന്നത് ഉറപ്പായി. “നിദ്രപ്രാപിച്ചവരുടെയെല്ലാം ആദ്യഫലമായി ക്രിസ്തു മരിച്ചവരുടെ ഇടയിൽ നിന്ന് ഉയിർപ്പിക്കപ്പെട്ടു” (1കോറി 15:20). യേശുവിന്റെ തിരുവുത്ഥാനം നമ്മുടെ ഉത്ഥാനത്തിന്റെ മുന്നോടിമാത്രമല്ല അച്ചാരവുംകൂടിയാണ്. ദൈവപിതാവ് പുത്രൻ തമ്പുരാൻ വഴി വിലനല്കി എടുത്തതാണ് നമ്മളെ. അതാണ് വി. പത്രോസ് വിളിച്ചുപറഞ്ഞത് “നശ്വരമായ വെള്ളികൊണ്ടോ സ്വർണ്ണംകൊണ്ടോ അല്ല, പ്രത്യുത ക്രിസ്തുവിന്റെ അമൂല്യരക്തത്താൽ വിലയ്ക്കുവാങ്ങപ്പെട്ടവരാണ് നമ്മൾ” (1 പത്രോ 1:18-19).

ക്രിസ്തുവിനോടൊപ്പം മരിച്ചവർക്കു മാത്രമേ, ക്രിസ്തുവിനോടൊപ്പം ഉയിർക്കാൻ അവകാശമുള്ളൂ. ദുഃഖവെള്ളി പിന്നിട്ടിട്ടാണല്ലോ ഉയിർപ്പുഞായർ കടന്നുവരുന്നത്. അതിനാൽ ഉയിർപ്പിന്റെ മഹത്വത്തിലേക്ക് പ്രവേശിക്കേണ്ടവർ പീഡാനുഭവത്തിന്റെ പാതയിൽക്കൂടി കടന്നുപോയേതീരൂ. ഉയിർത്തെഴുന്നേറ്റ ക്രിസ്തുവിനെ തിരിച്ചറിയാൻ എപ്പോഴാണ് ശിഷ്യർക്കു കഴിഞ്ഞത്? അപ്പം മുറിച്ചുകൊടുത്തപ്പോൾ (ലൂക്കാ 24:31). നമ്മുടെയും തിരിച്ചറിയൽ ആരംഭിക്കേണ്ടത് അപ്പംമുറിക്കൽ ശുശ്രൂഷയിൽവച്ചാണ്. ഉയിർത്തെഴുന്നേറ്റ ക്രിസ്തുവിന്റെ ഓർമ്മ ആചരിക്കുന്നത് അവിടെവച്ചാണ്. ഐക്യത്തിന്റെ കൂദാശയായ വി. കുർബാനയാണ് നമ്മെ ക്രിസ്തുവുമായി ഒന്നിപ്പിക്കുന്നത്.

www.malankaralibrary.com

കോവിഡ്-19 മഹാമാരിയുടെ സാഹചര്യത്തിൽ നമ്മുടെ അനുദിന ജീവിതം കൂടുതൽ ദുഃഖപൂരിതമായിരിക്കുന്നു. യേശുക്രിസ്തുവിന്റെ പീഡാസഹനങ്ങളെയും മരണത്തെയും കോവിഡ്-19 വരുത്തിയ ദുഃഖങ്ങളോടും വേദനകളോടും ചേർത്തുവായിക്കാൻ നമുക്ക് കഴിയണം. നമുക്ക് പുതിയോരു ജീവിതശൈലിതന്നെ വേണമെന്നല്ലേ കൊറോണ വൈറസ് വരുത്തിയ അടച്ചിടലിൽ നിന്നും നാം പഠിക്കുന്ന പാഠം. നമ്മുടെ ധൂർത്തിനും ആഡംബരങ്ങൾക്കുമൊക്കെ നിയന്ത്രനം ആവശ്യമല്ലേ? ഇപ്പോൾ നാം ശീലിക്കുന്ന മിതവ്യയം പോരേ നമുക്കൊരു സുഖജീവിതത്തിന്? മനുഷ്യൻ ചിന്തിച്ചു തീരുമാനങ്ങളെടുക്കേണ്ട ഒരു കാലസന്ധിയാണിത്. ആധ്യാത്മികതയെ ആചാരങ്ങളും ആഘോഷങ്ങലും ധനസമ്പാദന മാർഗ്ഗങ്ങളുമൊക്കെ ആക്കി ത്തീർത്തവർക്ക് ശരിയായ ആധ്യാത്മിക അഭ്യസിക്കാൻ ഈ ലോക്ക് ഡൗണ് കാലം സഹായകമല്ലേ? ദൈവത്തിലുള്ള വിശ്വാസവും സഹോദരങ്ങൾക്കുവേണ്ടിയുള്ള സമർപ്പണ മനോഭാവവും നമ്മിൽ വളരാൻ ഇപ്പോഴത്തെ നമ്മുടെ ജീവിതം നമ്മെ പഠിപ്പിക്കുന്നു.

യേശുക്രിസ്തുവിന്റെ സഹനവും മരണവും അവിടത്തെ ഉയിർപ്പിന്റെ മഹത്വത്തിലേക്ക് എത്തിച്ചതുപോലെ നാമും കൊറോണ വൈറസിനെ പിന്നിട്ട് ഉയിർത്തെഴുന്നേൽക്കും. ക്രിസ്തു തന്റെ ജീവൻ സമർപ്പിച്ചതുപോലെ അനേകർ ജീവൻ സമർപ്പിച്ച് മരിക്കുന്നു. മനുഷ്യ സമൂഹത്തിന്റെ ഉയിർത്തെഴുന്നേൽപ്പിന് അവർ കൊടുക്കുന്ന ത്യാഗനിർഭരമായ വിലയാണിത്. തന്റെ മരണത്തിൽ നിന്ന് ക്രിസ്തു ഉയിർത്തെഴുന്നേല്ക്കുകയും, ആ ഉയിർത്തെഴുന്നേല്പുവഴി, മനുഷ്യവംശത്തെ ഉയിർപ്പിക്കുകയും ചെയ്തതുപോലെ അവിടുത്തോടു ചേർന്നുള്ള നമ്മുടെ മരണവും നമ്മുടെയും മനുഷ്യസമൂഹത്തിന്റെയും ഉയിർത്തെഴുന്നേൽപ്പിനു വഴിതെളിക്കും.


അതിജീവനത്തിന്റെ പ്രത്യാശനിറഞ്ഞ നല്ല ദിവസങ്ങൾ നമുക്ക് സ്വപ്നം കാണാം. മിതവ്യയം ശീലിച്ചുകൊണ്ട് നമ്മുടെ വിഭവശേഷി മുഴുവനും നമുക്ക് സമാഹാരിച്ച് തകർച്ചയിൽ നിന്ന് നമുക്ക് ഉയിർത്തേഴുന്നേല്ക്കാം. പൊതുസമൂഹത്തിന്റെ ഒരുമി

www.malankaralibrary.com

ച്ചുള്ള യാത്രയിൽ ക്രിസ്തീയമൂല്യങ്ങൾ നമുക്ക് ഏറെ സഹാ യഹകരമാകും. ജീവിതത്തിന്റെ വേദന നിറഞ്ഞ ദിവസങ്ങളിൽ ദൈവാശ്രയവും പങ്കുവയ്ക്കലും പ്രാർത്ഥനാ ജീവിതവും നമുക്ക് തുണയാകട്ടെ. മരണത്തെ വിജയിച്ച കർത്താവ് ജീവനായും ജീവ ദാതാവായും നമ്മെ വഴിനടത്തും.

ഉയിർപ്പുതിരുനാളിന്റെ സമാധാനവും പ്രത്യാശയും ഹൃദ യപൂർവ്വം എല്ലാവർക്കും നേരുന്നു!

എന്ന്,



അമലഗിരി **+ ഡോ. ജോഷ്വാ മാർ ഇഗ്നാത്തിയോസ്**
ഉയിർപ്പ് 2020 മാവേലിക്കര ഭദ്രാസനാദ്ധ്യക്ഷൻ

www.malankaralibrary.com

ദൈവകൃപയാലും തിരുസിംഹാസനത്തിന്റെ അംഗീകാര ത്താലും മാവേലിക്കര ഭദ്രാസനാദ്ധ്യക്ഷൻ ജോഷ്വാ മാർ ഇഗ്നാത്തിയോസ് മെത്രാപ്പോലീത്തായിൽ നിന്നും ബഹുമാനപ്പെട്ട വൈദികർക്കും സന്യസ്തർക്കും വിശ്വാസികളേവർക്കും വാഴ്വ്!

PL. No. 02/ 2021

## ഉയിർപ്പുതിരുനാൾ 2021

യേശുക്രിസ്തുവിന്റെ പുനരുത്ഥാനം ആഹ്ളാദത്തിന്റെയും സമാധാനത്തിന്റെയും പ്രത്യാശയുടെയും വലിയ തിരുനാളാണ്. മനുഷ്യന്റെ വലിയ ശത്രുവായ മരണത്തെ ക്രിസ്തു പരാജയപ്പെടുത്തി, മൂന്നാം നാൾ ഉയർത്തെഴുന്നേറ്റു, എന്നതാണ് ഈസ്റ്റർ ദിവസത്തിന്റെ മഹത്തായ സന്ദേശം.

പ്രകൃതിയിൽ തന്നെ നവചൈതന്യത്തിന്റെ തുടിപ്പ് പ്രകടമാകുന്ന കാലത്താണ് യേശുക്രിസ്തുവിന്റെ ഉയിർപ്പ് സംഭവിച്ചത്. പലസ്തീൻ പ്രദേശത്ത്, മരവിച്ച ശീതകാലത്തിനുശേഷം, മാർച്ച്-ഏപ്രിൽ മാസങ്ങളിൽ വസന്തം വന്നണയുകയായി. പ്രകൃതി മുഴുവൻ പുതുജീവൻ തുടിച്ചുനിൽക്കുന്ന കാലയളവിലാണ് മരണത്തെ പരാജയപ്പെടുത്തികൊണ്ടുള്ള ക്രിസ്തുവിന്റെ പുനരുത്ഥാനം സംഭവിച്ചത്. മനുഷ്യരാശിക്ക് ഒരു പുതുജീവന്റെ തുടക്കം കുറിക്കാനുള്ള കാരണമായിട്ടാണ് ക്രിസ്തുവിന്റെ പുനരുത്ഥാനത്തെ കാണുന്നത്.

ക്രിസ്തീയ വിശ്വാസത്തിന്റെ അടിസ്ഥാനം കർത്താവിന്റെ ഉയിർപ്പാണ്. ക്രിസതു ഉയിർത്തെഴുന്നേറ്റിട്ടില്ല എങ്കിൽ ഞങ്ങളുടെ പ്രസംഗം വ്യർത്ഥം, നിങ്ങളുടെ വിശ്വാസവും വ്യർത്ഥം (1 കൊറി. 15:14). അർത്ഥശങ്കയ്ക്കിടയില്ലാതെ വിശുദ്ധ പൗലോസ് ഉയിർപ്പിന്റെ സാംഗത്യം വ്യക്തമാക്കുന്നു.

www.malankaralibrary.com

ഒരു ഭൂതകാല സംഭവം എന്ന നിലയിലല്ല ശിഷ്യന്മാരും ആദിമസഭയും ഈസ്റ്ററിനെ കണ്ടത്. വർത്തമാനകാല ജീവിതത്തിന് ശക്തി പകരുന്ന ഒരു യാഥാർത്ഥ്യമായി അവർ ഈസ്റ്ററിനെ അംഗീകരിക്കുകയും ഈസ്റ്ററിൽ വിശ്വസിക്കുകയും ചെയ്തു. ഉത്ഥിതനായ ക്രിസ്തുവിന്റെ സാന്നിധ്യവും അനുഗ്രഹവും എല്ലാ ഘട്ടത്തിലും ഏതു സാഹചര്യത്തിലും ഉറപ്പുള്ള യാഥാർത്ഥ്യമാണ്. ഭയാശങ്കകൾ നിറഞ്ഞ ഹൃദയത്തോടെ, ഉൾകണ്ഠാകുലരായി, മുറിയുടെ വാതിലുകൾ പോലും ബന്ധിച്ചിരിക്കുമ്പോൾ നിങ്ങൾക്ക് സമാധാനം എന്ന് അരുളിചെയ്തുകൊണ്ട് ഉത്ഥിതനായ ക്രിസ്തു സന്നിഹിതനാകുന്നു. ജീവിതത്തിലെ എല്ലാ അനുഭവങ്ങളിലും അവസ്ഥകളിലും ഉയിർത്തെഴുന്നേറ്റ ക്രിസ്തുവിന്റെ സാന്നിധ്യവും അനുഗ്രഹവും അനുഭവിക്കാൻ കഴിയുന്നു. ഈ സാന്നിധ്യവും ശക്തിയും അനുഭവിച്ചറിയുക എന്നതാണ് ഇന്നിന്റെ ആവശ്യം.

ഞാൻ തന്നെ പുനരുത്ഥാനവും ജീവനും ആകുന്നു. എന്നിൽ വിശ്വസിക്കുന്നവൻ മരിച്ചാലും ജീവിക്കും. എന്നിൽ വിശ്വസിക്കുന്നവൻ ഒരിക്കലും മരിക്കുകയില്ല (യോഹ 11:15). മരിച്ചവരിൽ നിന്നുള്ള ആദ്യഫലമായി ക്രിസ്തുവിനെ വിശേഷിപ്പിക്കുന്നുണ്ട്. അത് യഹൂദമതാചാരത്തിന്റെ പശ്ചാത്തലത്തിലാണ്. യഹൂദ പാരമ്പര്യത്തിൽ ഉൽപ്പന്നങ്ങളുടെ ആദ്യഫലം ദേവാലയത്തിൽ, ദൈവസമക്ഷം സമർപ്പിക്കപ്പെടും. അത് ഉൽപ്പന്നം എല്ലാം സമർപ്പിക്കപ്പെട്ടു എന്നതിന്റെ അടയാളവും സൂചനയുമാണ്. അതുപോലെ, മരിച്ചവരിൽ നിന്ന് മഹത്വത്തോടെ ആദ്യമായി ഉയിർത്തെഴുന്നേറ്റത് ക്രിസ്തുവാണ്. ആ യാഥാർത്ഥ്യം എല്ലാ വിശ്വാസികൾക്കും പുനരുത്ഥാനം ഉറപ്പാക്കുന്നു.

ക്രൈസ്തവ വിശ്വാസത്തിന്റെ അനന്യതയെക്കുറിച്ച് ബെനഡിക്ട് പതിനാറാമൻ മാർപാപ്പ പഠിപ്പിക്കുന്നു: "ഒരു വ്യക്തിയും സംഭവമായുള്ള കണ്ടുമുട്ടലാണ് ക്രൈസ്തവ വിശ്വാസത്തിന്റെ അടിത്തറ". എല്ലാം കിഴ്മേൽ മറിച്ച ഒരു സംഭവത്തിന്റെ അനുഭവമാണ് ഒരാളെ ലോകം മുഴുവൻ കീഴ്മേൽ മറിക്കുന്നവനാക്കുന്നത്. തീർച്ചയായും അത് ക്രിസ്തുവിന്റെ ഉയിർപ്പു തന്നെ.

www.malankaralibrary.com

വിശുദ്ധ പൗലോസ് ശ്ലീഹായുടെ ലേഖനങ്ങളിലെല്ലാം ഈ ഉയിർപ്പു തരുന്ന മാറ്റത്തിന്റെ പരാമർശനങ്ങൾ നിറയുന്നു. 1 കോറി.15-ൽ വിശുദ്ധ പൗലോസ് ശ്ലീഹാ എഴുതുന്നു, "ക്രിസ്തു മരിച്ചു. ഉയിർപ്പിക്കപ്പെട്ടു" (കോറി. 15: 4); "ഞങ്ങൾക്കെല്ലാം പ്രത്യക്ഷപ്പെട്ടു. ഇതാണ് ഞങ്ങൾ പ്രസംഗിച്ചതും നിങ്ങൾ വിശ്വസിച്ചതും" (1 കോറി. 15:11). "ക്രിസ്തു ഉയിർപ്പിക്കപ്പെട്ടില്ലെങ്കിൽ നിങ്ങളുടെ വിശ്വാസം നിഷ്ഫലമാണ്" (കോറി. 15: 17). "ഇതാ ഞാൻ നിങ്ങളോട് ഒരു രഹസ്യം പറയുന്നു. നാമെല്ലാവരും നിദ്രപ്രാപിക്കുകയില്ല" (കോറി. 15: 51). ഓരോ കുർബാനയിലും നാം ഏറ്റുപറയുന്ന വിശ്വാസവും ഇതു തന്നെയാണ്. ഈ വിശ്വാസം എന്റെ ജീവിതത്തിന്റെ അടിത്തറയാകണം. " യേശുവിന്റെ മരണം ഞങ്ങൾ പ്രഖ്യാപിക്കുന്നു, ഉയിർപ്പ് ഞങ്ങൾ ഏറ്റുപറയുന്നു".

ഉയിർപ്പിന്റെ അനുഭവം നമുക്ക് നൽകുന്നത് അഗാധമായ ആത്മീയ അനുഭവമാണ്. ഈ ജീവിതത്തെ ഉയിർപ്പിന്റെ പ്രകാശത്തിൽ കണ്ടാൽ എന്റെ ജീവിതത്തിനു മുഴുവൻ ഒരു പുത്തൻ അർത്ഥവും ആഴവും കൈവരും. ഉയിർപ്പിന്റെ ആനന്ദഭരിതമായ പെരുമാറ്റമാകണം ഒരു ക്രിസ്ത്യാനിയുടെ പ്രത്യേകത. ഇതാകും ഉയിർപ്പിന്റെ ഏറ്റവും വലിയ സാക്ഷ്യവും. സഭാപിതാവായ വിശുദ്ധ അഗസ്റ്റിന്റെ വാക്കുകൾ നമുക്ക് ശ്രദ്ധിക്കാം: "നാം ഈസ്റ്റർ ജനതതിയാണ്. നമ്മുടെ ഗാനം ഹല്ലേല്ലു യ്യായും".

വിശുദ്ധ പൗലോസ് ശ്ലീഹാ നമ്മെ ഓർമ്മപ്പെടുത്തുന്നു: "നിങ്ങൾ എപ്പോഴും കർത്താവിൽ സന്തോഷിക്കുവിൻ" (ഫിലിപ്പി 4:4). നമ്മുടെ ജീവിത സാഹചര്യം എന്തുമാകട്ടെ, സന്തോഷിക്കാൻ മാത്രമല്ല സന്തോഷം ചുറ്റുപാടും പരത്താനും നമുക്കു സാധിക്കണം. ഹൃദയത്തിൽ ക്രിസ്തുനാഥൻ നല്കുന്ന ഉയിർപ്പിന്റെ സന്തോഷം നിറയ്ക്കുവാനും ചുറ്റുപാടും ആ ആനന്ദം പരത്തുവാനും ഉത്ഥിതനായ ക്രിസ്തു നമ്മെ വിളിക്കുന്നു.

ഉയിർത്തെഴുന്നേറ്റ കർത്താവിന്റെ തിരുസാന്നിധ്യം ഭദ്രാസനത്തിന്റെ എല്ലാവിധ അജപാലന ശുശ്രൂഷകളെയും ശാക്തീകരിക്കട്ടെ. കരുതലോടും കരുണയോടും പരസ്പരം സ്നേഹിക്കുവാനും ശുശ്രൂഷിക്കുവാനും നമുക്കു ശ്രമിക്കാം. രോഗ

www.malankaralibrary.com

ത്താലും കടബാധ്യതകളാലും വാർദ്ധക്യത്തിന്റെ അവശതക ളാലും ഭാരപ്പെടുന്ന എല്ലാവരെയും ഉത്ഥിതനായ കർത്താവ് പ്രത്യാശയാൽ നിറയ്ക്കട്ടെ. പ്രകാശത്തിന്റെ മക്കളായി ജീവി ക്കുവാനും, ഉത്ഥാനത്തിന്റെ മക്കളായി നമ്മുടെ സമൂഹത്തെ പുന ഃസൃഷ്ടിക്കുവാനും നമുക്കു ശ്രമിക്കാം. അന്ധകാരത്തിന്റെ ശക്തി കൾ വർത്തമാനകാലത്തെ മലിമസമാക്കുമ്പോൾ ഉയിർത്തെഴു ന്നേറ്റ കർത്താവ് സത്യവും ധാർമ്മിക മൂല്യങ്ങളുംകൊണ്ട് പൊതുസമൂഹത്തെ നിറയ്ക്കട്ടെ.

ഈസ്റ്റർ അതിജീവിനത്തിന്റെ സന്ദേശമാണ് നമുക്ക് നൽകുന്നത്. ഏത് പീഡാനുഭവത്തിനും അപ്പുറം അതിജീവിന ത്തിന്റേതായ പ്രഭാതം ഉണ്ടെന്നാണ് ഈസ്റ്റർ നമ്മെ പഠിപ്പിക്കു ന്നത്. ലോകം കോവിഡ് എന്ന പീഡാസഹനത്തിലൂടെ കടന്നുപോകുന്ന ഘട്ടമാണിത്. ഈ യാതനയുടെ ഘട്ടത്തെ അതി ജീവിക്കാനുള്ള കരുത്തുകൂടിയാണ് ഈസ്റ്റർ നമുക്ക് പകരുന്ന ത്. അതിതീവ്രമായ നിരാശയും തകർച്ചയും കോവിഡ് മഹാ മാരി നമ്മുടെ ജീവിതത്തിൽ വാരിവിതറുമ്പോൾ മാറ്റമില്ലാത്ത വലിയ സന്തോഷത്തിന്റെയും പ്രത്യാശയുടെയും സന്ദേശം ഈസ്റ്റർ നമുക്ക് കൈ മാറുന്നു.

ഉയിർപ്പുതിരുനാളിന്റെ സന്തോഷവും സമാധാനവും എല്ലാവർക്കും ഹൃദയപൂർവ്വം ആശംസിക്കുന്നു.

ആയത് ദൈവമാതാവായ പരിശുദ്ധ കന്യകമറിയാമി ന്റെയും ഭാരതത്തിന്റെ അപ്പസ്തോലനായ മാർത്തോമ്മാശ്ലീഹാ യുടെയും പരിശുദ്ധന്മാരുടെയും പ്രാർത്ഥനയാൽ തന്നെ. ആമ്മേൻ

എന്ന്,



അമലഗിരി — **+ ഡോ. ജോഷ്വാ മാർ ഇഗ്നാത്തിയോസ്**

ഉയിർപ്പ് 2021 — **മാവേലിക്കര ഭദ്രാസനാദ്ധ്യക്ഷൻ**

www.malankaralibrary.com

www.malankaralibrary.com



# അല്മായദിനം, മിഷൻ ഞായർ, വിശ്വാസവർഷം, എക്യുമെനിസം ഇവയോടനുബന്ധിച്ച് പുറപ്പെടുവിച്ച ഇടയലേഖനങ്ങൾ

www.malankaralibrary.com

# മലങ്കര സുറിയാനി കത്തോലിക്കാ സഭ

2012– ലെ അൽമായ ദിനത്തോടനുബന്ധിച്ച്,
അൽമായർക്കുവേണ്ടിയുള്ള
സുന്നഹദോസ് കമ്മീഷൻ ചെയർമാൻ
അഭിവന്ദ്യ ഡോ. ജോഷ്വാ മാർ ഇഗ്നാത്തിയോസ്
മെത്രാപ്പോലീത്താ
പുറപ്പെടുവിക്കുന്ന സർക്കുലർ

## അല്മായദിനം 2012

ബഹു. വൈദികരേ, സന്യസ്തരേ, കർത്താവിൽ പ്രിയ വിശ്വാസികളേ,

മലങ്കര സുറിയാനി കത്തോലിക്കാ തിരുസഭ മെയ് ആറ് ഞായറാഴ്ച അല്മായ ദിനമായി ആചരിക്കുന്നു. ഉത്ഥിതനായ കർത്താവിന്റെ നിത്യമായ സമാധാനവും സന്തോഷവും എല്ലാവർക്കും നേരുന്നു. ലോകത്തിലായിരുന്നു കൊണ്ട്, കർത്താവിന്റെ വിശ്വസ്ത സാക്ഷികളായി ജീവിക്കുന്നതിനുള്ള കരുത്ത് നിങ്ങൾക്കു ലഭിക്കട്ടെ.

തിരുസഭയെപ്പറ്റിയുള്ള വത്തിക്കാൻ കൗൺസിലിന്റെ പ്രമാണരേഖയിൽ (*Lumen Gentium, 31*) അല്മായ വിശ്വാസി എന്ന പദം നിർവചിക്കുന്നത് ഇപ്രകാരമാണ്: തിരുപ്പട്ടം സ്വീകരിക്കാത്തവരോ സഭ അംഗീകരിച്ചിട്ടുള്ള സന്യാസ സഭകളിൽപ്പെടാത്തവരോ ആയ എല്ലാ വിശ്വാസികളെയുമാണ് അല്മായർ എന്ന പദം കൊണ്ട് സൂചിപ്പിക്കുന്നത്. മാമോദീസാ വഴി അവർ ക്രിസ്തുവിനോട് ചേർന്നു ഒരു ശരീരവും, ക്രിസ്തുവിന്റെ ജനവുമായി രൂപം കൊള്ളുന്നു. ക്രിസ്തുഭവിന്റെ പൗരോഹിത്യത്തിലും, പ്രവാചകത്വത്തിലും, രാജത്വത്തിലും, സ്വർക്ഷീയമായ രീതിയിൽ അവർ പങ്കുകാരാ

www.malankaralibrary.com

വുന്നു. അല്മായർ സഭയിലും, ലോകത്തിലുമുള്ള ദൗത്യത്തിൽ തങ്ങളുടേതായ പങ്കു നിർവഹിക്കുന്നു.

വത്തിക്കാൻ പ്രമാണരേഖയായ അല്മായ പ്രേഷിതത്വം (*Apostolicam Actuositatem*), അപ്പോസ്തോലിക ആഹ്വാന മായ അല്മായ വിശ്വാസികൾ (*Christifideles Laici*), ഈ രണ്ടു രേഖകളും സഭയിൽ അല്മായരുടെ ദൗത്യം എന്താണെന്നു നിഷ്കർഷിക്കുന്നു. വി. മത്തായുടെ സുവിശേഷത്തിൽ പരാ മർശിക്കുന്ന മുന്തിരിതോട്ടത്തിലെ വേലക്കാരാണ് ദൈവജനം (മത്തായി 20, 1–2) എന്ന് തിരുസഭ പഠിപ്പിക്കുന്നു. ദൈവിക പദ്ധതിക്കു അനുസൃതമായി പരിവർത്തന വിധേയമാക്കേണ്ട മുന്തിരിത്തോട്ടമായ ലോകത്തിലെ വേലക്കാരാണ് അല്മായർ. അല്മായർ മുന്തിരിത്തോട്ടത്തിലെ ജോലിക്കാർ മാത്രമല്ല മുന്തിരിച്ചെടിയാകുന്ന ക്രിസ്തുവിന്റെ ശാഖകളുമാണ് (യോഹ. 15, 5). വി. പൗലോസ് ശ്ലീഹാ സഭാ സമൂഹത്തെ വിശേഷിപ്പിച്ചത് രാജകീയ പുരോഹിത ഗണം, വിശുദ്ധ ജനത, തിരഞ്ഞെടുക്കപ്പെട്ട ജനം എന്നിങ്ങനെയുള്ള സംബോധനക ളിലൂടെയാണ് (1 പത്രോസ് 2, 9).

പന്ത്രണ്ടാം പിയൂസ് മാർപാപ്പ അല്മായരെക്കുറിച്ചു ഇപ്ര കാരം പ്രസ്താവിക്കുകയുണ്ടായി: വിശ്വാസികൾ, കൃത്യമായി പറഞ്ഞാൽ അല്മായ വിശ്വാസികൾ, സഭാ ജീവിതത്തിന്റെ മുൻ നിരയിൽത്തന്നെയുണ്ട്. അവരെ സംബന്ധിച്ചിടത്തോളം സഭ മനുഷ്യ സമൂഹത്തിന്റെ ചൈതന്യഹേതുവാണ്. അതുകൊണ്ട്, തങ്ങൾ സഭയുടേതാണെന്നു മാത്രമല്ല, തങ്ങൾത്തന്നെ സഭ ആണെന്ന നിത്യസ്പഷ്ടമായ അവബോധം പ്രത്യേകമായി അവർക്കുണ്ടായിരിക്കണം. അതായത് പരമാദ്ധ്യക്ഷനായ മാർപാപ്പയുടെയും, അദ്ദേഹത്തോടുള്ള കൂട്ടായ്മയിൽ മെത്രാന്മാരുടെയും നേതൃത്വത്തിൽ ഭൂമിയിൽ വിശ്വാസികളുടെ സമൂഹം. ഇവരാണ് സഭ (*AAS* 38 (1946) 149). വിശുദ്ധിയി ലേക്കു വിളിക്കപ്പെട്ടവരാണ് അല്മായർ. സുവിശേഷാധിഷ്ഠി തമായ ജീവിതമായിരിക്കണം ഓരോ അല്മായന്റെയും. എല്ലാ ക്രൈസ്തവരും സുവിശേഷ നവീകരണത്തിന്റെ പാത വീണ്ടും തിരഞ്ഞെടുക്കേണ്ടതാണ്. എല്ലാ പ്രവൃത്തികളിലും വിശുദ്ധരാ യിരിക്കുവിൻ (1 പത്രോ. 1, 15) എന്ന പത്രോസ് ശ്ലീഹായുടെ

ആഹ്വാനം ജീവിതത്തിൽ ഓരോ അല്മായനും അന്വർത്ഥമാക്കണം. ത്രിത്വത്തിലുള്ള ഐക്യം പോലെ, സഭാമക്കൾ സഭയിൽ ഒരു കൂട്ടായ്മയായിരിക്കണം. ഞാൻ സാക്ഷാൽ മുന്തിച്ചെടിയും എന്റെ പിതാവ് കൃഷിക്കാരനുമാണ്. നിങ്ങൾ എന്നിൽ വസിക്കുവിൻ ഞാൻ നിങ്ങളിലും വസിക്കും (യോഹ. 15, 1:4). കർത്താവും ശിഷ്യരും തമ്മിലുള്ള കൂട്ടായ്മപോലെ, മുന്തിരിയാകുന്ന ക്രിസ്തുവിനോടു ശാഖകളാകുന്ന അല്മായർ ഒന്നായിരിക്കണം.

സഭയുടെ രക്ഷാകര ദൗത്യം നിറവേറ്റുന്നതിൽ അല്മായർക്കു മുഖ്യ പങ്കാളിത്തമുണ്ട്. അല്മായർ തങ്ങളുടെ ദൗത്യം നിർവ്വഹിക്കേണ്ടത് അവരുടെ പ്രവർത്തന മണ്ഡലങ്ങളിലാണ്. സഭയ്ക്കു സ്വതന്ത്രമായി പ്രവർത്തിക്കാൻ സാധിക്കാത്തിടത്ത് അല്മായ പ്രേഷിതത്വത്തിനു വലിയ പങ്കുണ്ട്. ദൈവാലയത്തിൽ മാത്രമല്ല ഒരു വ്യക്തി ക്രിസ്ത്യാനിയായിരിക്കേണ്ടത്; എല്ലാ മേഖലകളിലും ക്രിസ്തുവിന് സാക്ഷ്യം നല്കുന്ന വ്യക്തിയാകണം. ലോകത്തിന്റെയും ലൗകിക പ്രവർത്തനങ്ങളുടെയും മധ്യേ ജീവിക്കുകയെന്നത് അല്മായ സ്ഥിതിക്കു യോജിച്ചതു തന്നെയാണ്. അതുകൊണ്ട് ക്രിസ്തുവിന്റെ ചൈതന്യത്താൽ ജ്വലിച്ച്, ലോകത്തെ പുളിപ്പിക്കുന്ന മാവെന്നപോലെ സ്വന്തം ദൗത്യം നിർവ്വഹിക്കാൻ ദൈവം അല്മായരെ വിളിച്ചിരിക്കുന്നു (*Apostolicam Actuositatem*, 2). സഭയുടെ പ്രേഷിത ലക്ഷ്യങ്ങളിലുള്ള പങ്കുചേരലും അവയോടുള്ള യോജിപ്പും അത്യന്താപേക്ഷിതമാണ്. സുവിശേഷം പ്രചരിപ്പിക്കുക, മനുഷ്യരെ വിശുദ്ധീകരിക്കുക, അവരിൽ ക്രൈസ്തവ മന:സാക്ഷി രൂപീകരിക്കുക, അതുവഴി സുവിശേഷ ചൈതന്യം വിവിധ സമൂഹങ്ങളിലേക്കും സാഹചര്യങ്ങളിലേക്കും പ്രസരിപ്പിക്കുക എന്നതാണ് സഭയുടെ ലക്ഷ്യം(*Apostolicam Actuositatem* 23, 65). സഭാംഗങ്ങളായിരിക്കുന്നതു കൊണ്ട് സുവിശേഷം പ്രഘോഷിക്കുവാനുള്ള വഴിയും ദൗത്യവും അല്മായ വിശ്വാസികൾക്കുണ്ട്.മുന്തിരിത്തോട്ടത്തിലെ ഉടമസ്ഥൻ പല മണിക്കൂറിലാണ് ജോലിക്കാരെ വിളിക്കുന്നത്. വി. ഗ്രിഗറി, വിളിയുടെ പല മണിക്കൂറിനെ ഒരു വ്യക്തിയുടെ ജീവിതത്തിലെ പലഘട്ടങ്ങളെ സൂചിപ്പിക്കുന്നു. ഓരോരുത്തരും അവരവരുടെ വിളികളുടെയും, സാഹചര്യങ്ങളുടെയും,

www.malankaralibrary.com

ഘട്ടങ്ങളുടെയും വൈവിധ്യമനുസരിച്ച് ദൈവരാജ്യത്തിനു വേണ്ടി ജോലിചെയ്യുവാൻ വിളിക്കപ്പെട്ടവരാണ്. ശിശുവായാലും, സ്ത്രീയായാലും, പുരുഷനായാലും, വൃദ്ധനായാലും എല്ലാവരും ഫലദായകമായ മുന്തിരിച്ചെടിയുടെ ശാഖകളാണ്. ഓരോരുത്തരും തനിക്കുകിട്ടിയ ദാനത്തെ ദൈവത്തിന്റെ വിവിധ ദാനങ്ങളുടെ ഉത്തമനായ കാര്യസ്ഥനെന്ന നിലയിൽ മറ്റെല്ലാവർക്കും വേണ്ടി ഉപയോഗിക്കട്ടെ (1 പത്രോ. 4, 10).

എല്ലാവർക്കും പരമപ്രധാനമായ വിളി ലഭിച്ചിട്ടുണ്ട്. അല്മായ വിശ്വാസികളുടെ രൂപവത്കരണത്തിന്റെ അടിസ്ഥാന പരമായ ലക്ഷ്യം കൂടുതൽ സുവ്യക്തമായി ഒരുവന്റെ വിളി കണ്ടെത്തുകയും അവന്റെ ദൗത്യം നിറവേറ്റുവാനായി കൂടുതൽ സന്നദ്ധതയോടെ അതു ജീവിതത്തിലേക്കു പകർത്തുകയുമാണ്. അല്മായ വിശ്വാസികളെ രൂപവത്കരിക്കുന്നതിലും, വിളി കണ്ടെത്തുന്നതിലും തിരുസഭാ മാതാവ് ജാഗ്രതയോടെ ശ്രദ്ധിക്കുന്നു.

ലോകത്തിലെ ഗുരുതരവും സങ്കീർണ്ണവുമായ പ്രശ്നങ്ങൾക്കുമുമ്പിൽ പക്വതയോടും, പ്രത്യാശയോടും, യുക്തിപൂർവ്വവും നില്ക്കാൻ അല്മായ സഹോദരങ്ങളെ യോഗ്യരാക്കണം. രൂപവത്കരണം എന്ന ദൈവിക ദൗത്യത്തിൽ പങ്കാളികളാകാൻ സഭാ മക്കൾ വിളിക്കപ്പെട്ടിരിക്കുന്നു. സഭ തന്റെ ജീവിതത്തിന്റെ തന്നെ പങ്കു വയ്ക്കലിലൂടെയും പ്രവർത്തനങ്ങളിലൂടെയുമാണ് ഇതു സാധിക്കുന്നത്. പരസ്പര കൂട്ടായ്മയിലും വൈദികരും സന്യസ്തരും അല്മായരും അടങ്ങുന്ന എല്ലാ അംഗങ്ങളുടെയും സഹവർത്തിത്വത്തിലും അല്മായ വിശ്വാസികൾ സഭയിലും സഭയാലും രൂപവത്കരിക്കപ്പെടുന്നു.

അല്മായരുടെ മുഖ്യവും അടിയന്തിരവുമായ ചുമതല പുതിയ സഭാസമൂഹങ്ങൾ കെട്ടിപ്പടുക്കുകയെന്നതല്ല, മറിച്ച് അവരുടെ സ്വന്തം പ്രവർത്തനമേഖലകളായ രാഷ്ട്രീയം, സാമൂഹികം, സാമ്പത്തികം, സാംസ്കാരികം, കല, ശാസ്ത്രം തുടങ്ങിയവയുടെ സുവിശേഷവത്കരണമാണ് *(Evangeli Nuntiandi 70)*. ഏതാണ്ട് ഇതേ വാക്കുകളിൽ തന്നെയാണ് അല്മായസിനഡിന്റെ അവസാനം ജോൺ പോൾ രണ്ടാമൻ മാർപാപ്പ പുറപ്പെടുവിച്ച അല്മായ വിശ്വാസികൾ എന്ന

www.malankaralibrary.com

പ്രബോധന രേഖയിലും, 1998 –ൽ നടന്ന ഏഷ്യൻ സിനഡിന്റെ അവസാനം പുറപ്പെടുവിച്ച ഏഷ്യയിലെ സഭ *(Ecclesia in Asia)* എന്ന പ്രബോധന രേഖയിലും അല്മായ പ്രേഷിതത്വത്തെക്കുറിച്ച് പറയുന്നുണ്ട്. ഏഷ്യയിലെ സഭയിൽ ജോൺ പോൾ രണ്ടാമൻ മാർപാപ്പ പറഞ്ഞത് ഇങ്ങനെയാണ് – ജ്ഞാനസ്നാനവും സൈഥര്യലേപനവും വഴി നല്കപ്പെടുന്ന കൃപയിലൂടെയും വിളിയിലൂടെയും അല്മായവിശ്വാസികളെല്ലാം പ്രേഷിതരാകുന്നു. അവരുടെ പ്രേഷിത പ്രവർത്തനത്തിന്റെ വേദി രാഷ്ട്രീയം, സാമ്പത്തികം, വ്യവസായം, വിദ്യാഭ്യാസം, മാധ്യമങ്ങൾ, ശാസ്ത്രം, ടെക്നോളജി, കല, സ്പോർട്സ് എന്നിവയടങ്ങുന്ന സങ്കീർണ്ണവും വിശാലവുമായ ലോകമാണ് (ഏഷ്യയിലെ സഭ, 45).

അല്മായർ എവിടെയായിരിക്കുന്നുവോ അവിടെ തന്നെയാണ് അവരുടെ പ്രേഷിത പ്രവർത്തനത്തിന്റെ വേദി. അല്മായരെല്ലാം തന്നെ കുടുംബജീവിതം നയിക്കുന്നവരും ഏതെങ്കിലുമൊരു തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവരുമാണല്ലോ. അവരെ സംബന്ധിച്ചിടത്തോളം പ്രേഷിതപ്രവർത്തനത്തിന്റെ ഏറ്റവും ഉത്കൃഷ്ടമായ വേദി കുടുംബം തന്നെയാണ്. ഭാര്യാഭർത്താക്കന്മാർ തമ്മിലുള്ള പരസ്പര വിശ്വാസവും സ്നേഹവും മക്കളെ ക്രിസ്തീയ വിശ്വാസത്തിൽ വളർത്തുന്നതിലെടുക്കുന്ന താത്പര്യവും വൃദ്ധരായ മാതാപിതാക്കളുടെ സംരക്ഷണവും അവരുടെ കാര്യത്തിലെടുക്കുന്ന കരുതലും ഏറ്റവും വിലപ്പെട്ട പ്രേഷിതപ്രവർത്തനമാണ്. ഇതോടൊപ്പം തന്നെയാണ് തൊഴിൽ രംഗത്തെ ക്രിസ്തീയസാക്ഷ്യം. അല്മായ വിശ്വാസികളെല്ലാവരും തന്നെ ഏതെങ്കിലും ഒരു തൊഴിലിൽ ഏർപ്പെട്ടുജീവിക്കുന്നവരാണല്ലോ. സർക്കാർ ജോലി, അധ്യാപകൻ, ഡോക്ടർ, എൻജിനിയർ, അഭിഭാഷകൻ, മാധ്യമപ്രവർത്തകൻ, കർഷകൻ, കച്ചവടം, ബാങ്കിങ്ങ്, വ്യവസായം, നിർമ്മാണപ്രവർത്തനം, ട്രേഡ് യൂണിയൻ, ഫാക്ടറി ജോലി, കൂലിപ്പണി തുടങ്ങി ഏതുമേഖലയിൽ പ്രവർത്തിക്കുന്നവർക്കും അല്മായ പ്രേഷിതരാകാം. ക്രിസ്തീയ മൂല്യങ്ങൾക്കനുസൃതമായി, ചുമതലാബോധത്തോടുകൂടി പ്രവർത്തിച്ചാൽ മതി. വേദി നമ്മോടൊപ്പമുണ്ടെന്നുള്ളതാണ് വസ്തുത. നീതിയ്ക്കും, സമാധാനത്തിനും, വികസനത്തിനും, മനുഷ്യാവകാശ

www.malankaralibrary.com

ങ്ങൾക്കും, പരിസ്ഥിതി സംരക്ഷണത്തിനും വേണ്ടിയുള്ള മേഖലകളിലെ സന്നദ്ധസേവനം ഏറെ പ്രാധാന്യം അർഹിക്കുന്നു. ഈ മേഖലകളിൽ മുഖ്യമായും പ്രവർത്തിക്കുവാനായി മുന്നോട്ടു വരേണ്ടത് അല്മായരാണ്. കാരണം, അവരുടെ ജീവിതവുമായി ഏറെ ബന്ധപ്പെട്ടതാണ് ഈ മേഖലകൾ.

മലങ്കര സുറിയാനി കത്തോലിക്കാ സഭയിൽ അൽമായർക്ക് കൂടിവരുന്നതിനും സുവിശേഷം ജീവിക്കുന്നതിനുമുള്ള വേദിയാണ് മലങ്കര കാത്തലിക്ക് അസോസിയേഷൻ *(MCA)*. തൊഴിലാളികളുടെ മദ്ധ്യസ്ഥനായ വി. യൗസേഫ് പിതാവിന്റെ ഓർമ്മദിനം (മെയ് 01) നാം അല്മായദിനമായി കൊണ്ടാടുന്നു. തൊഴിലിനോടുള്ള മഹത്വം ലോകത്തിനു പകരാൻ നാം ഉത്സുകരായിരിക്കണം. നീതിയും സത്യസന്ധതയും തൊഴിൽ മേഖലകളിൽ വ്യാപിപ്പിക്കണം. മാത്രമല്ല, നമ്മുടെ കുടുംബങ്ങൾ നസ്രത്തിലെ തിരുകുടുംബംപോലെ പ്രാർത്ഥനയുടെയും സ്നേഹത്തിന്റെയും പ്രതീകമായി മാറണം. ഈ വർഷത്തെ അല്മായ ദിനമായ മെയ് 6– ഞായറാഴ്ച സഭയുടെ നവസുവിശേഷവത്ക്കരണ ദൗത്യത്തെ കുറിച്ച് എം.സി.എ അംഗങ്ങൾക്കിടയിൽ അവഗാഹം ഉണ്ടാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്. നമ്മുടെ എല്ലാ ഇടവകകളിലും എം.സി.എ യൂണിറ്റുകൾ സ്ഥാപിക്കാൻ ബഹു. വികാരിയച്ചന്മാർ ശ്രദ്ധിക്കഭണം. ഉള്ള യുണിറ്റുകൾ ഫലപ്രദമായി സഭയുടെ ചൈതന്യത്തിലേക്ക് വളർത്തുകയും വേണം. എല്ലാ ഇടവകകളിലും എം.സി.എ. ദിനം ആചരിക്കുകയും അംഗത്വം പുതുക്കുകയും പുതിയ ആളുകളെ എം.സി.എ. യിൽ ചേർക്കുകയും വേണം. എം.സി.എ. യുടെ ആഭിമുഖ്യത്തിൽ അല്മായരെ ശക്തിപ്പെടുത്തുന്നതിനും പരിശീലിപ്പിക്കുന്നതിനുമുള്ള ശ്രമങ്ങൾ നടത്തുകയും കർമ്മപദ്ധതികൾ ആവിഷ്കരിക്കുകയും വേണം. എം.സി.എ. യുടെ പ്രവർത്തനങ്ങളെ ശക്തിപ്പെടുത്തേണ്ടത് ഓരോ അല്മായന്റേയും കടമയാണ്. മെയ് 6 ലെ കാണിക്ക ഭദ്രാസനപ്രൊക്കുറേറ്ററുടെ പേർക്ക് ബഹു. അച്ചന്മാർ അയ്ച്ചുകൊടുക്കേണ്ടതാണെന്ന് ഓർമ്മിപ്പിക്കുന്നു.


നമ്മുടെ എല്ലാ ഇടവകകളിലും സുവിശേഷ തീക്ഷണതയുള്ള ഒരു അല്മായ സംഘം ഉണ്ടാകട്ടെ. ധാർമ്മിക പ്രശ്ന

www.malankaralibrary.com

ങ്ങളായ മദ്യപാനം, ലഹരി വസ്തുക്കളുടെ ഉപയോഗം, പൊതുരംഗത്തെ അഴിമതികൾ, അനീതി, ജനസംഖ്യാ നിയന്ത്രണ മാർഗങ്ങൾ, ഗർഭഛിദ്രം, വിശ്വാസത്തിന്റെ മേലുള്ള ശാസ്ത്രത്തിന്റെ കടന്നുകയറ്റം, നിരീശ്വര വാദം, ഭൗതികവാദം, ഭൂകമ്പങ്ങൾ, പ്രകൃതിയെ ചൂഷണം ചെയ്യൽ ഒക്കെ നമുക്കു മുൻപിൽ പ്രതിബന്ധങ്ങൾ സൃഷ്ടിക്കുന്നു. എന്നാൽ, ഇവിടെ ഉത്തമ ക്രൈസ്തവ സാക്ഷ്യം നൽകി ജീവിക്കാൻ നമ്മുടെ അല്മായർക്ക് സാധിക്കേണ്ടിയിരിക്കുന്നു. കൂടുതൽ തലങ്ങളിലേക്ക് നമ്മുടെ പ്രേഷിത ശുശ്രൂഷകൾ വളരേണ്ടതുണ്ട്. അവിടെ സ്വന്തം കർത്തവ്യങ്ങളെക്കുറിച്ച് ബോധവാന്മാരായി ക്രിസ്തുവിനെയും സഭയെയും വിവിധ മേഖലകളിൽ സേവിക്കാൻ നമ്മുടെ അല്മായ സഹോദരങ്ങൾക്കു സാധിക്കട്ടെ.

ഉത്ഥിതനായ ഈശോ നമ്മെ അനുഗ്രഹിക്കട്ടെ,

എന്ന്,



അമലഗിരി — **+ ഡോ. ജോഷ്വാ മാർ ഇഗ്നാത്തിയോസ്**

ഏപ്രിൽ 2012 — മാവേലിക്കര ഭദ്രാസനാദ്ധ്യക്ഷൻ

www.malankaralibrary.com

## മലങ്കര സുറിയാനി കത്തോലിക്കാ സഭ

2018– ലെ അൽമായ ദിനത്തോടനുബന്ധിച്ച്,
അൽമായർക്കുവേണ്ടിയുള്ള
സുന്നഹദോസ് കമ്മീഷൻ ചെയർമാൻ
അഭിവന്ദ്യ ഡോ. ജോഷ്വാ മാർ ഇഗ്നാത്തിയോസ്
മെത്രാപ്പോലീത്താ
പുറപ്പെടുവിക്കുന്ന സർക്കുലർ

### അല്മായദിനം 2018

ബഹു. വൈദികരേ, സന്യസ്തരേ, കർത്താവിൽ പ്രിയ വിശ്വാസികളേ,

മലങ്കര സുറിയാനി കത്തോലിക്കാ സഭ അല്മായ ദിനം ഈ വർഷം ആചരിക്കുന്നത് മെയ് 6–ഞായറാഴ്ചയാണ്. അല്മായരുടെ വിളിയും ദൗത്യവും സവിശേഷമായി അനുസ്മരിക്കുന്ന ഈ ദിനത്തിന്റെ പ്രാർത്ഥനാശംസകൾ എല്ലാ അല്മായ സഹോദരങ്ങൾക്കും സമൃദ്ധമായി നേരുന്നു.

മാമോദീസവഴി അല്മായർ ക്രിസ്തുവിനോടുകൂടി ഒരു ശരീരമായിത്തീരുന്നു. ദൈവത്തിന്റെ ജനമായി രൂപംകൊള്ളുന്നു. ക്രിസ്തുവിന്റെ പൗരോഹിത്യത്തിലും, പ്രവാചകത്വത്തിലും, രാജത്വത്തിലും സ്വകീയമായ രീതിയിൽ അവർ പങ്കുകാരാകുന്നു. സഭയിലും ലോകത്തിലുമുള്ള ക്രിസ്തീയജനം മുഴുവന്റെയും ദൗത്യത്തിൽ തങ്ങളുടേതായ പങ്ക് അവരും നിർവഹിക്കുന്നു എന്ന് രണ്ടാം വത്തിക്കാൻ സുന്നഹദോസ് അല്മായ സഹോദരങ്ങളെ നിർവചിക്കുന്നു (തിരുസഭ – 31). അങ്ങനെ, വിളിയിലും ദൗത്യത്തിലും അല്മായർ പുരോഹിതൻമാരിൽ നിന്നും വ്യത്യസ്തരാണെങ്കിലും അവർ ക്രിസ്തുവിന്റെ പൂർണ്ണതയിൽ പങ്കുള്ള തെരഞ്ഞെടുക്കപ്പെട്ട വിശുദ്ധ ജനമാണ്. "ആരാണ് ക്രൈസ്തവ അല്മായർ" എന്ന ചോദ്യത്തിന് സഭയോടും

www.malankaralibrary.com

സഭാരഹസ്യത്തോടും അല്മായ വിശ്വാസികൾക്കുള്ള സമ്പൂർണ്ണബന്ധം ഊന്നിപ്പറഞ്ഞുകൊണ്ട് തികച്ചും ഒരു ഭാവാത്മക ദർശനം വത്തിക്കാൻ കൗൺസിൽ സ്വീകരിച്ചു. "ലോകത്തോട് ബന്ധപ്പെട്ടു ജീവിക്കുന്നുവെന്നതാണ് അല്മായരുടെ പ്രത്യേകത. ഭൗതികകാര്യങ്ങളെ നിയന്ത്രിച്ചും ദൈവഹിതാനുസാരം ക്രമീകരിച്ചും സ്വന്തം ദൈവവിളിയ്ക്ക് അനുസൃതമായി ദൈവരാജ്യം അന്വേഷിച്ചും ലോകത്തിൽ ജീവിക്കുകയെന്നതാണ് അല്മായരുടെ കടമ. ഭൗതികമായ എല്ലാ വ്യവഹാരങ്ങളിലും ജോലികളിലും ഏർപ്പെട്ടുകൊണ്ട് കുടുംബസംബന്ധവും സാമൂഹികവുമായ ജീവിതത്തിൽ അസ്ഥിത്വവും കെട്ടുപിണഞ്ഞുകിടക്കുന്ന ലോകത്തിലെ സാധാരണ സാഹചര്യങ്ങളിലാണ് അവർ ജീവിക്കുന്നത് (തിരുസഭ- 31). പന്ത്രണ്ടാം പീയൂസ് മാർപാപ്പ അൽമായരെകുറിച്ച് പ്രസ്താവിക്കുന്ന വാക്കുകൾ ശ്രദ്ധേയമാണ്: "വിശ്വാസികൾ, കൃത്യമായി പറഞ്ഞാൽ അല്മായ വിശ്വാസികൾ, സഭാ ജീവിതത്തിന്റെ മുൻനിരകളിൽ തന്നെ. അവരെ സംബന്ധിച്ചിടത്തോളം സഭ മനുഷ്യസമൂഹത്തിന്റെ ചൈതന്യ ഹേതുവാണ്. അതുകൊണ്ട് തങ്ങൾ സഭയുടെതാണെന്ന് മാത്രമല്ല, തങ്ങൾത്തന്നെ സഭയാണെന്ന നിത്യസ്പഷ്ടമായ അവബോധം പ്രത്യേകമായി അവർക്കുണ്ടായിരിക്കണം *(Pius XII, Discourse to the New Cardinals, 20 February, 1946; AAs 38(1946).*

ക്രിസ്തുവിന്റെ മൗതിക ശരീരമായ സഭയിൽ അംഗങ്ങളായിരിക്കുക വഴിയാണ് പുരോഹിതൻ, രാജാവ്, പ്രവാചകൻ എന്നീ നിലകളിലുള്ള ക്രിസ്തുവിന്റ ത്രിവിധ ദൗത്യത്തിൽ അല്മായ വിശ്വാസികൾ പങ്കുകാരാകുന്നത്. "തിരഞ്ഞെടുക്കപ്പെട്ട വംശവും രാജകീയ പുരോഹിതഗണവും വിശുദ്ധജനവും ദൈവത്തിന്റെ സ്വന്തം ജനവും" (1 പത്രോ. 2:9) എന്നു വിശ്വാസികളുടെ സമൂഹത്തെ വിശുദ്ധ പത്രോസ് വിളിക്കുമ്പോൾ ഇത് തന്നെയാണ് വ്യക്തമാക്കുന്നത്. അതായത്, സഭാകൂട്ടായ്മയിൽ നിന്നും ആവിർഭവിക്കുന്നതാണ്, ക്രിസ്തുവിന്റെ ത്രിവിധ ദൗത്യത്തിലുള്ള അല്മായ വിശ്വാസികളുടെ പങ്കാളിത്തം. അതുകൊണ്ട് ഇത് കൂട്ടായ്മയിലൂടെതന്നെ ജീവിക്കു കയും സാക്ഷാത്ക്കരിക്കുകയും കൂട്ടായ്മയുടെ വളർച്ചയ്ക്ക് സഹായകമാകുകയും വേണം.

www.malankaralibrary.com

അല്മായൻ ലോകത്തിൽനിന്നും എടുക്കപ്പെട്ടവനാണ്. ജ്ഞാനസ്നാനം വഴി ക്രിസ്തുവിൽ ഒന്നായിത്തീർന്നവൻ, എന്നാൽ അവൻ സമ്പൂർണ്ണമായി ലോകത്തിൽ തന്നെയാണ്. ലോകത്തെ വിശുദ്ധീകരിക്കാനുള്ള പുളിമാവായി അവൻ അവിടെത്തന്നെ ജീവിക്കേണ്ടവനാണ്. ലോകത്തിൽ നിന്നും എടുക്കപ്പെട്ടവൻ, എന്നാൽ ലോകത്തിൽ നിന്ന് എടുത്ത് മാറ്റപ്പെട്ടവനല്ല (യോഹ.17). ലോകത്തിന്റെ വ്യാപാരങ്ങളിൽ മുഴുകി ജീവിച്ചുകൊണ്ട് എല്ലാം ക്രിസ്തുവിന്റെ ദീപ്തിയാൽ പ്രശോഭിതമാക്കേണ്ടവനാണ് ഓരോ അല്മായനും. ലോകത്തോടും ഭൗതികമണ്ഡലത്തോടുമുള്ള അല്മായന്റെ ബന്ധം, യഥോചിതമായി അവന്റെ ദൈവവിളിയുടെ ദൈവശാസ്ത്രപരവും സഭാസംബന്ധവുമായ അവസ്ഥാവിശേഷമാണ്; ഒരർത്ഥത്തിൽ അവന്റെ അതിസ്വാഭാവികാസ്തിത്വത്തിന്റെ ഭാഗമാണത്. അവന്റെ വിളിയുടെയും വിശുദ്ധീകരണത്തിന്റെയും, അക്കാരണത്താൽ, അവന്റെ ആദ്ധ്യാത്മികതയുടെയും ദൈവശാസ്ത്രപരമായ വേദിയാണ് ഈ ഭൗതികമണ്ഡലമത്രയും. അല്മായന്റെ പ്രവർത്തനമണ്ഡലം മുഖ്യമായും അവന്റെ ഭൗതികലോകം തന്നെയാണ്. അവിടെയാണ് അവന്റെ നിത്യത്തൊഴിൽ അരങ്ങേറുന്നതും, കുടുംബപരവും സാമൂഹ്യവുമായ ബന്ധങ്ങൾ ഉടലെടുക്കുന്നതും (തിരുസഭ -35). സുവിശേഷസത്യത്തിൽ അധിഷ്ഠിതമായ ജീവിതശൈലിയിലൂടെ, വഴിയും സത്യവും ജീവനും ക്രിസ്തുവാണെന്ന് പ്രഖ്യാപിക്കുന്ന, ക്രൈസ്തവജീവിതത്തിന്റെ അടിയുറച്ച സാക്ഷ്യത്തിലൂടെയാണ് അല്മായൻ ഭൗതികമണ്ഡലത്തിലെ കടമകൾ നിറവേറ്റേണ്ടത്. ഭൗതികമണ്ഡലത്തോട് വളരെയേറെ ബന്ധപ്പെട്ട് ജീവിക്കുന്ന അൽമായർ ഈ മണ്ഡലങ്ങളെയെല്ലാം പ്രകാശിപ്പിക്കുവാനും ക്രമീകരിക്കുവാനും വിളിക്കപ്പെട്ടവരാണ് എന്ന വസ്തുത വത്തിക്കാൻ കൗൺസിൽ (അല്മായർ, No: 31) ആവർത്തിച്ചു പറയുന്നു.

സമൂഹത്തിന്റെ വിവിധ മണ്ഡലങ്ങളിൽ വ്യാപരിക്കുമ്പോഴും, പ്രേഷിത ശുശ്രൂഷയിൽനിന്ന് അല്മായന് മാറിനിൽക്കാൻ സാധിക്കുകയില്ല. "പോയി സുവിശേഷം പ്രസംഗിക്കുക" (മർക്കോ: 16,15) എന്ന യേശുവിന്റെ കല്പന, തീർച്ചയായും എപ്പോഴും അതിന്റെ സജീവവും സദാ നിർബന്ധിക്കുന്നതുമായ കടമ നിലനിർത്തുന്നു. ലോകത്തിൽ മാത്രമ

www.malankaralibrary.com

ല്ല, സഭയുടെ പല ഭാഗങ്ങളിലും ഇന്ന് നിലവിലുള്ള സാഹചര്യം ക്രിസ്തുവിന്റെ വചനം കൂടുതൽ സന്നദ്ധതയോടും ഉദാരമായ വിധേയത്വത്തോടുംകൂടി സ്വീകരിക്കുവാൻ നിർബന്ധിക്കുന്നു. ഓരോ ശിഷ്യനും വ്യക്തിപരമായി പേരു ചൊല്ലി വിളിക്കപ്പെട്ടിരിക്കുന്നു. "സുവിശേഷം പ്രസംഗിക്കുന്നില്ലെങ്കിൽ എനിക്കു ദുരിതം" (1കൊറി 9: 16). സുവിശേഷം എല്ലാദേശങ്ങളിലും പ്രഘോഷണം ചെയ്യാനും, വിശ്വാസത്തിന്റെ നീരുറവ വറ്റിവരളുന്ന പ്രദേശങ്ങളിൽ വീണ്ടും സുവിശേഷവൽക്കരണം നടത്താനുള്ള അല്മായരുടെ ബാദ്ധ്യതയെക്കുറിച്ചു വിശുദ്ധ ജോൺപോൾ രണ്ടാമൻ മാർപ്പാപ്പ "അല്മായവിശ്വാസികൾ" എന്ന ചാക്രിക ലേഖനത്തിൽ വിശദമായി പ്രതിപാദിക്കുന്നു (No.23,33,34,35). അല്മായർ പ്രേഷിതവൃത്തി നിർവഹിക്കേണ്ടത് തങ്ങളുടെ പ്രവർത്തന പരിധിയിൽ എല്ലാവരോടും സുവിശേഷ സന്ദേശം അറിയിച്ചുകൊണ്ടാണ്. ക്രിസ്തുനാഥന്റെ ഉയിർപ്പിന്റെ സാക്ഷിയായും, ദൈവത്തിന്റെ സജീവമായ അസ്ഥിത്വത്തിന്റെ അടയാളമായും, ഓരോ അല്മായനും ലോകസമക്ഷം നിലകൊള്ളാൻ അയക്കപ്പെട്ടിരിക്കുകയാണ്. "ക്രിസ്തീയ വിളിതന്നെ പ്രേഷിതത്വത്തിലേക്കുള്ള വിളിയാണ്" (അല്മായ പ്രേഷിതത്വം No.2) എന്ന പ്രസ്താവനയ്ക്ക് വി. പൗലോസിന്റെ വാക്കുകൾ തെളിവ് നല്കുന്നു. "അവൻ വഴി ശരീരം മുഴുവൻ, ഓരോ സന്ധിബന്ധവും അതതിന്റെ ജോലി നിർവഹിക്കത്തക്കവിധം സമന്വയിക്കപ്പെട്ട്, വളരുകയും സ്നേഹത്തിൽ രൂപപ്പെടുകയും ചെയ്യുന്നു" (എഫേ 4:16) എന്ന് വി. പൗലോസ് ശ്ലീഹാ ഓർമ്മ പ്പെടുത്തുന്നു.

തിരുസഭയുടെ മക്കൾ എന്ന നിലയിൽ അല്മായ സഹോദരങ്ങൾ പരസ്പരം കരുതാനും വളർത്താനും വിളിക്കപ്പെട്ടവരാണ്. ഒറ്റപ്പെട്ട വ്യക്തികൾ എന്ന രീതിയിൽ അല്ല, ഗാഢമായ ഐക്യത്തിൽ കഴിയുന്ന സമൂഹത്തിന്റെ അംഗങ്ങൾ എന്ന നിലയിലാണ് നാം ക്രിസ്തുശിഷ്യന്മാരാകുന്നത്. മിശിഹായുടെ മൗതികശരീരത്തിലെ അവയവങ്ങളാണ് നാം. "നാം പലരാണെങ്കിലും ക്രിസ്തുവിൽ ഏകശരീരമാണ്. എല്ലാവരും പരസ്പരം ബന്ധപ്പെട്ട അവയവങ്ങളുമാണ്" (റോമ. 12.5) യേശു, ജീവിതത്തിൽ പ്രകടമാക്കിയ സാമൂഹിക പ്രതിബദ്ധത ആദിമ സഭയുടെ ജീവിതശൈലിയായി മാറി. "അവരുടെ ഇടയിൽ ദാരിദ്ര്യദുഃഖമനുഭ

www.malankaralibrary.com

വിക്കുന്നവർ ആരും ഉണ്ടായിരുന്നില്ല" (അപ്പോ:പ്രവ:4:34) എന്ന പരാമർശം സാമൂഹികജീവിതത്തെക്കുറിച്ച് അവർക്കുള്ള സങ്കല്പം എന്തായിരുന്നെന്നു ധ്വനിപ്പിക്കുന്നു. ആത്മരക്ഷയും സാമൂഹ്യക്ഷേമവും ഒത്തൊരുമിച്ച് കൊണ്ടുപോകണമെന്ന് അവർ മനസിലാക്കുന്നു. ജെറുസലേമിലെ വിശ്വാസികളുടെ ഇടയിൽ ദാരിദ്ര്യം ഉണ്ടായപ്പോൾ, സുവിശേഷ പ്രസംഗത്തിനിടയിൽപോലും പൗലോസ് അപ്പസ്തോലൻ മറ്റു സഭാസമൂഹങ്ങളിൽ നിന്നു ധനശേഖരണം നടത്തി അവരെ സഹായിച്ചുവെന്നത് (1കൊറി.16:1-4) ആദിമസഭയുടെ സാമൂഹ്യബോധത്തിന്റെ നല്ലൊരു തെളിവാണ്. അനാഥരുടെയും വിധവകളുടെയും ഞെരുക്കങ്ങളിൽ അവരുടെ സഹായത്തിന് എത്തുക, ലോകത്തിന്റെ കളങ്കം ഏല്ക്കാതെ തന്നെത്തന്നെ കാത്തുസൂക്ഷിക്കുക ഇതാണ് പിതാവായ ദൈവത്തിന്റെ മുമ്പിൽ പരിശുദ്ധവും നിഷ്കളങ്കവുമായ ഭക്തി (യാക്കോബ് 1:27) എന്ന പ്രസ്താവന സഹോദരന്റെയും സമൂഹത്തിന്റെയും ക്ഷേമൈശ്വര്യങ്ങൾക്കായുള്ള പ്രവർത്തനം ആദ്ധ്യാത്മിക ജീവിതത്തിന്റെ അടിത്തറയായി ആദിമസഭ കണ്ടിരുന്നുവെന്ന് വ്യക്തമാക്കുന്നു. വർത്തമാന കാലഘട്ടത്തിലെ മനുഷ്യ ജീവിതത്തിന്റെ സുഖദുഃഖങ്ങളിൽ അനുഭാവപൂർവ്വം ഉൾച്ചേർന്ന് ജീവിക്കാൻ അല്മായ സഹോദരങ്ങൾക്ക് സവിശേഷമായ കടമയുണ്ട്.

സമൂഹത്തിന്റെ വിവിധതലങ്ങളിൽ അഴിമതി, സ്വജനപക്ഷാപാതം, കുറ്റകരമായ അനാസ്ഥ മുതലായ തിന്മകൾ നിയന്ത്രണാതീതമായി വളർന്നുകൊണ്ടിരിക്കുകയാണ്. മദ്യപാനവും ആഡംബരവും പാഴ്ചെലവുകളും മുമ്പെങ്ങുമില്ലാത്ത രീതിയിൽ വർദ്ധിച്ചുവരുന്നു. കൈക്കൂലിയും, ശുപാർശയും ഇല്ലാതെ പൗരന്മാരുടെ പ്രാഥമികാവശ്യങ്ങൾപോലും നേടിയെടുക്കുവാൻ സാധിക്കുകയില്ലെന്ന ധാരണ വ്യാപകമായി പൊതുസമൂഹത്തിൽ നിലവിലുണ്ട്. നീതിബോധം, സത്യസന്ധത, സേവനമനോഭാവം, സാമാന്യമര്യാദ തുടങ്ങിയ സാമൂഹിക മൂല്യങ്ങൾ പൊതുരംഗത്തുനിന്ന് അപ്രത്യക്ഷമായിക്കൊണ്ടിരിക്കുന്നു. മറ്റുള്ളവരുടെ അവകാശങ്ങളോടുള്ള ആദരമല്ല, പണത്തിനും പ്രാമാണ്യത്തിനും വേണ്ടിയുള്ള തീരാദാഹമാണ് പലരുടെയും പെരുമാറ്റത്തെ നിയന്ത്രിക്കുന്നത്. ജീവൻ അപഹരിക്കുക എന്നത് ഇന്ന് നിസാരകാര്യമായി മാറിയിട്ടുണ്ട്. സാമൂഹ്യവിരുദ്ധരുടെ

www.malankaralibrary.com

മാഫിയാ സംസ്ക്കാരത്തിന് മുമ്പിൽ തങ്ങൾ തികച്ചും നിസ്സാഹായരാണെന്നു സാധാരണജനങ്ങൾ കരുതുന്നു. അനീതിക്കെതിരെ പ്രതിഷേധിക്കാനോ വ്യത്യസ്ത നിലപാട് സ്വീകരിക്കാനോ അവർ ധൈര്യപ്പെടുന്നില്ല. ഈ ഭീതിതന്നെ സമൂഹഗാത്രത്തിലാകെ മരവിപ്പ് സൃഷ്ടിച്ചിട്ടുണ്ട്. ഈ ദുഃസ്ഥിതിയുടെ പശ്ചാത്തലത്തിൽ സങ്കോചമൊന്നും കൂടാതെ ചൂഷണം തുടരുവാൻ മുൻപറഞ്ഞ വിരുദ്ധശക്തികൾക്കു സാധിക്കുന്നു. പൊതുസമൂഹം നേരിടുന്ന അപചയ ങ്ങളെ ധാർമ്മിക മൂല്യങ്ങളിൽ അടിയുറച്ച് ജീവിച്ചുകാണിച്ചുകൊണ്ട് നേരിടുവാൻ അല്മായ സഹോദരങ്ങൾ വിളിക്കപ്പെട്ടിരിക്കുന്നു.


അല്മായദിനം മലങ്കര സുറിയാനി കത്തോലിക്കാ സഭയിലെ അല്മായരുടെ പൊതു ആഘോഷമാണ്. എം.സി.എ, മാതൃസംഘം, പിതൃസംഘം, വിൻസെന്റ് ഡി.പോൾ, ലീജിയൻ ഓഫ് മേരി തുടങ്ങിയ എല്ലാ അല്മായ സംഘടനകളും ഒരുമിച്ച് ഈ ദിനം സമുചിതമായി ആഘോഷിക്കുമല്ലോ. സഭയുടെ വളർച്ചക്കും സമൂഹത്തിന്റെ വികസനത്തിനും വേണ്ടി അല്മായ പ്രസ്ഥാനങ്ങൾ നൽകുന്ന പങ്കാളിത്തവും സഹകരണവും ഞാൻ നന്ദിയോടെ ഇത്തരുണത്തിൽ സ്മരിക്കുകയും വിലമതിക്കുകയും ചെയ്യുന്നു. സുവിശേഷസംഘത്തിലൂടെ അല്മായ സഹോദരീ സഹോദരന്മാർ നല്കുന്ന സാക്ഷ്യജീവിതവും പ്രതിബദ്ധതയും ആത്മസമർപ്പണവും ഞാൻ നന്ദിയോടെ ഓർക്കുന്നു. ബാഹ്യകേരള പശ്ചാത്തലത്തിൽ ഭവനങ്ങൾ കേന്ദ്രീകരിച്ചുള്ള മിഷൻ പ്രവർത്തനയജ്ഞത്തിൽ അല്മായ സഹോദരങ്ങൾ ഏറ്റെടുക്കുന്ന ത്യാഗം നിസ്തുലമാണ്. പ്രവാസജീവിതത്തിന്റെ പരിമിതിയും ഞെരുക്കങ്ങളും വകവയ്ക്കാതെ പ്രേഷിത തീഷ്ണതയാൽനിറയുന്ന അല്മായ സഹോദരങ്ങൾ തിരുസഭയുടെ ശോഭയേറിയ സാക്ഷ്യമുഖമാണ്. ക്ലേശമേറിയ പ്രവാസ ജീവിതത്തിലും അധ്വാനത്തിന്റെ വലിയ ഓഹരി കാരുണ്യ പ്രവർത്തനങ്ങൾക്കായി നീക്കിവെയ്ക്കുന്ന സഹോദരങ്ങളെ ഞാൻ കടപ്പാടോടെ ഓർക്കുന്നു. അല്മായദിനത്തിലെ വിശുദ്ധ കുർബാനയുടെ സ്തോത്രകാഴ്ച നമ്മുടെ സഭയിലെ അല്മായ ശുശ്രൂഷയ്ക്കുവേണ്ടിയാണല്ലോ നാം വിനിയോഗിക്കുന്നത്. അന്നേ ദിവസം ഉദാരമായി സ്തോത്രകാഴ്ച നൽകി അനുഗ്രഹീതരാകുവാൻ ഏവരെയും ഞാൻ ആഹ്വാനം ചെയ്യുന്നു.

www.malankaralibrary.com

നമ്മുടെ സഭയുടെ പ്രത്യേക കാനോന 601 പ്രകാരം പ്രസ്തുത സ്തോത്രകാഴ്ച സമാഹരിച്ച് ബഹു. വികാരിയച്ചന്മാർ അതാത് അതിഭദ്രാസന, ഭദ്രാസന, എക്സാർക്കേറ്റ് പ്രൊക്കുറേറ്റർമാരുടെ പേർക്ക് അയച്ചുകൊടുക്കേണ്ടതും പ്രൊക്കുറേറ്റർമാർ പ്രസ്തുത തുകയുടെ പകുതി കാതോലിക്കേറ്റ് സെന്ററിൽ സഭയുടെ ഫിനാൻസ് ഓഫീസിൽ എത്തിക്കേണ്ടതുമാണ്. അല്മായ പ്രസ്ഥാനങ്ങളുടെ സ്വർഗ്ഗീയ മദ്ധ്യസ്ഥനായ വി. യൗസേഫ് പിതാവ് നമുക്ക് തുണയും മദ്ധ്യസ്ഥനുമായിരിക്കട്ടെ.

ഉത്ഥിതനായ കർത്താവ് എല്ലാ അല്മായ ശുശ്രൂഷകളെയും വാഴ്ത്തി അനുഗ്രഹിക്കട്ടെ.

എന്ന്



**✠ ഡോ. ജോഷ്വാ മാർ ഇഗ്നാത്തിയോസ്**

അൽമായർക്കുവേണ്ടിയുള്ള

സുന്നഹദോസ് കമ്മീഷൻ ചെയർമാൻ &

മാവേലിക്കര ഭദ്രാസനാദ്ധ്യക്ഷൻ

കാതോലിക്കേറ്റ് സെന്റർ

പട്ടം, തിരുവനന്തപുരം

അല്മായദിനം 2018

www.malankaralibrary.com

## മലങ്കര സുറിയാനി കത്തോലിക്കാ സഭ

2021- ലെ അൽമായ ദിനത്തോടനുബന്ധിച്ച്,
അൽമായർക്കുവേണ്ടിയുള്ള
സുന്നഹദോസ് കമ്മീഷൻ ചെയർമാൻ
അഭിവന്ദ്യ ഡോ. ജോഷ്വാ മാർ ഇഗ്നാത്തിയോസ്
മെത്രാപ്പോലീത്താ
പുറപ്പെടുവിക്കുന്ന സർക്കുലർ

**അല്മായദിനം 2021**

ബഹുമാനപ്പെട്ട വൈദികരേ, സന്യസ്തരേ, വിശ്വാസികളേ,

അഭിവന്ദ്യ പിതാക്കന്മാരേ, വന്ദ്യ കോറെപ്പിസ്ക്കോപ്പാമാരേ, വന്ദ്യ റമ്പാച്ചന്മാരേ, ബഹു. വൈദികരേ, ബഹു. സമർപ്പിതരേ, കർത്താവിൽ പ്രിയ സഹോദരി സഹോദരന്മാരേ,

മലങ്കര സുറിയാനി കത്തോലിക്കാ സഭ ഈ വർഷം അല്മായ ദിനം ആചരിക്കുന്നത് മെയ് 2-ഞായറാഴ്ചയാണ്. അല്മായരുടെ വിളിയും ദൗത്യവും സവിശേഷമായി അനുസ്മരിക്കുന്ന ഈ ദിനത്തിന്റെ പ്രാർത്ഥനാശംസകൾ എല്ലാ അല്മായ സഹോദരങ്ങൾക്കും സമൃദ്ധമായി നേരുന്നു!

അല്മായർ എന്ന സംജ്ഞകൊണ്ട് മനസ്സിലാക്കേണ്ടത്, തിരുപ്പട്ടമോ സഭയിൽ അംഗീകൃതമായ സന്യാസമോ സ്വീകരിക്കാത്തവരായ ക്രിസ്തീയ വിശ്വാസികൾ എന്നാണ്. മാമ്മോദീസാവഴി മിശിഹായോട് ഏകശരീരമായിത്തീർന്ന്, തിരുസഭയിൽ അംഗമായി മിശിഹായുടെ പുരോഹിത, പ്രവാചക, രാജകീയ ദൗത്യങ്ങളിൽ പങ്കുകാരാക്കപ്പെട്ട, സഭയിലും ലോകമെമ്പാടുമുള്ള ക്രിസ്തീയജനതയുടെ മുഴുവനും ദൗത്യത്തിന്റെ സ്വകീയമായ ഭാഗം നിറവേറ്റുന്നവരാണ് അൽമായ വിശ്വാസികൾ. പരിശുദ്ധാത്മാവിന്റെ പവിത്രവും സജീവവുമായ ആലയങ്ങളും വിശു

www.malankaralibrary.com

ദ്ധിയിലേക്ക് വിളിക്കപ്പെട്ടവരും ലോകത്തിൽ വിശുദ്ധിയുടെ ജീവിത മാതൃകകളുമാണ് അൽമായർ.

ലോകത്തിലുള്ള അൽമായരുടെ ജീവിതവും ദൗത്യവും സവിശേഷമായി വിലയിരുത്തേണ്ടതാണ്. തിരുപ്പട്ടം ലഭിച്ചവർ ചിലപ്പോഴൊക്കെ ലൗകികകാര്യങ്ങളിൽ വ്യാപരിക്കാറുണ്ട്. അവർക്ക് ലൗകികജീവിത വൃത്തി ഉണ്ടായെന്നുംവരാം. എങ്കിലും തങ്ങളുടെ പ്രത്യേക ദൈവവിളികൊണ്ട് അവർ പ്രധാനമായും വിശുദ്ധ ശുശ്രൂഷയ്ക്കു നിയോഗിക്കപ്പെട്ടിരിക്കുന്നു. സന്യാസികളാകട്ടെ, ലോകത്തെ രൂപഭേദം വരുത്തുന്നതിനും ദൈവത്തിനു സമർപ്പിക്കുന്നതിനും തങ്ങളുടെ ജീവിതാന്തസ്സുവഴി വ്യക്തവും അനിതരസാധാരണവുമായ സാക്ഷ്യം നല്കുന്നു.

അൽമായർ തങ്ങൾക്ക് ലഭിച്ചിരിക്കുന്ന ദൈവവിളിയിൽ ഉറച്ചുനിന്നുകൊണ്ട് ഭൗതികവസ്തുക്കൾ കൈകാര്യം ചെയ്തുകൊണ്ടും ദൈവഹിതമനുസരിച്ച് ക്രമവത്ക്കരിച്ചുകൊണ്ടും ദൈവരാജ്യം അന്വേഷിക്കേണ്ടവരാണ്. ലൗകികമായ വിവിധ ജോലികളിലും കർത്തവ്യത്തിലും സാധാരണ കുടുംബജീവിതത്തിലും സാമൂഹിക പരിതോവസ്ഥകളിലും അവർ ജീവിക്കുന്നു. അവരുടെ നിലനില്പുതന്നെ അവയോടു ബന്ധിതമായിരിക്കുന്നു എന്നവിധം അവിടെ സുവിശേഷ ചൈതന്യത്താൽ നയിക്കപ്പെട്ട്, ലോകവിശുദ്ധീകരണത്തിനായി പുളിമാവുപോലെ പ്രവർത്തിച്ച് തങ്ങളുടെ കടമ നിർവഹിച്ചു ജീവിക്കാൻ അവർ ദൈവത്താൽ വിളിക്കപ്പെട്ടിരിക്കുന്നു.

ലോകത്തെ ഉള്ളിൽ നിന്നു നിയന്ത്രിക്കുന്നവരെപ്പോലെ, പ്രധാനമായും വിശ്വാസം, പ്രത്യാശ, സ്നേഹം ഇവയിൽ ജ്വലിക്കുന്ന ജീവിതസാക്ഷ്യം വഴി മിശിഹായെ മറ്റുള്ളവർക്ക് അവർ വെളിപ്പെടുത്തേണ്ടിയിരിക്കുന്നു. തങ്ങൾ സഗാഢം ബന്ധപ്പെട്ടിരിക്കുന്ന ഭൗതികവസ്തുക്കൾ മിശിഹായ്ക്കു യോജിച്ചവിധം നിരന്തരം രൂപവത്ക്കരിച്ച് അവ വളർത്തുന്നതിനും അങ്ങനെ മിശിഹായും രക്ഷകനുമായവന്റെ മഹത്വത്തിനായി അവ പ്രകാശിപ്പിക്കുന്നതിനും വേണ്ടിയാണിത്.

പുരോഹിതൻ, രാജാവ്, പ്രവാചകൻ എന്നീ നിലകളിലുള്ള

www.malankaralibrary.com

ക്രിസ്തുവിന്റെ ത്രിവിധ ദൗത്യത്തിൽ അൽമായ വിശ്വാസികളുടെ പങ്കാളിത്തത്തിന്റെ ഉറവിടം ജ്ഞാനസ്നാനാഭിഷേകമാണ്. സ്ഥൈര്യലേപനത്തിൽ അതു വളർച്ചപ്രാപിക്കുകയും വിശുദ്ധ കുർബാനയിൽ അതു സാക്ഷാത്ക്കരിക്കപ്പെടുകയും ശക്തിയുടെ പോഷണമാവുകയും ചെയ്യുന്നു. കർത്താവിന്റെ ഏക ശരീരത്തിനു രൂപം നല്കുന്ന അനവധി അവയവങ്ങളിൽ ഒന്ന് എന്ന തോതിൽ ഓരോ അൽമായ വിശ്വാസിക്കും വ്യക്തിപരമായി നൽകപ്പെടുന്ന പങ്കാളിത്തമാണിത്.

തന്റെ ശരീരവും മണവാട്ടിയുമായ സഭയിൽ യേശു തന്റെ ദാനങ്ങൾ നിരന്തരം വർഷിക്കുന്നു. ഇപ്രകാരം സഭാംഗങ്ങൾ ആയിരിക്കുകവഴി വ്യക്തികൾ ക്രിസ്തുവിന്റെ ത്രിവിധ ദൗത്യങ്ങളിൽ പങ്കാളികളാണ്. ജ്ഞാനസ്നാനം സ്വീകരിച്ചവരെ തിരഞ്ഞെടുക്കപ്പെട്ട വംശവും രാജകീയ പൗരോഹിത്യവും വിശുദ്ധജനവും ദൈവത്തിന്റെ സ്വന്തജനവുമായി (1 പത്രോ. 2:9) നിർവചിക്കുമ്പോൾ വി. പത്രോസ് ശ്ലീഹ വ്യക്തമായി പഠിപ്പിക്കുന്നത് ഇതാണ്.

സഭാകൂട്ടായ്മയിൽനിന്ന് ആവിർഭവിക്കുന്നതാണ് ക്രിസ്തുവിന്റെ ത്രിവിധ ദൗത്യത്തിലുള്ള അൽമായ വിശ്വാസികളുടെ പങ്കാളിത്തം. അതുകൊണ്ട് ഇത്, കൂട്ടായ്മയിലൂടെ തന്നെ ജീവിക്കുകയും സാക്ഷാത്ക്കരിക്കുകയും കൂട്ടയ്മയുടെ വളർച്ചയ്ക്ക് സഹായകമാകുകയും വേണം.

അൽമായ വിശ്വാസികൾ ക്രിസ്തുവിന്റെ പൗരോഹിത്യദൗത്യത്തിൽ പങ്കാളികളാണ്. യേശു തന്റെ പൗരോഹിത്യ ദൗത്യം നിർവഹിച്ചത് ദൈവമഹത്വത്തിനും മനുഷ്യരക്ഷയ്ക്കും വേണ്ടി തന്നെത്തന്നെ കുരിശിൽ ബലിയർപ്പിച്ചുകൊണ്ടും വി. കുർബാന വഴി തുടർന്നും അർപ്പിച്ചുകൊണ്ടുമാണ്. യേശുക്രിസ്തുവിനോട് കൂട്ടിച്ചേർക്കപ്പെട്ടുകൊണ്ട്, തങ്ങളെയും തങ്ങളുടെ അനുദിന പ്രവർത്തനങ്ങളെയും കാഴ്ചവയ്ക്കുകവഴി ജ്ഞാനസ്നാനം സ്വീകരിച്ചവർ ക്രിസ്തുവിനോടും അവിടുത്തെ ബലിയോടും ഐക്യപ്പെടുന്നു.

തന്റെ ജീവിതസാക്ഷ്യത്താലും വചനത്തിന്റെ ശക്തിയാലും പിതാവിന്റെ രാജ്യം പ്രഘോഷിച്ച ക്രിസ്തുവിന്റെ പ്രവാചകദൗ

www.malankaralibrary.com

ത്യത്തിൽ അല്മായർ പങ്കുചേരുന്നു. അങ്ങനെ വിശ്വാസത്തോടെ സുവിശേഷം സ്വീകരിക്കാനും സധൈര്യം തിന്മയെ തിരിച്ചറിഞ്ഞ്, ഉപേക്ഷിച്ചുകൊണ്ട് സുവിശേഷത്തെ വാക്കിലും പ്രവൃത്തിയിലും പ്രഖ്യാപിക്കാനും അല്മായർക്കു കഴിവും കടമയും കൈവരുന്നു. ക്രിസ്തുവിനോട് ഐക്യപ്പെട്ടും പരിശുദ്ധാത്മാവിൽ സാക്ഷികളായും അല്മായവിശ്വാസികൾ നിലകൊള്ളുന്നു. അപ്രകാരം "വിശ്വാസകാര്യങ്ങളിൽ തെറ്റുപറ്റാത്ത" സഭയുടെ പ്രകൃത്യാതീതമായ വിശ്വാസത്തിന്റെ വിലമതിക്കലിലും വചനത്തിന്റെ കൃപാവരത്തിലും അവർ പങ്കുകാരാകുകയും ചെയ്യുന്നു (cf. അപ്പ. 2:17-18; വെളി. 19: 10). അനുദിനം തങ്ങളുടെ കുടുംബത്തിലും സാമൂഹിക ജീവിതത്തിലും സുവിശേഷത്തിന്റെ ശക്തിയും പുതുമയും പ്രകാശിപ്പിക്കുവാൻ അവർ വിളിക്കപ്പെട്ടിരിക്കുന്നു.

സൃഷ്ടിയെ അതിന്റെ ആദിമ മൂല്യത്തിലേക്ക് പുനരുദ്ധരിക്കാൻ അല്മായ വിശ്വാസികൾ പ്രത്യേകം വിളിക്കപ്പെട്ടിരിക്കുന്നു. കൃപാവര ജീവിതത്താൽ നയിക്കപ്പെടുന്ന പ്രവർത്തനത്തിലൂടെ യഥാർത്ഥ മനുഷ്യക്ഷേമത്തിനായുള്ള സൃഷ്ടിയുടെ ക്രമപ്പെടുത്തലിലൂടെയാണ് അവർ ഉത്ഥിതനായ ക്രിസ്തുവിന്റെ ദൗത്യ ശുശ്രൂഷയിൽ പങ്കുചേരുന്നത്. ക്രിസ്തു സമസ്തവും തന്നിലേക്ക് ആകർഷിക്കുകയും ദൈവം എല്ലാവർക്കും എല്ലാം ആകേണ്ടതിന് അവയെ തന്നോടൊപ്പം പിതാവിന് അധീനമാക്കുകയും ചെയ്യുന്നു (cf.1 കോറി, 15:28; യോഹ. 12:32).

ഓരോ അല്മായ വിശ്വാസിക്കും പിതാവ് യേശുക്രിസ്തുവിൽ പരിശുദ്ധാത്മാവുവഴി നല്കുന്ന അടിസ്ഥാന വിളിയെപ്പറ്റി ആലോചിക്കുമ്പോൾ മാഹാത്മ്യത്തിന്റെ പരിപൂർണ്ണമായ അർത്ഥം ഗ്രഹിക്കാനാവും. ഈ വിളി വിശുദ്ധിയിലേക്കുള്ള വിളിയാണ്. ഉപവിയുടെ പരിപൂർണതയിലേക്ക് ക്രിസ്തുശിഷ്യന് നല്കപ്പെടുന്ന മഹനീയതയുടെ ഏറ്റവും മഹത്തായ സാക്ഷ്യമാണ് വിശുദ്ധി.

വിശുദ്ധിയിലേക്കുള്ള വിളി വേരൂന്നിയിരിക്കുന്നത് മാമ്മോദീസായിലും അതു നവീകരിക്കപ്പെടുന്നത് ഇതരകൂദാശകളിലും പ്രത്യേകിച്ച് ദിവ്യകാരുണ്യത്തിലുമാണ്. ക്രൈസ്തവർ ക്രിസ്തുവിനെ ധരിക്കുന്നതിനാലും അവിടുത്തെ ആത്മാവാൽ പരിപോഷിപ്പിക്കപ്പെടുന്നതിനാലും വിശുദ്ധരാണ്. ഈ വിശുദ്ധി പ്രകട

www.malankaralibrary.com

മാക്കാനുള്ള കഴിവും തങ്ങളുടെ പ്രവൃത്തികളിൽ അതിനു സാക്ഷ്യം വഹിക്കാനുള്ള ചുമതലയും അവർക്കുണ്ട്. വിശുദ്ധ പൗലോസ് അപ്പസ്തോലൻ വിശുദ്ധർക്കു യോഗ്യമായ രീതിയിൽ വർത്തിക്കണമെന്ന് (എഫേ. 5:3) എല്ലാ ക്രൈസ്തവരോടും നിരന്തരം അനുശാസിച്ചുകൊണ്ടിരുന്നു. വിശുദ്ധിയിലേക്കുള്ള വിളി ലോകത്തിലും സഭയിലും അല്മായവിശ്വാസികളെ ഭരമേല്പിച്ചിരിക്കുന്ന ചുമതലയോടും ദൗത്യത്തോടും സഗാഢം ബന്ധപ്പെട്ടതാണ്.

കോവിഡ് 19 മഹാമാരി വലിയ ആഘാതം സൃഷ്ടിച്ചിരിക്കുന്ന അതീവ ഗുരുതരവും സങ്കീർണ്ണവുമായ സ്ഥിതിവിശേഷത്തെയാണ് ലോകം നേരിടുന്നത്. ഈ സാഹചര്യത്തെ ഒറ്റക്കെട്ടായി നേരിടുകയും പ്രതിരോധിക്കുകയും അതിജീവിക്കുകയും ചെയ്യുമ്പോഴും ഈ അവസ്ഥയിലേക്ക് മനുഷ്യകുലത്തെ കൊണ്ടുചെന്ന് എത്തിച്ച ക്രമഭംഗങ്ങൾ കണ്ടില്ലെന്ന് നടിക്കാൻ ആകുന്നില്ല.

ഉപഭോഗ സംസ്ക്കാരത്തിൽ കമ്പോളവത്ക്കരണം സർവ്വത്രികമാകുമ്പോഴും ധാർമ്മിക മൂല്യങ്ങൾ തമസ്ക്കരിക്കപ്പെടുകയും ആഡംബരവും ധൂർത്തും പ്രകടനപരതയും സാമാന്യവത്ക്കരിക്കപ്പെടുകയും ചെയ്യുമ്പോൾ ദൈവിഹിതപ്രകാരമുള്ള ജീവിതക്രമത്തിന് ഗുരുതരമായ ആഘാതങ്ങൾ സംഭവിക്കുന്നു. പ്രപഞ്ചത്തിന്റെ താളക്രമം അപകടത്തിലാവുകയും പരിസ്ഥിതി പാഠങ്ങൾ അവഗണിക്കപ്പെടുകയും ചെയ്യുന്നു. അനാവശ്യമായ ജീവിതവ്യഗ്രതകൾക്കു വിരാമമിടാനുള്ളതും മനുഷ്യന്റെ കഴിവുകൾ കേവലം ക്ഷണികവും പരിമിതവുമാണെന്ന് പഠിപ്പിക്കുന്നതുമായ ഒരു അടയാളമാണ് ഈ വൈറസ് ബാധ. മാനസാന്തരത്തിലൂടെ മനുഷ്യ ജീവിതത്തിന്റെ പരസ്പര പൂരകങ്ങളായ സാഹോദര്യത്വത്തിന്റെയും സഹവർത്തിത്വത്തിന്റെയും മനോഹരവും സ്വഭാവികവുമായ തലങ്ങളിലേക്കുള്ള തിരിച്ചുപോകൽ ആർജ്ജിക്കുവാൻ ഇപ്പോഴത്തെ സംഭവവികാസങ്ങൾ നമ്മെ നിർബന്ധിക്കുന്നു. മനുഷ്യ ജീവിതത്തിന്റെ വിവിധ തലങ്ങളിൽ സംഭവിച്ചിരിക്കുന്ന അപചയങ്ങൾ പരിഹരിക്കാൻ ഓരോ വ്യക്തിക്കും തനതായ ഉത്തരവാദിത്വങ്ങൾ ഉണ്ട്. മറ്റ് ആരെയെങ്കിലും വിധിക്കാനോ കുറ്റപ്പെടുത്താനോ തുനിയാതെ ഓരോ വ്യക്തിയും സ്രഷ്ടാവിന്റെ ഹിതം

www.malankaralibrary.com

അനുവർത്തിക്കാൻ തയ്യാറാകുമ്പോൾ പൊതുവായ സുസ്ഥിതി കൈവരും. ദൈവഹിതം അനുവർത്തിക്കാനും സാക്ഷാത്ക്കരിക്കാനും മനുഷ്യൻ സന്നദ്ധനാകുമ്പോൾ പ്രപഞ്ചഘടനയിലെ സന്തുലിതാവസ്ഥ പുനഃസൃഷ്ടിക്കുന്നതിനും സാധിക്കും. കോവിഡ് മഹാമാരിയുടെ സാമൂഹ്യ നിയന്ത്രണങ്ങൾക്കിടയിലും വിശ്വാസ ജീവിതം തളരാതെ മുന്നോട്ടു നയിച്ച, ഗാർഹിക സഭയിലൂടെ ആധ്യാത്മികതയുടെ ആന്തരികത ഉജ്വലിപ്പിച്ച നിങ്ങളോരോരുത്തരെയും ഞാൻ അഭിനന്ദിക്കുന്നു.

അല്മായദിനം മലങ്കര സുറിയാനി കത്തോലിക്കാ സഭയിലെ അല്മായരുടെ പൊതു ആഘോഷമാണ്. എം.സി.എ, മാതൃസംഘം, പിതൃസംഘം, വിൻസെന്റ് ഡി. പോൾ സൊസൈറ്റി, ലീജിയൻ ഓഫ് മേരി തുടങ്ങിയ എല്ലാ അല്മായ സംഘടനകളും ഒരുമിച്ച് ഈ ദിനം സമുചിതമായി ആഘോഷിക്കുമല്ലോ. സഭയുടെ വളർച്ചയ്ക്കും സമൂഹത്തിന്റെ വികസനത്തിനും കെട്ടുറപ്പിനുംവേണ്ടി അല്മായ പ്രസ്ഥാനങ്ങൾ നൽകുന്ന നേതൃത്വവും സഹകരണവും ഞാൻ നന്ദിയോടെ ഇത്തരുണത്തിൽ സ്മരിക്കുകയും വിലമതിക്കുകയും ചെയ്യുന്നു. സുവിശേഷസംഘത്തിലൂടെ അല്മായ സഹോദരീ സഹോദരന്മാർ നല്കുന്ന സാക്ഷ്യജീവിതവും ആത്മസമർപ്പണവും ഞാൻ നന്ദിയോടെ ഓർക്കുന്നു. ബാഹ്യകേരള പശ്ചാത്തലത്തിൽ ഭവനങ്ങൾ കേന്ദ്രീകരിച്ചുള്ള മിഷൻ പ്രവർത്തനശുശ്രൂഷയിൽ അല്മായ സഹോദരങ്ങൾ കാണിക്കുന്ന പ്രതിബന്ധത നിസ്തുലമാണ്. പ്രവാസജീവിതത്തിന്റെ പരിമിതിയും ബുദ്ധിമുട്ടുകളും വകവയ്ക്കാതെ പ്രേഷിത തീഷ്ണതയാൽ നിറയുന്ന അല്മായ സഹോദരങ്ങൾ തിരുസഭയുടെ ശോഭയേറിയ സാക്ഷ്യമുഖമാണ്. ക്ലേശമേറിയ പ്രവാസ ജീവിതത്തിലും അധ്വാനത്തിന്റെ വലിയ ഒരു ഓഹരി തിരുസഭയുടെ കാരുണ്യ പ്രവർത്തനങ്ങൾക്കായി നീക്കിവെയ്ക്കുന്ന സഹോദരങ്ങളെ ഞാൻ കടപ്പാടോടെ ഓർക്കുന്നു.

രജതജൂബിലി വർഷത്തിലായിരിക്കുന്ന എം.സി.എ പ്രസ്ഥാനത്തിന്റെ വൈവിധ്യമാർന്ന കർമ്മമണ്ഡലങ്ങളെ ദൈവസന്നിധിയിൽ സമർപ്പിക്കുന്നു. ഭാഗ്യസ്മരണാർഹരായ പിതാക്കന്മാ

www.malankaralibrary.com

രെയും, വാങ്ങിപ്പോയ വൈദികരെയും, പരേതരായ അൽമായ സഹോദരങ്ങളെയും നന്ദിയോടെ ഓർക്കുന്നു. പ്രതിബദ്ധതയോടെ സഭാശുശ്രൂഷയിൽ മുമ്പോട്ടുപോകുവാൻ എം.സി.എ അംഗങ്ങൾക്ക് സാധിക്കട്ടെ!

അല്മായദിനത്തിലെ വിശുദ്ധ കുർബാനയുടെ സ്തോത്ര കാഴ്ച നമ്മുടെ സഭയിലെ അല്മായ ശുശ്രൂഷയ്ക്കുവേണ്ടിയാണല്ലോ നാം വിനിയോഗിക്കുന്നത്. അന്നേ ദിവസം ഉദാരമായി സ്തോത്രകാഴ്ച നൽകി അനുഗ്രഹീതരാകുവാൻ ഏവരെയും ഞാൻ ആഹ്വാനം ചെയ്യുന്നു. നമ്മുടെ സഭയുടെ പ്രത്യേക കാനോന 601 പ്രകാരം പ്രസ്തുത സ്തോത്രകാഴ്ച സമാഹരിച്ച് ബഹു. വികാരിയച്ചന്മാർ അതത് അതിഭദ്രാസന, ഭദ്രാസന പ്രൊക്കുറേറ്റർമാരുടെ പേർക്ക് അയച്ചുകൊടുക്കേണ്ടതും പ്രൊക്കുറേറ്റർമാർ പ്രസ്തുത തുകയുടെ പകുതി ഭദ്രാസനതല അൽമായ ശുശ്രൂഷകൾക്ക് വിനിയോഗിക്കേണ്ടതും, മറ്റേ പകുതി കാതോലിക്കേറ്റ് സെന്ററിൽ സഭയുടെ ഫിനാൻസ് ഓഫീസിൽ എത്തിക്കേണ്ടതുമാണ്. അല്മായ പ്രസ്ഥാനങ്ങളുടെ സ്വർഗ്ഗീയ മദ്ധ്യസ്ഥനായ വി. യൗസേപ്പ് പിതാവ് നമുക്ക് തുണയും മദ്ധ്യസ്ഥനുമായിരിക്കട്ടെ. വി. യൗസേപ്പ് പിതാവിന്റെ വർഷാചരണവും കുടുംബ വർഷാചരണവും അർത്ഥവത്തായും, ഫലപ്രദമായും നമുക്ക് ആചരിക്കാം. കുടുംബങ്ങളുടെ നവീകരണവും വിശുദ്ധിയും നമുക്ക് നേടിയെടുക്കാം.

ഉത്ഥിതനായ കർത്താവ് എല്ലാ അല്മായ ശുശ്രൂഷകളെയും വാഴ്ത്തി അനുഗ്രഹിക്കട്ടെ.

എന്ന്



അമലഗിരി
ഏപ്രിൽ 2021

**✠ ഡോ. ജോഷ്വാ മാർ ഇഗ്നാത്തിയോസ്**
അൽമായർക്കുവേണ്ടിയുള്ള
സുന്നഹദോസ് കമ്മീഷൻ ചെയർമാൻ &
മാവേലിക്കര ഭദ്രാസനാദ്ധ്യക്ഷൻ

www.malankaralibrary.com

ദൈവകൃപയാലും തിരുംസിംഹാസനത്തിന്റെ
അംഗീകാരത്താലും മാവേലിക്കര ഭദ്രാസനാദ്ധ്യക്ഷൻ
ജോഷ്വാ മാർ ഇഗ്നാത്തിയോസ് മെത്രാപ്പോലീത്തായിൽ
നിന്നും ബഹുമാനപ്പെട്ട വൈദീകർക്കും സന്യാസിനി
സന്യാസികൾക്കും വിശ്വാസികൾക്കും വാഴ്‌വ്

PL. No. 1/2009

## മിഷൻ ഞായർ 2009

പ്രിയ ബഹുമാനപ്പെട്ട വൈദീകരെ, സന്യസ്തരേ,
വിശ്വാസികളെ!

നമ്മുടെ കർത്താവിന്റെ പുനരാഗമനവും അന്ത്യവിധിയും അനുസ്മരിക്കുന്ന സഭാവത്സരത്തിലെ സ്ലീബാക്കാലത്തിന്റെ ആചരണം നാം നടത്തുകയാണ്. രക്ഷയുടെ സന്ദേശം എല്ലാ ജനതകളെയും അറിയിക്കുവാനുള്ള നമ്മുടെ ഉത്തരവാദിത്വം ദൈവജനം എന്ന നിലയിൽ നമ്മുടെ ചിന്തയ്ക്ക് വിഷയീ ഭവിക്കേണ്ട കാലഘട്ട മാണിത്.

സെപ്റ്റംബർ 19,20,21 തീയതികളിൽ നമ്മുടെ പിതാക്കന്മാരുടെ സാർവ്വത്രിക സഭയുമായുള്ള പുനരൈക്യ ത്തിന്റെ 79-ാം വാർഷികം മാർത്താണ്ഡം ഭദ്രാസനത്തിലെ മരിയഗിരിയിൽ വച്ച് നാം ആഘോഷിക്കുകയുണ്ടായി. മലങ്കര കത്തോലിക്കാ സഭ കഴിഞ്ഞ് എഴുപത്തിയഞ്ച് വർഷങ്ങളായി കന്യാകുമാരി ജില്ലയിൽ നിർവ്വഹിച്ചുകൊണ്ടിരിക്കുന്ന പ്രേഷിതപ്രവർത്തനത്തിന്റെ അഭിമാനാർഹമായ ഫലമാണ് മാർത്താണ്ഡം ഭദ്രാസനം. മലങ്കര സഭാവിശ്വാസികൾക്ക് മാർത്താണ്ഡം ഭദ്രാസനത്തിന്റെ സർവ്വതോമുഖമായ അഭിവൃദ്ധി

www.malankaralibrary.com

നേരിൽ കണ്ട് ദൈവത്തെ സ്തുതിക്കുന്നതിന് ഈ വർഷത്തെ പുനരൈക്യവാർഷികം നിമിത്തമായി എന്നതിൽ സംശയമില്ല. കന്യാകുമാരി ജില്ലയിലും തമിഴ്നാടിന്റെ ഇതരഭാഗങ്ങളിലും കേരളത്തിലും ഇക്കഴിഞ്ഞ കാലഘട്ട ത്തിലെല്ലാം സുവിശേഷവത്കരണം നടത്തിയ മലങ്കരസഭയുടെ പ്രേഷിതപ്രവർത്തകരെ, വിശേഷിച്ച് തീക്ഷണമതികളായ അല്മായരേയും വൈദീകരെയും സമർപ്പിതരെയും നമുക്ക് നന്ദിയോടേ സ്മരിക്കാം. ഇവരുടെ മാതൃക അനുകരിച്ച് അനേകർ പ്രേഷിത പ്രവർത്തനത്തിനായി മുന്നോട്ടു വരേണ്ടിയിരിക്കുന്നു. കർത്താവായ യേശുക്രിസ്തു വിനും അവിടുത്തെ സുവിശേഷത്തിനും വേണ്ടി കാംക്ഷിക്കുന്ന അനേകായിരങ്ങൾ ഇന്നും നമ്മുടെ മദ്ധ്യേ ജീവിക്കുന്നുണ്ട്. സുവിശേഷ സന്ദേശം എല്ലാവർക്കും എത്തിക്കുവാനുള്ള കടപ്പാട് ഏറ്റെടുക്കാൻ പുനരൈക്യ വാർഷിക ആഘോഷം നമ്മെ ആഹ്വാനം ചെയ്യുന്നു.

ഒക്ടോബർ 18ന് സാർവ്വത്രികസഭ ആചരിക്കുന്ന മിഷൻ ഞായർ പ്രേഷിതപ്രവർത്തനത്തിനുള്ള സഭയുടെ ഉത്തരവാദി ത്വത്തിലേക്കാണ് നമ്മുടെ ശ്രദ്ധയെ ക്ഷണിക്കുന്നത്. നിങ്ങൾ പോയി എല്ലാ ജനതകളെയും ശിഷ്യപ്പെടുത്തുവിൻ. പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ അവർക്കു ജ്ഞാനസ്നാനം നല്കുവിൻ. ഞാൻ നിങ്ങളോട് കല്പിച്ചവയെല്ലാം അനുസരിക്കാൻ അവരെ പഠിപ്പിക്കുവിൻ (മത്താ . 28:19-20) എന്ന നമ്മുടെ കർത്താവിന്റെ കല്പന അനുദിന ജീവിതത്തിലെ എല്ലാ പ്രവർത്തനങ്ങളിലും കൂടെ പ്രാവർത്തികമാക്കുവാൻ നാം ശ്രമിക്കേണ്ടതുണ്ട്. മനുഷ്യജീവിതത്തിലെ എല്ലാമണ്ഡലങ്ങളിലും സുവിശേഷ ചൈതന്യത്താൽ നവീകരിക്കപ്പെടുകയും വീണ്ടെടുക്ക പ്പെടുകയും ചെയ്യേണ്ടിയിരിക്കുന്നു. മനുഷ്യവ്യക്തിയുടെ ചിന്തയും ബോധ്യങ്ങളും മാത്രമല്ല അവന്റെ കർമ്മമണ്ഡലവും സമൂലമായി സുവിശേഷമൂല്യങ്ങളാൽ വിശകലനം ചെയ്യപ്പെ ടണം. ദൈവോന്മുഖനും അപരോന്മുഖനുമായി രൂപാന്തര

www.malankaralibrary.com

പ്പെടാൻ മനുഷ്യനെ പ്രാപ്തനാക്കത്തക്കവണ്ണം സാമൂഹിക, സാമ്പത്തിക, സാംസ്കാരിക മേഖലകൾ നവീകരിക്കപ്പെടണം. ഓരോ വ്യക്തിയും സ്വന്തം കാര്യം മാത്രം അന്വേഷിക്കുന്ന സ്വാർത്ഥതയും വ്യക്തികവാദവും പ്രബലമാകുന്ന ഈ കാലഘട്ടത്തിൽ സുവിശേഷ വത്കരണം വളരെ വലിയ വെല്ലുവിളികൾ ഉൾകൊള്ളുന്നു. എല്ലാവരും മറ്റെല്ലാവരെയും കരുതുകയും പരിഗണിക്കുകയും ചെയ്യുന്ന സുവിശേഷത്തിലെ സ്നേഹവും നീതിയും പ്രേഷിത പ്രവർത്തനത്തിലൂടെ സാക്ഷാത്കരിക്കുവാൻ നാം കടപ്പെട്ടിരിക്കുന്നു. സ്വന്തം താല്പര്യങ്ങളെക്കാളുപരി മറ്റുള്ളവരുടെ ആവശ്യങ്ങളും ക്ഷേമവും ലക്ഷ്യമാക്കുന്ന നമ്മുടെ കർത്തവിന്റെ അരുപി ഉൽക്കൊള്ളാൻ നാം പരിശ്രമിക്കണം. (ഫിലി. 2:4 – 5)

സമാകാലീന ജീവിതത്തിൽ നാം കാണുന്ന അനേക പ്രവണതകളിലേക്ക് നമ്മുടെ ശ്രദ്ധ അടിയന്തി രമായി പതിയേണ്ടിയിരിക്കുന്നു. നാളിതുവരെ ഗൗരവമായി കരുതിയിരുന്ന പല തിന്മകളെയും ലാഘവമനസ്ഥിതിയോടെ വിലയിരുത്തുന്ന രീതി സാധാരണമായിക്കൊണ്ടിരിക്കുന്നു. മദ്യം, മയക്കുമരുന്ന് തുടങ്ങിയവയുടെ ഉപയോഗം വർദ്ധിച്ചുകൊണ്ടി രിക്കുന്നു. ആത്മഹത്യ, കൊലപാതകം, ദയാവധം തുടങ്ങി ജീവനെതിരെയുള്ള ഹിംസകൾ ക്രമാതീതമായിരിക്കുന്നു. ഉത്തരവാദിത്ത രഹിതമായ ലൈംഗികതയെ പ്രോത്സാഹി പ്പിക്കുന്ന നടപടികളും നാം കാണുന്നുണ്ട്. മത ന്യൂനപക്ഷ ങ്ങളെയും പിന്നോക്ക വിഭാഗങ്ങളെയും വിവിധ രീതികളിൽ പാർശ്വവത്കരിക്കാനുള്ള ശ്രമങ്ങളും വർദ്ധിച്ചുവരുന്നു. വിവേകരഹിതമായും അതിശയോക്തിയോടെയും വസ്തു തകൾ അവതരിപ്പിക്കുന്ന മാദ്ധ്യമങ്ങൾ അസ്വസ്ഥതയും അരാജകത്വവും വർദ്ധിപ്പിക്കുകയാണ് ചെയ്യുന്നത്. ഈ സാഹചര്യത്തിൽ സുവിശേഷമൂല്യങ്ങൾ ഫലവത്തായും ക്രിയാത്മകമായും അവതരിപ്പിക്കാൻ വ്യക്തികളായും കൂട്ടായ്മയായും സഭ പരിശ്രമിക്കേണ്ടി യിരിക്കുന്നു. സഭയുടെ സുവിശേഷവത്കരണം ഈ കാലഘട്ട ത്തിൽ ഈ ദൗത്യങ്ങൾ

www.malankaralibrary.com

നിർവഹിക്കാൻ തക്കവിധം പുതിയ രൂപവും ഭാവവും സ്വീകരിക്കേണ്ടിയിരിക്കുന്നു. സഭയുടെ മാദ്ധ്യമങ്ങളും സംവിധാനങ്ങളും സംഘടനകളും കാലഘട്ട ത്തിന്റെ ആവശ്യമനുസരിച്ച് സുവിശേഷ പ്രവർത്തനത്തിന് കൃത്യമായ ലക്ഷ്യവും ദിശാബോധവും നല്കണം.

2009 ജൂൺ 19 മുതൽ 2010 ജൂൺ 19 വരെ സഭ ആചരിക്കുന്ന വൈദീക വർഷത്തിൽ വൈദീകരേവരും പ്രേഷിതപ്രവർത്തനത്തിന്റെ പുതിയ വെല്ലുവിളികളിലേക്ക് ശ്രദ്ധ പതിപ്പിക്കേണ്ടിയിരിക്കുന്നു. മലങ്കര കത്തോലിക്കാ സഭയുടെ പ്രേഷിത പ്രവർത്തനവും അജപാലന ശുശ്രൂഷയും സജീവമാക്കിയത് വൈദികശുശ്രൂഷകളുടെ പ്രതിബദ്ധതയുള്ള നേതൃത്വമാണ്. സഭയുടെ എല്ലാവിധ സ്രോതസ്സുകളും സമർപ്പിതരുടെയും അല്മായവിശ്വാസികളുടെയും പ്രവർത്തന ശേഷിയും പ്രേഷിത പ്രവർത്തനത്തിനായി സമാഹരിക്കുവാനും ക്രമീകരിക്കുവാനും വൈദികർ ശ്രമിക്കേണ്ടതുണ്ട്. പ്രേഷിത പ്രവർത്തനത്തിനുള്ള സഭയുടെ ദൗത്യം വിശ്വാസികളുടെ മനസ്സിലെത്തിക്കുവാൻ ക്ലാസ്സുകളും പ്രസംഗങ്ങളും സെമിനാറുകളും തുടങ്ങി സാധ്യമായ മാർഗ്ഗങ്ങൾ വൈദികർ സ്വീകരിക്കണം. പുനരൈക്യപ്രസ്ഥാനത്തിന്റെ ആരംഭകാലത്തെന്ന പോലെ തീവ്രമായ താല്പര്യത്തോടെ സഭൈക്യ പ്രവർത്തനങ്ങൾക്കും പ്രേഷിതവേലയ്ക്കും ഇന്നും വൈദികർ നേതൃത്വം നല്കി മലങ്കര കത്തോലിക്കാ സഭയുടെ പ്രേഷിത ചൈതന്യം നവീകരണം. അതോടൊപ്പം മാവേലിക്കര ഭദ്രാസനത്തിന്റെ സവിശേഷമായ പ്രത്യേകതകൾ മനസ്സിലാക്കി എക്യുമെനിക്കൽ, സഭൈക്യ സംരംഭങ്ങളിൽ വർദ്ധിച്ച താല്പര്യത്തോടെ തുടർന്നും ദൈവജനം പങ്കുചേരുവാൻ വൈദികശുശ്രൂഷകൾ മാർഗ്ഗനിർദ്ദേശം നല്കണം.

ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ സഭ നിർവഹിക്കുന്ന പ്രേഷിത പ്രവർത്തനത്തിൽ പങ്കുചേരുവാൻ വിശ്വാസികളായ നമുക്ക് കടപ്പാടുണ്ട്. നമ്മുടെ അദ്ധ്യായനത്തിന്റെ ഓരോഹരി പ്രേഷിതപ്രവർത്തനത്തിനായി നാം സമർപ്പിക്കേണ്ടി

www.malankaralibrary.com


യിരിക്കുന്നു. ഒക്ടോബർ 18 ന് വിശുദ്ധ കുർബാന മദ്ധ്യേ ഈ നിയോഗത്തിനായി സ്തോത്ര കാഴ്ച എടുക്കേണ്ടതാണ്. ഇപ്രകാരം സമാഹരിക്കുന്ന തുക ഒക്ടോബർ 30നകം ഭദ്രാസന പ്രൊക്കുറേറ്ററുടെ ഓഫീസിൽ എത്തിക്കേണ്ടതാണ്.

പ്രേഷിത പ്രവർത്തനത്തിനുള്ള ചൈതന്യം നമ്മുടെ ഇടവകകളിലും ഭദ്രാസനത്തിലും പൂർവ്വാധികം ശക്തമാകട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

സർവ്വശക്തനായ ദൈവത്തിന്റെ കൃപ നിങ്ങളോടുകൂടെ എന്നേയ്ക്കും ഉണ്ടായിരിക്കട്ടെ!

ആയത് ദൈവമാതാവായ പരിശുദ്ധ കന്യകമറിയത്തിന്റെയും ഭാരതത്തിന്റെ അപ്പസ്തോലനായ മാർത്തോമ്മാ ശ്ലീഹായുടെയും സകല പരിശുദ്ധന്മാരുടെയും പ്രാർത്ഥനയാൽ തന്നെ ആമ്മേൻ

എന്ന്




അമലഗിരി — ✠ **ഡോ. ജോഷ്വാ മാർ ഇഗ്നാത്തിയോസ്**

05 ഒക്ടോബർ 2009 — മാവേലിക്കര ഭദ്രാസനാദ്ധ്യക്ഷൻ

www.malankaralibrary.com

ദൈവകൃപയാലും
തിരുസിംഹാസനത്തിന്റെ അംഗീകാരത്താലും
മാവേലിക്കര ഭദ്രാസനാദ്ധ്യക്ഷൻ
ജോഷ്വാ മാർ ഇഗ്നാത്തിയോസ് മെത്രാപ്പോലീത്തായിൽ
നിന്നും ബഹുമാനപ്പെട്ട വൈദികർക്കും
സന്യാസിനീസന്യാസികൾക്കും
വിശ്വാസികളേവർക്കും വാഴ്വ്!

PL. No. 03/ 2012

## വിശ്വാസവർഷാചരണം 2012

2012 ഒക്ടോബർ 11 – 2013 നവംബർ 24

*സ്നേഹത്തിൽ പ്രവർത്തനനിരതമാകുന്ന വിശ്വാസം*
*– ഗലാ 5:6*

പ്രിയ ബഹുമാനപ്പെട്ട വൈദികരേ, സന്യസ്തരേ, വിശ്വാസികളേ,

1. 2012 ഒക്ടോബർ 11 മുതൽ 2013 നവംബർ 24 വരെ സാർവത്രികസഭ വിശ്വാസ വർഷമായി ആചരിക്കുകയാണ്. രണ്ടാം വത്തിക്കാൻ കൗൺസിൽ വിളിച്ചു ചേർത്തതിന്റെ സുവർണജൂബിലി, കത്തോലിക്കാസഭയുടെ മതബോധനഗ്രന്ഥം പ്രസിദ്ധീകരിച്ചതിന്റെ ഇരുപതാം വാർഷികം, ഒക്ടോബറിൽ റോമിൽ വച്ചു നടക്കാൻ പോകുന്ന നവസുവിശേഷവത്കരണത്തെക്കുറിച്ചുള്ള പതിമൂന്നാമത് സാധാരണ സിനഡ് എന്നിവയുടെ പശ്ചാത്തലത്തിലാണ് പരിശുദ്ധ പിതാവ് ബെനഡിക്ട് പതിനാറാമൻ മാർപാപ്പാ വിശ്വാസവർഷാചരണത്തിന് ആഹ്വാനം നല്കിയിരിക്കുന്നത്. വിശ്വാസവർഷാചരണത്തിന്റെ പ്രസക്തി വ്യക്തമാക്കുന്നതിന് വിശ്വാസത്തിന്റെ വാതിൽ *(Porta Fidei)* എന്ന അപ്പസ്തോലിക

www.malankaralibrary.com

ലേഖനവും പരിശുദ്ധപിതാവ് പ്രസിദ്ധീകരിച്ചിട്ടുണ്ട്. മാർപാപ്പായുടെ പ്രബോധനത്തിന്റെ വെളിച്ചത്തിൽ സാർവത്രികസഭയുടെ വിശ്വാസകാര്യാലയം നാൽപതിന മാർഗനിർദ്ദേശങ്ങൾ നമുക്കു നല്കിയിട്ടുണ്ട്. ഇവയോട് ചേർന്ന് കേരള കത്തോലിക്കാ മെത്രാൻ സമിതിയും കർമ്മപദ്ധതികൾ ആവിഷ്കരിച്ചു പ്രസിദ്ധീകരിച്ച് നടപ്പിലാക്കാൻ ശ്രമിക്കുകയാണ്.

2. പരിശുദ്ധപിതാവിന്റെ ആഹ്വാനം അനുസരിച്ച് സാർവത്രികസഭയോടു ചേർന്ന് കെസിബിസിയുടെ നിർദ്ദേശങ്ങൾക്കനുസൃതമായി വിശ്വാസവർഷമാചരിക്കാൻ നമ്മുടെ ഭദ്രാസനവും ഒരുങ്ങേണ്ടിയിരിക്കുന്നു. വിശ്വാസം ദൈവത്തിന്റെ ദാനമാണ്; ദൈവം മനുഷ്യനു നല്കിയിരിക്കുന്ന പ്രകൃതിക്ക് അതീതമായ സുകൃതമാണ് (CCC 153). ദൈവദാനമായ വിശ്വാസത്തിന് നന്ദി പറയാനും അത് പരിപോഷിപ്പിക്കാനും പ്രഖ്യാപിക്കാനുമുള്ള അവസരമായി വിശ്വാസവർഷം കാണണം. സത്യവിശ്വാസത്തിന്റെ വാതിൽ സഭയാണ് *(Porta Fidei* 1). അപ്പസ്തോലന്മാരുടെ നടപടി പ്പുസ്തകത്തിൽ പൗലോസും ബർണബാസും അന്ത്യോക്യായിൽ പ്രസംഗിക്കുമ്പോൾ തങ്ങൾ മുഖാന്തരം ദൈവം വിശ്വാസത്തിന്റെ വാതിൽ വിജാതീയർക്ക് എപ്രകാരമാണ് തുറന്നുകൊടുത്തതെന്നു വ്യക്തമാക്കുന്നുണ്ട് (അപ്പ 14:26). നമ്മെ ഓരോരു ത്തരെയും തിരുസ്സഭയാകുന്ന വാതിലിലൂടെ ദൈവവു മായുള്ള സംസർഗത്തിലേക്കു നയിക്കാൻ വിശ്വാസവർഷാ ചരണം ഇടയാകണം. വിശ്വാസത്തിന്റെ വാതിലിലൂടെയുള്ള പ്രവേശനം ജീവിതകാലം മുഴുവൻ നിലനില്ക്കുന്ന ഒരു പ്രക്രിയയാണ്. മാമ്മോദീസായിലൂടെ ആരംഭിച്ച് (റോമാ 6:4) മരണത്തിലൂടെ നിത്യജീവനിലേക്ക് പ്രവേശിക്കുമ്പോൾ വിശ്വാസത്തിന്റെ വാതിലിലൂടെയുള്ള യാത്ര അവസാനിക്കും *(Porta Fidei 1).*

3. ക്രിസ്തുവിനെ ശ്രവിക്കാൻ സമറിയാക്കാരിയെപ്പോലെ കിണറിന്റെ അടുത്തേക്കു പോകാനുള്ള ആഹ്വാനമാണ് (യോഹ 4:1–25) വിശ്വാസവർഷം നമുക്കു നല്കുന്നത്. വിശ്വാസമാകുന്ന ഉപ്പിന്റെ ഉറ ഇല്ലാതാക്കാനും പ്രകാശം മറച്ചുവയ്ക്കാനും (മത്താ 5:13–16) നമുക്ക് പാടുള്ളതല്ല. വിശ്വാസം പ്രഘോഷി

www.malankaralibrary.com

ക്കാനുള്ളതാണ് എന്ന കാര്യം എപ്പോഴും നമുക്ക് ഓർക്കാം. സഭ വിശ്വസ്തതയോടെ കൈമാറിത്തരുന്ന ദൈവവചനവും ക്രിസ്തു തന്റെ ശിഷ്യർക്ക് നിത്യജീവിതത്തിനായി നല്കിയ അപ്പവും (യോഹ 5:51) വിലമതിക്കാനും ആസ്വദിക്കാനും വിശ്വാസവർഷത്തിൽ നമുക്ക് സാധിക്കണം *(Porta Fidei 3)*. ദൈവത്തിന്റെ പ്രവൃത്തികൾ ചെയ്യുന്നവരാകാൻ ഞങ്ങൾ എന്താണ് ചെയ്യേണ്ടത്? (യോഹ 6:28) എന്നു യേശുവിനോട് ശിഷ്യന്മാർ ചോദിച്ചപ്പോൾ അവിടുന്ന് നല്കിയ മറുപടി നമുക്കറിയാം: ഇതാണ് ദൈവഹിതമനുസരിച്ചുള്ള പ്രവൃത്തി: അവിടന്ന് അയച്ചവനിൽ വിശ്വസിക്കുക (യോഹ 6:29). ക്രിസ്തുവിൽ വിശ്വസിക്കുകയെന്നത് രക്ഷയിൽ എത്തിച്ചേരാനുള്ള സുനിശ്ചിതമായ വഴിയാണ്. വിശ്വാസത്തിന്റെ ശക്തിയും സൗന്ദര്യവും വിശ്വാസവർഷാചരണത്തിലൂടെ നമ്മൾ ഓരോരുത്തരും അടുത്തറിയണം. വിശ്വാസത്തെക്കുറിച്ചു കൃത്യമായി അറിയാനും ആത്മാർത്ഥതയോടും തീക്ഷ്ണതയോടും കൂടെ വിശ്വാസം ഏറ്റുപറയാനും വിശ്വാസവർഷാചരണം നമ്മെ സഹായിക്കണം. ഉത്ഥിതനായ ക്രിസ്തുവിനെ പ്രഘോഷിക്കുവാനുള്ള ആഹ്വാനമാണ് വിശ്വാസവർഷം നല്കുന്നത്. ക്രിസ്തുവിന്റെ സ്നേഹത്തിൽനിന്ന് ഇതിനായി ഉത്തേജനം ഉൾക്കൊള്ളാൻ (2 കോറി 5:14) നമുക്കു കഴിയണം.

4. വിശ്വാസം വ്യക്തിപരവും അതേസമയം സാമൂഹികവുമാണ്. സഭയാണ് വിശ്വാസത്തിന്റെ പ്രാഥമിക കർത്തൃത്വം നിർവഹിക്കുന്നത് *(Porta Fidei* 10). സഭയിലൂടെ നമുക്കു ലഭിക്കുന്ന ദൈവവചനം വായിക്കാനും, ധ്യാനിക്കാനും പഠിക്കാനും വിശ്വാസവർഷം നമ്മെ സഹായിക്കണം. വചനം നിത്യമാണ്; അനാദിമുതൽ ദൈവം തന്നെയാണ് (യോഹ 1:1; *Verbum Domini* 6). ദൈവമായ വചനത്തെ കുടുതൽ മനസ്സിലാക്കാനും ആഴത്തിൽ ഉൾക്കൊള്ളാനും വിശ്വാസവർഷം എല്ലാവർക്കും ഇടയാകണം. "അങ്ങയുടെ വചനം എന്റെ പാദത്തിനു വിളക്കും പാതയിൽ പ്രകാശവുമാണെന്ന് " (സങ്കീ 19:105) സങ്കീർത്തകനോടൊപ്പം പ്രാർത്ഥിക്കാനും നമുക്കു കഴിയണം. വിശ്വാസവർഷം ദൈവവചനത്താൽ പ്രകാശപൂരിതരാകാനും അത് ഏറ്റുപറയാനും നമ്മെ ആഹ്വാനം ചെയ്യുന്നു: "അങ്ങയുടെ വചനങ്ങളുടെ ചുരുളഴിയുമ്പോൾ

www.malankaralibrary.com

പ്രകാശം പരക്കുന്നു" (സങ്കീ 119:30). "എന്തുകൊണ്ടെന്നാൽ മനുഷ്യൻ ഹൃദയംകൊണ്ട് വിശ്വസിക്കുകയും തന്മൂലം നീതീകരിക്കപ്പെടുകയും ചെയ്യുന്നു. അവൻ അധരങ്ങൾ കൊണ്ട് ഏറ്റുപറയുകയും തന്മൂലം രക്ഷ പ്രാപിക്കുകയും ചെയ്യുന്നു" (റോമാ 10:10).

5. രണ്ടാം വത്തിക്കാൻ കൗൺസിൽ ആരംഭിച്ചതിന്റെ അമ്പതാം വാർഷികദിനത്തിലാണ് വിശ്വാസവർഷം ആരംഭിക്കുന്നത്. ഇരുപതാംനൂറ്റാണ്ടിൽ സഭയ്ക്ക് നല്കപ്പെട്ട മഹത്തായ കൃപാവരമാണ് രണ്ടാം വത്തിക്കാൻ കൗൺസിൽ. ക്രൈസ്തവ വിശ്വാസത്തിന്റെ പാവനനിക്ഷേപം ഭദ്രമായി സംരക്ഷിക്കുകയും പഠിപ്പിക്കുകയും ചെയ്ത രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ പ്രമാണരേഖകൾ നവമായി പഠിക്കാനുള്ള ഒരവസരം കൂടിയാണ് വിശ്വാസവർഷം. സഭയുടെ പ്രബോധനാധി കാരത്തിൽ നിന്നു നല്കുന്ന സുപ്രധാന മാർഗരേഖകളെന്ന നിലയിൽ അവ വായിച്ചു മനസ്സിലാക്കാനും പ്രമാണരേഖകളുടെ ചൈതന്യം വ്യാപകമായി പ്രചരിപ്പിക്കാനും സാധിക്കണം. ഈ വർഷം നിർണായകപ്രാധാന്യമുള്ള കാര്യം നമ്മുടെ വിശ്വാസത്തിന്റെ ചരിത്രം വീണ്ടും കണ്ടെത്തുകയെന്നതാണ് *(Porta Fidei 13)*. ഈ കാലഘട്ടത്തിൽ നാം യേശുക്രിസ്തുവിൽ നോട്ടം ഉറപ്പിക്കണം. അവിടന്ന് നമ്മുടെ വിശ്വാസത്തിന്റെ മുന്നോടിയും പരിപൂർണകർത്താവുമാണ് (ഹെബ്രാ 12:12). പരസ്നേഹത്തിന്റെ സാക്ഷ്യം കൂടുതൽ തീവ്രമാക്കാനുള്ള നല്ല അവസരമാണ് വിശ്വാസവർഷം *(Porta Fidei 14)*. വിശുദ്ധ പൗലോസ് നമ്മെ ഇപ്രകാരം ഓർമ്മപ്പെടുത്തുന്നു: വിശ്വാസം, പ്രത്യാശ, സ്നേഹം ഇവ മൂന്നും നിലനില്ക്കുന്നു, എന്നാൽ സ്നേഹമാണ് സർവോത്കൃഷ്ടം (1 കോറി 13:13). പരസ്നേഹ പ്രവൃത്തിയിലൂടെ നവസുവിശേഷവത്കരണത്തിന്റെ ചൈതന്യ ത്തിലേക്കും പ്രവേശിക്കാൻ നമുക്കു സാധിക്കും.

6. സത്യവിശ്വാസത്തിന്റെ ഉള്ളടക്കത്തെ സംബന്ധിച്ചുള്ള സമഗ്രമായ അറിവ് കത്തോലിക്കാസഭയുടെ മതബോധനഗ്രന്ഥം നമുക്കു നല്കുന്നുണ്ട്. സഭാത്മക സംസർഗത്തിന് സാധുതയുള്ളതും നിയമാനുസൃതവുമായ ഉപകരണവും വിശ്വാസം പഠിപ്പിക്കാൻ സുനിശ്ചിതമായ നിയമവുമാണ്

www.malankaralibrary.com

കത്തോലിക്കാസഭയുടെ മതബോധന ഗ്രന്ഥമെന്ന് വാഴ്ത്തപ്പെട്ട ജോൺ പോൾ രണ്ടാമൻ മാർപാപ്പാ പ്രഖ്യാപിച്ചിട്ടുണ്ട് (Apostolic Constitution: *Fidei Depositum* 115, 117). സഭ സ്വീകരിക്കുകയും സംരക്ഷിക്കുകയും തന്റെ രണ്ടായിരം വർഷത്തെ ചരിത്രത്തിൽ നിർദ്ദേശിക്കുകയും ചെയ്ത പ്രബോധനത്തിന്റെ സമ്പത്ത് യഥാർത്ഥത്തിൽ കത്തോലിക്കാ സഭയുടെ മതബോധനഗ്രന്ഥത്തിലുണ്ട്. വിശുദ്ധഗ്രന്ഥം മുതൽ സഭാപിതാക്കന്മാർവരെയും ദൈവശാസ്ത്രപണ്ഡിതർ മുതൽ വിശുദ്ധർവരെയും പ്രദർശിപ്പിച്ച വിശ്വാസ ജീവിതത്തിന്റെ വിവിധ രീതികൾ കത്തോലിക്കാസഭയുടെ മതബോധനഗ്രന്ഥം നമുക്കു നല്കുന്നു *(Porta Fidei 11)*. സത്യവിശ്വാസം സംരക്ഷിക്കുന്നതിന് കത്തോലിക്കാസഭയുടെ മതബോധന ഗ്രന്ഥത്തിന്റെ വ്യാപനം വിശ്വാസവർഷത്തിൽ പ്രോത്സാഹിപ്പിക്കപ്പെടണം. കുടുംബങ്ങളിൽ കത്തോലിക്കാ സഭയുടെ മതബോധന ഗ്രന്ഥം, യുവജന മതബോധനഗ്രന്ഥം (YOUCAT) എന്നിവ ഉപയോഗിക്കാൻ പരിശീലം നല്കണം. സെക്ടുകളിലേക്കും മറ്റ് അന്ധവിശ്വാസങ്ങളിലേക്കും പോകാതെ നമ്മുടെ ജനങ്ങളെ യഥാർത്ഥവിശ്വാസത്തിൽ നിലനിറുത്താൻ ഇതു സഹായിക്കും.

7. പരിശുദ്ധ പിതാവിന്റെ ആഹ്വാനമനുസരിച്ചും കെസിബിസി നിർദ്ദേശങ്ങൾ അനുസരിച്ചും നമ്മുടെ ഭദ്രാസനത്തിൽ വിശ്വാസവർഷം സമുചിതമായി ആചരിക്കാൻ ഭദ്രാസന മതബോധന വിഭാഗത്തെ ചുമതലപ്പെടുത്തിയിട്ടുണ്ട്. സാർവത്രികസഭയും കേരള കത്തോലിക്കാ മെത്രാൻ സമിതിയും നമുക്കു നല്കിയിട്ടുള്ള നിർദ്ദേശങ്ങൾ അനുസരിച്ചായിരിക്കണം ഇടവകതലത്തിൽ വിശ്വാസ വർഷാചരണ പരിപാടികൾ ആസൂത്രണം ചെയ്തു നടപ്പിലാക്കേണ്ടത്. വിശ്വാസവർഷാചരണത്തിന്റെ ചൈതന്യം സംവദിക്കുന്ന പതാക ഇടവകകളുടെയും സ്ഥാപനങ്ങളുടെയും ദൈവാലയങ്ങളിൽ സ്ഥാപിക്കേണ്ടതാണ്. വിശ്വാസ വർഷാചരണവുമായി ബന്ധപ്പെട്ടു ഫ്ളെക്സും തെർമോക്കോളും പൂർണമായും ഒഴിവാക്കേണ്ടതാണ്. വിശ്വാസവർഷത്തിന്റെ ആഘോഷപൂർവ്വകമായ ഉദ്ഘാടനവും സമാപനവും ഇടവകകളിൽ ഉണ്ടായിരിക്കുന്നത്

www.malankaralibrary.com

സമുചിതമായിരിക്കും. വിശ്വാസവർഷം ആരംഭിക്കുകയും അവസാനിക്കുകയും ചെയ്യുന്ന ദിവസങ്ങളിൽ നമ്മുടെ കുടുംബങ്ങളിൽ ഏറ്റവും ഉചിതമായ സമയത്ത് ദീപം തെളിച്ച് കത്തോലിക്കാ വിശ്വാസപ്രമാണം ആഘോഷമായി ചൊല്ലേണ്ടതാണ്. ദാനമായി ലഭിച്ച കത്തോലിക്കാവിശ്വാസത്തിന് നന്ദിപറയാനും അതിൽ അടിയുറച്ചു നില്ക്കാനും അതിനു സജീവസാക്ഷ്യം നല്കാനും വിശ്വാസ വർഷത്തിലെ വിവിധപരിപാടികളിലൂടെ നമുക്കു സാധിക്കണം. വിശ്വാസത്തിന്റെ തുറക്കപ്പെട്ട വാതിലിലൂടെ അതിന്റെ ആഴങ്ങളിലേക്ക് പ്രവേശിക്കാൻ സർവ്വശക്തനായദൈവം നമ്മെ അനുഗ്രഹിക്കട്ടെ. ആയത് ദൈവമാതാവായ പരിശുദ്ധ കന്യകമറിയാമിന്റെയും, ഭാരതത്തിന്റെ അപ്പസ്തോലനായ മാർത്തോമ്മാ ശ്ലീഹായുടെയും, പരിശുദ്ധന്മാരുടേയും പ്രാർത്ഥനയാൽ തന്നെ. ആമ്മീൻ.

എന്ന്,



അമലഗിരി
21 ആഗസ്റ്റ് 2012

**+ ഡോ. ജോഷ്വാ മാർ ഇഗ്നാത്തിയോസ്**
മാവേലിക്കര ഭദ്രാസനാദ്ധ്യക്ഷൻ

www.malankaralibrary.com

# മലങ്കര സുറിയാനി കത്തോലിക്കാ സഭ
# എക്യുമെനിസത്തിനും മതാന്തര സംവാദത്തിനും
# വേണ്ടിയുള്ള സിനഡൽ കമ്മീഷനുകൾ

**സർക്കുലർ EC 1/2021**

അഭിവന്ദ്യ പിതാക്കന്മാരെ, വന്ദ്യ കോർ എപ്പിസ്‌ക്കോപ്പാമാരെ, റമ്പാച്ചന്മാരെ, ബഹു. വൈദികരെ, സന്യസ്തരെ, പ്രിയ അല്മായ സഹോദരരെ,

നമ്മുടെ സഭയിലെ സഭൈക്യ ശുശ്രൂഷകളും മതാന്തര സംവാദങ്ങളും സജീവമായും ഫലപ്രദമായും ആവിഷ്കരിക്കുന്നതിലേക്കായി മലങ്കര സുറിയാനി കത്തോലിക്കാസഭയുടെ പരമാദ്ധ്യക്ഷനായ മോറാൻ മോർ ബസേലിയോസ് കർദിനാൾ ക്ലീമിസ് കാതോലിക്കാ ബാവായുടെ നിർദേശപ്രകാരമാണ് ഈ സർക്കുലർ എഴുതുന്നത്.

1653 ജൂലൈ മാസം 3-ാം തീയതി സംഭവിച്ച കൂനൻ കുരിശു സത്യത്തെ തുടർന്ന് മാർത്തോമ്മാ നസ്രാണി സഭ ഇരു വിഭാഗങ്ങളായി വഴിപിരിഞ്ഞ സംഭവം സഭാഗാത്രത്തിനേറ്റ വലിയൊരു മുറിപ്പാടായിരുന്നു. അന്നുമുതൽ നമ്മുടെ പൂർവ്വപിതാക്കന്മാർ ഐക്യത്തിനായി അതിയായി ആഗ്രഹിക്കുകയും പ്രാർത്ഥിക്കുകയും പ്രയത്നിക്കുകയും ചെയ്തു പോന്നു. നമ്മുടെ പൂർവ്വികരുടെ പുനരൈക്യ സ്വപ്നം ഭാഗികമായെങ്കിലും സഫലമായത് സഭൈക്യത്തിന്റെ പ്രവാചവകനായ ദൈവദാസൻ മാർ ഈവാനിയോസ് മെത്രാപ്പോലീത്തായുടെ നേതൃത്വത്തിൽ 1930 സെപ്റ്റംബർ

www.malankaralibrary.com

മാസം 20-ാം തീയതി നടന്ന പുനരൈക്യ സംഭവത്തോടെയായിരുന്നു. ചരിത്ര പ്രസിദ്ധമായ പുനരൈക്യ സംഭവം നടന്നിട്ട് 91 വർഷക്കാലം പിന്നിട്ടു. ഒൻപതു വർഷങ്ങൾ കൂടി പിന്നിടുമ്പോൾ നാം പുനരൈക്യസംഭവത്തിന്റെ ഒരു നൂറ്റാണ്ട് പൂർത്തിയാക്കും. 1932 ജൂൺ മാസം 11-ാം തീയതി ഭാഗ്യസ്മരണാർഹനായ പരിശുദ്ധ പിതാവ് പതിനൊന്നാം പീയൂസ് മാർപാപ്പാ "ക്രിസ്തോ പാസ്തോരും പ്രിൻചിപ്പി" എന്ന തിരുവെഴുത്തു വഴിയായി മലങ്കര സുറിയാനി കത്തോലിക്കാ ഹൈരാർക്കി സ്ഥാപിക്കുകയും മാർ ഈവാനിയോസ് മെത്രാപ്പോലീത്തായെ തിരുവനന്തപുരം അതിഭദ്രാസനത്തിന്റെ മെത്രാപ്പോലീത്തൻ ആർച്ചുബിഷപ്പായും യാക്കോബ് മാർ തെയോഫിലോസ് മെത്രാപ്പോലീത്തായെ തിരുവല്ല ഭദ്രാസന അദ്ധ്യക്ഷനായും നിയമിക്കുകയും ചെയ്തു. നാമിന്ന് മലങ്കര സുറിയാനി കത്തോലിക്കാ ഹൈരാർക്കി സ്ഥാപനത്തിന്റെ നവതി ആചരിക്കുന്ന വേളയിലാണ്. കേവലം രണ്ട് ഭദ്രാസനങ്ങളിൽനിന്ന് 12 ഭദ്രാസനങ്ങളിലേക്ക് കഴിഞ്ഞ 90 വർഷങ്ങൾക്കിടയിൽ വളർന്നത് ദൈവപരിപാലനയുടെയും ഒപ്പം നമ്മുടെ പൂർവ്വീകരുടെ വിശ്രമമില്ലാത്ത പ്രയത്നങ്ങളുടെയും ഫലമായിട്ടാണ്. ഒരു മേജർ ആർക്കിഎപ്പിസ്കോപ്പൽ സഭ അഥവാ പൂർണ്ണ സ്വയാധികാര സഭയുടെ പദവിയിലേയ്ക്ക് സാർവ്വത്രിക കത്തോലിക്കാ സഭാകൂട്ടായ്മയിൽ നാം വളർന്നതോടൊപ്പം നമ്മുടെ ഉത്തരവാദിത്വങ്ങളും കടമങ്ങളും വർദ്ധിച്ചുകൊണ്ടിരിക്കുന്നു എന്ന കാര്യവും നാം തിരിച്ചറിയണം. ലോകം മുഴുവനും സുവിശേഷം അറിയിക്കുക എന്ന നമ്മുടെ കർത്താവിന്റെ കൽപ്പന നാം പാലിക്കുവാൻ ബാധ്യസ്ഥരാണെന്നതിനൊപ്പം വിഭജിതമായ മാർത്തോമ്മാ നസ്രാണി സഭകളുടെ ഐക്യത്തിനും കൂട്ടായ്മയ്ക്കും വേണ്ടി പ്രയത്നിക്കുവാൻ ഇനിയും നാം കൂടുതൽ ഉൽസുകരാകേണ്ടിയിരിക്കുന്നു. സുവിശേഷം പ്രഘോഷിക്കുന്നതോടൊപ്പം സഭകളുടെ ഐക്യത്തിനുവേണ്ടി പ്രയത്നിക്കാനും മലങ്കര സുറിയാനി കത്തോലിക്കാസഭാ അംഗങ്ങൾ കൂടുതൽ ബാധ്യസ്ഥരാണ്.

www.malankaralibrary.com

**എക്യുമെനിക്കൽ കമ്മീഷൻ : ഭദ്രാസനതലം**

മലങ്കര സുറിയാനി കത്തോലിക്കാസഭയുടെ എല്ലാ ഭദ്രാസനങ്ങളിലും സഭൈക്യത്തിനുവേണ്ടിയുള്ള ഭദ്രാസന കമ്മീഷൻ എത്രയും വേഗം രൂപീകരിക്കുക. ഭദ്രാസന ഡയറക്ടർ, സെക്രട്ടറി, ഭദ്രാസനത്തിലെ എല്ലാ ഡിസ്ട്രിക്ടിൽനിന്നും മൂന്ന് പ്രതിനിധികൾ (ഒരു വൈദികനും രണ്ട് അല്മായവിശ്വാസികളും) എന്നിവരെ ഉൾക്കൊള്ളിച്ച് ഭദ്രാസന കമ്മീഷൻ രൂപീകരിക്കുക. പ്രതിനിധികളിൽ നിർബന്ധമായും ഒരാൾ സ്ത്രീയായിരിക്കണം. യുവജനങ്ങളിൽനിന്ന് ഒരാളുണ്ടാകണം. സഭൈക്യ കാര്യങ്ങളിൽ താല്പര്യവും സേവന സന്നദ്ധതയുമുള്ളവരെ ആയിരിക്കണം കമ്മീഷൻ അംഗങ്ങളായി നിശ്ചയിക്കേണ്ടത്. ഭദ്രാസന അടിസ്ഥാനത്തിലുള്ള എക്യുമെനിക്കൽ കമ്മീഷന്റെ രൂപീകരണം കഴിവതും വേഗത്തിൽ പൂർത്തീകരിച്ച് കമ്മീഷൻ അംഗങ്ങളുടെ ലിസ്റ്റ് (അഡ്രസ്സ് + ടെലിഫോൺ നമ്പർ + ഇമെയിൽ അഡ്രസ്സ് സഹിതം) സഭാ കാര്യാലയത്തിലേക്ക് ജനുവരി 31 ന് മുമ്പായി അയച്ചു തരേണ്ടതാണ്.

**മതാന്തര സംവാദത്തിനുവേണ്ടിയുള്ള കമ്മീഷൻ : ഭദ്രാസന തലം**

മലങ്കര സുറിയാനി കത്തോലിക്കാസഭയുടെ എല്ലാ ഭദ്രാസനങ്ങളിലും മതാന്തര സംവാദത്തിനുവേണ്ടിയുള്ള ഒരു കമ്മീഷൻ രൂപീകരിക്കണം. ഭദ്രാസന ഡയറക്ടർ, സെക്രട്ടറി, ഭദ്രാസനത്തിലെ എല്ലാ ഡിസ്ട്രിക്ടിൽനിന്നും മൂന്ന് പ്രതിനിധികൾ (ഒരു വൈദികനും രണ്ട് അല്മായവിശ്വാസികളും. ഒരാൾ വനിത ആയിരിക്കണം, ഒരാൾ യുവജനങ്ങളുടെ പ്രതിനിധിയായിരിക്കണം) മതാന്തര സംവാദകാര്യങ്ങളിൽ താല്പര്യവും സന്നദ്ധതയും ഉള്ള ആളുകളെ ആയിരിക്കണം അംഗങ്ങളായി തെരഞ്ഞെടുക്കേണ്ടത്. ഭദ്രാസനതലത്തിലുള്ള മതാന്തര സംവാദത്തിനുവേണ്ടിയുള്ള അംഗങ്ങളെ നിയമിച്ച് എത്രയും വേഗം ജനുവരി 31 ന് മുമ്പായി അവരുടെ ലിസ്റ്റ് (അഡ്രസ്സ് + ടെലിഫോൺ നമ്പർ + ഇമെയിൽ അഡ്രസ്സ് സഹിതം) സഭാ കാര്യാലയത്തിലേക്ക് അയച്ചു തരേണ്ടതാണ്.

www.malankaralibrary.com

**സഭാതലത്തിലുള്ള എക്യുമെനിക്കൽ & ഡയലോഗ് കമ്മീഷനുകൾ**

ഭദ്രാസന തലത്തിലും സഭാതലത്തിലുമുള്ള എക്യുമെനിക്കൽ & ഡയലോഗ് കമ്മീഷനുകൾ പ്രവർത്തിക്കേണ്ടത് സാർവ്വത്രിക കത്തോലിക്കാസഭയുടെ സഭൈക്യ കാര്യാലയവും മതാന്തര സംവാദത്തിനുവേണ്ടിയുള്ള കാര്യാലയവും മലങ്കര സുറിയാനി കത്തോലിക്കാസഭയും അതത് കാലങ്ങളിൽ നൽകുന്ന നിർദേശങ്ങൾക്കും പ്രബോധനങ്ങൾക്കുമനുസരിച്ചായിരിക്കും. നമ്മുടെ ഭദ്രാസനങ്ങളിൽ എക്യുമെനിക്കൽ കമ്മീഷൻ രൂപീകരിച്ചു കഴിഞ്ഞ് സഭാതലത്തിൽ എത്രയും വേഗം എക്യുമെനിക്കൽ, ഡയലോഗ് കമ്മീഷനുകൾ പ്രവർത്തനനിരതമാകുന്നതാണ്. എല്ലാ ഭദ്രാസനങ്ങളിൽനിന്നുമുള്ള പ്രതിനിധികളെ ഉൾക്കൊള്ളിച്ചു കൊണ്ടായിരിക്കും സഭാതല കമ്മീഷൻ പ്രവർത്തിക്കുന്നത്.

**ആത്മീയ എക്യുമെനിസം**

സഭകളുടെ ഐക്യവും സുവിശേഷീകരണ പ്രക്രിയയും മനുഷ്യ പ്രയത്നംകൊണ്ട് മാത്രം സാധ്യമാകുന്ന കാര്യങ്ങളല്ല എന്ന വസ്തുത നാം ഓർക്കേണ്ടതുണ്ട്. ദൈവാത്മാവിന്റെ പ്രവർത്തനമില്ലാതെ ഇവ രണ്ടും സാധ്യമാവുകയില്ല. അതിന് ക്രൈസ്തവ വിശ്വാസികളുടെ ഹൃദയപരിവർത്തനവും ജീവിത വിശുദ്ധിയും ജീവിത സാക്ഷ്യവും, ഐക്യത്തിനും കൂട്ടായ്മയ്ക്കും മിഷൻ പ്രവർത്തനങ്ങൾക്കും വേണ്ടിയുള്ള നിരന്തരമായ പ്രാർത്ഥനയും അനിവാര്യമാണ്. "ഒരിടയനും ഒരു തൊഴുത്തും" (യോഹ. 10:16) എന്ന നമ്മുടെ കർത്താവിന്റെ സ്വപ്നവും, "എല്ലാവരും ഒന്നാകണം" (യോഹ. 17:21) എന്ന അവിടുത്തെ പ്രാർത്ഥനയും സഫലമാകുവാൻ ക്രൈസ്തവ വിശ്വാസികൾ ഒരേ മനസ്സോടെ പ്രാർത്ഥിക്കേണ്ടതുണ്ട്. സഭകളുടെ ഐക്യത്തിനുവേണ്ടി എല്ലാ ദൈവാലയങ്ങളിലും, സന്യാസ ഭവനങ്ങളിലും, വൈദിക-സമർപ്പിത പരിശീലനകേന്ദ്രങ്ങളിലും വി. ബലിയോട് അനുബന്ധിച്ച് നിരന്തരമായ പ്രാർത്ഥനകൾ നടക്കണം. സഭകളുടെ ഐക്യത്തിന് പ്രഥമ പരിഗണന നല്കുന്ന മലങ്കര സുറിയാനി കത്തോലിക്കാസഭ ആത്മീയ എക്യുമെനിസത്തിന് പ്രഥമ സ്ഥാനം നല്കി പ്രവർത്തിക്കണം.

www.malankaralibrary.com

നമ്മുടെ ഓരോ ഇടവകയും കേന്ദ്രീകരിച്ച് എക്യുമെനിക്കൽ കർമ്മപദ്ധതികൾക്ക് രൂപം നല്കണം. ഇക്കാര്യത്തിൽ ഇടവകയുടെ അജപാലന ശുശ്രൂഷകൾക്ക് നേതൃത്വം നല്കുന്ന വികാരിയച്ചന്മാർ കൂടുതൽ താല്പര്യ മെടുത്ത് മുമ്പോട്ടു വരണം. ഓരോ ഇടവകയുടെയും ചുറ്റുപാടുമുള്ള വിവിധ സഭകളിലെ വൈദികരെയും അല്മായരെയും ഒന്നിച്ചുകൂട്ടി ഐക്യത്തെ പ്രോത്സാഹി പ്പിക്കുന്ന കർമ്മപദ്ധതികൾക്ക് രൂപം നല്കുകയും അവ നടപ്പിലാക്കുവാൻ ഉതകുന്ന പ്രോത്സാഹനങ്ങൾ നല്കുകയും വേണം. അതോടൊപ്പം വിവിധ മതങ്ങളിലെ ആചാര്യന്മാരെയും പ്രാദേശിക സമുദായ നേതാക്കന്മാരെയും ഒന്നിച്ചുകൂട്ടി നാടിന്റെ നന്മയ്ക്കും ഐക്യത്തിനും വേണ്ടി പ്രവർത്തിക്കാൻ പരിശ്രമിക്കണം. സഭൈക്യത്തിന് വേണ്ടിയുള്ള പരിശ്രമങ്ങൾ ഓരോ ഇടവകയിൽ നിന്നും തുടങ്ങേണ്ടിയിരിക്കുന്നു. മലങ്കര സുറിയാനി കത്തോലിക്കാ ഹൈരാർക്കി സ്ഥാപിതമായതിനു ശേഷമുള്ള പ്രാരംഭ ദിശയിൽ നമ്മുടെ വൈദികരും അല്മായരുമൊക്കെ പുനരൈക്യ ശുശ്രൂഷകൾക്ക് വലിയ പ്രചോദനം നല്കിയവരായി രുന്നു. സഭയ്ക്ക് വളർച്ച യുണ്ടാവുകയും സ്ഥാപനങ്ങൾ ഉണ്ടാവുകയും ചെയ്തപ്പോൾ നമ്മുടെ സഭൈക്യ ശുശ്രൂഷകളിലുള്ള തീഷ്ണത കുറഞ്ഞിട്ടുണ്ടോയെന്ന് നാം സംശയിക്കേണ്ടിയിരിക്കുന്നു. അതിൽ വരുന്ന വീഴ്ചകൾ സമയബന്ധിതമായിത്തന്നെ നാം പരിഹരിക്കേണ്ടതുമാണ്. നമ്മുടെ ഓരോ ഇടവക ദൈവാല യവും മതൈക്യത്തിന്റെയും സഭൈക്യത്തിന്റെയും ജീവിക്കുന്ന സാക്ഷ്യങ്ങളായി മാറണം. ഒട്ടേറെ ഇടവകകൾ അങ്ങനെ സജീവമായി നിലകൊള്ളുന്നു എന്നറിയുന്നതിലുള്ള സന്തോഷം അറിയിക്കുന്നു.

സാർവ്വത്രിക കത്തോലിക്കാസഭയ്ക്ക് രണ്ടാം വത്തിക്കാൻ കൗൺസിലിന് മുൻപ് സഭൈക്യത്തെ സംബന്ധിച്ച് ഉണ്ടായിരുന്ന ദൈവശാസ്ത്ര സമീപനത്തിലും ഊന്നലിലും മാറ്റമുണ്ടായിട്ടുണ്ട്. ഓർത്തഡോക്സ് സഭാപാരമ്പര്യത്തിൽപ്പെ ടുന്ന എല്ലാ സഭകളെയും സഹോദരീ സഭകളായി കാണുന്ന സമീപനമാണ് കത്തോലിക്കാസഭക്ക് ഇന്നുള്ളത്. വി. കുർബാനയിലുള്ള സമ്പൂർണ്ണ സംസർഗ്ഗമാണല്ലോ

www.malankaralibrary.com

സഭൈക്യത്തിന്റെ പൂർണ്ണത. അടിസ്ഥാന വിഷയങ്ങളിൽ (വിശ്വാസം, കൂദാശകൾ, സന്മാർഗ്ഗം, ഹൈരാർക്കി) ഉള്ള സമ്പൂർണ്ണ കൂട്ടായ്മയും ഐച്ഛിക വിഷയങ്ങളിലുള്ള സ്വാതന്ത്ര്യവും (ആരാധനക്രമ പൈതൃകം, ആദ്ധ്യാത്മികത, ദൈവശാസ്ത്രം, ശിക്ഷണക്രമം, പാരമ്പര്യം), എല്ലാ കാര്യങ്ങളിലുമുള്ള സ്നേഹവും സഹവർത്തിത്വവും: ഇതാണ് സഭൈക്യകാര്യങ്ങളിൽ നാം അനുവർത്തിക്കേണ്ട അടിസ്ഥാന തത്വം. വ്യക്തിപരമായ പുനരൈക്യ പരിശ്രമങ്ങളെ സഭ നിരാകരിക്കുന്നില്ല എന്നതിനോടൊപ്പം പൂർണ സഭൈക്യപരി ശ്രമങ്ങൾക്കാണ് കത്തോലിക്കാസഭ ഇന്ന് ഊന്നൽ നല്കുന്നത് എന്ന സമീപനവും നാം സ്വീകരിക്കേണ്ടിയിരിക്കുന്നു.

ഇന്നത്തെ രാഷ്ട്രീയ, സാമൂഹിക ചുറ്റുപാടുകളിൽ കേരളത്തിലെ ക്രൈസ്തവ സഭകൾ തമ്മിൽ സഹകരണവും, സഹവർത്തിത്വവും കൂട്ടായ്മയും ശക്തമാക്കേണ്ടതുണ്ട് എന്ന കാര്യം പ്രത്യേകിച്ച് പറയേണ്ടതില്ലല്ലോ. ക്രൈസ്തവസഭാ വിശ്വാസത്തെ ദുർബലപ്പെടുത്തുവാനും അവഹേളിക്കാനുമുള്ള നിഗൂഢ ശ്രമങ്ങൾ നടക്കുന്നുണ്ട് എന്ന കാര്യം നാം ഓർക്കേണ്ടതുണ്ട്. ക്രൈസ്തവ സമൂഹം പൊതുവെ സമാധാന പ്രിയരാണ്. നമ്മുടെ കർത്താവ് അതാണ് നമ്മെ പഠിപ്പിച്ചിട്ടുള്ളതും. എങ്കിലും നന്മയും തിന്മയും തിരിച്ചറിയാനുള്ള വിവേചനശക്തി നമുക്കുണ്ടാകണം. നമ്മുടെ കുട്ടികളും യുവജനങ്ങളും നിഗൂഢ ശക്തികളുടെ വലയിൽ കുടുങ്ങി അവരുടെ ഭാവി ഇല്ലാതാക്കുന്ന പ്രവണതകൾ നാം തടയണം. കത്തോലിക്കാസഭ പഠിപ്പിക്കുന്ന അടിസ്ഥാന പ്രബോധനങ്ങളിൽ ഉറച്ചുനിന്നുകൊണ്ട് എക്യുമെനിക്കൽ കൂട്ടായ്മകളിലും മതാന്തര കൂട്ടായ്മകളിലും നാം തുറവിയോടും ഉത്സാഹത്തോടുംകൂടി ഇടപ്പെടേണ്ടത് ഇക്കാലഘട്ടത്തിന്റെ അനിവാര്യതയാണ്.

**സഭൈക്യം : മലങ്കര സുറിയാനി കത്തോലിക്കാസഭയുടെ ദശവത്സര പദ്ധതി**

എല്ലാ സഭകളും തമ്മിൽ ഐക്യത്തിലായി ഒരേ വിശ്വാസവും ഒരേ കൂദാശകളും സ്വീകരിച്ച് മുന്നേറണമെന്നതും, ക്രിസ്തുവിന്റെ സുവിശേഷം ലോകമെങ്ങും ഏക മനസ്സോടെ പ്രഘോഷിക്കണമെന്നതും പൊതുവെ എല്ലാ സഭകളും

www.malankaralibrary.com

ആഗ്രഹിക്കുന്ന കാര്യമാണ്. പലപ്പോഴും പലവിധ സാഹചര്യങ്ങൾ കാരണം ഐക്യം സാധിക്കാതെ പോകുന്നു. സഭകളുടെ ഐക്യത്തിന് ദൈവാത്മാവിന്റെ ഇടപെടൽ അനിവാര്യമാണ്. അതിന് നാം സുവിശേഷാധിഷ്ഠിതമായ മാർഗ്ഗങ്ങൾ സ്വീകരിക്കേണ്ടിയിരിക്കുന്നു. പ്രാർത്ഥനയും ഉപവാസവും വഴിയല്ലാതെ അനൈക്യത്തിന്റെ ദുരാത്മാവിനെ തോല്പിക്കാനാവില്ല.
ഭദ്രാസന തലങ്ങളിലും സഭാതലത്തിലും സഭൈക്യത്തിനും മതാന്തര സംവാദത്തിനും വേണ്ടിയുള്ള കമ്മീഷനുകൾ രൂപീകൃതമായതിനുശേഷം അടുത്ത ശതാബ്ദി വരെയുള്ള കാലം സഭയുടെയും സമൂഹത്തിന്റെയും ഐക്യത്തിനായി സഭയൊന്നാകെ നടത്തേണ്ട കർമ്മപദ്ധതികൾ ചർച്ച ചെയ്ത് തീരുമാനിക്കുന്നതാണ്. അതിന് ഒരുക്കമായി നമ്മുടെ സഭയിലെ വിവിധ അജപാലന കമ്മീഷനുകളുമായി നാം കൂടിയാലോചിക്കേണ്ടതുണ്ട്. മലങ്കര സുറിയാനി കത്തോലിക്കാസഭയെ സംബന്ധിച്ച് പ്രഥമ പരിഗണന നൽകേണ്ട വിഷയങ്ങൾ സുവിശേഷ പ്രഘോഷണവും സഭകളുടെ ഐക്യവുമാണ്. അതിനായുള്ള ഏതു പരിശ്രമവും പ്രോത്സാഹിപ്പിക്കപ്പെടേണ്ടതാണ്.


ഏതു പ്രതികൂല സാഹചര്യങ്ങളെയും പ്രാർത്ഥനയുടെയും ദൈവാശ്രയത്വത്തിന്റെയും കരുത്തിൽ അതിജീവിച്ച് മുന്നേറാനാണ് നമ്മുടെ പിതാവും സഭൈക്യത്തിന്റെ പ്രവാചകനുമായ ദൈവദാസൻ മാർ ഈവാനിയോസ് മെത്രാപ്പോലീത്ത നമ്മെ പഠിപ്പിച്ചിരിക്കുന്നത്. നിലവിൽ നാം നടത്തുന്ന എക്യുമെനിക്കൽ പ്രവർത്തനങ്ങളെല്ലാം പൂർവ്വാധികം സജീവമായി നടത്താൻ നാം താല്പര്യമെടുക്കണം.
ജനുവരി മാസം 18-ാം തീയതി മുതൽ 25-ാം തീയതി വരെയാണല്ലോ സാർവ്വത്രികസഭ സഭൈക്യവാര പ്രാർത്ഥന നടത്തുന്നത്. 2022 ജനുവരി 18-ാം തീയതി ചൊവ്വാഴ്ച ഭാഗ്യസ്മരണാർഹരായ മോറാൻ മോർ സിറിൽ ബസേലിയോസ് കാതോലിക്കാബാവായുടെയും ആബൂൻ മോർ സേവേറിയോസ് മെത്രാപ്പോലീത്തായുടെയും ഓർമ്മത്തിരുനാൾ ദിവസം കൂടിയാണല്ലോ. അന്നേദിവസം നമ്മുടെ സഭയുടെ പുനരൈക്യ ശതാബ്ദിയിലേക്കുള്ള കാലയളവിലെ സഭൈക്യ ശുശ്രൂഷക

www.malankaralibrary.com

ളുടെ കർമ്മ പരിപാടികൾ സഭയുടെ തലവനും പിതാവുമായ മോറാൻ മോർ ബസേലിയോസ് കർദ്ദിനാൾ ക്ലീമീസ് ബാവാ തിരുമനസ്സുകൊണ്ട് ഉദ്ഘാടനം ചെയ്യുന്നതാണ്.

ജനുവരി 18 മുതൽ 25 വരെ നടത്തുന്ന സഭൈക്യവാര പ്രാർത്ഥന, പ്രാദേശിക തലത്തിൽ നടത്തപ്പെടുന്ന എക്യുമെനിക്കൽ ക്ലേർജി ഫെലോഷിപ്പുകൾ, അല്മായ സഹകരണത്തോടെ നടത്തപ്പെടുന്ന എക്യുമെനിക്കൽ കൂട്ടായ്മകൾ, സെമിനാരികളിലും സന്യാസഭവനങ്ങളിലും ആശ്രമങ്ങളിലും ഇടവകകളിലും നടത്തപ്പെടുന്ന വിവിധ എക്യുമെനിക്കൽ കൂട്ടായ്മകളും സഭൈക്യത്തിനായുള്ള പ്രാർത്ഥനകളും തുടങ്ങിയ എല്ലാ പ്രവർത്തനങ്ങളും തുടർന്നും സജീവമായി മുന്നോട്ടു കൊണ്ടുപോകാൻ ശ്രമിക്കുക. സഭകളുടെ ഐക്യത്തിനായി മടുപ്പു കൂടാതെ പ്രയത്നിക്കാൻ നമുക്കാകണം. അതിന് ദൈവാത്മാവിന്റെ പ്രചോദനവും ശക്തിയും ലഭിക്കട്ടെ എന്ന് പ്രാർത്ഥിക്കുന്നു, ആശംസിക്കുന്നു. സർവ്വശക്തനായ ദൈവം നിങ്ങളെ എല്ലാവരെയും സമൃദ്ധമായി അനുഗ്രഹിക്കട്ടെ.

ക്രിസ്തുവിൽ നിങ്ങളുടെ വിനീത ശുശ്രൂഷി,



**✠ ജോഷ്വാ മാർ ഇഗ്നാത്തിയോസ് മെത്രാപ്പോലീത്താ**

ചെയർമാൻ,

മതാന്തര സംവാദത്തിനും എക്യുമെനിസത്തിനും

വേണ്ടിയുള്ള സിനഡൽ കമ്മീഷനുകൾ

www.malankaralibrary.com

**MIMS PUBLICATIONS**

**മറ്റ് പ്രസിദ്ധീകരണങ്ങൾ:**

| | |
|---|---|
| സപ്തവചസ്സുകൾ | 2021 |
| ആർത്തബാൻ (നാടകം) | 2022 |
| പ്രസംഗക്കുറുപ്പുകൾ | 2022 |
| ഇടയവചസ്സുകൾ | 2022 |
| വിശുദ്ധ യൗസേഫ് (നാടകം) | 2022 |

www.malankaralibrary.com

MIMS PUBLICATION
Mar Ivanios Minor Seminary, Kallumala